പതിനഞ്ചാം കേരള നിയമസഭ

# ഹർജികൾ സംബന്ധിച്ച സമിതി
# (2023-26)

## അഞ്ചാമത് റിപ്പോർട്ട്

[2023 ജനവരി 1 മുതൽ ഡിസംബർ 31 വരെ
പരിഗണിച്ച ഹർജികൾ സംബന്ധിച്ച്]

(2025 സെപ്തംബർ മാസം 30-ാം തീയതി സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

KS/26.09.2025.

പതിനഞ്ചാം കേരള നിയമസഭ

# ഹർജികൾ സംബന്ധിച്ച സമിതി
# (2023-26)

## അഞ്ചാമത് റിപ്പോർട്ട്

[2023 ജനവരി 1 മുതൽ ഡിസംബർ 31 വരെ
പരിഗണിച്ച ഹർജികൾ സംബന്ധിച്ച്]

(2025 സെപ്റ്റംബർ മാസം ..30..... തീയതി സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

KS/26.09.2025.

# ഉള്ളടക്കം


പേജ്

സമിതിയുടെ ഘടന -

ആമുഖം -

റിപ്പോർട്ട് -

അദ്ധ്യായം :

1. സമിതിയുടെ പ്രധാനപ്പെട്ട ശിപാർശകൾ / നിർദ്ദേശങ്ങൾ
2. സമിതിയുടെ ഇടപെടൽ മൂലം പരിഹരിച്ച ഹർജികളുടെ വിശദ വിവരം

അനുബന്ധം :

I. സമിതി ശിപാർശകൾ നൽകിയിട്ടുള്ളതും സമയബന്ധിതമായി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതും, അന്തിമ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ലാത്തതുമായ 10 വർഷത്തിലധികം പഴക്കമുള്ള ഹർജികൾ.

II. സമിതി ശിപാർശകൾ നൽകിയിട്ടുള്ളതും ഗവൺമെന്റിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ലാത്തതുമായ ഫയലുകൾ.

III. സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഹർജികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ്

# സമിതിയുടെ ഘടന
# (2023-26)

**ചെയർപേഴ്സൺ**

ശ്രീ. ആന്റണി രാജു, എം.എൽ.എ

**അംഗങ്ങൾ**

ശ്രീ. പി.കെ.ബഷീർ

ശ്രീ. ജി.എസ്.ജയലാൽ

ശ്രീ. വി.ജോയി

ശ്രീ. എം.രാജഗോപാലൻ

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

ശ്രീമതി കെ.കെ.രമ

ശ്രീ. എച്ച്.സലാം

ശ്രീ. സനീഷ്കുമാർ ജോസഫ്

**നിയമസഭാ സെക്രട്ടേറിയറ്റ്**

ഡോ. എൻ. കൃഷ്ണകുമാർ, സെക്രട്ടറി

ശ്രീമതി ജയശ്രീ എം., ജോയിന്റ് സെക്രട്ടറി

ശ്രീമതി സിന്ധു റ്റി. ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. സ്വാമിനാഥൻ കെ., അണ്ടർ സെക്രട്ടറി

KS/26.09.2025.

## ആമുഖം

ഹർജികൾ സംബന്ധിച്ച സമിതി (2023-26)-യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ **അഞ്ചാമത്** റിപ്പോർട്ട് സമർപ്പിക്കുന്നു.

റിപ്പോർട്ട് കാലയളവിൽ (2023 ജനുവരി 1 മുതൽ ഡിസംബർ 31 വരെ) 43 യോഗങ്ങൾ ചേർന്നു.

പ്രസ്തുത യോഗങ്ങളിൽ സമിതിക്ക് ലഭിച്ച ഹർജികൾ പരിഗണിക്കുകയും വിശദീകരണം ആവശ്യമെന്ന് ബോധ്യപ്പെട്ട സന്ദർഭങ്ങളിൽ ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഹർജി സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിക്കുന്നതിനും നിജസ്ഥിതി വിലയിരുത്തുന്നതിനും ഹർജിയുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ സന്ദർശിക്കുന്നതിനും ബന്ധപ്പെട്ടവരിൽ നിന്നും തെളിവെടുക്കുന്നതിനും സമിതി ശ്രമിച്ചിട്ടുണ്ട്.

സമിതിക്ക് ലഭിച്ച ഹർജികളും അവ സംബന്ധിച്ച് ഗവൺമെന്റിൽ നിന്നു ലഭിച്ച റിപ്പോർട്ടുകളും അതിന്മേൽ സമിതിയുടെ അഭിപ്രായങ്ങളും നിഗമനങ്ങളും തീരുമാനങ്ങളും ശിപാർശകളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

ഈ റിപ്പോർട്ട് 2025 സെപ്റ്റംബർ 24-ാം തീയതി കൂടിയ യോഗത്തിൽ സമിതി അംഗീകരിച്ചു.

**ആന്റണി രാജു,**
ചെയർപേഴ്സൺ,
ഹർജികൾ സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
2025 സെപ്റ്റംബർ 24.

KS/26.09.2025.

# റിപ്പോർട്ട്

# 2023 ജനുവരി 1 മുതൽ ഡിസംബർ 31 വരെ

# പരിഗണിച്ച ഹർജികൾ സംബന്ധിച്ച്

കേരള നിയമസഭയിലെ ഏറെ പഴക്കവും പാരമ്പര്യവുമുള്ള സമിതിയായ ഹർജികൾ സംബന്ധിച്ച സമിതി 1957 ജൂൺ 12-ാം തീയതിയാണ് രൂപീകൃതമായത്. ബഹു. സ്പീക്കർ നാമനിർദേശം ചെയ്യുന്ന അധ്യക്ഷൻ ഉൾപ്പെടെ ഒൻപത് അംഗങ്ങൾ ഉൾപ്പെട്ടതാണ് സമിതിയുടെ ഘടന. സമിതിയുടെ ആരംഭ കാലത്ത് പൊതുജനങ്ങളിൽ നിന്നും പരാതികൾ സ്വീകരിക്കാൻ ചട്ടപ്രകാരം അനുമതി ഇല്ലായിരുന്നെങ്കിലും 1970 മാർച്ച് 11-ാം തീയതി ബഹു. സ്പീക്കർ പുറപ്പെടുവിച്ച നിർദേശപ്രകാരം സമിതിയുടെ പ്രവർത്തന പരിധി വിപുലീകരിക്കുകയും പൊതുജനങ്ങളിൽ നിന്നും സംഘടനകളിൽ നിന്നും നേരിട്ട് പരാതികൾ സ്വീകരിച്ച് തുടങ്ങുകയും ചെയ്തു. അതിൻ പ്രകാരം പൊതുജനങ്ങളുടെ പ്രശ്നങ്ങളിൽ സജീവമായും ക്രിയാത്മകമായും ഇടപെടുന്നതിനും പ്രശ്ന പരിഹാരത്തിനുള്ള മാർഗനിർദേശങ്ങൾ നൽകുന്നതിനും സമിതിക്ക് അധികാരം കൈവരികയും പ്രസ്തുത അധികാരം കാലാകാലങ്ങളിൽ നിലവിൽ വരുന്ന സമിതികൾ വളരെ സ്തുത്യർഹമായ രീതിയിൽ വിനിയോഗിച്ചുവരികയും ചെയ്യുന്നു. ഹർജികൾ സംബന്ധിച്ച സമിതി പൊതുജനങ്ങൾക്ക് ഏറെ സുപരിചിതവുമാണ്. പൊതുജനങ്ങൾ അവർ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച പരാതികളുമായി സർക്കാരിന്റെ വിവിധ അധികാര സ്ഥാനങ്ങളെ സമീപിച്ചിട്ടും പരാതി പരിഹരിച്ച് കിട്ടാതെ വരുമ്പോഴും പരാതി പരിഹരിക്കുന്നതിൽ ദീർഘമായ കാലവിളംബം ഉണ്ടാകുമ്പോഴും അവസാന അത്താണിയെന്ന നിലയിലാണ് പരാതികളുമായി ഹർജികൾ സംബന്ധിച്ച സമിതിയെ സമീപിച്ച് വരുന്നത്.

2. സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി

ഹർജികൾ സംബന്ധിച്ച സമിതി (2001-2003) രൂപം നൽകിയ ആഭ്യന്തര പ്രവർത്തന ചട്ടങ്ങൾക്ക് ബഹു. സ്പീക്കർ 2002 ഏപ്രിൽ 11-ാം തീയതി അംഗീകാരം നൽകുകയുണ്ടായി. ഹർജികൾ സമർപ്പിക്കുന്നതിനുള്ള നടപടിക്രമം സുതാര്യമാക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനും സമിതിയുടെ പ്രവർത്തനം പൊതുജനോപകാര പ്രദമാക്കുന്നതിനും ചട്ടങ്ങൾ നിലവിൽ വന്നത് ഏറെ സഹായകരമായിട്ടുണ്ട്.

3. പൊതുജനങ്ങൾക്ക് പ്രശ്നപരിഹാരത്തിന് ഉതകുന്ന ഏറ്റവും ഉന്നതവും സാമ്പത്തിക ചെലവില്ലാത്തതുമായ സംവിധാനമാണ് ഹർജികൾ സംബന്ധിച്ച സമിതി. സ്വാഭാവിക നീതി നിഷേധിക്കപ്പെട്ട അനേകർക്ക് ആശ്വാസവുമാണ് സമിതി. സർക്കാർ ഓഫീസുകളിൽ പരാതി പരിഹാരത്തിനായി അപേക്ഷ നൽകിയിട്ടും യാതൊരു നടപടിയും സ്വീകരിക്കാത്തവ, സർക്കാർ വകുപ്പുകളുടെ അനാസ്ഥയും കാര്യക്ഷമതയില്ലായ്മയും മൂലമുള്ള നീതി നിഷേധം, പാർശ്വവൽക്കരിപ്പെട്ടവരോട് കാട്ടുന്ന അനീതി, വിവിധ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിൽ ഉണ്ടാകുന്ന ന്യായീകരിക്കാനാവാത്ത കാലതാമസം, ആശ്രിത നിയമനം സംബന്ധിച്ച് വിവിധ വകുപ്പുകൾ വരുത്തുന്ന വീഴ്ചകൾ, വിവിധ വകുപ്പുകളിലുണ്ടാകുന്ന ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്തതുമൂലം ഉദ്യോഗാർഥികൾ നേരിടുന്ന പ്രശ്നങ്ങൾ, കുറ്റകൃത്യങ്ങൾ സംബന്ധിച്ച് യഥാസമയം കേസ് രജിസ്റ്റർ ചെയ്യുന്നതിലും കേസുകളുടെ അന്വേഷണത്തിലും പോലീസുദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്ന വീഴ്ചകൾ, പട്ടയം ലഭ്യമാകാത്തതും, അനധികൃത വസ്തു കൈയേറ്റവും സംബന്ധിച്ച പ്രശ്നങ്ങൾ, റീ-സർവേയിലെ അപാകത, നെൽവയലുകളും തണ്ണീർത്തടങ്ങളും നിയമവിരുദ്ധമായി നികത്തുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ തുടങ്ങി പൊതുജനങ്ങൾ അഭിമുഖീകരിക്കുന്ന ഗുരുതരമായ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച പരാതികൾ സമിതിയുടെ പരിഗണനയ്ക്ക് വരാറുണ്ട്. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും

സംബന്ധിച്ച ചട്ടങ്ങളിലെ 107 മുതൽ 115 വരെയുള്ള ചട്ടങ്ങൾ അനുസരിച്ച് സഭയിൽ സമർപ്പിക്കുന്ന ഹർജികളും, 223, 224 എന്നീ ചട്ടങ്ങൾ അനുസരിച്ച് പൊതുഹർജികളും 180 മുതൽ 211 വരെയുള്ള പൊതുചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം ഹർജികൾ സംബന്ധിച്ച സമിതി പരിഗണിക്കുകയും പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.

4. സമിതി മുമ്പാകെ ലഭിക്കുന്ന ഹർജികൾ അവ അർഹിക്കുന്ന പ്രാധാന്യത്തോടെ സമിതി പരിഗണിക്കുകയും പ്രസ്തുത ഹർജികളിന്മേൽ സർക്കാരിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കുകയും അവ പരിശോധിച്ച് പ്രശ്നപരിഹാരത്തിന് ഉതകുന്ന നിർദേശങ്ങളും/ശിപാർശകളും സർക്കാരിന് നൽകുകയുമാണ് സമിതിയുടെ പ്രധാന ചുമതല. ഹർജികളിന്മേൽ സർക്കാർ ലഭ്യമാക്കുന്ന റിപ്പോർട്ട് തൃപ്തികരമല്ലെങ്കിൽ അതിന്മേൽ കൂടുതൽ വിശദീകരണം ആവശ്യപ്പെട്ടും, നിശ്ചിത സമയ പരിധിക്കുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കാത്ത സാഹചര്യത്തിലും സമിതി ആവശ്യപ്പെട്ട വിശദീകരണം തൃപ്തികരമല്ലാത്ത സാഹചര്യത്തിലും ഹർജികളിന്മേൽ ബന്ധപ്പെട്ട വകുപ്പുകളുടെ സെക്രട്ടറിമാരിൽ നിന്നും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഹർജിക്കാരിൽ നിന്നും തെളിവെടുപ്പ് നടത്തിയുമാണ് സമിതി ഹർജികളിന്മേൽ തീർപ്പ് കല്പിക്കുന്നത്. പൊതു പ്രാധാന്യം അർഹിക്കുന്ന ഹർജികൾ, സമിതി പ്രത്യേക പ്രാധാന്യം നൽകി പരിശോധിച്ചും, ആവശ്യമെങ്കിൽ ഹർജിക്കാധാരമായ സ്ഥലം സന്ദർശിച്ചും, ജില്ലയിലെ വകുപ്പുതല ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തിയും പ്രശ്നപരിഹാരത്തിന് ആവശ്യമായ ശിപാർശകൾ സർക്കാരിന് നൽകുന്നു. ആവശ്യമെങ്കിൽ പ്രസ്തുത ശിപാർശകൾ ഉൾക്കൊള്ളിച്ചുകൊണ്ട് പ്രത്യേക റിപ്പോർട്ടുകൾ തയ്യാറാക്കി സഭയിൽ സമർപ്പിക്കുകയും ചെയ്യുന്നു. റിപ്പോർട്ട് സമർപ്പണത്തിനുശേഷം ടി റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി, ബഹു.സ്പീക്കറുടെ അനുമതിയോടെ, പത്രസമ്മേളനം നടത്തി പ്രശ്നങ്ങളും അതിനുള്ള പരിഹാര നിർദേശങ്ങളും പൊതുജന ശ്രദ്ധയിൽ കൊണ്ടുവരികയും

ചെയ്യുന്നു.

5. എക്സിക്യൂട്ടീവിന്റെ ഭാഗത്ത് നിന്നുണ്ടാകുന്ന നിസ്സംഗതയേയും നീതി നിഷേധത്തേയും നിസ്സഹകരണത്തേയും നിസ്സാരവത്ക്കരണത്തേയും ശക്തിയായി പ്രതിരോധിച്ചും അതിജീവിച്ചുമാണ് സമിതി അതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളിലേക്കെത്തിയിട്ടുള്ളത്.

6. വിവിധ ജില്ലകളിൽ നിന്ന് സമിതി മുമ്പാകെ ലഭിക്കുന്ന ഹർജികളിന്മേൽ കൂടുതൽ വിശദാംശം ആരായുന്നതിനും, നീതി ലഭ്യമാകാത്ത ഹർജിക്കാരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കി അവർക്ക് നീതി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയും, പൊതുജനങ്ങളിൽ നിന്നും സംഘടനകളിൽ നിന്നും നേരിട്ട് പരാതികൾ സ്വീകരിച്ച് അവ സംബന്ധിച്ച് അവരുമായി സംവദിക്കുന്നതിനുമായി സമിതി ജില്ലാ ആസ്ഥാനങ്ങളിൽ യോഗം ചേരുകയും, സമിതിയുടെ പരിഗണനയിലിരിക്കുന്ന ഹർജികളിന്മേൽ ജില്ലാതല ഉദ്യോഗസ്ഥരിൽ നിന്നും ഹർജിക്കാരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നു. ഹർജികളിന്മേലുള്ള റിപ്പോർട്ടുകൾ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭ്യമാകുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് ഇത്തരം ജില്ലാതല യോഗങ്ങൾ സഹായിക്കുന്നു. കൂടാതെ ജില്ലാ കളക്ടറുടെയും ജില്ലയിലെ മറ്റ് ഉയർന്ന ഉദ്യോഗസ്ഥരുടെയും സാന്നിദ്ധ്യത്തിൽ ഹർജിക്കാർക്ക് അവരുടെ പരാതികൾ നേരിട്ട് സമിതി മുമ്പാകെ ബോധിപ്പിക്കുന്നതിനും പരിഹാരം കണ്ടെത്തുന്നതിനുമുള്ള വേദിയൊരുക്കാൻ ജില്ലാതല യോഗങ്ങൾ സഹായ കരമാകുന്നു. വിവിധ വകുപ്പുകളുടെ ജില്ലാതലത്തിലെ ഉന്നത ഉദ്യോഗസ്ഥർ പങ്കെടുക്കുമെന്നതിനാൽ പ്രസ്തുത യോഗങ്ങളിൽ വച്ച് തന്നെ പല പരാതികളും പരിഹരിക്കാൻ സാധിക്കുന്നുവെന്നത് സമിതിയുടെ ജില്ലാതല യോഗങ്ങളുടെ പ്രസക്തി വർദ്ധിപ്പിക്കുന്നു.

7. ഒന്നാം കേരള നിയമസഭ മുതൽ നാളിതുവരെയുള്ള കാലയളവിൽ പൊതു പ്രാധാന്യവും കാലിക പ്രസക്തിയുള്ളതുമായ നിരവധി വിഷയങ്ങളിൽ

സമിതി സ്വമേധയാ ഇടപെടുകയും പ്രശ്നപരിഹാരത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഹർജികളിന്മേൽ കാലവിളംബമില്ലാതെയും പക്ഷപാത രഹിതമായും നീതിപൂർവ്വവുമായി പരിഹാരമുണ്ടാകുന്നത് കൊണ്ടാണ് പൊതുജനങ്ങൾക്ക് സമിതിയിൽ വിശ്വാസമുള്ളത്. സമിതി മുമ്പാകെ ലഭിക്കുന്ന ഹർജികളുടെ എണ്ണത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന വർദ്ധനവ് അതിന്റെ നേർകാഴ്ചയാണ്. ഹർജിക്കാർക്ക് സ്വാഭാവിക നീതി ഉറപ്പ് വരുത്തുന്നതിന് സമിതി പ്രധാന പരിഗണന നൽകി വരുന്നു.

8. വിവിധ സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട വിഷയങ്ങളിന്മേൽ വ്യക്തിപരമായതും പൊതുവായതുമായ പരാതികൾ പരിഹരിക്കപ്പെടാതെ വരുന്ന സാഹചര്യത്തിലാണ് വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഹർജികൾ സംബന്ധിച്ച സമിതിയിലേയ്ക്ക് പരാതി നൽകാൻ സാധിക്കുന്നത്. സമിതി നിർദ്ദേശപ്രകാരം വകുപ്പുകളിലേയ്ക്കയയ്ക്കുന്ന ഹർജികളിന്മേൽ അന്വേഷണം നടത്തി സമർപ്പിക്കുന്ന തെളിവുകളാണ് റിപ്പോർട്ടുകളെങ്കിലും പലപ്പോഴും അപൂർണ്ണമായ റിപ്പോർട്ടുകളാണ് ലഭിക്കാറുള്ളത്. സമിതി നിർദേശപ്രകാരം വകുപ്പുകളിലേയ്ക്ക് അയയ്ക്കുന്ന ഹർജികളിന്മേൽ ലഭിക്കുന്ന റിപ്പോർട്ടുകളുടെയും തെളിവെടുപ്പുകളുടെയും അടിസ്ഥാനത്തിലാണ് സമിതി തീരുമാനങ്ങൾ കൈക്കൊള്ളുന്നത്. ചട്ടപ്രകാരം രണ്ട് മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കണമെന്നിരിക്കെ പരാതികളുടെ ബാഹുല്യം, റിപ്പോർട്ടുകൾ ലഭിക്കാനുള്ള കാലതാമസം, അപൂർണ്ണമായ റിപ്പോർട്ടുകൾ തുടങ്ങിയ കാരണങ്ങളാൽ ഹർജികൾ തീർപ്പാക്കുന്നതിന് വലിയ കാലതാമസമാണുണ്ടാകുന്നത്. സാങ്കേതികവിദ്യ ഇത്രയും പുരോഗമിച്ച ഈ കാലഘട്ടത്തിലും ഹർജികളിന്മേലുള്ള റിപ്പോർട്ടുകൾ ലഭ്യമാക്കുന്ന പ്രക്രിയയ്ക്ക് വലിയ കാലതാമസമുണ്ടാകുന്നതായി സമിതി വിലയിരുത്തി. ഈ പ്രവണത മാറേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ ഇത്തരം ഹർജികളിന്മേലുള്ള റിപ്പോർട്ട് നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കുന്നതിൽ എല്ലാ വകുപ്പുകളും പ്രത്യേകം

ശ്രദ്ധചെലുത്തേണ്ടതാണ്.

9. 2023 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള സമിതിയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച വിവരങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. റിപ്പോർട്ട് കാലയളവിൽ സമിതി 43 യോഗങ്ങൾ ചേരുകയുണ്ടായി. ഇവയിൽ 13 യോഗങ്ങൾ അഖിലേന്ത്യ പഠന പര്യടന വേളയിലാണ്. സമിതി യോഗങ്ങളിലെ ശരാശരി ഹാജർ നില 5.5 ആണ്.

10. സമിതിയ്ക്ക് ഹർജികളിന്മേലുള്ള റിപ്പോർട്ടുകൾ വിവിധ വകുപ്പുകളിൽ നിന്ന് ലഭ്യമാക്കാൻ കാലതാമസം നേരിട്ടതിനാലും മറ്റ് അടിയന്തര പ്രാധാന്യമുള്ള വിഷയങ്ങൾ പരിഗണിക്കുന്നതിനുമായി 16 ഓളം തെളിവെടുപ്പ് യോഗങ്ങൾ പ്രസ്തുത കാലയളവിൽ ചേരുകയുണ്ടായി. വാളയാർ നാലുവരി പാതയിലൂടെയുള്ള ട്രക്കുകളുടെ ചട്ടം ലംഘിച്ചുകൊണ്ടുള്ള അശ്രദ്ധവും അപകടകരവുമായ ഡ്രൈവിംഗ് സംബന്ധിച്ച് 15.03.2023-ന് ആഭ്യന്തരം, ഗതാഗതം, NHAI എന്നീ വകുപ്പുദ്യോഗസ്ഥരിൽനിന്നും തെളിവെടുക്കുന്നതിനായി ചേർന്ന യോഗം, കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്കിലെ പട്ടാഴി വടക്കേക്കര വില്ലേജ് സ്ഥലം സന്ദർശിക്കുന്നതിനായി 19.04.2023-ന് പത്തനാപുരത്ത് ചേർന്ന തെളിവെടുപ്പ് യോഗം എന്നിവ എടുത്തുപറയേണ്ടവയാണ്. കൂടാതെ റവന്യൂ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട വിവിധ ഹർജികളിന്മേൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ നേരിട്ടിട്ടുള്ള കാലതാമസം സംബന്ധിച്ച് പ്രസ്തുത വകുപ്പുകളുടെ നോഡൽ ഓഫീസർമാരുമായി ചേർന്ന 12.04.2023-ലെ യോഗം തീർപ്പാക്കാതെ കാലങ്ങളായി തുടരുന്ന ഹർജിവിഷയങ്ങൾ പരിഗണിക്കുകയും അടിയന്തര തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിരുന്നു.

# <u>അദ്ധ്യായം I</u>

## <u>സമിതിയുടെ പൊതു ശിപാർശകൾ / നിർദേശങ്ങൾ</u>

നഗരൂർ പോലീസ് സ്റ്റേഷൻ ഉദ്ഘാടന ചടങ്ങുമായി ബന്ധപ്പെട്ട അന്നത്തെ പോലീസുദ്യോഗസ്ഥൻ ആവശ്യപ്പെട്ടപ്രകാരം പന്തൽ പണിക്കായി വാക്കാൽ കരാറിൽ ഏർപ്പെട്ടകയും, ഇരുനില പന്തലും സ്റ്റേജും മറ്റനുബന്ധ സൗകര്യങ്ങളും ചെയ്തു നൽകിയെങ്കിലും വാക്കാൽ പറഞ്ഞുറപ്പിച്ച മുഴുവൻ തുകയും ലഭിച്ചില്ലെന്നും അതിനാൽ ബാക്കി തുക ലഭിക്കാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ലഭിച്ച ഹർജി സമിതി പരിഗണിക്കുകയുണ്ടായി. ഹർജിയിന്മേൽ ആഭ്യന്തര വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടിൽ പന്തൽ പണിക്കായി വാക്കാൽ കരാർ ഏറ്റിരുന്നുവെങ്കിലും പന്തൽ പണിയുടെ റേറ്റ് സംബന്ധിച്ച പരാതികക്ഷി കരാർ എഴുതി വെച്ചതായി കാണുന്നില്ലെന്നും എത്ര രൂപയ്ക്കാണ് പ്രവൃത്തികൾ ഏറ്റെടുത്തതെന്നോ എന്തെല്ലാം പ്രവൃത്തികൾ ഏറ്റിരുന്നുവെന്നോ എന്നത് സംബന്ധിച്ച് വ്യക്തതയില്ലെന്നും കൂടുതൽ വാടക തുകയ്ക്ക് അർഹതയുണ്ടോയെന്ന് കണ്ടെത്തുക പ്രയാസകരമാണെന്നും അറിയിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയുണ്ടായി. ഇത്തരം പരിപാടികൾക്ക് പ്രൊവിഷൻ വയ്ക്കാറില്ലെന്നും പൊതു പരിപാടികളായാണ് അവ സംഘടിപ്പിക്കുന്നതെന്നും പ്രസ്തുത പരിപാടിക്കായി സ്പോൺസർ ചെയ്തിരുന്ന സ്ഥാപനങ്ങളിൽ നിന്നും തുക ലഭിക്കാത്തതിനാലും പ്രവൃത്തികൾ ഏൽപ്പിച്ച ഉദ്യോഗസ്ഥൻ റിലീവ് ചെയ്തതിനാലും കരാറുകാരന് പണം നൽകാൻ സാധിച്ചില്ലെന്നും തെളിവെടുപ്പ് യോഗത്തിൽ ഉദ്യോഗസ്ഥർ സമിതിയെ ബോധിപ്പിക്കുകയുണ്ടായി.

ആകയാൽ <u>പോലീസുദ്യോഗസ്ഥർ വകുപ്പുതല ചടങ്ങുകൾക്ക് പണം പിരിക്കുന്നതിന്റെ ഉത്തരവാദിത്തം ഏറ്റെടുക്കരുതെന്നും ഇത് സംബന്ധിച്ച് ഡി. ജി. പി. ഒരു സർക്കുലർ പുറപ്പെടുവിക്കണമെന്നും ഇത്തരം പരിപാടികൾ</u>

ജനകീയ സമിതി രൂപീകരിച്ച് നടത്തണമെന്നും അവ സംഘടിപ്പിക്കുന്നതിനായി വകുപ്പ് ഒരു നിശ്ചിത തുക ടോക്കൺ പ്രൊവിഷനായെങ്കിലും മാറ്റിവയ്ക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2. ഹർജി വിഷയങ്ങളിന്മേലും സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുമുള്ള സർക്കാർ റിപ്പോർട്ടുകൾ പലപ്പോഴും അവ്യക്തമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം ഹർജി വിഷയങ്ങളിന്മേലും സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലും സർക്കാർ ലഭ്യമാക്കുന്ന റിപ്പോർട്ടുകളിൽ കൃത്യതയും വ്യക്തതയും പുലർത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു.

# അധ്യായം II

# സമിതിയുടെ ഇടപെടൽ മൂലം പരിഹരിച്ച ഹർജികളുടെ വിശദ വിവരം

## I. ആഭ്യന്തര വകുപ്പ്

### (1) സംയുക്തമായി ആരംഭിച്ച സ്ഥാപനത്തിൽ നിന്നും എതിർ കക്ഷികൾ പണാപഹരണം നടത്തുകയും നിരന്തരം ഭീഷണിപ്പെടുത്തുകയും ചെയ്യുന്നത് സംബന്ധിച്ച് ശ്രീ. പി. ശ്രീദേവ്, ശ്രീമതി ചൈതന്യ ശ്രീദേവ് എന്നിവർ സമർപ്പിച്ച ഹർജി

**(ഫയൽ നമ്പർ 14003/ഹർജി ബി1/2018/ലെജി.)**

ശ്രീ. പി. ശ്രീദേവ്, ശ്രീമതി ചൈതന്യ ശ്രീദേവ് എന്നിവർ 28.12.2017 തീയതിയായി സമർപ്പിച്ച ഹർജിയിൽ, ഹർജിക്കാരനായ ശ്രീ. പി. ശ്രീദേവ് മാനേജിംഗ് ഡയറക്ടറും ടിയാന്റെ ഭാര്യ ശ്രീമതി ചൈതന്യ ശ്രീദേവ് മാനേജിംഗ് പാർട്ണറുമായി രജിസ്റ്റർ ചെയ്ത പി. പി. കെ. ബയോമെഡ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുടെ ഭൂരിപക്ഷ ഓഹരി പങ്കാളിത്തമുള്ള ആശ്വാസ് കമ്മ്യൂണിറ്റി ഫാർമസി ആന്റ് ഹെൽത്ത് കെയർ സെന്റർ എന്ന

സ്ഥാപനം എതിർ കക്ഷികളായ ശ്രീ. സുരേഷ് കുമാർ, ശ്രീമതി ജയ സരസ്വതി, ശ്രീ. മധുകുമാർ രാഘവൻ എന്നിവർക്കു കൂടി ഓഹരി പങ്കാളിത്തത്തോടുകൂടി കൊല്ലം ചിന്നക്കടയിൽ പ്രവർത്തിച്ചു വരുന്നുവെന്നും എന്നാൽ ടി എതിർകക്ഷികൾ വിശ്വാസ വഞ്ചന നടത്തി ടി സ്ഥാപനത്തിൽ നിന്നും പണാപഹരണം നടത്തിയെന്നും ആയത് സംബന്ധിച്ച് ഹർജിക്കാരൻ കൊല്ലം സിറ്റി പോലീസ് കമ്മീഷണർക്ക് പരാതി നൽകിയെങ്കിലും എതിർകക്ഷികളുടെ ഉന്നത സ്വാധീനത്താൽ കേസ് രജിസ്റ്റർ ചെയ്യുകയോ തുടർ നടപടി സ്വീകരിക്കുകയോ ചെയ്തില്ലെന്നും ബോധിപ്പിച്ചിരുന്നു.

പ്രസ്തുത സംരംഭത്തിൽ നാമമാത്രമായ ഓഹരി പങ്കാളിത്തമുള്ള മൂന്ന് എതിർകക്ഷികളും ടി സ്ഥാപനത്തിന്റെ മാനേജർ കൂടിയായ നാലാം എതിർകക്ഷി ശ്രീ. യോഹന്നാൻ കുട്ടിയും ചേർന്ന് ഹർജിക്കാർക്കെതിരെ ക്രിമിനൽ ഗൂഢാലോചന നടത്തിയെന്നും ഇതേത്തുടർന്ന് ഒന്നാം എതിർകക്ഷി ശ്രീ. സുരേഷ് കുമാറിനെ 10.10.2014-ൽ ഡയറക്ടർ പദവിയിൽ നിന്നും നീക്കം ചെയ്തിരുന്നുവെന്നും തുടർന്ന് ഹർജിക്കാരൻ ഒന്നു മുതൽ മൂന്നു വരെ എതിർ കക്ഷികൾക്കെതിരെ കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ 14.10.2014 തീയതിയായി പരാതി നൽകിയതിനെത്തുടർന്ന് ഇന്ത്യൻ പാർട്ണർഷിപ്പ് ആക്ട് സെക്ഷൻ 15, കമ്പനീസ് ആക്ട് 16 (2), (8), (4), (5), ഇന്ത്യൻ പീനൽ കോഡ് 408, 381, 403, 419, 420 എന്നിവ പ്രകാരം ക്രൈം നമ്പർ 2073/2014 ആയി കേസ് രജിസ്റ്റർ ചെയ്തുവെന്നും തുടർന്ന് എതിർ കക്ഷികളുടെ നിരന്തര ഭീഷണികൾക്കും ക്രിമിനൽ ഗൂഢാലോചനയ്ക്കും വിശ്വാസ വഞ്ചനയ്ക്കും നിയമ വിരുദ്ധ പ്രവൃത്തികൾക്കും ഭീഷണിക്കുമെതിരെ നിരവധി കേസുകൾ രജിസ്റ്റർ ചെയ്തിരുന്നുവെങ്കിലും പോലീസ് ടി കക്ഷികളുടെ സ്വാധീനത്തിന് വഴങ്ങി തുടർ നടപടി സ്വീകരിച്ചില്ലെന്നും 21.12.2017-ന് വൈകുന്നേരം 3 മണിയോടുകൂടി കൊല്ലം ബീച്ച് റോഡിൽ വച്ച് ഹർജിക്കാരനായ ശ്രീ. ശ്രീദേവിനെ ഒന്നാം എതിർകക്ഷി ശ്രീ. സുരേഷ് കുമാറും കണ്ടാലറിയാവുന്ന മറ്റൊരാളും ചേർന്ന്

മാരകായുധം കാട്ടി ഭയപ്പെടുത്തുകയും ടി സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ ഇടപെടുന്ന പക്ഷം കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തുവെന്നും ബോധിപ്പിച്ചിരുന്നു. അതിനാൽ ഹർജിക്കാർക്ക് ഭൂരിപക്ഷ ഓഹരി പങ്കാളിത്തമുള്ള സ്ഥാപനത്തിൽ നിന്ന് നിയമവിരുദ്ധമായി പണം അപഹരിച്ചവർക്കെതിരെയും ആശ്വാസ് കമ്മ്യൂണിറ്റി ഫാർമസി ആന്റ് ഹെൽത്ത് കെയർ സെന്റർ എന്ന സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് പോലീസ് സംരക്ഷണം ലഭിക്കുന്നതിനും നടപടി സ്വീകരിക്കണമെന്നും അപേക്ഷിച്ചിരുന്നു.

ഹർജി റിപ്പോർട്ടിനായി 05.01.2018-ലെ കത്ത് മുഖേന ആഭ്യന്തര വകുപ്പിനയച്ചതിന് ആഭ്യന്തര (ഡി) വകുപ്പിൽ നിന്നും 11.06.2018-ലെ കത്തുപ്രകാരം ലഭിച്ച ഇടക്കാല റിപ്പോർട്ടിൽ പരാതിയിന്മേൽ സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ അന്വേഷണ റിപ്പോർട്ടിൽ പരാതി സംഗതിക്ക് കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 437/18 u/s 406, 420 & 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും ആയതിൽ അന്വേഷണം നടത്തി വരുന്നതുമാണെന്നും ഹർജിക്കാരനും എതിർ കക്ഷിയും തമ്മിൽ നിരവധി കേസ്സുകൾ നിലവിലുള്ളതും ആയത് വിചാരണയിലിരിക്കുന്നതുമാണെന്നും വ്യക്തമാക്കിയിട്ടുണ്ടെന്നും 23.09.2014 ന് എതിർ കക്ഷി വിളിച്ചതനുസരിച്ച് വന്ന മറ്റൊരാൾ പരാതിക്കാരനെ ദേഹോപദ്രവം ചെയ്തതിന് കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1918/14 u/s 341, 323, 294 (B) & 34 IPC പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുള്ളതാണെന്നും ആവലാതിക്കാരന് മേജർ ഷെയർ ഉള്ള കമ്പനിയിൽ ടിയാൻ അറിയാതെ കമ്പനിയുടെ ഷെയറുകളും പാർട്ട്ണർഷിപ്പുകളും എതിർകക്ഷിയുടെ പേരിലേക്ക് മാറ്റിയും പുതിയ ബാങ്ക് അക്കൗണ്ട് ഓപ്പൺ ചെയ്ത് അവലാതിക്കാരന് കിട്ടേണ്ട കമ്പനി വിഹിതം വിശ്വാസ വഞ്ചന നടത്തി കൈക്കലാക്കിയെന്ന് ആരോപിച്ച് ഹർജി കക്ഷി കോടതിയിൽ ഫയൽ ചെയ്ത

അന്യായത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 2073/14 u/s 408, 403, 419, 417, IPC & സെക്ഷൻ 15 of Indian Partnership Act & സെക്ഷൻ 166 (2), (3), (എ) & (5) of Companies Act പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി ചാർജ്ജ് ഷീറ്റ് കോടതിയിൽ സമർപ്പിച്ചിട്ടുള്ളതാണെന്നും അറിയിച്ചിരുന്നു.

ആവലാതിക്കാരനെ ആശ്വാസ് കമ്മ്യൂണിറ്റി ഫാർമസിയിൽ നിന്നും ഒഴിവാക്കുന്നതിനും ആയത് എതിർ കക്ഷിയുടെ വരുതിയിൽ വരുത്തുന്നതിനുമായി വ്യാജ രേഖകൾ ചമച്ചുവെന്നും മറ്റുമുള്ള കാര്യത്തിന് ആവലാതിക്കാരൻ കോടതിയിൽ അന്യായം ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1761/15 u/s 465, 466, 468, 471, 420 IPC പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും 420 IPC യ്ക്ക് ചാർജ്ജ് ഷീറ്റ് ബഹു. കോടതിക്ക് സമർപ്പിച്ചിട്ടുള്ളതുമാണ് എന്നും ഇതു കൂടാതെ ആവലാതിക്കാരൻ എതിർകക്ഷിക്കെതിരെ കൊല്ലം സിവിൽ കോടതിയിൽ സമർപ്പിച്ച അന്യായം OS നമ്പർ. 53/2016 ആയി ടി കോടതിയിൽ വിചാരണ നടന്നുവരുന്നതാണെന്നും എതിർ കക്ഷിയുടെ പരാതിയിന്മേൽ ആവലാതിക്കാരനെതിരെ തിരുവനന്തപുരം ഫോർട്ട് പോലീസ് സ്റ്റേഷനിൽ ക്രൈം 2724/16 u/s 406, 420 & 34 IPC പ്രകാരം ഒരു കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതായും സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ അന്വേഷണ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ടെന്നും മേൽ സാഹചര്യത്തിൽ പരാതിയുമായി ബന്ധപ്പെട്ട് കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 437/18, തിരുവനന്തപുരം ഫോർട്ട് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 2724/16 എന്നീ കേസ്സുകളുടെ അന്വേഷണം എത്രയും വേഗം പൂർത്തിയാക്കി ഇരുകക്ഷികളുടെയും മൊഴിപ്പകർപ്പുകൾ സഹിതം അന്തിമ റിപ്പോർട്ട് അടിയന്തരമായി സർക്കാരിലേക്ക് ലഭ്യമാക്കുവാൻ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും ടി റിപ്പോർട്ട് ലഭ്യമാകുന്ന

മുറയ്ക്ക് അന്തിമ റിപ്പോർട്ട് സമിതി മുമ്പാകെ സമർപ്പിക്കുന്നതാണെന്നും അറിയിച്ചിരുന്നു.

പ്രസ്തുത ഇടക്കാല റിപ്പോർട്ട് 10.01.2019-ലെ സമിതി യോഗം പരിഗണിക്കുകയും സമിതി നിർദേശ പ്രകാരം റിപ്പോർട്ട് വിവരം 25.02.2019-ന് ഹർജിക്കാരനെ അറിയിക്കുകയും ആഭ്യന്തര വകുപ്പിനോട് 05.12.2019-ന് അന്തിമ റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തു സമയബന്ധിതമായി റിപ്പോർട്ട് ലഭിക്കാത്തതിനാൽ ടി വിഷയം 08.09.2021-ലെ തെളിവെടുപ്പ് യോഗത്തിൽ ഉൾപ്പെടുത്തിയിരുന്നു. തുടർന്ന് 07.09.2021-ലെ തീയതിയിലെ കത്ത് പ്രകാരം ആഭ്യന്തര വകുപ്പ് താഴെപ്പറയും പ്രകാരമുള്ള റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

" പരാതി കക്ഷി ബഹു. കൊല്ലം JFCM-II കോടതി മുമ്പാകെ അന്യായം ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 1996/2018 നമ്പർ കേസ് സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവ് പ്രകാരം ക്രൈംബ്രാഞ്ചിലേയ്ക്ക് കൈമാറിയിട്ടുള്ളതും ക്രൈം 183/CB/KLM & PTA ആയി റീ നമ്പർ ചെയ്ത് കൊല്ലം ക്രൈംബ്രാഞ്ചിലേയ്ക്ക് കൈമാറിയിട്ടുള്ളതുമാണ്.

ഈ കേസിൽ നടത്തിയ അന്വേഷണത്തിൽ ആവലാതിക്കാരൻ പ്രതികൾക്കെതിരെ ആരോപിക്കപ്പെട്ട ആരോപണങ്ങളെ സാധൂകരിക്കത്തക്കതായ തെളിവുകൾ ഇല്ലായെന്ന് അന്വേഷണത്തിൽ വെളിവായിട്ടുള്ളതിനാൽ ഈ കേസ് Mistake of Facts ആയി പരിഗണിച്ച് ബഹു. കോടതിയിൽ സമർപ്പിക്കുന്നതിനായി Factual Report തയ്യാറാക്കി കേസ് ഡയറി സഹിതം മേലധികാരത്തിലേയ്ക്ക് സമർപ്പിച്ചിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു.

കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം 437/18 നമ്പർ കേസ് ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടുള്ളതും കൊല്ലം ക്രൈംബ്രാഞ്ച് ടി കേസ് റീ-നമ്പർ ചെയ്ത് ക്രൈം 269/CB/KLM&PTA/2019 ആയി അന്വേഷണം നടത്തിയിട്ടുള്ളതാണ്. ഈ കേസിലേയ്ക്ക് സെർച്ച് ചെയ്ത

ബന്തവസ്സിലെടുത്ത ണമിടപാടുകൾ നടത്തിയതിന്റെയും മറ്റും വിവരങ്ങൾ അടങ്ങിയ കമ്പ്യൂട്ടർ ഹാർഡ് ഡിസ്കുകൾ ബന്ധപ്പെട്ട കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. ഇവ തിരുവനന്തപുരം FSL-ൽ അയച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതും ഈ കേസിന്റെ ആവലാതിക്കാരനായ ശ്രീ. ശ്രീദേവിന്റെ കൈവശമുള്ള സ്വൈപിംഗ് മെഷീൻ പരിശോധിക്കേണ്ടതുമാണ്. കൂടാതെ ലോക്കറിൽ നിന്നെടുത്ത രൂപ കൊല്ലം IOB-ൽ അടച്ചതിന്റെ വിശദാംശങ്ങൾ കണ്ടെത്തി വ്യക്തത വരുത്തി ടി കേസിലേയ്ക്ക് കൂടുതൽ അന്വേഷണം നടത്തേണ്ടതായിട്ടുണ്ടെന്ന് അന്വേഷണ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ളതുമാണ്."

സമിതിയുടെ 08.09.2021-ലെ തെളിവെടുപ്പ് യോഗത്തിൽ ടി റിപ്പോർട്ട് സമിതി പരിഗണിക്കുകയും യോഗത്തിൽ പണാപഹരണം സംബന്ധിച്ച കേസന്വേഷണം പൂർത്തിയായിട്ടുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിക്കുകയും ചെയ്തു. തുടർന്ന് കേസിൽ അടിയന്തര നടപടി സ്വീകരിച്ച് സമിതിയ്ക്ക് റിപ്പോർട്ട് ലഭ്യമാക്കാൻ വകുപ്പിനോടവശ്യപ്പെടാൻ സമിതി നിർദ്ദേശിക്കുകയും സമിതി നിർദേശം 27.05.2022-ലെ കത്ത് പ്രകാരം അറിയിക്കുകയും ചെയ്തിരുന്നു. തുടർന്ന് ആഭ്യന്തര (എം) വകുപ്പ് 02.11.2022-ലെ കത്ത് പ്രകാരം താഴെപ്പറയും പ്രകാരമുള്ള അന്തിമ റിപ്പോർട്ടും ലഭ്യമാക്കിയിരുന്നു.

" 02.03.2018 തീയതി ശ്രീ. ശ്രീദേവ്, കൊല്ലം ജില്ലാ പോലീസ് മേധാവിക്ക് നൽകിയ പരാതിയിൽ കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ ക്രൈം 437/18 u/s 406, 420 & 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് 20.03.2019 വരെ ഈ കേസിന്റെ അന്വേഷണം നടത്തിയിരുന്നു. ഈ കേസിലേയ്ക്ക് സെർച്ച് ചെയ്ത് ബന്തവസ്സിലെടുത്ത പണമിടപാടുകൾ നടത്തിയതിന്റെയും മറ്റും വിവരങ്ങൾ അടങ്ങിയ കമ്പ്യൂട്ടർ ഹാർഡ് ഡിസ്കുകൾ ബന്ധപ്പെട്ട കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. തുടർന്ന് സംസ്ഥാന പോലീസ് മേധാവിയുടെ 25.02.2019 തീയതിയിലെ ഉത്തരവ് പ്രകാരം ഈ കേസിന്റെ

അന്വേഷണം ക്രൈം ബ്രാഞ്ചിന് കൈമാറുകയും ടി കേസ് റീ നമ്പർ ചെയ്ത് ക്രൈം 269/CB/KLM&PTA/2019 ആയി ഈ കേസിന്റെ അന്വേഷണം ക്രൈം ബ്രാഞ്ച് നടത്തി വന്നിരുന്നതും നിലവിൽ കേസ് അന്വേഷണം പൂർത്തിയായിട്ടുള്ളതുമാണ്.

ഈ കേസിന്റെ അന്വേഷണത്തിൽനിന്നും, സാക്ഷി മൊഴികളിൽ നിന്നും ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ നിന്നും ഹർജി കക്ഷിയുടെ പാർട്ട്ണർമാരായ സുരേഷ് കുമാർ (ഒന്നാം പ്രതി), ജയ സരസ്വതി (രണ്ടാം പ്രതി) തുടങ്ങി 1 മുതൽ 6 വരെ പ്രതികൾ തുല്യ പങ്കാളികൾ ആയിട്ടുള്ള കൊല്ലം അശ്വാസ് മെഡിക്കൽസിന്റെ പേരിൽ ഇന്ത്യൻ ഓവർസീസ് ബാങ്ക്, കൊല്ലം, ചിന്നക്കട ബ്രാഞ്ചിലെ അക്കൗണ്ട് നമ്പർ 007602000004456 ലേക്ക് ഇഷ്യൂ ചെയ്തിരിക്കുന്ന 2 സ്വൈപിംഗ് മെഷീനുകളിൽ ഒരു സ്വൈപിംഗ് മെഷീൻ (TID No. 4795206M) പരാതിക്കാരന്റെ അറിവോ സമ്മതമോ കൂടാതെ ടിയാൻ മാനേജിംഗ് പാർട്ട്ണർ ആയും ഒന്നും രണ്ടും മൂന്നും പ്രതികൾ പാർട്ടണേഴ്സ് ആയിട്ടുള്ള കൊല്ലം ചിന്നക്കട എൽ. ഐ. സി. ബിൽഡിംഗിൽ പ്രവർത്തിച്ചിരുന്ന ആശ്വാസ് കമ്മ്യൂണിറ്റി ഫാർമസി ആൻഡ് ഹെൽത്ത് കെയർ സെന്ററിൽ 01.04.2017 മുതൽ 18.07.2018 വരെ ഉപയോഗിച്ചിട്ടുള്ളതായും ടി കാലയളവിൽ 13,59,095.48 രൂപ (പതിമൂന്ന് ലക്ഷത്തി അൻപത്തി ഒൻപതിനായിരത്തി തൊണ്ണൂറ്റി അഞ്ച് രൂപ നാൽപ്പത്തിയെട്ട് പൈസ) കൊല്ലം ആശ്വാസ് മെഡിക്കൽസിന്റെ ഇന്ത്യൻ ഓവർസീസ് ബാങ്ക്, ചിന്നക്കട ബ്രാഞ്ചിലെ അക്കൗണ്ട് നമ്പർ 007602000004456 ലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് ആവലാതിക്കാരനെ അറിയിക്കാതെ പ്രതികൾ മനഃപൂർവ്വമായി ചതിച്ചും വഞ്ചിച്ചും തുക കൈക്കലാക്കി u/s 406, 420 & 34 IPC പ്രകാരമുള്ള കുറ്റം പ്രതികൾ ചെയ്തിരിക്കുന്നുവെന്ന് വെളിവായിട്ടുള്ളതിനാൽ കേസന്വേഷണം പൂർത്തിയാക്കി ഈ കേസിലേയ്ക്ക് ചാർജ്ജ് ഷീറ്റ് തയ്യാറാക്കി ബഹു. കോടതി മുൻപാകെ ഹാജരാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു."

പ്രസ്തുത റിപ്പോർട്ട് 12.01.2023-ലെ സമിതി യോഗം പരിഗണിക്കുകയും

അംഗീകരിക്കുകയും സമിതി നിർദേശ പ്രകാരം റിപ്പോർട്ട് വിവരം 28.04.2023-ലെ കത്ത് പ്രകാരം ഹർജിക്കാരനെ അറിയിച്ചതിനുശേഷം ഫയൽ നടപടികൾ അവസാനിപ്പിച്ചിട്ടുള്ളതുമാണ്.

(2) **കളവ് പോയ മുതൽ തിരികെ ലഭ്യമാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. വലേറിയൻ എം. ടി., എറണാകുളം സമർപ്പിച്ച ഹർജി.**

**( ഫയൽ നമ്പർ 15254/ഹർജി ബി 2/2009/ലെജി.)**

എറണാകുളം ജില്ലയിലെ വടക്കേക്കര നിയോജകമണ്ഡലത്തിലെ ചെങ്ങമനാട് പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട റോസ് ജ്വവലറിയുടെ ഉടമസ്ഥനായ ഹർജിക്കാരന്റെ കടയിൽ 19.03.2004-ന് നടന്ന കവർച്ചയിൽ 382 പവൻ സ്വർണ്ണവും 2,42,000/- രൂപയും ഉൾപ്പെടെ 18 ലക്ഷം രൂപ നഷ്ടപ്പെട്ടുവെന്നും പ്രസ്തുത കവർച്ചയിലെ പ്രതികളെ 16.04.2005-നു അറസ്റ്റ് ചെയ്യുകയും തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുടയിലുള്ള ചെമ്പകശ്ശേരി ജ്വവലറിയിൽ നിന്നും കളവ് പോയ സ്വർണ്ണം റിക്കവറി നടത്തിയെന്നും എന്നാൽ 16.04.2005-ന് അറസ്റ്റ് ചെയ്തവരല്ല, തമിഴ്നാട്ടിൽ നിന്നും ഉള്ള സംഘമാണ് കവർച്ചയ്ക്ക് പിന്നിലെന്നാണ് ഇപ്പോൾ പോലീസ് പറയുന്നതെന്നും ആകയാൽ കവർച്ച നടന്ന് അഞ്ച് വർഷം കഴിഞ്ഞിട്ടും യഥാർത്ഥ പ്രതികളെ അറസ്റ്റ് ചെയ്യാനോ കേസ്സ് തെളിയിക്കാനോ പോലീസിന് കഴിഞ്ഞിട്ടില്ലെന്നതിനാലും അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥരെ ഇടയ്ക്കിടെ സ്ഥലം മാറ്റുന്നതിനാലും കേസ് അന്വേഷണം വിശ്വസ്തരായ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥരെക്കൊണ്ടോ സി.ബി.ഐയെക്കൊണ്ടോ അന്വേഷിപ്പിച്ച് ഹർജിക്കാരന്റെ കളവ് പോയ മുതൽ തിരികെ ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്ന് 20.06.2009-ൽ സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി 09.07.2009-ൽ ആഭ്യന്തര വകുപ്പിന് അയച്ച് കൊടുത്തതിനെ തുടർന്ന് ആഭ്യന്തരം (എം) വകുപ്പ് ലഭ്യമാക്കിയ 24.05.2010-ലെ

85852/എം3/2009/ആഭ്യന്തരം നമ്പർ കത്തു മുഖേനയുള്ള റിപ്പോർട്ടിൽ ടി കേസ് ക്രൈം ബ്രാഞ്ച് അന്വേഷിക്കുന്നുവെന്നും ടി കേസിലെ 8, 10, 12, 13 പ്രതികൾ ജുഡീഷ്യൽ കസ്റ്റഡിയിൽ കഴിഞ്ഞുവരുന്നുവെന്നും 1 മുതൽ 6 വരെ പ്രതികൾ ബഹു. കോടതിയിൽ നിന്നും ജാമ്യത്തിൽ പോയിട്ടുണ്ടെന്നും 7, 9, 11 പ്രതികളെ അറസ്റ്റ് ചെയ്യേണ്ടതുണ്ടെന്നും മോഷണമുതലുകളിൽ 146 പവൻ സ്വർണ്ണവും 2,42,000/- രൂപയും കണ്ടെടുക്കേണ്ടതായിട്ടുണ്ടെന്നും അന്വേഷണം തുടരുകയാണെന്നും റിപ്പോർട്ട് ചെയ്തിരുന്നു.

പ്രസ്തുത റിപ്പോർട്ട് 23.05.2012-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും റിപ്പോർട്ടിലെ വിവരം ഹർജിക്കാരനെ അറിയിക്കുവാനും, തുടർനടപടികളുടെ നിലവിലെ അവസ്ഥ ആഭ്യന്തര വകുപ്പിനോട് ആവശ്യപ്പെടാനും, ടി വകുപ്പിൽ നിന്നും തെളിവെടുപ്പ് നടത്തുവാനും തീരുമാനിക്കുകയുണ്ടായി. റിപ്പോർട്ട് വിവരം അറിയിച്ചതിനെത്തുടർന്ന് ഹർജിക്കാരൻ 30.08.2012-ൽ സമർപ്പിച്ച പ്രതികരണ ഹർജിയിൽ ക്രൈംബ്രാഞ്ച് അന്വേഷണം ത്വരിതപ്പെടുത്തുന്നതിനും, ബാക്കി തൊണ്ടിമുതലുകൾ കണ്ടെടുത്ത് ടിയാന്റെ കുടുംബത്തെ രക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് അപേക്ഷിച്ചിരുന്നു. തുടർന്ന് ആഭ്യന്തരം (എം) വകുപ്പ് 23.11.2012-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ കേസുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്യുവാനുള്ള 7, 9, 11 എന്നീ പ്രതികളെ അറസ്റ്റ് ചെയ്ത് അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിന് കൂടുതൽ സമയം ആവശ്യമാണെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി പറഞ്ഞിരുന്നു.

തുടർന്ന് 27.11.2012-ലെ തെളിവെടുപ്പ് യോഗത്തിൽ ടി റിപ്പോർട്ട് സമിതി പരിഗണിക്കുകയും ആയത് സംബന്ധിച്ച് തെളിവെടുപ്പ് നടത്തുകയും ചെയ്തു. പ്രതികളിൽ മൂന്ന് പേരൊഴികെയുള്ളവരെ പിടികൂടിയിട്ടും എല്ലാ തൊണ്ടിമുതലും വീണ്ടെടുക്കുവാനുള്ള സാഹചര്യം ഉണ്ടായിട്ടും, അന്വേഷണം പൂർത്തിയാകാത്തതിന് എന്തോ തടസ്സമുണ്ടെന്നാണ് മനസ്സിലാക്കേണ്ടതെന്ന്

അഭിപ്രായപ്പെട്ട സമിതി ജാമ്യത്തിൽ പോയ പ്രതികളെ തിരികെ കൊണ്ട് വരികയും ആയത് സംബന്ധിച്ച് റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യുകയുണ്ടായി.

തുടർന്ന് ആഭ്യന്തര വകുപ്പ് 01.07.2013-ലെ 93187/എം3/2012/ ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ അറസ്റ്റ് ചെയ്യുവാനുണ്ടായിരുന്ന 7, 9, 11 പ്രതികളിൽ 9-ാം പ്രതിയെ 21.05.2013-ൽ ഫോർമൽ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും തമിഴ്നാട്ടിൽ മറ്റൊരു കേസ്സിൽ അറസ്റ്റ് ചെയ്യപ്പെട്ട ടിയാനെ തിരുച്ചിറപ്പള്ളി സെൻട്രൽ ജയിലിൽ നിന്നും ആലുവ JFCM കോടതിയിൽ ഹാജരാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ടിയാനെ പോലീസ് കസ്റ്റഡിയിൽ വാങ്ങി വിശദമായി ചോദ്യം ചെയ്താൽ മാത്രമേ ഒളിവിൽ കഴിയുന്ന പ്രതികളെ കുറിച്ചും ബാക്കി മോഷണ മുതലിനെക്കുറിച്ചും കൂടുതൽ വിവരങ്ങൾ ലഭ്യമാവുകയുള്ളുവെന്നും കേസ് അന്വേഷണാവസ്ഥയിലാണെന്നും വ്യക്തമാക്കിയിരുന്നു. റിപ്പോർട്ട് 11.02.2014-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും ആഭ്യന്തര വകുപ്പിൽ നിന്നും അന്തിമ റിപ്പോർട്ട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്യുകയുണ്ടായി.

തുടർന്ന് ആഭ്യന്തര (എം) വകുപ്പ് ലഭ്യമാക്കിയ 06.07.2015-ലെ കത്ത് മുഖേനയുള്ള റിപ്പോർട്ടിൽ ടി കേസ്സിലെ 7, 11 എന്നീ പ്രതികളെ കണ്ടെത്തുന്നതിനായി ബീഹാർ, ജാർഖണ്ഡ്, ബാംഗ്ലൂർ, മധുര എന്നിവിടങ്ങളിലും മറ്റും പോയി അന്വേഷണം നടത്തിയെങ്കിലും ടി പ്രതികളെ കണ്ടെത്തുന്നതിനോ ബാക്കി മോഷണ മുതലുകൾ കണ്ടെത്തുന്നതിനോ സാധിച്ചിട്ടില്ലെന്നും, സമീപ ഭാവിയിൽ കണ്ടെത്തുന്നതിന് സാധ്യതയില്ലെന്നും, 4-ാം പ്രതി മരണമടഞ്ഞതിനാൽ ടിയാനെതിരെ Abate charge ഉം, 7-ഉം, 11-ഉം പ്രതികൾ തീയതിയിൽ ഒളിവിൽ ആണെന്ന് കാണിച്ചും, മറ്റ് പ്രതികൾക്കെതിരെ കുറ്റപത്രവും 23.05.2015 ബഹു. ആലുവ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിൽ സമർപ്പിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിരുന്നു.

20.10.2016-ൽ ചേർന്ന സമിതിയോഗം ടി റിപ്പോർട്ട് പരിഗണിക്കുകയും റിപ്പോർട്ട് വിവരം ഹർജിക്കാരനെ അറിയിക്കുവാനും പ്രതികളെ കണ്ടെത്തുന്നതിന് നടത്തിയ തുടരന്വേഷണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് ആഭ്യന്തര വകുപ്പിനോട് ആവശ്യപ്പെടാനും തീരുമാനിച്ച 23.12.2016-ലെ കത്തുകൾ മുഖേന, റിപ്പോർട്ട് ഹർജിക്കാരനെ അറിയിക്കുകയും ആഭ്യന്തര വകുപ്പിനോട് അന്തിമ റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്യുകയുണ്ടായി.

തുടർന്ന് 13.03.2017-ലെ 1454/എം3/2017/ആഭ്യന്തരം നമ്പർ കത്തു മുഖന ആഭ്യന്തര(എം) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ പ്രസ്തുത കേസിലെ ഒളിവിൽ കഴിയുന്ന 7 ഉം 11 ഉം പ്രതികളെ കണ്ടെത്തി ശേഷിക്കുന്ന മോഷണ മുതൽ കണ്ടെത്തുന്നതിനുള്ള സാധ്യമായ എല്ലാവിധ അന്വേഷണവും ക്രൈംബ്രാഞ്ച് വിഭാഗം നടത്തി വരുന്നതായി വ്യക്തമാക്കിയിരുന്നു.

ടി റിപ്പോർട്ട് പരിഗണിച്ച 12.10.2017-ലെ സമിതിയോഗം ഹർജി വിഷയവുമായി ബന്ധപ്പെട്ട കേസിലെ പ്രതികളെ കണ്ടെത്തുന്നതിന് നടത്തുന്ന തുടരന്വേഷണം സംബന്ധിച്ച അന്തിമ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ആഭ്യന്തര വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിക്കുകയുണ്ടായി.

സമിതിയുടെ ടി തീരുമാനം അറിയിച്ചതിനെത്തുടർന്ന് ആയതു സംബന്ധിച്ച് ആഭ്യന്തര (എം) വകുപ്പ് ലഭ്യമാക്കിയ 13.06.2018-ലെ ആഭ്യന്തരം-എം3/135/2017/ആഭ്യന്തരം നമ്പർ കത്തുമുഖേനയുള്ള റിപ്പോർട്ടിൽ കേസ് ക്രൈം ബ്രാഞ്ച് ഏറ്റെടുത്തശേഷം 14 പ്രതികളിൽ 12 പ്രതികളെ അറസ്റ്റ് ചെയ്ത് പ്രതികളുടെ കുറ്റസമ്മത മൊഴിയുടെ അടിസ്ഥാനത്തിൽ 1881 ഗ്രാം സ്വർണ്ണം കണ്ടെടുത്തുവെന്നും ഒളിവിൽ കഴിയുന്ന 7 ഉം, 11 ഉം പ്രതികളെ കണ്ടെത്തുന്നതിനുള്ള ഊർജിതമായ അന്വേഷണം ക്രൈംബ്രാഞ്ചിന്റെ നേതൃത്വത്തിൽ നടന്നുവരുന്നുണ്ടെന്നും സമിതിയെ അറിയിച്ചിരുന്നു.

പ്രസ്തുത റിപ്പോർട്ട് സമിതിയുടെ 03.10.2018-ൽ എറണാകുളം ജില്ലാ കളക്ടേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും

ആയത് സംബന്ധിച്ച് ബന്ധപ്പെട്ടവരിൽ നിന്നും തെളിവെടുക്കുകയും ഹർജിയുമായി ബന്ധപ്പെട്ട കേസിലെ പിടികൂടുവാനുള്ള രണ്ട് പ്രതികളെ പിടികൂടുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും അപ്രകാരം ചെയ്യാമെന്ന് ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥൻ സമിതിക്ക് ഉറപ്പ് നൽകുകയും ചെയ്തിരുന്നു. തുടർന്ന് ആഭ്യന്തര വകുപ്പ് 06.09.2021 തീയതിയായുള്ള കത്തിലൂടെ ലഭ്യമാക്കിയ റിപ്പോർട്ടിൽ ഒളിവിൽ കഴിയുന്ന 7 ഉം, 11 ഉം പ്രതികളെക്കുറിച്ച് നാളിതുവരെ ഉപകാരപ്രദമായ വിവരങ്ങളൊന്നും ലഭിച്ചിട്ടില്ലാത്തതാണെന്ന് റിപ്പോർട്ട് ചെയ്തിരുന്നു ശേഷം ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിൽ നഷ്ടപ്പെട്ട സ്വർണ്ണത്തിന്റെ ഭൂരിഭാഗവും തിരികെ ലഭിച്ചതിനാലും കേസ് കോടതിയുടെ പരിഗണനയിലിരിക്കുന്നതിനാലും ഇനിയും പിടികിട്ടാനുള്ള പ്രതികളെ പിടികൂടുന്നതിന് അറസ്റ്റ് വാറന്റ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിലും ഹർജി വിഷയത്തിൽ തുടർനടപടി സ്വീകരിക്കേണ്ടതില്ലെന്ന് സമിതിയോട് ആവശ്യപ്പെട്ടിരുന്നു. 08.09.2021-ലെ സമിതി യോഗത്തിൽ, ഹർജിക്കാരന്റെ ടി അപേക്ഷ പരിഗണിച്ച് ഹർജി വിഷയത്തിന്മേലുള്ള ഫയൽ നടപടികൾ അവസാനിപ്പിക്കാൻ സമിതി തീരുമാനിച്ചു.

## II. റവന്യൂ വകുപ്പ്

**(3) പട്ടയം ലഭിക്കുന്നതിനായി പത്തനാപുരം താലൂക്കിലെ തിങ്കൾക്കരിക്കം വില്ലേജിലെ പട്ടികജാതി വിഭാഗക്കാർ സമർപ്പിച്ച ഹർജി സംബന്ധിച്ച്.**

**(ഫയൽ നമ്പർ 13942/ഹർജി സി1/2006/ലെജി.)**

പത്തനാപുരം താലൂക്കിലെ തിങ്കൾക്കരിക്കം വില്ലേജിൽ 36 വർഷമായി സ്ഥിരതാമസക്കാരായ ഹർജിക്കാർ കൃഷിയെ ആശ്രയിച്ച് ജീവിക്കുന്നവരാണെന്നും ഫോറസ്റ്റ് ലാൻഡ് ഭൂമിയിൽ താമസിച്ച് വരവേ 1980-ന് മുൻപായി ഫോറസ്റ്റ് ഉദ്യോഗസ്ഥർ ജെണ്ട നിർമ്മിച്ച് തങ്ങളുടെ കൈവശാവകാശഭൂമി വിട്ടുതന്നിട്ടുള്ളതാണെന്നും എന്നാൽ അതിന് ഇതുവരെ പട്ടയം ലഭിച്ചിട്ടില്ലെന്നും അതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും 16.12.2006-ൽ സമർപ്പിച്ച

ഹർജിയിൽ അപേക്ഷിച്ചിരുന്നു.

ടി ഹർജി റിപ്പോർട്ടിനായി 16.12.2006-ലെ കത്ത് മുഖേന റവന്യൂ, വനം വന്യജീവി എന്നീ വകുപ്പുകളിലേയ്ക്ക് അയച്ചു.

ഹർജി വിഷയം സംബന്ധിച്ച് വനം-വന്യജീവി (സി) വകുപ്പ് 4.02.2008 ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

" പട്ടയം ലഭിക്കുന്നതിനായി പത്തനാപുരം താലൂക്കിലെ തിങ്കൾക്കരിക്കം വില്ലേജിലെ പട്ടികജാതി വിഭാഗക്കാരുടെ ഹർജി സർക്കാർ സംരക്ഷണവിഭാഗം ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ മുഖേന പരിശോധിക്കുകയുണ്ടായി.

തെന്മല കല്ലട ഇറിഗേഷൻ പ്രോജക്ട് നടപ്പിലായപ്പോൾ മുങ്ങിപ്പോയ പ്രദേശങ്ങളിലെ താമസക്കാരായിരുന്ന പരാതിക്കാർ. ഡാമിന്റെ നിർമ്മാണവേളയിൽ കുടിയൊഴിപ്പിക്കപ്പെട്ടവരെ പുന:രധിവസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് 22.10.84-ൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ യോഗം ചേരുകയും പുന:രധിവാസം സംബന്ധിച്ചുള്ള തീരുമാനം 1980-ലെ വന സംരക്ഷണ നിയമം വരുന്നതിനു മുമ്പുതന്നെ എടുത്തിരുന്നതിനാൽ ഇതിലേയ്ക്കായി 115 ഏക്കർ വനഭൂമി വിട്ടുതരണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസൽ കേന്ദ്രസർക്കാരിന് 1986-ൽ സമർപ്പിക്കുകയുണ്ടായി. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിലെ ഉദ്യോഗസ്ഥർ ഈ സ്ഥലം 1986-ൽ സന്ദർശിക്കുകയും 90 ഏക്കറോളം വനഭൂമി കേന്ദ്ര സർക്കാരിന്റെ അനുവാദം കൂടാതെ സംസ്ഥാന സർക്കാർ വനേതര പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയും 1980-ലെ വനസംരക്ഷണനിയമം ലംഘിച്ചുകൊണ്ട് റോഡു നിർമ്മിച്ചതായും അറിയിക്കുകയുണ്ടായി. തുടർന്ന് പുന:രധിവാസം സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ പ്രോജക്ട് 1980-ലെ വനസംരക്ഷണനിയമത്തിന്റെ ലംഘനമാണെന്ന് ചൂണ്ടിക്കാണിച്ച് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അന്നത്തെ മുഖ്യമന്ത്രിയെ അറിയിക്കുകയുണ്ടായി. ഇത് 1980-ലെ വനസംരക്ഷണനിയമത്തിന്റെ ലംഘനമായതിനാൽ പിന്നീട് ഇതു സംബന്ധിച്ച് അന്തിമ തീരുമാനമൊന്നും സർക്കാർ ഇതുവരെ കൈക്കൊണ്ടിട്ടില്ല."

15.06.2009-ൽ ചേർന്ന സമിതിയോഗം ഹർജി വിഷയം സംബന്ധിച്ച് വനം

-വന്യജീവി, റവന്യൂ എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുക്കുകയുണ്ടായി.

കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ ഭാഗമായി കുടിയൊഴിപ്പിച്ച ആളുകളെ പുന:രധിവസിപ്പിക്കുന്നതിനായി വനഭൂമിയാണ് കണ്ടെത്തിയതെന്നും മുൻകൂട്ടിയുള്ള അനുവാദമില്ലാതെ സംസ്ഥാന സർക്കാർ വനഭൂമി വനേതര ആവശ്യങ്ങൾക്ക് ഉപയോഗിച്ചതിനാൽ കേന്ദ്രസർക്കാരിന്റെ ക്ലിയറൻസ് ലഭ്യമായില്ല എന്നും, ടി വിഷയം സംബന്ധിച്ച് കേന്ദ്ര സർക്കാരിന് റാറ്റിഫിക്കേഷനായി പ്രൊപ്പോസൽ അയയ്ക്കേണ്ടത് യൂസർ ഏജൻസിയായ റവന്യൂ വകുപ്പാണെന്നും അവർ അപേക്ഷ നൽകിയാൽ അതിനുള്ള ശിപാർശ നൽകാം എന്നും ഫോറസ്റ്റ് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ സമിതിയെ അറിയിച്ചപ്പോൾ മാനുഷിക പരിഗണന നല്കി ടി കേസ് പുന:പരിശോധിക്കണമെന്നും കുടിയൊഴിപ്പിക്കപ്പെട്ട ആളുകളെ പുന:രധിവസിപ്പിക്കുന്നതിന് പകരം ഭൂമിയുണ്ടെന്ന് സൂചിപ്പിച്ച് കേന്ദ്ര സർക്കാരിന് കത്ത് അയയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് റവന്യൂ, വനം എന്നീ വകുപ്പുകളോട് ആവശ്യപ്പെടാൻ സമിതി തീരുമാനിക്കുകയും ചെയ്തു. സമിതി നിർദേശം 5.10.2009-ലെ കത്തു മുഖേന ടി വകുപ്പുകളെ അറിയിച്ചു. തുടർന്ന് 7.12.2010-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി ഹർജി വിഷയം പരിഗണിക്കുകയും ഹർജിക്കാരുടെ ആവശ്യം സംബന്ധിച്ച് മൂന്നുമാസത്തിനുള്ളിൽ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് റവന്യൂ വകുപ്പിനോട് ശിപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

സമിതിയുടെ ശിപാർശയിന്മേൽ റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികളുടെ അന്തിമ റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് നിരവധി കത്തിടപാടുകൾ നടത്തിയെങ്കിലും ടി ശിപാർശയിന്മേലുള്ള റിപ്പോർട്ട് ലഭിക്കാതിരുന്ന സാഹചര്യത്തിൽ സമിതി (2016-19)-യുടെ രണ്ടാമത് റിപ്പോർട്ടിന്റെ അദ്ധ്യായം IV ൽ ക്രമ നമ്പർ 10 ആയി ആയത് ഉൾപ്പെടുത്തുകയുണ്ടായി.

ഹർജിക്കാരൻ 10.04.2018 തീയതിയായി സമർപ്പിച്ച തുടർഹർജി

റിപ്പോർട്ടിനായി 30.10.2019-ലെ കത്തു മുഖേന റവന്യൂ (പി) വകുപ്പിലേയ്ക്കയച്ചു.

ഹർജി വിഷയത്തിൽ 7.12.2010-ലെ സമിതിയോഗം ശിപാർശ ചെയ്തിരുന്നതിൻ പ്രകാരം റവന്യൂ (പി) വകുപ്പ് 17.11.2022-ലെ കത്ത് മുഖേന ലഭ്യമാക്കി റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

" പുനലൂർ താലൂക്കിലെ സാം നഗർ പി. ഒ. പരിധിയിൽ കുഴിവിളക്കരിക്കം എന്ന സ്ഥലത്ത് താമസിക്കുന്നവർ തങ്ങളുടെ കൈവശഭൂമിക്ക് പട്ടയം നല്കണമെന്നാവശ്യ-പ്പെട്ടുകൊണ്ട് ഹർജികൾ സംബന്ധിച്ച സമിതി മുമ്പാകെ ഹർജി സമർപ്പിച്ചിരുന്നു. ടി വിഷയത്തിൽ 07.12.2010-ൽ സമിതി തെളിവെടുപ്പ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ, 1980-ന് മുൻപ് വനം വകുപ്പ് ഉദ്യോഗസ്ഥർ ജെണ്ട നിർമ്മിച്ച് കൈവശാവകാശ ഭൂമിയായി വിട്ടുകൊടുത്ത ഭൂമിക്ക് പട്ടയം ലഭിക്കണമെന്നുള്ള ഹർജിക്കാരുടെ ആവശ്യം സംബന്ധിച്ച് അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് റവന്യൂ വകുപ്പിനോട് ശിപാർശ ചെയ്തിരുന്നു

മേൽ വിഷയത്തിൽ കൊല്ലം ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കി പരിശോധിച്ചു ഹർജിക്കാർ ഉൾപ്പെടെയുള്ള അപേക്ഷകരിൽ നിന്നും ലഭ്യമായ രേഖകൾ പരിശോധിച്ച് അർഹമായ എല്ലാവർക്കും മാനദണ്ഡങ്ങൾ പാലിച്ച് 1964-ലെ ഭൂപതിവ് ചട്ടപ്രകാരം പട്ടയ നടപടികളിൽ പൂർത്തിയാക്കിയിട്ടുള്ളതും ടി പട്ടയങ്ങൾ 2020-ൽ കുഴിവിളക്കരിക്കത്ത് വച്ച് നടന്ന ചടങ്ങിൽ വച്ച് ടി കാലയളവിലെ വനം വകുപ്പ് മന്ത്രി വിതരണം ചെയ്തിട്ടുള്ളതുമാണെന്ന് കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

ടി റിപ്പോർട്ടിലെ വിവരം 19.12.2022-ലെ കത്ത് മുഖേന ഹർജിക്കാരെ അറിയിച്ചു.

08.11.2023-ൽ ചേർന്ന സമിതി യോഗം മേല്പറഞ്ഞ റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ഫയൽ നടപടി അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

(4) **<u>വനഭൂമി കൈവശം വച്ച് കൃഷി ചെയ്തുവരുന്നവർക്ക് കൈവശരേഖ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. എം. ഒ. മത്തായി, നിലമ്പൂർ സമർപ്പിച്ച ഹർജി.</u>**

**(ഫയൽ നമ്പർ 17336/ഹർജി സി1/2013/ലെജി.)**

മലപ്പുറം ജില്ലയിൽ നിലമ്പൂർ താലൂക്കിൽ വനഭൂമി കൈവശം വച്ച് കൃഷി ചെയ്തുവരുന്ന ഹർജിക്കാരനുൾപ്പെടെയുള്ള 610 പേർക്ക് കൈവശരേഖ നൽകുന്നതിനായി 01.01.1997-ന് മുൻപ് കുടിയേറ്റം നടത്തിയവരെ സംബന്ധിച്ച് 1990-92 കാലയളവിൽ റവന്യൂ വനം വകുപ്പുകൾ സംയുക്തപരിശോധന നടത്തി തയ്യാറാക്കിയ കൈവശരേഖ നൽകുന്നതിന് അർഹരായവരുടെ പട്ടികയിൽ 455-ാം പേരുകാരനായ ഹർജിക്കാരന് കൈവശരേഖ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് 25.05.2013 തീയതിയായി സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 02.08.2013-ൽ റവന്യൂ, വനം വന്യജീവി എന്നീ വകുപ്പുകളിലേയ്ക്ക് അയച്ചു.

അപേക്ഷകന്റെ ഭൂമി സംയുക്ത പരിശോധന കഴിഞ്ഞതിനാലും പട്ടയം നല്കേണ്ടവരുടെ ലിസ്റ്റിൽ ഉൾപ്പെട്ടതായതിനാലും കൂടാതെ ഏത് ഭൂമിയായാലും പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് റവന്യൂ വകുപ്പാണ് എന്നതിനാലും ടി ഹർജിയിൽ വനം വകുപ്പിന് യാതൊരു നടപടിയും സ്വീകരിക്കാനില്ലെന്ന് വനം വന്യജീവി (സി) വകുപ്പ് 06.02.2014-ലെ കത്ത് മുഖേന റിപ്പോർട്ട് ചെയ്തിരുന്നു.

ഹർജി വിഷയം സംബന്ധിച്ച് 09.06.2014 തീയതിയിലെ കത്ത് മുഖേന റവന്യൂ വകുപ്പ് ലഭ്യമാക്കിയ ഇടക്കാല മറുപടിയിൽ " 01.01.1977 ന് മുമ്പ് വനഭൂമി കൈവശംവച്ച് കൃഷിചെയ്ത് വന്നിരുന്നവർക്ക് കൈവശരേഖ നൽകുന്നതിനായി വനം, റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധനയിലൂടെ തയ്യാറാക്കപ്പെട്ട കൈവശ വനഭൂമി സംബന്ധിച്ച കേന്ദ്ര വന സംരക്ഷണ നിയമ

പ്രകാരമുള്ള പ്രൊപ്പോസൽ, മലപ്പുറം ജില്ലാ കളക്ടർ, നിലമ്പൂർ നോർത്ത് സൗത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ എന്നിവർ ഒപ്പ് വച്ച് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഈസ്റ്റേൺ സർക്കിൾ ആൻഡ് കസ്റ്റോഡിയൻ ഓഫ് വെസ്റ്റഡ് ഫോറസ്റ്റിന് സമർപ്പിക്കുകയും ആയത് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (പ്രൊട്ടക്ഷൻ) തിരുവനന്തപുരം ഓഫീസിലേക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ടെന്ന് മലപ്പുറം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ സംബന്ധിച്ച തീരുമാനത്തിന് വിധേയമായി മാത്രമേ 01.01.1977-ന് മുമ്പ് വനഭൂമി കൈവശംവച്ച് കൃഷി ചെയ്തുവന്നിരുന്നവരുടെ കാര്യത്തിൽ തുടർനടപടി സാധിക്കുകയുള്ളൂ" എന്ന് അറിയിച്ചിരുന്നു.

പ്രസ്തുത റിപ്പോർട്ടും ടി റിപ്പോർട്ടിലെ വിവരം ഹർജിക്കാരനെ അറിയിച്ചതിനെ തുടർന്ന് ടിയാൻ സമർപ്പിച്ച 30.04.2014 തീയതിയായുള്ള പ്രതികരണ ഹർജിയും പരിഗണിച്ച 26.08.2015 -ലെ സമിതി യോഗം ജോയിന്റ് വെരിഫിക്കേഷൻ നടത്തി പട്ടയം നൽകേണ്ടവരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും ഹർജിക്കാരന് കൈവശരേഖ നൽകുന്നതിനുള്ള തടസ്സമെന്താണെന്ന് റവന്യൂ വനം വന്യജീവി എന്നീ വകുപ്പുകളോട് ആരായാൻ തീരുമാനിച്ചു.

തുടർന്ന് ഹർജി വിഷയം സംബന്ധിച്ച് വനം-വന്യജീവി (സി) വകുപ്പ് 06.12.2017 ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"കൈവശഭൂമിക്ക് പട്ടയം ലഭിക്കുന്നതിനായി ശ്രീ. എം. ഒ. മത്തായി സമർപ്പിച്ച അപേക്ഷ പരിശോധിച്ചു. തരിശ്, പുതുവൽ മുതലായ ഭൂമികൾക്ക് പട്ടയം നൽകുന്നത് റവന്യൂ വകുപ്പാണ്. കൂടാതെ സംയുക്ത പരിശോധന കഴിഞ്ഞ ഭൂമികൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പാണ് സ്വീകരിക്കുന്നത്. അപേക്ഷകന്റെ ഭൂമി സംയുക്ത പരിശോധന കഴിഞ്ഞതിനാലും പട്ടയം നൽകേണ്ടവരുടെ ലിസ്റ്റിൽ ഉൾപ്പെട്ടതും ആയതിനാൽ പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് റവന്യൂ വകുപ്പാണ്. ആയതിനുള്ള കാലതാമസത്തിനുള്ള കാരണം പ്രസ്തുത വകുപ്പിലേ ലഭ്യമാകുകയുള്ളൂ

എന്നതിനാൽ ഈ അപേക്ഷയിൽ യാതൊരു നടപടിയും വനം വകുപ്പിന് സ്വീകരിക്കാനില്ല.”

13.08.2018-ൽ ചേർന്ന സമിതിയുടെ തെളിവെടുപ്പ് യോഗം ഹർജി വിഷയം പരിഗണിക്കവേ 1969 മുതൽ കൈവശംവച്ച് കൃഷി ചെയ്തുവരുന്ന ഹർജിക്കാരന്റെ ഭൂമിക്ക് കൈവശരേഖ നൽകാനാവശ്യമായ നടപടി ഉണ്ടാകണമെന്ന് ഹർജിക്കാരൻ സമിതി മുൻപാകെ ബോധിപ്പിച്ചപ്പോൾ, ഹർജിയിൽ പരാമർശിച്ചിരിക്കുന്ന ഭൂമി ജോയിന്റ് വെരിഫിക്കേഷൻ കഴിഞ്ഞതാണെന്നും കൈവശരേഖ നൽകുന്നതിൽ വനം വകുപ്പിന് എതിർപ്പില്ലെന്നും കൈവശരേഖ നൽകേണ്ടത് റവന്യൂ വകുപ്പാണെന്നും വനം വകുപ്പ് ഉദ്യോഗസ്ഥൻ സമിതി മുൻപാകെ അറിയിച്ച ഒരു മാസത്തിനകം ഹർജിക്കാരന് കൈവശരേഖ നൽകാൻ നടപടി സ്വീകരിക്കണമെന്ന് ടി സമതി യോഗം റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരോട് നിർദേശിക്കുകയും ആയത് നല്കാമെന്ന് ഉദ്യോഗസ്ഥർ ഉറപ്പ് നൽകുകയും ചെയ്തു.

മേല്പറഞ്ഞ സമിതി നിർദേശത്തിന്മേൽ റവന്യൂ (പി) വകുപ്പ് 16.12.2023-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

“ ഹർജിയിന്മേൽ ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കി പരിശോധിച്ച ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചുവടെപ്പറയും പ്രകാരമുള്ള വിവരം സമിതിയെ ബോധിപ്പിച്ചുകൊള്ളുന്നു.

13.10.2018-ൽ ചേർന്ന യോഗത്തിൽ സമിതി നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ. എം. ഒ. മത്തായിയ്ക്ക് 30.10.2018-ൽ കൈവശ സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ട്.”

മേല്പറഞ്ഞ റിപ്പോർട്ട് 20.12.2023-ൽ ചേർന്ന സമിതിയുടെ തെളിവെടുപ്പ് യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(5) **<u>പട്ടയം ലഭ്യമാക്കുന്നതിനായി ശ്രീ. അബ്ദുള്ളക്കുഞ്ഞി ഹാജി, കാസർഗോഡ് സമർപ്പിച്ച ഹർജി</u>**

**(ഫയൽ നമ്പർ 23766/ഹർജി സി 1/2019/ലെജി.)**

ഹർജിക്കാരനും കുടുംബവും കഴിഞ്ഞ 40 വർഷമായി മൊഗ്രാൽ വില്ലേജിൽ സർവേ നമ്പർ 165/4-ൽ ഉൾപ്പെട്ട 4½ സെന്റ് വസ്തുവിൽ താമസിച്ചുവരികയാണെന്നും ടി വസ്തുവിന് പട്ടയം ലഭിക്കുന്നതിനായി നിരവധി അപേക്ഷകൾ ബന്ധപ്പെട്ടവർക്ക് സമർപ്പിച്ചുവെങ്കിലും ടിയാന് നാളിതുവരെ പട്ടയം ലഭ്യമായിട്ടില്ലെന്നും അതിനാൽ സമിതി ഇടപെട്ട് ആയത് ലഭ്യമാക്കണമെന്ന് 16.10.2019 തീയതിയായി സമിതി മുമ്പാകെ സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

ടി ഹർജി റിപ്പോർട്ടിനായി 18.11.2019-ലെ കത്ത് മുഖേന റവന്യൂ വകുപ്പിലേയ്ക്ക് അയച്ചു.

ഹർജി വിഷയം സംബന്ധിച്ച് റവന്യൂ (എം) വകുപ്പ് 25.11.2022-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

" മഞ്ചേശ്വരം താലൂക്കിൽ മൊഗ്രാൽ വില്ലേജിൽ റീ.സ.നം. 165/7-2-ൽപ്പെട്ട 0.0240 ഹെക്ടർ (0.06 ഏക്കർ) ഭൂമി ശ്രീ. അബ്ദുള്ളക്കുഞ്ഞി ഹാജിയുടെ പേരിൽ പതിച്ച് നൽകി 17.08.2022-ൽ പട്ടയം നല്കിയിട്ടുണ്ടെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

ടി റിപ്പോർട്ടിലെ വിവരം 09.01.2023-ലെ കത്ത് മുഖേന ഹർജിക്കാരനെ അറിയിച്ചു.

26.09.2023-ൽ ചേർന്ന സമിതി യോഗം മേല്പറഞ്ഞ റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും പ്രസ്തുത ഹർജിയിന്മേലുള്ള ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

(6) **<u>ശക്തമായ കാറ്റിലും മഴയിലും വീടിന്റെ മേൽക്കൂര തകർന്നതിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് ശ്രീമതി ചന്ദ്രിക, എസ്., വട്ടപ്പാറ, തിരുവനന്തപുരം സമർപ്പിച്ച ഹർജി സംബന്ധിച്ച്.</u>**

**(ഫയൽ നമ്പർ 10334/ഹർജി സി1/2022/ലെജി.)**

11.04.2022-ൽ ഉണ്ടായ അതിശക്തമായ കാറ്റിലും മഴയിലും ഹർജിക്കാരിയുടെ വീടിന്റെ മേൽക്കൂര മൊത്തമായി പറന്ന് നിലത്ത് വീണെന്നും വൈദ്യുതി കണക്ഷൻ, വയറിംഗുകൾ എന്നിവ മൊത്തമായി ഇളകിപ്പോയെന്നും കൂടാതെ വാട്ടർ ടാങ്ക് ഇളകി തെറിച്ചുപോയെന്നും വെള്ളം പമ്പ് ചെയ്യാൻ പറ്റാത്ത അവസ്ഥയിലായെന്നും അത് സംബന്ധിച്ച് തൊട്ടടുത്ത ദിവസം വില്ലേജ് ഓഫീസിൽ പരാതി സമർപ്പിച്ചെന്നും എന്നാൽ വില്ലേജ് ഓഫീസർ ടിയാളെ കളിയാക്കുന്ന തരത്തിൽ സംസാരിച്ചെന്നും പരാതി വിഷയം താലൂക്ക് ഓഫീസിലേക്ക് അറിയിക്കാമെന്ന് പറഞ്ഞെന്നും വെമ്പായം ഗ്രാമ പഞ്ചായത്തിൽ നിന്നും ഓവർസീയർ എസ്റ്റിമേറ്റ് എടുക്കാൻ വരുമെന്ന് പറഞ്ഞിട്ട് അദ്ദേഹം വരുകയോ എസ്റ്റിമേറ്റ് എടുക്കുകയോ ചെയ്തിട്ടില്ലെന്നും ടി പരാതി സംബന്ധിച്ച് താലൂക്ക് ഓഫീസിൽ അന്വേഷിച്ചപ്പോൾ വാടകയ്ക്ക് കൊടുത്തിരുന്ന വീടെന്ന നിലയിൽ ഹർജിക്കാരിയ്ക്ക് ദുരിതാശ്വാസ ധനസഹായത്തിന് അർഹതയില്ലെന്ന രീതിയിലാണ് വില്ലേജ് ഓഫീസർ ഫയൽ വിട്ടിരിക്കുന്നതെന്ന് അറിഞ്ഞെന്നും ടിയാൾക്ക് ഏകദേശം 5 ലക്ഷം രൂപയിൽ കൂടുതൽ നഷ്ടം സംഭവിച്ചിട്ടുണ്ടെന്നും മാനസികമായി ബുദ്ധിമുട്ടിലായ ടിയാൾക്ക് 3 മാസത്തോളം താലൂക്ക് ഓഫീസിലും, വെമ്പായം ഗ്രാമ പഞ്ചായത്തിലും, വട്ടപ്പാറ വില്ലേജ് ഓഫീസിലും കയറിയിറങ്ങേണ്ടി വന്നെന്നും അതിനാൽ ടി സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തി ടിയാൾക്ക് അർഹമായ ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് 09.06.2022 തീയതിയായി സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 17.06.2022 -ലെ കത്ത് മുഖേന റവന്യൂ,

തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളിലേയ്ക്ക് അയച്ചു

ഹർജി വിഷയം സംബന്ധിച്ച് റവന്യൂ(ജി) വകുപ്പ് 17.12.2022-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

" ശക്തമായ കാറ്റിലും മഴയിലും വീടിന്റെ മേൽക്കൂര തകർന്നതിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് ശ്രീമതി ചന്ദ്രിക എസ്. വട്ടപ്പാറ, തിരുവനന്തപുരം സമർപ്പിച്ച ഹർജിയിന്മേലുള്ള റിപ്പോർട്ട് തിരുവനന്തപുരം ജില്ലാ കളക്ടർ ലഭ്യമാക്കിയിട്ടുണ്ട്. പ്രകൃതി ക്ഷോഭത്തിൽ ഭവനനാശം സംഭവിച്ചതിന് ശ്രീമതി ചന്ദ്രിക 13.04.2022-ൽ സമർപ്പിച്ച അപേക്ഷയിൽ വെമ്പായം ഗ്രാമപഞ്ചായത്ത് എഞ്ചിനീയർ 25% നാശനഷ്ടം തിട്ടപ്പെടുത്തുകയും ടിയാളുടെ അപേക്ഷ ഓൺലൈൻ മുഖാന്തരം സമർപ്പിച്ചിരുന്നുവെന്നും ടി വീട് വാടകയ്ക്ക് നൽകിയിരുന്നതാണെന്നും അപേക്ഷക കുടുംബസമേതം വട്ടിയൂർക്കാവിൽ താമസിച്ചുവരികയാണെന്നുമുള്ള വട്ടപ്പാറ വില്ലേജാഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷക താമസിച്ചുവരുന്ന വീട് അല്ല എന്നതിനാലും വാടകയ്ക്ക് നൽകിയിരുന്ന വീടിന് SDRF മാനദണ്ഡപ്രകാരം നഷ്ടപരിഹാരം അനുവദിക്കേണ്ടത് സംബന്ധിച്ച് വ്യക്തത ഇല്ലാതിരുന്നതിനാലും ടിയാളുടെ അപേക്ഷ നിരസിക്കുകയാണ് ഉണ്ടായതെന്നും മേൽ വിഷയത്തിൽ ജില്ലാ കളക്ടറുടെ ഓഫീസിൽ നിന്നും സ്പഷ്ടീകരണം നൽകിയതിനുശേഷം പുതിയ അപേക്ഷയും അനുബന്ധ രേഖകളും ഓൺലൈൻ മുഖാന്തരം സമർപ്പിച്ചിരുന്നതും തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം തിട്ടപ്പെടുത്തിയിട്ടുള്ള നാശ നഷ്ടത്തിന്റെ തോത് അനുസരിച്ച്, 02.09.2022 -ലെ DC/TVM/47/DM നടപടി ക്രമം പ്രകാരം ടിയാൾക്ക് 28,500/- രൂപ അനുവദിച്ചിട്ടുള്ളതാണെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കൂടാതെ ടി കാലയളവിൽ വട്ടപ്പാറ വില്ലേജാഫീസറുടെ ചാർജ്ജ് വഹിച്ചിരുന്ന എസ്.വി.ഒ. ക്ക് ഓഫീസിലെ തിരക്കും പരിചയക്കുറവും മൂലമാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളതെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതായി

തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും പൊതുജനങ്ങളോട് മാന്യമായി പെരുമാറണമെന്ന് ടി ജീവനക്കാരന് നിർദേശം നൽകിയിട്ടുള്ളതാണെന്നും ടി വിഷയത്തിൽ ബോധപൂർവമായ വീഴ്ച വരുത്തിയിട്ടില്ലാത്തതും വാടകയ്ക്ക് നൽകിയിരുന്ന വീടിന് SDRF മാനദണ്ഡപ്രകാരം നഷ്ടപരിഹാരം അനുവദിക്കേണ്ടത് സംബന്ധിച്ച് വ്യക്തത ഇല്ലായ്മ മൂലം സംഭവിച്ചിട്ടുള്ളതാണെന്നും തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്."

29.03.2023-ൽ ചേർന്ന സമിതിയോഗം മേല്പറഞ്ഞ റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(7) <u>**വസ്തുവിന്റെ അതിര് പുനഃസ്ഥാപിച്ച് കിട്ടുന്നതിനായി ശ്രീമതി സാവിത്രി സുരേന്ദ്രൻ, കോട്ടയം സമർപ്പിച്ച ഹർജി.**</u>

**(ഫയൽ നമ്പർ 15625/ഹർജി സി 1/2022/ലെജി.)**

ഹർജിക്കാരിയുടെ കൈവശത്തിലും കരം തീരുവയിലുമുള്ള കോട്ടയം താലൂക്കിലെ അയ്മനം വില്ലേജിൽ ബ്ലോക്ക് 7-ലും സർവെ 431/12-1 -ലും പെട്ട വസ്തുവിന്റെ സ്ഥിര അതിര് നശിപ്പിച്ചത് പുനഃസ്ഥാപിക്കാൻ കോട്ടയം ജില്ലാ കളക്ടർ, കോട്ടയം തഹസിൽദാർ, കോട്ടയം താലൂക്ക് സർവെയർ എന്നിവർക്ക് അപേക്ഷ നൽകിയെങ്കിലും തുടർ നടപടി സ്വീകരിച്ചില്ലെന്നും അതിനാൽ പോലീസ് സംരക്ഷണത്തോടുകൂടി സ്ഥിര അതിര് പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് 26.08.2022 തീയതിയായി സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 06.09.2022-ലെ കത്ത് മുഖേന റവന്യൂ വകുപ്പിലേയ്ക്ക് അയച്ചു.

ഹർജി വിഷയം സംബന്ധിച്ച് റവന്യൂ (ഇ) വകുപ്പ് 16.01.2023-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ശ്രീമതി സാവിത്രി സുരേന്ദ്രൻ സമർപ്പിച്ച ഹർജിയിന്മേൽ കോട്ടയം ജില്ലാ കളക്ടർ മുഖേന അന്വേഷണം നടത്തിയതായും പ്രസ്തുത ഭൂമി കോട്ടയം ജില്ലയിലെ അയ്മനം ബ്ലോക്ക് 7 ൽ റീസർവെ 431/12-1 ൽപ്പെട്ട സ്ഥലത്തിന്റെ അതിർത്തി നിർണ്ണയത്തിനായി കക്ഷിക്ക്

നിയമാനുസൃത നോട്ടീസ് നൽകി സ്ഥലപരിശോധന നടത്തി താലൂക്ക് സർവെയർ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും, റീസർവെ പ്ലാൻ, ടോറൻസ് പ്ലാൻ എന്നിവയുടെ അടിസ്ഥാനത്തിൽ കല്ലുകൾ പുനഃസ്ഥാപിച്ച് പരാതി പരിഹരിച്ച് നൽകിയിട്ടുണ്ടെന്നും ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ടിലെ വിവരം 08.03.2023-ലെ കത്ത് മുഖേന ഹർജിക്കാരിയെ അറിയിച്ചു.

13.12.2023-ൽ ചേർന്ന സമിതി യോഗം മേല്പറഞ്ഞ റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

(8) **യാത്രാബത്ത, ശമ്പള കുടിശ്ശിക, എൽ. ഡി. ക്ലാർക്ക് തസ്തികയിലെ കൺഫർമേഷൻ എന്നിവ സംബന്ധിച്ച് ശ്രീ. പി. രാജൻ, കോഴിക്കോട് സമർപ്പിച്ച ഹർജി.**

**(ഫയൽ നമ്പർ 11678/ഹർജി സി3/2005/ലെജി.)**

യാത്രാബത്ത, ശമ്പളകുടിശ്ശിക, എൽ.ഡി.സി തസ്തികയിലെ കൺഫർമേഷൻ എന്നീ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ഹർജികൾ സംബന്ധിച്ച സമിതി മുമ്പാകെ ശ്രീ. പി. രാജൻ സമർപ്പിച്ച 23.06.2005-തീയതിയായുള്ള ഹർജി റിപ്പോർട്ടിനായി 15.07.2005-ലെ കത്ത് മുഖേന റവന്യൂ വകുപ്പിലേക്ക് അയച്ചുകൊടുക്കുകയും റവന്യൂ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടുകൾ ഉൾപ്പെടെ ഹർജി വിഷയം സമിതിയുടെ വിവിധ യോഗങ്ങളിൽ പരിഗണിക്കുകയും 6/01 മാസത്തിലെ ഒഴിച്ച് യാത്രാബത്ത തുക എല്ലാം തന്നെ ഹർജിക്കാരന് സമിതിയുടെ ഇടപെടൽ മൂലം ലഭ്യമാകുകയും അതിന് ഹർജിക്കാരൻ സമിതിക്ക് നന്ദി അറിയിക്കുകയും ചെയ്തിരുന്നു.

10.02.2009-ൽ കോഴിക്കോട് വച്ച് ചേർന്ന സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ സമിതി ഹർജി വിഷയം പരിഗണിക്കുകയും ഹർജിക്കാരനിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുക്കുകയും ചെയ്തു.

ഹർജിക്കാരന് യാത്രാബത്ത നൽകിയതായും, ടിയാന്റെ ശമ്പള കുടിശ്ശിക

ബിൽ തയ്യാറായതായും ജില്ലാ കളക്ടറേറ്റ് ഫൈനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു. 12 വർഷമായി ആനുകൂല്യങ്ങൾക്കുവേണ്ടി ശ്രമിക്കുകയാണെന്നും ഇന്നേവരെ അത് ലഭിച്ചില്ലെന്നും ഹർജിക്കാരൻ സമിതിയെ അറിയിച്ചു നിയമ തടസ്സമില്ലെങ്കിൽ ഹർജിക്കാരന് ന്യായമായും ലഭിക്കാനുള്ള ആനുകൂല്യം ഉടനെ നൽകണമെന്നും, അക്കാര്യം ജില്ലാ കളക്ടർ മോണിറ്റർ ചെയ്യണമെന്നും ആനുകൂല്യങ്ങൾ നൽകാത്തത് എന്തുകൊണ്ടാണെന്നത് വിശദമായി പരിശോധിക്കണമെന്നും സമിതി പ്രസ്തുത തെളിവെടുപ്പ് യോഗത്തിൽ നിർദേശിക്കുകയും ചെയ്തു.

ഹർജിയിന്മേൽ റവന്യൂ (സി) വകുപ്പ് 05.02.2010 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

“ എൽ.ഡി.സി. തസ്തികയിൽ കൺഫർമേഷൻ അനുവദിച്ചുകൊണ്ട് സർവീസിലെ ആദ്യവർഷത്തെ ആർജ്ജിതാവധി 1/11 എന്ന നിരക്കിൽ അനുവദിക്കണമെന്ന ഹർജിക്കാരന്റെ ആവശ്യവും തുടർ ഹർജിയിൽ ധനകാര്യ വകുപ്പിന്റെ 27.02.2017-ലെ ജി. ഒ. (പി) നമ്പർ 75/2007/ഫിൻ നമ്പർ ഉത്തരവ് പ്രകാരം മൂന്നു വർഷം തുടർച്ചയായ സർവീസ് പൂർത്തിയായവർക്ക് സർവീസിൽ പ്രവേശിച്ച് ആദ്യവർഷത്തെ ആർജ്ജിതാവധി 11 ദിവസത്തിൽ 1 ദിവസമാക്കി കണക്കാക്കി നൽകേണ്ടതാണെന്ന് ഉത്തരവായിട്ടുള്ളതിന്റെ ആനുകൂല്യം സർവീസിൽ നിന്നും വിരമിച്ചവർക്കും ലഭ്യമാണെന്ന് 16.07.2007-ലെ 48/07/ഫിൻ എന്ന ഉത്തരവിന്റെ ആനുകൂല്യം അനുവദിയ്ക്കണമെന്ന ആവശ്യവും വിശദമായി പരിശോധിച്ചു.

കെ.എസ്.ആർ. പാർട്ട്-I ചട്ടം 86 A പ്രകാരം സർവീസിൽ കൺഫർമേഷൻ ലഭിയ്ക്കുന്ന ജീവനക്കാർക്ക് മാത്രമേ ആദ്യ വർഷം 1/11 എന്ന നിരക്കിൽ ആർജ്ജിതാവധിയ്ക്ക് അർഹതയുണ്ടായിരിക്കുകയുള്ളൂ.

G.O.(P)78/08/Fin.dt.11/02/08 പ്രകാരം ഉത്തരവ് തീയതിയായ 27.02.2007-നോ അതിനു ശേഷമോ റിട്ടയർ ചെയ്തവർക്കു മാത്രമേ G.O.

(P)75/07/Fin തീയതി 27/02/2007 ഉത്തരവിന്റെ ആനുകൂല്യം ലഭ്യമാകു എന്നും 16.06.2007-ലെ സർക്കുലർ പ്രകാരം തെറ്റായി കൈപ്പറ്റിയിട്ടുള്ള ആനുകൂല്യം തിരിച്ച് പിടിക്കുന്നതല്ലെന്നും 16.06.2007-ലെ സർക്കുലർ പ്രസ്തുത തീയതി മുതൽ തന്നെ റദ്ദാക്കിയും ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ 31.08.2001-ൽ സർവീസിൽ നിന്നും വിരമിച്ച ശ്രീ. രാജന് 27.02.2007-ലെ ഉത്തരവിന്റെ ആനുകൂല്യം നൽകാൻ സാധ്യമല്ലെന്നും ടിയാന് കൺഫർമേഷൻ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ സർവീസിലെ ആദ്യ വർഷത്തെ ആർജ്ജിതാവധി റീകാസ്റ്റ് ചെയ്യുവാൻ സാധിക്കുകയുള്ളൂ എന്നും അറിയിച്ചുകൊള്ളുന്നു.

കെ. എസ് .& എസ്. എസ്. ആർ. ഭാഗം II-ലെ ചട്ടം 24 പ്രകാരം ഒരു സർവീസിലെ ഒരു ക്ലാസ്സിലോ കാറ്റഗറിയിലോ പ്രൊബേഷൻ പൂർത്തീകരിച്ച ഒരാളെ കഴിവതും നേരത്തെ തന്നെ ടി ക്ലാസ്സിലോ കാറ്റഗറിയിലോ സ്ഥിരമായ കേഡറിലുണ്ടാകുന്ന സബ്സ്റ്റാന്റീവ് ഒഴിവിൽ സ്ഥിരീകരണം നൽകേണ്ടതാണെന്ന് അനുശാസിക്കുന്നു. കെ.എസ്.& എസ്.എസ്.ആർ. പൊതുചട്ടം 5-ന് കീഴിലുള്ള നോട്ടുകളുടെ വെളിച്ചത്തിൽ പരിശോധിക്കുമ്പോൾ ഒരു ക്ലാസ്സിന്റെയോ കാറ്റഗറിയുടെയോ സ്ഥിരമായ കേഡറിലുണ്ടാകുന്ന ആറുമാസത്തിൽ കുറയാത്ത ദൈർഘ്യമുള്ള സ്ഥിരമോ താൽക്കാലികമോ ആയ ഒഴിവുകളിലേക്കാണ് സ്ഥിരീകരണം നൽകേണ്ടതെന്ന് കാണാം. അതിനാൽ റവന്യൂ വകുപ്പിലെ ജീവനക്കാർക്ക് സ്ഥിരീകരണം നൽകാൻ മേൽ ചട്ടങ്ങൾ പ്രകാരം അടിയന്തര നടപടികൾ കൈക്കൊള്ളാനും ശ്രീ. പി. രാജന് എൽ.ഡി. ക്ലാർക്ക് തസ്തികയിലോ ഉയർന്ന തസ്തികയിലോ സ്ഥിരീകരണം നൽകാനും ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദേശം നല്കിയിട്ടുള്ള വിവരം അറിയിക്കുന്നു."

മേല്പറഞ്ഞ റിപ്പോർട്ട് ഹർജിക്കാരനെ അറിയിച്ചതിനെ തുടർന്ന് ഹർജിക്കാരൻ സമർപ്പിച്ച പ്രതികരണ ഹർജിയിൽ, പെൻഷൻകാർക്ക് അനുകൂലമായി മറുപടി ലഭിച്ചതിൽ സന്തോഷമുണ്ടെന്നും, സമിതിയുടെ നിർദേശം പരിപൂർണ്ണമായി റവന്യൂ വകുപ്പിൽ നടപ്പാക്കി പെൻഷൻ പറ്റി പിരിഞ്ഞ എല്ലാ

പെൻഷൻകാരുടേയും പോസ്റ്റ് കൺഫർമേഷൻ നൽകി ആദ്യവർഷത്തെ സർവീസിൽ ആർജ്ജിതാവധി 1/11 ആയി റീ-കാൽക്കുലേറ്റ് ചെയ്ത് എല്ലാ പെൻഷൻകാർക്കും ആനുകൂല്യം ലഭിക്കുന്നതുവരെ ഇതുമായി ബന്ധപ്പെട്ട് സമർപ്പിച്ച ഫയൽ ക്ലോസ് ചെയ്യരുതെന്ന് അപേക്ഷിച്ചിരുന്നു.

12.01.2011-ലെ സമിതി യോഗം ടി ഹർജിയിലെ ആവശ്യവുമായി ബന്ധപ്പെട്ട നിലവിലെ അവസ്ഥയെന്തെന്ന് വകുപ്പിനോട് ആരായാൻ തീരുമാനിച്ചു. അതിൻപ്രകാരം റവന്യൂ (സി) വകുപ്പ് 18.04.2011-ലെ കത്തു മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"കേരള സർവീസ് റൂൾസ് ഭാഗം 1 ചട്ടം 86 എ പ്രകാരം സേവനത്തുറകളിൽ കൺഫർമേഷൻ അനുവദിക്കുന്ന ജീവനക്കാർക്ക് ആദ്യവർഷത്തെ സർവീസിന് 1/11 എന്ന നിരക്കിൽ ആർജ്ജിതാവധി അനുവദിക്കാൻ അർഹതയുണ്ടായിരുന്നു. എന്നാൽ 27.02.2007-ലെ 75/07/ഫിൻ സർക്കാർ ഉത്തരവിലൂടെ തുടർച്ചയായ മൂന്നു വർഷം സർവീസ് പൂർത്തിയാക്കുന്ന ജീവനക്കാർക്ക് ഈ ആനുകൂല്യം അനുവദിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തു. തുടർന്ന് 16.06.2007-ലെ 48/2007/ഫിൻ എന്ന സർക്കുലറിലൂടെ സർവീസിൽ നിന്നും വിരമിച്ച ജീവനക്കാർക്കും ഈ ആനുകൂല്യം ഉറപ്പാക്കുകയും എന്നാൽ 11.02.2008-ലെ 78/08/ഫിൻ എന്ന സർക്കാർ ഉത്തരവിലൂടെ 27.02.2007-നോ അതിനു ശേഷമോ റിട്ടയർ ചെയ്ത ജീവനക്കാർക്ക് മാത്രമായി ഈ ആനുകൂല്യം പരിമിതപ്പെടുത്തുകയും എന്നാൽ ടി ഉത്തരവിന്റെ തീയതിയ്ക്ക് മുൻപ് ടി ആനുകൂല്യം കൈപ്പറ്റിയവരിൽ നിന്നും തിരിച്ച് പിടിക്കേണ്ടതില്ലെന്നും വ്യവസ്ഥ ചെയ്തു. ആകയാൽ 31.08.2001-ൽ സർവീസിൽ നിന്നും വിരമിച്ച ശ്രീ. രാജന് മേൽ പരാമർശിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളുടെയോ സർക്കുലറുകളുടെയോ ആനുകൂല്യം അനുവദിച്ചുകൊണ്ട് ആർജ്ജിതാവധി റീ കാസ്റ്റ് ചെയ്യാൻ കഴിയില്ല

10.09.1984- ലെ റവന്യൂ വില്ലേജ് സംയോജനത്തെ തുടർന്ന് റവന്യൂ തസ്തികകളും വില്ലേജ് തസ്തികകളും സംയോജിക്കപ്പെട്ടു. ഓരോ തസ്തികകളുടെയും

വ്യക്തമായ എണ്ണം ലഭ്യമല്ലാത്ത സാഹചര്യമായിരുന്നു അന്ന് നിലവിലുണ്ടായിരുന്നത്. തസ്തികകളുടെ എണ്ണം കണക്കാക്കിയതിൽ പിഴവുകൾ സംഭവിച്ചിട്ടുള്ളതായുള്ള ആക്ഷേപങ്ങളും ലഭിച്ചിട്ടുണ്ട്. ടി ആക്ഷേപങ്ങൾ പരിശോധിച്ച് തീർപ്പാക്കി വരുന്നതേയുള്ളൂ. കൂടാതെ റവന്യൂ വകുപ്പിൽ വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി രൂപീകരിക്കപ്പെടുന്ന റവന്യൂ യൂണിറ്റുകളിലെ താൽക്കാലിക തസ്തികകളുടെയും കൂടി അടിസ്ഥാനത്തിലാണ് നിയമനം നടത്തി വരുന്നത്. പദ്ധതികൾ പൂർത്തീകരിക്കുന്നതോടൊപ്പം യൂണിറ്റുകൾ നിർത്തലാക്കുന്നതും പതിവാണ്. മേൽ പ്രസ്താവിച്ച കാരണങ്ങളാൽ സ്ഥിര തസ്തികകളുടെ എണ്ണം ഇതേവരെ കണക്കാക്കുകയോ റവന്യൂ വകുപ്പിൽ ഡെപ്യൂട്ടി തഹസിൽദാർ വരെയുള്ള ആർക്കെങ്കിലും കൺഫർമേഷൻ അനുവദിക്കുകയോ ചെയ്തിട്ടില്ല. കെ.എസ്.ആർ ചട്ടം 24-ന് താഴെയുള്ള പ്രൊവിസോ പ്രകാരം ഹർജിക്കാരന് മാത്രമായി കൺഫർമേഷൻ അനുവദിക്കാൻ കഴിയുകയുമില്ല.

റവന്യൂ വകുപ്പിൽ നിലവിൽ ഉണ്ടായിരുന്ന സീനിയോറിറ്റി ലിസ്റ്റുകളെല്ലാം തന്നെ കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ റദ്ദാക്കപ്പെട്ടിട്ടുള്ളതും ശ്രീ. യു. ഫസലുദ്ദീൻ ഫയൽ ചെയ്ത 19076/2008 എന്ന റിട്ട് ഹർജിയുടെ വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പിലെ 10.09.1984 മുതലുള്ള എൽ.ഡി.സി/ വില്ലേജ് അസിസ്റ്റന്റ് മുതൽ മുകളിലോട്ടുള്ള തസ്തികകളിലെ എല്ലാം തന്നെ സീനിയോറിറ്റി ലിസ്റ്റ് 789/88 എന്ന റിട്ട് അപ്പീലിന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പുനഃപ്രസിദ്ധീകരിക്കാനുള്ള നടപടികൾ തുടർന്ന് വരികയാണ്. സീനിയോറിറ്റി ലിസ്റ്റുകൾ പുതുക്കി പ്രസിദ്ധീകരിക്കുന്ന നടപടി സമയബന്ധിതമായി പൂർത്തിയാക്കേണ്ടത് ഭരണപരമായ പ്രതിസന്ധി ഒഴിവാക്കുന്നതിന് അത്യാവശ്യമാണ്. ടി നടപടിക്രമം പൂർത്തിയാക്കുന്നതിന് ശേഷം മാത്രമേ സ്ഥിര തസ്തികകളുടെ എണ്ണം കണ്ടെത്താനും കൺഫർമേഷൻ അനുവദിക്കാനും കഴിയൂ. ആകയാൽ നിലവിലുള്ള സാഹചര്യത്തിൽ

എൽ.ഡി.സി. തസ്തികയിൽ കൺഫർമേഷൻ അനുവദിച്ചുകൊണ്ട് ആദ്യ വർഷത്തെ ആർജ്ജിതാവധി 1/11 ആയി റീ കാസ്റ്റ് ചെയ്യുന്നതിനുള്ള ടിയാന്റെ ആവശ്യം ഇപ്പോൾ അനുവദിക്കാൻ പ്രായോഗിക ബുദ്ധിമുട്ട് ഉണ്ട് എന്ന വസ്തുത ശ്രദ്ധയിൽപ്പെടുത്തുന്നു."

28.11.2011-ലെ, സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ ഹർജി വിഷയം സമിതി പരിഗണിക്കുകയും പ്രസ്തുത വിഷയത്തിന്മേൽ സർക്കാർ തലത്തിൽ തീരുമാനം വേണമെന്ന് നിരീക്ഷിക്കുകയും അതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദേശിക്കുകയും ചെയ്തു.

നിരവധി കത്തിടപാടുകൾ നടത്തിയതിനെ തുടർന്ന് മുഖേന റവന്യൂ (സി) വകുപ്പ് 04.05.2016-ലെ കത്ത് ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

" 25.11.1998-ലെ സ. ഉ. (പി) നമ്പർ 3000/1998/ധന നമ്പർ ഉത്തരവിന്റെ അനുബന്ധം 3-ലെ ചട്ടം 15 പ്രകാരം കോടതി ഉത്തരവുകളുടെയോ മുൻകാല പ്രാബല്യത്തോടെയുള്ള പ്രൊമോഷനുകളുടേയോ അടിസ്ഥാനത്തിൽ മാത്രമേ റീ-ഓപ്ഷനുകൾ അനുവദിക്കാൻ സാധിക്കുകയുള്ളൂ. ശ്രീ. പി. രാജന് കോഴിക്കോട് റവന്യൂ ഡിവിഷണൽ ഓഫീസറുടെ 06.09.1999-ലെ നടപടിക്രമം പ്രകാരം യു.ഡി.ക്ലാർക്ക് തസ്തികയിൽ 26.09.1975 മുതൽ മുൻകാല പ്രാബല്യത്തോടെ പ്രൊമോഷൻ ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ ശ്രീ.പി.രാജൻ, റിട്ടയേർഡ് ഡെപ്യൂട്ടി തഹസിൽദാരുടെ 1997 ശമ്പള പരിഷ്കരണത്തിന് വ്യവസ്ഥകൾക്ക് വിധേയമായി റീ-ഓപ്ഷൻ അനുവദിച്ചുകൊണ്ട് ശമ്പളം പുനർനിർണ്ണയം നടത്തുന്നതിന് അനുമതി നൽകിക്കൊണ്ടും, ലാൻഡ് റവന്യൂ കമ്മീഷണർ ഇതു സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്ന് നിർദേശിച്ചുകൊണ്ടും 02.04.2016-ലെ സ.ഉ.(സാധാ)നം.2223/2016/ആർ.ഡി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രസ്തുത റിപ്പോർട്ട് സമിതിയുടെ 13.09.2017- ലെ യോഗം പരിഗണിക്കുകയും ടി റിപ്പോർട്ടിലെ വിവരം ഹർജിക്കാരനെ അറിയിക്കാൻ

തീരുമാനിക്കുകയും അതിൻ പ്രകാരം 11.10.2017-ലെ കത്ത് മുഖേന റിപ്പോർട്ട് വിവരം അറിയിക്കുകയും ചെയ്തു.

29.01.2014-ൽ ഹർജിക്കാരൻ മരണപ്പെട്ടതായും അതിനാൽ പ്രസ്തുത ഹർജിയിന്മേൽ നടപടി തുടരുന്നതിന് ഹർജിക്കാരന്റെ ഭാര്യയെ അനുവദിക്കണമെന്നും അപേക്ഷിച്ചുകൊണ്ട് ടിയാൾ 30.10.2017 തീയതിയായുള്ള കത്ത് സമിതിക്ക് അയച്ചു.

ഹർജി വിഷയത്തിന്മേലുള്ള നടപടികൾക്കായി ലാൻഡ് റവന്യൂ കമ്മീഷണർക്ക് അപേക്ഷ നൽകാനും 3 മാസത്തിനുള്ളിൽ പരിഹാരം ഉണ്ടായില്ലെങ്കിൽ സമിതിയെ സമീപിക്കാനും 20.11.2017-ലെ കത്ത് പ്രകാരം ടിയാളോട് നിർദേശിച്ചിരുന്നു.

പ്രസ്തുത വിഷയത്തിൽ പരിഹാരം കാണാത്തതിനാൽ ഹർജിക്കാരന്റെ ഭാര്യ 23.10.2018-തീയതിയായി തുടർഹർജി സമർപ്പിക്കുകയും പ്രസ്തുത ഹർജി റിപ്പോർട്ടിനായി 13.11.2018-ലെ കത്ത് മുഖേന റവന്യൂ (സി) വകുപ്പിലേയ്ക്ക് കത്ത് അയക്കുകയും ചെയ്തു.

നിരവധി കത്തിടപാടുകൾ നടത്തിയതിനെ തുടർന്ന് റവന്യൂ (സി) വകുപ്പ് 04.08.2021-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"റിട്ട. ഡെപ്യൂട്ടി തഹസിൽദാരായ പി. രാജന്റെ (late) ശമ്പള പുനർനിർണ്ണയം നടത്തുന്നതിന് അനുമതി നല്കിക്കൊണ്ട് 02.04.2016-ലെ സ.ഉ. (സാധാ) നം.2223/2016/ആർ.ഡി പ്രകാരം ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ ശമ്പള പുനർനിർണ്ണയം നടത്തി കോഴിക്കോട് സബ് കളക്ടറുടെ 11.02.2021-ലെ RDOKKD/3894/2019-F1 നമ്പർ നടപടിക്രമം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ട് വിവരം 24.01.2022-ൽ ഹർജിക്കാരിയെ അറിയിച്ചു.

26.09.2023-ലെ സമിതിയോഗം മേല്പറഞ്ഞ റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

(9) **<u>വാളാംതോട് പുനരധിവാസ കോളനി നിവാസികൾക്ക് പട്ടയം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ശിവരാമൻ നായർ മുതൽപേർ, വയനാട് സമർപ്പിച്ച ഹർജി.</u>**

**(ഫയൽ നമ്പർ 21451/ഹർജി സി 3/2019/ലെജി.)**

ഉരുൾപൊട്ടി വാസയോഗ്യമല്ലാത്ത ഭൂമിയിൽ നിന്നും സർക്കാർ പുന:രധിവസിപ്പിച്ച വാളാംതോട് പുന:രധിവാസ കോളനി നിവാസികളായ കുടുംബങ്ങളിലുള്ളവരാണ് ഹർജിക്കാരെന്നും, 2008-ൽ കൈവശരേഖ കിട്ടി ടി സ്ഥലത്ത് താമസം ആരംഭിച്ച ഹർജിക്കാർക്ക് നാളിതുവരെ പട്ടയം ലഭിച്ചിട്ടില്ലെന്നും, ഭൂനികുതി സ്വീകരിച്ചിട്ടില്ലെന്നും, ടിയാളുകൾക്ക് മറ്റ് ഭൂമിയില്ലാത്തതിനാൽ ലോൺ എടുക്കാൻ പോലും കഴിയുന്നില്ലെന്നും, സർക്കാർ ആനുകൂല്യങ്ങൾ ഒന്നും ലഭിക്കുന്നില്ലെന്നും അതിനാൽ ഹർജിക്കാർക്ക് പട്ടയം ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് ശ്രീ. ശിവരാമൻ നായർ മുതൽപേർ 02.08.2019 തീയതിയായി സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 01.10.2019-ലെ കത്ത് മുഖേന റവന്യൂ വകുപ്പിലേക്ക് അയച്ചു.

ഹർജിയിന്മേൽ റവന്യൂ (എൽ) വകുപ്പ് 31.12.2022-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"മാനന്തവാടി താലൂക്കിൽ തൊണ്ടർനാട് വില്ലേജിൽ സർവെ നമ്പർ 495/2pt യിൽപ്പെട്ടതും വാളാംതോട് പുന:രധിവാസ പദ്ധതി പ്രകാരം കൈവശം വച്ചിട്ടുള്ളതുമായ 2 ഏക്കർ സർക്കാർ ഭൂമിയ്ക്ക് പട്ടയം ലഭിക്കണമെന്ന അപേക്ഷയിലെ ആവശ്യം സംബന്ധിച്ച് പരിശോധന നടത്തിയതിൽ പ്രസ്തുത ഭൂമിയിലെ കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്നതിലേയ്ക്കായി പതിവ് ലിസ്റ്റിൽ ഉൾപ്പെടുത്തി 16.03.21-ന് ഉത്തരവായിട്ടുള്ളതാണ്. വാളാംതോട് പുന:രധിവാസ പദ്ധതിയിലുൾപ്പെടുത്തി കൈവശക്കാർക്ക് ഭൂമി പതിച്ച് നൽകുന്നതിന് 24.03.2022-ന് ചേർന്ന ഭൂപതിവ് കമ്മിറ്റി അംഗീകരിച്ച് ഉത്തരവായതിന്റെ

അടിസ്ഥാനത്തിൽ ഹർജിയിൽ പറയുന്ന വാളാംതോട് പുനഃരധിവാസ പദ്ധതി പ്രകാരം കൈവശം വച്ചുവരുന്ന 2 ഏക്കർ സർക്കാർ ഭൂമിയിൽ റോഡ്, കിണർ എന്നിവയ്ക്ക് മാറ്റി വച്ച 20 സെന്റ് ഭൂമി കഴിച്ച് ബാക്കിയുള്ള ഭൂമി 18 പ്ലോട്ടുകളാക്കി മാറ്റുകയും നിലവിൽ കൈവശം വച്ച് താമസിച്ചുവരുന്ന 14 പേർക്ക് 0.0364 ഹെക്ടർ വീതമുള്ള ഭൂമിക്ക് പട്ടയം അനുവദിച്ചിട്ടുള്ളതാണ്."

പ്രസ്തുത റിപ്പോർട്ട് 13.12.2023-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ഫയൽ നടപടി അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

(10) **വസ്തു പോക്കുവരവ് ചെയ്ത് നൽകുന്നതിനുള്ള അപേക്ഷയിന്മേൽ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് അഡ്വ. ഷൈൻ വർഗ്ഗീസ്, ഇടുക്കി സമർപ്പിച്ച ഹർജി.**

**(ഫയൽ നമ്പർ 21610/ഹർജി സി 3/2019/ലെജി.)**

ഹർജിക്കാരന്റെയും ഭാര്യയുടെയും പേരിൽ വാങ്ങിയിട്ടുള്ള കാഞ്ചിയാർ വില്ലേജിലെ റീസർവെ 98/8-ൽപ്പെട്ട 01.9620 ഹെക്ടർ ഭൂമിയും, 99/9-ൽപ്പെട്ട 02.14.43 ഹെക്ടർ ഭൂമിയും, 99/7-ൽപ്പെട്ട 01.80.80 ഹെക്ടർ ഭൂമിയും പോക്കുവരവ് ചെയ്ത് ലഭിക്കുന്നതിനായി 25.05.2019-ന് കാഞ്ചയാർ വില്ലേജ് ഓഫീസിൽ അപേക്ഷ നൽകിയെന്നും, അപേക്ഷയിലെ തീരുമാനം അറിയുന്നതിനായി ഇരുപത് ദിവസത്തോളം വില്ലേജ് ഓഫീസിൽ കയറിയിറങ്ങിയെന്നും എന്നാൽ 01/07/2019-ൽ മാത്രമാണ് പോക്കുവരവിനുള്ള ഫീസ് വില്ലേജ് ഓഫീസർ വാങ്ങിയതെന്നും, പോക്കുവരവ് ചെയ്ത് നൽകുന്നതിനുള്ള അപേക്ഷ താലൂക്ക് ഓഫീസിലേക്ക് അയച്ചിട്ടുണ്ടെന്നും വസ്തുവിന്റെ പ്രാരംഭം മുതലുള്ള പ്രമാണങ്ങൾ ഹാജരാക്കിയെങ്കിൽ മാത്രമേ വസ്തു പോക്കുവരവ് ചെയ്ത് നൽകാവൂ എന്ന് ഉത്തരവുണ്ടെന്നും വില്ലേജ് ഓഫീസർ അറിയിച്ചുവെന്നും ഇടുക്കി താലൂക്കിൽ അന്വേഷിക്കുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഒഴിവുകഴിവുകൾ പറയുന്നതായും പ്രസ്തുത ഭൂമിയ്ക്ക് 2019-20 സാമ്പത്തിക വർഷം വരെ നികുതി ഒടുക്കിയിട്ടുണ്ടെന്നും വസ്തു പോക്കുവരവ് ചെയ്ത് നൽകുന്നതിന് വസ്തുവിന്റെ പ്രഥമ പ്രമാണം മുതലുള്ള

രേഖകൾ ഹാജരാക്കണമെന്ന് ഉത്തരവൊന്നും പുറപ്പെടുവിച്ചിട്ടില്ലെന്ന് വിവരാവകാശ ആക്ട് പ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടിയിൽ നിന്നും അറിവായിട്ടുണ്ടെന്നും, അതിനാൽ എതിർകക്ഷികളുടെ പേരിൽ നടപടി സ്വീകരിച്ച് തന്റെ വസ്തു പോക്കുവരവിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് 16.08.2019 തീയതിയായി സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 06.09.2019-ലെ കത്ത് മുഖേന റവന്യൂ വകുപ്പിലേയ്ക്ക് അയച്ചു.

ഹർജിയിന്മേൽ റവന്യൂ (ഇ) വകുപ്പ് 16.07.2021-ലെ കത്തു മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ഇടുക്കി ജില്ലയിൽ ഇടുക്കി താലൂക്കിൽ കാഞ്ചിയാർ വില്ലേജിൽ 246/65 നമ്പർ തണ്ടപ്പേരിൽ സർവെ 99/7-ൽ 01.8080 ഹെക്ടർ, 99/8-ൽ 01.9620 ഹെക്ടർ, 99/9-ൽ 02.5490 ഹെക്ടർ 'തോട്ടം' എന്ന് രേഖപ്പെടുത്തിയിട്ടുള്ള വസ്തുക്കൾ കോതമംഗലം താലൂക്കിൽ ടി വില്ലേജിൽ അങ്ങാടി കരയിൽ അറമ്പൻകുടിയിൽ ജോസഫ് മകൻ ജെയിംസ്, ടി ജെയിംസ് ഭാര്യ ഫിലോമിന എന്നിവരുടെ കൈവശത്തിലുള്ളതാണ്. ടി വസ്തുവിൽ നിന്നും 99/7-ൽ 01.8080 ഹെക്ടർ, 99/8-ൽ 01.9620 ഹെക്ടർ, 99/9-ൽ 02.1443 ഹെക്ടർ വസ്തു കട്ടപ്പന എസ്.ആർ.ഒ-യിലെ 1601/2019 നമ്പരായി പീരുമേട് താലൂക്കിൽ കുമളി വില്ലേജിൽ പുളിക്കക്കുന്നേൽ വീട്ടിൽ അഡ്വ. ഷൈൻ വർഗ്ഗീസ്, ടിയാൻ ഭാര്യ അഡ്വ. സുബിമോൾ ഷൈൻ എന്നിവർ പേർക്ക് തീറാധാരം ചെയ്തു നൽകിയിരുന്നതും, സർവെ 99/7-ൽ 01.8080 ഹെക്ടർ 'പുരയിടം' എന്നും 99/8,99/9 സർവെ നമ്പരുകളിലെ വസ്തുക്കൾ മുഴുവനായും 'തോട്ടം' എന്നും ആധാരത്തിൽ കാണിച്ചിരിക്കുന്നു. എന്നാൽ ബി.റ്റി.ആർ, ലാൻഡ് രജിസ്റ്റർ എന്നിവ പ്രകാരം 1935-ലെ ഏലത്തോട്ട പട്ടയ പ്രകാരം ഏലം കൃഷിയ്ക്ക് മാത്രമായി പതിച്ചു നൽകിയ ഭൂമിയായി കാണുന്നു. എന്നാൽ ടിയാളുകൾ ആധാരം

ചമച്ചിരിക്കുന്നത് പുരയിടമായിട്ടുമാണ്. ഏലം, വാഴ, കാപ്പി, കുരുമുളക് എന്നീ കൃഷി ദേഹണ്ഡങ്ങളും ആധാരത്തിൽ കാണിച്ചിരിക്കുന്നു. ഇങ്ങനെ വസ്തുവിന്റെ ഇനം മാറ്റി ചെയ്തിരിക്കുന്ന ആധാരം പോക്കുവരവ് ചെയ്യുവാൻ സാധിക്കാതെ വരികയും അപേക്ഷകൻ ടി വിഷയം സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ ഡബ്ല്യൂ.പി.(സി) 33675/2019 നമ്പർ കേസ് ഫയൽ ചെയ്യുകയും 10.01.2020-ൽ ടി കേസ്സിൽ വിധി പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ടി കോടതി വിധി പ്രകാരം ബി.റ്റി.ആർ, ലാൻഡ് രജിസ്റ്റർ എന്നിവയിലെ രേഖപ്പെടുത്തലുകൾ അനുസരിച്ച് 'തോട്ടം' എന്ന ഇനത്തിൽ ഉൾപ്പെടുത്തി അപേക്ഷകരുടെ പേരിൽ പോക്കുവരവ് ചെയ്ത് കൊടുക്കുവാൻ ഉത്തരവായിട്ടുള്ളതാണ്. കോടതി ഉത്തരവ് അനുസരിച്ച് ടി വസ്തു തോട്ടം ഇനത്തിൽ ഉൾപ്പെടുത്തി 03.03.2020-ൽ അപേക്ഷകരുടെ പേരിൽ പോക്കുവരവ് ചെയ്ത് കരം ഒടുക്കി കൊടുത്തിട്ടുള്ളതും, നാളിതുവരെ അപേക്ഷകരിൽ നിന്നും മറ്റ് അപേക്ഷകൾ ലഭിച്ചിട്ടില്ലെന്നും ഇടുക്കി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

ടി റിപ്പോർട്ടിലെ വിവരം 12.04.2022-ലെ കത്ത് മുഖേന ഹർജിക്കാരനെ അറിയിച്ചു.

മേല്പറഞ്ഞ റിപ്പോർട്ട് 05.01.2023-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

(11) **താലൂക്ക് ഓഫീസിലെ റെക്കോർഡിൽ വസ്തുവിന്റെ വിസ്തീർണ്ണ വ്യത്യാസം തിരുത്തി രേഖപ്പെടുത്തി ഓൺലൈനായി കരം സ്വീകരിക്കുന്നതിന് നടപടി ആവശ്യപ്പെട്ട് ശ്രീ. നാഗപ്പൻ സി, മുല്ലൂർ, വിഴിഞ്ഞം, തിരുവനന്തപുരം സമർപ്പിച്ച ഹർജി.**

**(ഫയൽ നമ്പർ 15341/ഹർജി സി3/2021/ലെജി.)**

ഹർജിക്കാരനും ഭാര്യ ഗിരിജയും ചേർന്ന് വിലയാധാരമായി വാങ്ങിയ റീസർവെ നമ്പർ 729/7-ലെ വസ്തുവിന് 2019-20 വരെ കരം തീർത്ത് നൽകിയെന്നും

2020-21-ൽ ഓൺലൈനായി കരം തീർക്കാൻ ചെന്നപ്പോൾ താലൂക്കിലെ റെക്കോർഡിൽ വസ്തുവിന്റെ വിസ്തീർണ്ണ വ്യത്യാസം രേഖപ്പെടുത്താത്തതിനാൽ കരം തീർത്ത് നൽകിയില്ലെന്നും, ജില്ലാ സൂപ്രണ്ടിന്റെ 16.06.2008-ലെ 1142/05 നമ്പർ ഉത്തരവ് പ്രകാരം വില്ലേജ് ഓഫീസിലെ രേഖയിൽ വിസ്തീർണ്ണ വ്യത്യാസം വരുത്തിയിട്ടുണ്ടെന്നും അതിനാൽ താലൂക്കിലെ റെക്കോർഡിൽ കൂടി വസ്തുവിന്റെ വിസ്തീർണ്ണ വ്യത്യാസം വരുത്തി ഓൺലൈനായി കരം സ്വീകരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്ന് 23.09.2021 തീയതിയായി സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 28.09.2021-ലെ കത്ത് മുഖേന റവന്യൂ വകുപ്പിന് അയച്ചുകൊടുത്തതിനെ തുടർന്ന് റവന്യൂ (ജി) വകുപ്പ് 16.09.2022-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

" തിരുവനന്തപുരം ജില്ലാ സർവെ സൂപ്രണ്ടിന്റെ 06.06.2007 തീയതിയിലെ 1142/2005 നമ്പർ ഉത്തരവ് പ്രകാരം വന്നിട്ടുള്ള വിസ്തീർണവ്യത്യാസവും പേരുമാറ്റവും താലൂക്കിലെ ഏരിയ രജിസ്റ്ററിൽ രേഖപ്പെടുത്തിയതിന്റെ രേഖകൾ സഹിതം, അപേക്ഷകക്ഷിയുടെ കൈവശസ്ഥലത്തിന് കരം ഒടുക്കി നൽകുന്നതിനായി വിഴിഞ്ഞം വില്ലേജ് ഓഫീസർക്ക് 16.03.2022-ന് നിർദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 19.03.2022-ൽ അപേക്ഷകൻ ഭൂനികുതി ഒടുക്ക് വരുത്തിയിട്ടുള്ളതാണെന്നും ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. "

പ്രസ്തുത റിപ്പോർട്ടിലെ വിവരം 26.10.2022-ലെ കത്ത് മുഖേന ഹർജിക്കാരനെ അറിയിച്ചു.

പ്രസ്തുത റിപ്പോർട്ട് 26.09.2023-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

(12) **<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യ-പ്പെട്ട് ശ്രീ. പി. പി. കുഞ്ഞൻ, എറണാകുളം സമർപ്പിച്ച ഹർജി.</u>**

**(ഫയൽ നമ്പർ 14384/ഹർജി സി2/2017/ലെജി.)**

ക്യാൻസർ രോഗബാധിതനായ ഹർജിക്കാരൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ റവന്യൂ വകുപ്പിൽ നിന്നും നടപടി ഉണ്ടായില്ലെന്നും വകുപ്പുമായി ബന്ധപ്പെടുമ്പോൾ കളക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല എന്ന മറുപടിയാണ് ലഭിക്കുന്നതെന്നും, വയറുതുളച്ച് ഡിസ്കം യൂറിൻ ബാഗും ഇട്ടിരിക്കുന്നതിനാലും അവ ഇടയ്ക്കിടെ മാറ്റുന്നതിനാലും വലിയ തുക ചെലവാകുന്നതായും, അതിനാൽ വൃദ്ധനും അവശനുമായ ഹർജിക്കാരന് സമിതി ഇടപെട്ട് ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് 07/01/2017 തീയതിയായി സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 23.01.2017 -ലെ കത്ത് മുഖേന റവന്യൂ വകുപ്പ്, എറണാകുളം ജില്ലാ കളക്ടർ എന്നിവർക്ക് അയച്ചുകൊടുത്തു.

ഹർജിയിന്മേൽ എറണാകുളം ജില്ലാ കളക്ടർ 12.04.2017 ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"എറണാകുളം ജില്ലയിൽ കൊമ്പനാട് പാമ്പലായം വീട്ടിൽ ശ്രീ. പി. പി. കുഞ്ഞൻ എന്ന കക്ഷി സമർപ്പിച്ച ഹർജി പരിശോധിച്ചതിൽ ടിയാന് 21.03.2017 – ലെ റവന്യൂ DRF-A വകുപ്പ് സ.ഉ.(സാധാ) നമ്പർ-1301/17/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 15,000/- (പതിനയ്യായിരം രൂപ മാത്രം) രൂപ ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ട്."

മേല്പറഞ്ഞ റിപ്പോർട്ട് ഹർജിക്കാരനെ അറിയിച്ചതിനെത്തുടർന്ന് ടിയാൻ സമർപ്പിച്ച 08.05.2017-ലെ പ്രതികരണ ഹർജിയിൽ, ഹർജിക്കാരന്റെ

തുടർചികിത്സ സംബന്ധിച്ച വിവരങ്ങളും ബുദ്ധിമുട്ടും മനസ്സിലാക്കാതെ അന്വേഷണ റിപ്പോർട്ട് തയ്യാറാക്കിയതിനാൽ അർഹതപ്പെട്ട ചികിത്സാ ധനസഹായം ലഭിച്ചില്ലെന്നും 2006 നവംബർ മുതൽ 2009 വരെ വിവിധ ആശുപത്രികളിലെ ചികിത്സയ്ക്കായി 3,50,000/- രൂപയും 2009 ഡിസംബർ മുതൽ വയർ തുളച്ച് ഡിസ്ക് ഇട്ടതിനും യൂറിൻ ബാഗ് തുടർച്ചയായി മാറ്റി വരുന്നതിനും 8,80,000/- രൂപയും ചെലവായിട്ടുള്ളതായും, 7,417/- രൂപയാണ് ടിയാന്റെ ആകെ മാസവരുമാനമെന്നും മറ്റ് ധനസഹായങ്ങളൊന്നും ലഭിച്ചിട്ടില്ലെന്നും, അതിനാൽ മുഖ്യമന്ത്രിയുടെ 'സാന്ത്വന പദ്ധതിയിൽ' നിന്നും അർഹമായ സാമ്പത്തിക സഹായം അനുവദിച്ച് നൽകുന്നതിന് സമിതി ഇടപെടണമെന്ന് അപേക്ഷിച്ചിരുന്നു.

തുടർന്ന് 30.07.2017 തീയതിയായി ടിയാൻ സമർപ്പിച്ച തുടർ ഹർജിയിൽ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച 15,000/- രൂപ കൈപ്പറ്റിയതായും, മുഖ്യമന്ത്രിയുടെ സാന്ത്വന പദ്ധതിപ്രകാരം സമർപ്പിച്ച അപേക്ഷ പരിഗണിച്ച് സാമ്പത്തിക സഹായം അനുവദിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്ന് അപേക്ഷിച്ചിരുന്നു.

ഹർജിയിന്മേൽ റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ് 25.07.2017 -ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

" എറണാകുളം ജില്ലയിൽ പെരുമ്പാവൂർ, കൊമ്പനാട് പി.ഒ., പുതുമന, പാമ്പലായം വീട്ടിൽ ശ്രീ. പി.പി. കുഞ്ഞൻ എന്നയാൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ചികിത്സയ്ക്ക് 21.03.2017 -ലെ സ.ഉ.(സാധാ) നം. 1301/17/റവ. ഉത്തരവ് പ്രകാരം 15,000/- രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്."

റവന്യൂ (ഡി.ആർ.എഫ്.എ) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടും 30.07.2017-ലെ പ്രതികരണ ഹർജിയും പരിഗണിച്ച 16.01.2019-ലെ സമിതിയോഗം, ടി പ്രതികരണ ഹർജി ബന്ധപ്പെട്ട വകുപ്പിന് അയച്ചുകൊടുത്ത് റിപ്പോർട്ട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും, ആയത് റിപ്പോർട്ടിനായി 20.04.2019-ലെ കത്ത് മുഖേന റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പിലേയ്ക്ക് അയച്ചുകൊടുക്കുകയും

ചെയ്തു.

ടി പ്രതികരണ ഹർജിയിന്മേൽ റവന്യൂ (ഡി.ആർ.എഫ്.എ) വകുപ്പ് 13.01.2021-ലെ കത്തുമുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"ശ്രീ. പി. പി. കുഞ്ഞന് ഒരു വർഷത്തേക്ക് ആവശ്യമായ എണ്ണം യൂറിൻ ബാഗും അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകുന്നതിനുള്ള ചെലവ് പൂർണ്ണമായും സർക്കാർ വഹിച്ചുകൊണ്ട് 16/06/2018-ലെ സ.ഉ.(സാധാ)നം.2244/2018/റവ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും തുടർന്ന് അടുത്ത ഒരു വർഷത്തേക്ക് കൂടി ആനുകൂല്യം ദീർഘിപ്പിച്ചുകൊണ്ട് 21/12/2020-ലെ സ.ഉ.(സാധാ)നം.3826/2020/റവ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്."

ടി റിപ്പോർട്ടിലെ വിവരം 06.02.2021 തീയതിയിലെ കത്തുമുഖേന ഹർജിക്കാരനെ അറിയിച്ചു.

പ്രസ്തുത റിപ്പോർട്ട് 15.09.2021-ലെ സമിതി യോഗം പരിഗണിക്കുകയും, എല്ലാ രോഗങ്ങൾക്കും ഒരേ ചികിത്സാ ധനസഹായം അനുവദിക്കുന്നത് നീതിയുക്തമല്ലെന്ന് നിരീക്ഷിക്കുകയും ചികിത്സാ ധനസഹായത്തിന് അപേക്ഷിക്കുന്ന രോഗികളുടെ രോഗത്തിന്റെ സ്വഭാവം, രോഗതീവ്രത, ചികിത്സാ ചെലവ്, തുടർ ചികിത്സ ആവശ്യമാണോ എന്നിവ സംബന്ധിച്ച് ഡോക്ടർ നൽകുന്ന സർട്ടിഫിക്കറ്റ് പരിശോധിച്ചതിനുശേഷം ശരിയായ വിലയിരുത്തൽ നടത്തി യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന വിധത്തിലുള്ള ശിപാർശ സർക്കാരിലേയ്ക്ക് നൽകുന്നതിന് വില്ലേജ് ഓഫീസർമാർക്കും തഹസിൽദാർമാർക്കും സർക്കുലർ മുഖേന കർശന നിർദേശം നൽകണമെന്ന് റവന്യൂ വകുപ്പ് സെക്രട്ടറിയോട് നിർദേശിക്കാനും സമിതിയുടെ ടി നിർദേശത്തിന്മേൽ സ്വീകരിച്ച തുടർനടപടി സംബന്ധിച്ച റിപ്പോർട്ട്, ബന്ധപ്പെട്ട സർക്കുലറിന്റെ പകർപ്പ് സഹിതം, സമിതിയ്ക്ക് ലഭ്യമാക്കണമെന്ന് റവന്യൂ വകുപ്പിനോട് ആവശ്യപ്പെടാനും തീരുമാനിച്ചു

സമിതി തീരുമാനം 09.02.2022 തീയതിയിലെ കത്ത് മുഖേന റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പിനെ അറിയിച്ചതിനെ തുടർന്ന് റവന്യൂ (ഡി.ആർ.എഫ്-

എ) വകുപ്പ് 24.06.2022-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാ ധനസഹായത്തിന് അപേക്ഷ സമർപ്പിക്കുന്നത് മുതൽ എല്ലാ നടപടിക്രമങ്ങളും ഓൺലൈൻ ആയിട്ടാണ് ചെയ്തുവരുന്നത്. വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അപേക്ഷകൻ/ അപേക്ഷക മെഡിക്കൽ സർട്ടിഫിക്കറ്റ്, റേഷൻ കാർഡ്, ആധാർ കാർഡ്, ബാങ്ക് അക്കൗണ്ട് പാസ് ബുക്ക് എന്നീ രേഖകൾ ഓൺലൈൻ ആയി അക്ഷയ കേന്ദ്രങ്ങൾ വഴി സമർപ്പിക്കുകയും ആയത് വില്ലേജ് ഓഫീസർ, തഹസിൽദാർ, ജില്ലാ കളക്ടർ എന്നിവർ പരിശോധിച്ച് ജില്ലാ കളക്ടറുടെ പരിധിയിൽ അനുവദിക്കുവാൻ സാധ്യമാകുന്നത് അവിടെ അനുവദിക്കുകയും അല്ലാത്ത അപേക്ഷകൾ സർക്കാരിലേക്ക് അയക്കുകയും ചെയ്യുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിന് നിർബന്ധമാക്കിയിട്ടുള്ള രേഖകൾ ഉൾപ്പെടുത്തിയ പൂർണ്ണമായ അപേക്ഷകൾ പരിശോധിച്ച് 10,000/- രൂപ വരെ അനുവദിക്കുന്നതിന് ജില്ലാ കളക്ടർക്ക് അനുവാദം നൽകിയിട്ടുണ്ട്. കിഡ്നി, കരൾ, ഹൃദയം, ക്യാൻസർ, ബ്രെയിൻ സംബന്ധമായ രോഗങ്ങൾ, അപൂർവ രോഗങ്ങൾ, മറ്റ് ഗുരുതര രോഗങ്ങൾ, സർക്കാർതലത്തിൽ തീർപ്പാക്കേണ്ടുന്ന അപേക്ഷകൾ എന്നിവ രോഗത്തിന്റെ തീവ്രതയും കാഠിന്യവും വിലയിരുത്തി മെഡിക്കൽ സർട്ടിഫിക്കറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ചികിത്സാ ചെലവും പരിശോധിച്ച് ആനുപാതികമായ ആശ്വാസ ധനസഹായമാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കുന്നത്. സ്പെഷ്യൽ സെക്രട്ടറി തലത്തിൽ 15000/- രൂപ വരെയും, റവന്യൂ വകുപ്പ് മന്ത്രിതലത്തിൽ 25000/- രൂപ വരെയും, മുഖ്യമന്ത്രിതലത്തിൽ 3 ലക്ഷം രൂപയും ചികിത്സയ്ക്കുള്ള ആശ്വാസ ധനസഹായമായി അനുവദിക്കുന്നുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിക്കുന്നതിന് നിലവിലുള്ള സർക്കാർ ഉത്തരവുകൾ ക്രോഡീകരിച്ച് 02-02-

2022 -ലെ സ.ഉ (സാധാ)നം 481/2022/റവ പ്രകാരം (പകർപ്പ് ഉള്ളടക്കം ചെയ്യുന്ന അനുബന്ധം-) ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച് വില്ലേജ്, താലൂക്ക്, കളക്ടറേറ്റ് തലത്തിൽ പാലിക്കേണ്ട കൃത്യമായ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്."

29.03.2023 -ലെ സമിതിയോഗം മേല്പറഞ്ഞ റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

## III. തദ്ദേശ സ്വയംഭരണ വകുപ്പ്

**(13) കൺവെൻഷൻ സെന്ററിൽ നിന്നുള്ള മാലിന്യം മൂലമുള്ള ബുദ്ധിമുട്ടുകൾ സംബന്ധിച്ച് ശ്രീ. ജയകുമാർ, പറക്കോട് റസിഡന്റ്സ് അസോസിയേഷൻ, തിരുവനന്തപുരം സമർപ്പിച്ച ഹർജി.**

**(ഫയൽ നമ്പർ 12592/ഹർജി സി 1/2014/ലെജി.)**

തിരുവനന്തപുരം നാലാഞ്ചിറ ജംഗ്ഷന് സമീപമുള്ള കോട്ടക്കാട്ട് കൺവെൻഷൻ സെന്ററിൽ (കല്യാണ ആവശ്യങ്ങൾക്കും മറ്റ് പൊതു ചടങ്ങുകൾക്കും വാടകയ്ക്ക് കൊടുക്കുന്ന സ്ഥലം) നിന്നും പുറന്തള്ളുന്ന ഖര/ദ്രാവക മാലിന്യങ്ങളും, കക്കൂസ് മാലിന്യവും, പ്ലാസ്റ്റിക് പോലുള്ള വസ്തുക്കൾ കത്തിക്കുന്നത് മൂലമുണ്ടാകുന്ന അപകടകരമായ അന്തരീക്ഷ മലിനീകരണവും മൂലം പരിസരവാസികൾക്കും സമീപ സ്ഥലത്തെ അംഗനവാടികൾ/സ്കൂളുകൾ/ കോളേജുകൾ എന്നിവിടങ്ങളിലെ പിഞ്ചു കുഞ്ഞുങ്ങൾ ഉൾപ്പെടെയുള്ള വിദ്യാർഥികൾക്കും വളരെയേറെ ബുദ്ധിമുട്ട് ഉണ്ടാക്കുകയും നിരവധി ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നുവെന്നും, അതിനാൽ മലിനീകരണം കർശനമായി തടഞ്ഞ് ടി വിഷയത്തിൽ ശാശ്വത പരിഹാരം ഉണ്ടാക്കണമെന്ന് നാലാഞ്ചിറ പറക്കോട് റസിഡന്റ്സ് അസോസിയേഷൻ പ്രസിഡന്റ് ശ്രീ. ജയകുമാർ 11/02/2014 തീയതിയായി സമർപ്പിച്ച ഹർജിയിൽ

അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 12/03/2014-ലെ കത്ത് മുഖേന തദ്ദേശസ്വയംഭരണം, പരിസ്ഥിതി എന്നീ വകുപ്പുകളിലേയ്ക്ക് അയച്ചു.

ഹർജി വിഷയം സംബന്ധിച്ച് പരിസ്ഥിതി (എ)വകുപ്പ് 26/03/2015-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"തിരുവനന്തപുരത്ത് നാലാഞ്ചിറ ജംഗ്ഷന് സമീപമുള്ള കോട്ടക്കാട് കൺവെൻഷൻ സെന്ററിൽ നിന്നുള്ള മാലിന്യം മൂലമുള്ള ബുദ്ധിമുട്ടുകൾ സംബന്ധിച്ച് ശ്രീ. ജയകുമാർ (പറക്കോട് ലെയിൻ റസിഡൻസ് അസോസിയേഷൻ പ്രസിഡന്റ്), നിയമസഭാ സമിതിയ്ക്ക് സമർപ്പിച്ച നിവേദനത്തിന്മേൽ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും തിരുവനന്തപുരം കോർപ്പറേഷനും സർക്കാരിനെ അറിയിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയ പരിശോധനയിൽ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള വസ്തുക്കൾ കത്തിക്കുന്നതും അടുക്കള ചിമ്മിനിയിൽ നിന്നുള്ള പുക സുഷിരം വഴി പുറത്തേയ്ക്ക് വമിക്കുന്നതും കണ്ടെത്തിയതിനെത്തുടർന്ന് ആയത് പരിഹരിക്കാനാവശ്യമായ നിർദേശങ്ങൾ കൺവെൻഷൻ സെന്ററിന്റെ നടത്തിപ്പുകാർക്ക് നല്കി. ഈ നിർദേശങ്ങൾ നടപ്പിൽ വരുത്തിയിട്ടുണ്ടോയെന്ന് വീണ്ടും പരിശോധന നടത്തുകയും താഴെപ്പറയുന്ന കാര്യങ്ങൾ ബോധ്യപ്പെട്ടതായും മലിനീകരണ നിയന്ത്രണ ബോർഡ് അറിയിച്ചിട്ടുണ്ട്.

1. Waste Burning Plant-ൽ താഴ്ന്ന നിരപ്പിലായി ഉണ്ടായിരുന്ന 3 സുഷിരങ്ങൾ മൂടിയിട്ടുണ്ട്.
2. ടി പ്ലാന്റിന്റെ ചിമ്മിനിയുടെ പൊക്കം മതിയായ രീതിയിൽ ഉയർത്തിയിട്ടുണ്ട്.
3. പ്ലാസ്റ്റിക് കത്തിക്കുന്നില്ല.
4. അടുത്ത വീട്ടിൽ നിന്ന് 20 മീറ്റർ മാറിയാണ് പ്ലാന്റ് സ്ഥാപിച്ചിരിക്കുന്നത്.

5. ടി യൂണിറ്റിൽ നിന്നും ഉണ്ടാകുന്ന സീവേജ് ഉൾപ്പെടെയുള്ള ദ്രവമാലിന്യം സംസ്കരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.
6. കൈകഴുകുന്ന വെള്ളം സ്ക്രീനിംഗിനു ശേഷം ഓടയിലേയ്ക്ക് ഒഴുക്കിവിടുന്നു. സ്ക്രീനിംഗ് ചെയ്യുന്നതിനാൽ മലിനീകരണമുണ്ടാകുന്നില്ല.

ആഹാരാവശിഷ്ടങ്ങൾ സംസ്കരിക്കുന്നതിനായി 100 കിലോഗ്രാം സംഭരണശേഷിയുള്ള ബയോഗ്യാസ് പ്ലാന്റ് പ്രവർത്തിക്കുന്നതായും കക്കൂസ് മാലിന്യം ഉൾപ്പെടെയുള്ള ഖര-ദ്രവ മാലിന്യങ്ങൾ സമീപമുള്ള ഓടയിലേയ്ക്ക് ഒഴുക്കിവിടുന്നതായി കാണാൻ കഴിഞ്ഞിട്ടില്ലായെന്നും തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയും റിപ്പോർട്ട് നല്കിയിട്ടുണ്ട്.

സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയ നിർദേശങ്ങൾ പാലിക്കപ്പെട്ടതിനാൽ, സ്ഥാപനത്തിനെതിരെയുള്ള പരാതികൾക്ക് പരിഹാര മായിട്ടുണ്ടെന്ന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അറിയിച്ചിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ടിലെ വിവരം 04/05/2015-ലെ കത്ത് മുഖേന ഹർജിക്കാരനെ അറിയിച്ചതിനെ തുടർന്ന് ടിയാൻ സമർപ്പിച്ച 23/06/2015 തീയതിയായുള്ള പ്രതികരണ ഹർജിയിൽ, ഗവൺമെന്റ് റിപ്പോർട്ട് വാസ്തവ വിരുദ്ധമാണെന്നും പരിസര മലിനീകരണത്തിന് ശാശ്വത പരിഹാരമുണ്ടാക്കണമെന്നും അപേക്ഷിച്ചിരുന്നു.

ചുവടെ ചേർത്തിരിക്കുന്ന വിഷയങ്ങൾ പരിശോധിച്ച് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു.

a) വേസ്റ്റ് ബേണിംഗ് പ്ലാന്റ് അടുത്ത വീട്ടിൽ നിന്നും 20 മീറ്റർ അകലെയാണെന്ന് റിപ്പോർട്ടിൽ കാണുന്നു. എന്നാൽ ഇത് അഞ്ച് മീറ്ററിൽ താഴെമാത്രം അകലെയാണ്.

b) ജനറേറ്റർ പ്രവർത്തിക്കുമ്പോഴുള്ള ശബ്ദം പരിസരവാസികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു.

c) ബയോഗ്യാസ് പ്ലാന്റ് ശരിയായ രീതിയിൽ പ്രവർത്തിക്കാത്തതിനാൽ ദുർഗന്ധം അനുഭവപ്പെ ന്നു.

ഹർജിക്കാരൻ സമർപ്പിച്ച ടി പ്രതികരണ ഹർജി 11-11-2015-ലെ സമിതിയോഗം പരിഗണിക്കുകയും പ്രസ്തുത ഹർജിയിന്മേൽ ബന്ധപ്പെട്ട വകുപ്പിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.

ടി ഹർജിയിന്മേൽ തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ് 21-12-2015-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ റിപ്പോർട്ട് പ്രകാരം തിരുവനന്തപുരം നാലാഞ്ചിറയിൽ പ്രവർത്തിക്കുന്ന കോട്ടക്കാട്ട് കൺവെൻഷൻ സെന്ററിൽ നിന്നുള്ള ഖര, ദ്രവ മാലിന്യങ്ങൾ മൂലം പരിസരമാലിന്യ പ്രശ്നങ്ങൾ ഉണ്ടാകുന്നുവെന്നും പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ കത്തിക്കുന്നത് മൂലം അന്തരീക്ഷ മലിനീകരണം ഉണ്ടാകുന്നുവെന്നുമാണ്. മലിനീകരണത്തിന് കാരണമായ കോട്ടയ്ക്കാട്ട് കൺവെൻഷൻ സെന്ററിൽ ബോർഡിന്റെ തിരുവനന്തപുരം ജില്ലാ ഓഫീസിൽ നിന്നും പരിശോധന നടത്തി. ടി സ്ഥാപനത്തിലെ പരിശോധനാ വേളയിൽ പരാതിക്കാർ താഴെപ്പറയുന്ന കാര്യങ്ങൾ ബോധിപ്പിക്കുകയുണ്ടായി.

1. ഉണങ്ങിയ സാധനങ്ങൾ (ഹാരം, പൂക്കൾ, പേപ്പർ, കാർഡ് ബോർഡ് വേസ്റ്റ്, ഇതര വസ്തുക്കൾ) എന്നിവ കത്തിക്കുന്നു.
2. അടുക്കളയിലെ ബർണറിൽ നിന്നുള്ള പുക, ചിമ്മിനിയിലൂടെ കടത്തിവിടുന്നതിനു പകരം, താഴ്ന്ന നിരപ്പിൽ മൂന്നു സുഷിരങ്ങളിലൂടെയാണ് ഏറിയപങ്കും പുറത്തേയ്ക്ക് പോകുന്നത്.

എന്നാൽ പരിശോധന സമയത്ത് ഉണങ്ങിയ സാധനങ്ങൾ മാത്രമാണ് കത്തിക്കുന്നതായി കണ്ടത്. ജൈവ മാലിന്യങ്ങൾ ബയോഗ്യാസ് പ്ലാന്റുവഴിയാണ് നിർമ്മാർജ്ജനം ചെയ്യുന്നത്. പ്ലാസ്റ്റിക് വസ്തുക്കൾ കത്തിക്കുന്നതിനായി ശേഖരിച്ചിരിക്കുന്നത് കാണപ്പെട്ടു.

പരിശോധനയുടെ അടിസ്ഥാനത്തിൽ മലിനീകരണം കുറയ്ക്കുന്നതിനുള്ള നിർദേശങ്ങൾ കത്ത് മുഖേന നൽകി. തുടർ പരിശോധനയിൽ താഴെപ്പറയുന്ന കാര്യങ്ങൾ ബോധ്യപ്പെട്ടു.

1. വേസ്റ്റ് ബേർണിംഗ് പ്ലാന്റിൽ താഴ്ന്ന നിരപ്പിൽ ഉണ്ടായിരുന്ന 3 സുഷിരങ്ങൾ മൂടിയിട്ടുണ്ട്.
2. ടി പ്ലാന്റിന്റെ ചിമ്മിനിയുടെ പൊക്കം മതിയായ രീതിയിൽ ഉയർത്തിയിട്ടുണ്ട്.
3. പ്ലാസ്റ്റിക് കത്തിക്കുന്നതായി കണ്ടില്ല.
4. ടി യൂണിറ്റിൽ നിന്നും ഉണ്ടാകുന്ന സീവേജ് ഉൾപ്പെടെയുള്ള ദ്രവമാലിന്യം സംസ്കരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.
5. കൈകഴുകുന്ന വെള്ളം സ്ക്രീനിംഗിനു ശേഷം ഓടയിലേയ്ക്ക് ഒഴുക്കി വിടുന്നു. സ്ക്രീനിംഗ് ചെയ്യുന്നതിനാൽ മലിനീകരണത്തിന് സാധ്യത കുറവാണ്.

ടി യൂണിറ്റിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് പിന്നീട് പരാതികളൊന്നും തന്നെ ലഭിച്ചിട്ടില്ല. മേൽ വിവരങ്ങൾ സമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു."

പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച 29/01/2016-ലെ സമിതി യോഗം പ്രസ്തുത റിപ്പോർട്ടിലെ വിവരം ഹർജിക്കാരനെ അറിയിക്കാൻ തീരുമാനിച്ചു

പ്രസ്തുത റിപ്പോർട്ടിലെ വിവരം 11/08/2016-ലെ കത്ത് മുഖേന ഹർജിക്കാരനെ അറിയിച്ചതിനെ തുടർന്ന് ഹർജിക്കാരൻ 25/08/2016, 21/09/2019 തീയതികളിൽ സമർപ്പിച്ച പ്രതികരണ ഹർജികൾ റിപ്പോർട്ടിനായി 31/10/2019-ലെ കത്ത് മുഖേന തദ്ദേശസ്വയംഭരണ (ഡി.സി), പരിസ്ഥിതി (എ) എന്നീ വകുപ്പുകളിലേയ്ക്ക് അയച്ചു.

ഹർജി വിഷയം സംബന്ധിച്ച് പരിസ്ഥിതി (എ) വകുപ്പ് 21/04/2020-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"കോട്ടയ്ക്കാട് കൺവെൻഷൻ സെന്ററിൽ നിന്നുള്ള മലിനീകരണം

സംബന്ധിച്ച് പാറക്കോട് ലെയിൻ റെസിഡൻസ് അസോസിയേഷൻ നിയമസഭാ സമിതിക്ക് സമർപ്പിച്ച പുനർഹർജിയിൽ Waste Burning Plant സ്ഥാപിച്ചിരിക്കുന്നത് വീടുകൾക്ക് സമീപത്താണെന്നും ജനറേറ്റർ പ്രവർത്തിക്കുമ്പോൾ ശബ്ദശല്യമുണ്ടാകുന്ന വെന്നും ബയോഗ്യാസ് പ്ലാന്റിന്റെ പരിപാലനത്തിൽ അപാകതയുള്ളതിനാൽ ദുർഗന്ധമനുഭവപ്പെടുന്നുവെന്നും പരാമർശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ തിരുവനന്തപുരം ജില്ലാ ഓഫീസിൽ നിന്നും അന്വേഷണം നടത്തിയിരുന്നു. പരിശോധനാ വേളയിൽ പാറക്കോട് റെസിഡൻസ് അസോസിയേഷൻ ഭാരവാഹികൾ, കൺവെൻഷൻ സെന്റർ അധികൃതർ എന്നിവരെ ഉദ്യോഗസ്ഥർ നേരിൽ കാണുകയുണ്ടായി.

ഇൻസിനറേറ്ററിനെതിരെ പരാതി നിലനിൽക്കുന്നതിനാൽ മാസങ്ങളായി ഇതിന്റെ പ്രവർത്തനം പൂർണ്ണമായി നിർത്തിവച്ചിരിക്കുകയാണെന്നും ഇത് ഇനി പ്രവർത്തിപ്പിക്കാൻ ഉദ്ദേശമില്ല എന്നും യൂണിറ്റ് അധികൃതർ അറിയിച്ചു. പരാതിക്കാരും ഇപ്പോൾ വേസ്റ്റ് ബർണിങ് പ്ലാന്റ് പ്രവർത്തിപ്പിക്കുന്നില്ലായെന്നും അകൗസ്റ്റിക് ആവരണം ഉള്ളതിനാൽ ജനറേറ്ററിന്റെ പ്രവർത്തനം മൂലം ശബ്ദമലിനീകരണം നിലവിൽ ഉണ്ടാകുന്നില്ലായെന്നും അറിയിച്ചു

ബയോ ഗ്യാസ് പ്ലാന്റിലെ സ്ലറി ആദ്യകാലങ്ങളിൽ കോർപ്പറേഷൻ മുഖേനയാണ് നീക്കം ചെയ്തിരുന്നത്. എന്നാൽ സ്ലറി കോർപ്പറേഷൻ നീക്കം ചെയ്യാത്തതിനാൽ ബയോ ഗ്യാസ്പ്ലാന്റ് പ്രവർത്തിപ്പിക്കുന്നില്ല. പ്ലാന്റിൽ നിലവിൽ അവശേഷിക്കുന്ന സ്ലറി ചെറിയ തോതിൽ ദുർഗന്ധമുണ്ടാക്കുന്നതായി പരിശോധനാ ഉദ്യോഗസ്ഥർക്ക് ബോധ്യപ്പെട്ടു. സ്ലറി എത്രയും വേഗം നീക്കം ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുവാൻ ബോർഡിൽ നിന്നും യൂണിറ്റ് അധികാരികൾക്ക് നിർദേശം നൽകിയിട്ടുണ്ട്. മലിനീകരണ പ്രശ്നങ്ങൾക്ക് മുൻപുണ്ടായിരുന്ന സ്ഥിതിയിൽ നിന്നും കുറവുള്ളതായി അസോസിയേഷൻ അധികൃതർ അറിയിച്ചു.

യൂണിറ്റുടമയും റെസിഡൻസ് അസോസിയേഷൻ ഭാരവാഹികളും ചേർന്ന് നടന്ന മീറ്റിംഗിന്റെ അടിസ്ഥാനത്തിലാണ് മലിനീകരണ നിവാരണത്തിലുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ചതെന്ന് ഇരുകൂട്ടരും അഭിപ്രായപ്പെട്ടു. കൂടാതെ പുനഃഹർജിയിലെ പ്രശ്നങ്ങൾക്ക്/പരാതികൾക്ക് പരിഹാരമായിട്ടുണ്ടെന്നും പരാതിക്കാരായ റെസിഡൻസ് അസോസിയേഷൻ ഭാരവാഹികൾ ബോർഡിന്റെ പരിശോധനാ ഉദ്യോഗസ്ഥരെ അറിയിച്ചിട്ടുള്ളതായി കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

11/05/2022-ലെ സമിതി യോഗം മേല്പറഞ്ഞ റിപ്പോർട്ട് പരിഗണിക്കുകയും റിപ്പോർട്ടിലെ വിവരം ഹർജിക്കാരനെ അറിയിച്ചതിനുശേഷം ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

പ്രസ്തുത റിപ്പോർട്ടിലെ വിവരം 31/08/2022-ലെ കത്ത് മുഖേന ഹർജിക്കാരനെ അറിയിച്ചു.

ഹർജി വിഷയം സംബന്ധിച്ച് തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ് 07/07/2022-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"തിരുവനന്തപുരം നഗരസഭയിലെ കിണവൂർ വാർഡിൽ TC.12/534 ശ്രീ. കെ. റ്റി. ജോർജിന്റെ ഉടമസ്ഥതയിൽ കോട്ടയ്ക്കാട് കൺവെൻഷൻ സെന്റർ എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. 2022-2023 വർഷത്തേയ്ക്ക് ഈ സ്ഥാപനത്തിന് തിരുവനന്തപുരം നഗരസഭ ലൈസൻസ് പുതുക്കി നൽകിയിട്ടുള്ളതാണ്. ഈ സ്ഥാപനത്തിന്റെ ഹാളിൽ മുകളിലത്തെ നിലയിൽ അഞ്ഞൂറോളം പേർക്ക് ഇരിക്കാനും ഭക്ഷണഹാളിൽ നാന്നൂറോളം പേർക്ക് ഇരിക്കാനും സൗകര്യങ്ങൾ ചെയ്തിട്ടുണ്ട്. ഹാളിൽ മുഴുവനും എസി സംവിധാനവും നിലവിലുണ്ട്. പുരുഷന്മാർക്ക് 8 യൂറിനലുകളും 1 ടോയ്‌ലെറ്റും സ്ത്രീകൾക്കായി 5 ടോയ്‌ലെറ്റുകളും നിലവിലുണ്ട്. വാട്ടർ ടാപ്പുകൾ സ്ത്രീ പുരുഷൻമാർക്ക് 11 വീതം ഉണ്ട്. ജൈവമാലിന്യം സംസ്കരിക്കുന്നത് വെമ്പായം എന്ന സ്ഥലത്തെ ഉടമസ്ഥന്റെ സ്വന്തം പുരയിടത്തിലെ കുഴികളിലാണ് എന്ന്

ബോദ്ധ്യപ്പെട്ടിട്ടുള്ളതായി നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മുമ്പ് ബയോഗ്യാസ് പ്ലാന്റ് ഉണ്ടായിരുന്നത് ഇപ്പോൾ നിലവിലില്ല എന്ന് കാണുന്നുവെന്നും അജൈവമാലിന്യസംസ്കരണം കിണവൂർ വാർഡ് ഹരിതകർമ്മ സേന മുഖാന്തിരം നടത്തിവരുന്നുവെന്നും ദ്രവമാലിന്യ സംസ്കരണത്തിനായി STP സ്ഥാപിച്ചിട്ടുണ്ട് എന്നും തിരുവനന്തപുരം നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നിലവിൽ കൺവെൻഷൻ സെന്ററിന്റെ കോമ്പൗണ്ടിൽ സ്ഥിതിചെയ്യുന്ന ഇൻസിനറേറ്റർ പ്രവർത്തിക്കാതായിട്ട് വർഷങ്ങളായി എന്നാണ് കാണുന്നതെന്നും പരിസരവാസികളോട് അന്വേഷിച്ചതിലും ഇൻസിനറേറ്റർ പ്രവർത്തിക്കുന്നില്ല എന്ന് അറിയിച്ചതായും നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ ടി ഇൻസിനറേറ്റർ ഏറ്റവും അടുത്ത ആളുടെ താമസസ്ഥലത്ത് നിന്ന് 8.5 മീറ്റർ അകലത്തിലാണ് സ്ഥിതിചെയ്യുന്നത്.

കൺവെൻഷൻ സെന്ററിൽ സ്ഥാപിച്ചിരിക്കുന്ന രണ്ട് ജനറേറ്ററുകളിൽ KVA 320 ടെറസ്സ് റൂഫ് നിർമ്മിച്ച് എക്സ്ഹോസ്റ്റ് ഫാൻ ഘടിപ്പിച്ച് ശബ്ദം പുറത്തു കടക്കാത്ത രീതിയിലാണ് സ്ഥാപിച്ചിരിക്കുന്നതെന്നും എന്നാൽ സ്ഥാപനത്തിന് വടക്കുഭാഗത്തെ റോഡിന് വശത്തായി സ്ഥാപിച്ചിരിക്കുന്ന KVA 250 ജനറേറ്റർ മെറ്റൽ ഷീറ്റിട്ട റൂഫിന് താഴെയാണ് സ്ഥാപിച്ചിരിക്കുന്നത് എന്നും ആയത് പ്രവർത്തിപ്പിക്കുമ്പോൾ പരിസരവാസികൾക്ക് ശബ്ദശല്യം ഉണ്ടാകാനുള്ള സാധ്യതയുള്ളതിനാൽ ആയത് അടച്ചുപൂട്ടുന്നതിന് നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും നഗരസഭാ സെക്രട്ടറിയുടെ റിപ്പോർട്ടിൻ പ്രകാരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

08.11.2023-ൽ ചേർന്ന സമിതി യോഗം മേല്പറഞ്ഞ റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

(14) **<u>ശമ്പളക്കുടിശ്ശിക അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ജോർജ് ജേക്കബ്, തിരുവനന്തപുരം സമർപ്പിച്ച ഹർജി.</u>**

**(ഫയൽ നമ്പർ 19822/ഹർജി സി1/2019/ലെജി.)**

ഹർജിക്കാരൻ ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽ നിന്നും By Transfer മുഖേന ഗ്രാമ വികസന കമ്മീഷണറേറ്റിൽ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറായി നിയമിതനാവുകയും തുടർന്ന് 31.10.2015-ൽ ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മീഷണർ ആയി വിരമിക്കുകയും ചെയ്തുവെന്നും ഗ്രാമവികസന വകുപ്പിൽ നിന്നും ടിയാനെ തിരികെ ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ നിയമിക്കണമെന്ന് ഹർജിക്കാരൻ ആവശ്യപ്പെട്ടുകയുണ്ടായെങ്കിലും അത് സർക്കാർ അനുവദിക്കാത്തതിനെ തുടർന്ന് ടിയാൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ കേസ് ഫയൽ ചെയ്തുവെന്നും ട്രിബ്യൂണലിന്റെ 29.09.2016-ലെ TA 6008/12 നമ്പർ ഉത്തരവ് പ്രകാരം ടിയാനെ തിരികെ നിയമിക്കുവാൻ ഉത്തരവായെന്നും 14.11.2017-ലെ GO (MS) No. 335/2017/GAD പ്രകാരം പൊതുഭരണ വകുപ്പിൽ എല്ലാ സ്ഥാനക്കയറ്റങ്ങളും നൽകി ടിയാനെ തിരികെ നിയമിക്കുകയുണ്ടായെന്നും കൂടാതെ 17.10.2011 മുതലുള്ള ശമ്പളക്കുടിശ്ശിക നൽകുവാൻ ഉത്തരവാകുകയും അക്കൗണ്ടന്റ് ജനറൽ ശമ്പളക്കുടിശ്ശിക അനുവദിച്ചുകൊണ്ടുള്ള Pay Slip ഗ്രാമവികസന കമ്മീഷണർക്കും തിരുവനന്തപുരം ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർക്കും നൽകിയിട്ടുണ്ടെന്നും എന്നാൽ വിരമിച്ച് മൂന്ന് വർഷത്തിലധികമായിട്ടും ടിയാന് ശമ്പളക്കുടിശ്ശിക നൽകിയിട്ടില്ലെന്നും, അത് സർവീസിൽ നിന്നും വിരമിച്ച ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ യഥാസമയം നൽകണമെന്നുള്ള സർക്കാർ ഉത്തരവുകളുടെ ലംഘനമാണെന്നും അതിനാൽ സമിതി ഇടപെട്ട് ടിയാന് ശമ്പളക്കുടിശ്ശിക ലഭ്യമാക്കുവാൻ ഗ്രാമവികസന കമ്മീഷണർക്കും തിരുവനന്തപുരം ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർക്കും നിർദേശം നൽകണമെന്നും ടി തുകയ്ക്കുള്ള പലിശ ഗ്രാമവികസന കമ്മീഷണറേറ്റിൽ നിന്നും ഈടാക്കി നൽകണമെന്നും 02.07.2019-

തീയതിയായി സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

ടി ഹർജി റിപ്പോർട്ടിനായി 18.07.2019-ലെ കത്ത് മുഖേന തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് അയച്ചു.

ഹർജിക്കാരൻ 17.01.2020 തീയതിയായുള്ള തുടർഹർജിയും സമർപ്പിച്ചിരുന്നു. ഗ്രാമവികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം ജീവനക്കാരെ പുനർവിന്യസിക്കാൻ സർക്കാർ നടപടി സ്വീകരിച്ചുവരുന്നുവെന്നും പ്രസ്തുത വിഭാഗത്തിന്റെ പ്രവർത്തനം നിലച്ചാൽ തനിക്ക് ലഭിക്കുവാനുള്ള കുടിശ്ശിക തുക നഷ്ടമാകുമെന്നും ടി വിഭാഗത്തിന്റെ മറ്റ് പല അക്കൗണ്ടുകളിലും കോടിക്കണക്കിന് രൂപ ഉപയോഗിക്കാതെ കിടക്കുന്നുണ്ടെന്നും അതിൽ നിന്നുമാണ് നിലവിൽ ജീവനക്കാർക്ക് ശമ്പളം നൽകുന്നതെന്നും അതിനാൽ ടിയാന് ലഭിക്കാനുള്ള കുടിശ്ശിക തുക പ്രസ്തുത അക്കൗണ്ടിൽ നിന്നും നൽകുന്നതിന് തിരുവനന്തപുരം ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്റ്റ് ഡയറക്ടർക്ക് നിർദേശം നൽകണമെന്ന് ടി തുടർഹർജിയിൽ അപേക്ഷിച്ചിരുന്നു.

ഹർജിയിൽ തദ്ദേശസ്വയംഭരണ (ഇ.ആർ.എ.) വകുപ്പ് 31.12.2020-ലെ കത്തു മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"സെക്രട്ടേറിയറ്റിൽ നിന്നും തസ്തികമാറ്റം മുഖേന ഗ്രാമവികസന വകുപ്പിൽ ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ ആയി നിയമിതനായ ശ്രീ. ജോർജ് ജേക്കബ് ഡെപ്യൂട്ടി ഡെവലപ്പ്മെന്റ് കമ്മീഷണറായി സേവനത്തിൽ നിന്നും വിരമിച്ചിരുന്നു. ഹർജിക്കാരൻ തന്നെ തിരികെ സെക്രട്ടേറിയറ്റിൽ നിയമിക്കണമെന്നാവശ്യപ്പെട്ട് കേസ് നൽകുകയും, കേസിലെ ഉത്തരവ് പ്രകാരം അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിൽ തിരികെ പ്രവേശിപ്പിച്ചുകൊണ്ട് 14.11.2017 ലെ സ. ഉ. ( കൈ ) നമ്പർ 335/2017/പൊ.ഭ.വ പ്രകാരം സർക്കാർ ഉത്തരവാകുകയും ചെയ്തിരുന്നു. പ്രസ്തുത ഉത്തരവിൽ 17.10.2011 മുതൽ ടിയാൻ അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിൽ സേവനമനുഷ്ഠിച്ചതായി കരുതാവുന്നതാണെന്നും, സാമ്പത്തിക ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടെന്നും വ്യക്തമാക്കിയിരുന്നെങ്കിലും ഗ്രാമവികസന വകുപ്പിൽ നിന്നും, 17.10.2011 മുതലുള്ള

സാമ്പത്തിക ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടില്ല എന്നും, അത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ആയിരുന്നു ശ്രീ ജോർജ് ജേക്കബ് ഹർജിയിലുന്നയിച്ചിരുന്ന ആവശ്യം.

മേൽ വിഷയം വിശദമായി പരിശോധിച്ചു. ശ്രീ. ജോർജ് ജേക്കബിന് ഗ്രാമവികസന വകുപ്പിൽ നിന്നും നല്കുവാനുള്ള എല്ലാ ആനുകൂല്യങ്ങളും, ടെർമിനൽ സറണ്ടർ 4 ഗഡുക്കളായി 2019-ലും, അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിൽ ലഭിക്കേണ്ടിയിരുന്ന ശമ്പളത്തിന്റെ കുടിശ്ശിക 1,56,782/- രൂപ 17.01.2020-ലും നല്കിയിട്ടുണ്ടെന്ന് ഗ്രാമവികസന കമ്മീഷണർ അറിയിച്ചിട്ടുണ്ട്. കൂടാതെ, തിരുവനന്തപുരം ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിൽ നിന്നും ശ്രീ. ജോർജ് ജേക്കബിന് കുടിശ്ശിക ഇനത്തിൽ നല്കുവാനുണ്ടായിരുന്ന 4,94,756/- രൂപ ഡിആർഡിഎ അഡ്മിനിസ്ട്രേഷൻ ഫണ്ടിൽ നിന്നും തിരുവനന്തപുരം ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ മുഖേനയും അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, ശ്രീ. ജോർജ് ജേക്കബിന് 14.11.2017-ലെ സ. ഉ. (കൈ ) നമ്പർ 335/2017/പൊ.ഭ.വ. പ്രകാരം ലഭിക്കേണ്ടിയിരുന്ന സാമ്പത്തിക ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്ന വിവരം സമിതി മുമ്പാകെ അറിയിക്കുന്നു."

ടി റിപ്പോർട്ടിലെ വിവരം 20.02.2021-ലെ കത്ത് മുഖേന ഹർജിക്കാരനെ അറിയിച്ചതിനെ തുടർന്ന് ടിയാൻ 10.03.2021 തീയതിയായുള്ള പ്രതികരണഹർജി സമർപ്പിക്കുകയുണ്ടായി.

സമിതിയുടെ നിർദേശ പ്രകാരം ഹർജിക്കാരന് ശമ്പള കുടിശ്ശികയും ടെർമിനൽ സറണ്ടർ കുടിശ്ശികയും ലഭിച്ചുവെന്നും ആയതിന് സമിതിയോട് നന്ദി രേഖപ്പെടുത്തുന്നുവെന്നും അറിയിക്കുകയും കൂടാതെ അഡീഷണൽ സെക്രട്ടറി കേഡറിൽ ടിയാന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്ത ശേഷം ടിയാന് ലഭിച്ച '2' ഇൻക്രിമെന്റ് കൂടി വർദ്ധിപ്പിച്ചുകൊണ്ട് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും എന്നാൽ അപ്രകാരം ലഭിയ്ക്കേണ്ട ശമ്പള കുടിശ്ശിക, അതിന് ആനുപാതികമായി 24.06.2020-ലെ GE-28/B/B/RDD/G1 61/69 Pay Slip പ്രകാരം ലഭിക്കേണ്ട ടെർമിനൽ സറണ്ടർ കുടിശ്ശിക

എന്നിവ അനുവദിക്കാൻ യഥാക്രമം തിരുവനന്തപുരം ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവർക്ക് നിർദേശം നൽകണമെന്ന് പ്രസ്തുത പ്രതികരണഹർജിയിൽ അപേക്ഷിക്കുകയും ചെയ്തിരുന്നു.

ടി പ്രതികരണ ഹർജി റിപ്പോർട്ടിനായി 03.04.2021-ലെ കത്ത് മുഖേന തദ്ദേശസ്വയംഭരണ (ഇ.ആർ.എ) വകുപ്പിലേയ്ക്കയച്ചു.

ഹർജി വിഷയം സംബന്ധിച്ച് തദ്ദേശസ്വയംഭരണ (ഇ.ആർ.എ) വകുപ്പ് 31/12/2020-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട്, മേല്പറഞ്ഞ പ്രതികരണ ഹർജി എന്നിവ പരിഗണിച്ച 11.05.2022-ലെ സമിതിയോഗം ടി പ്രതികരണ ഹർജിയിന്മേലുള്ള അന്തിമ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് തദ്ദേശ സ്വയംഭരണ (ഇ.ആർ.എ.) വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

പ്രതികരണ ഹർജിയിന്മേൽ തദ്ദേശസ്വയംഭരണ (ഇ.ആർ.എ) വകുപ്പ് 20/10/2022 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ശ്രീ. ജോർജ് ജേക്കബ് സമിതി മുമ്പാകെ നൽകിയ ഹർജിയിൽ സൂചിപ്പിച്ചിട്ടുള്ളതും, അക്കൗണ്ടന്റ് ജനറൽ ഇഷ്യൂ ചെയ്തതുമായ 24.06.2020-ലെ GE-28/B/B/RDD/G-61/69 നമ്പർ പേ സ്ലിപ്പ് സ്പാർക്കിൽ അപ്ഡേറ്റ് ചെയ്തിട്ടില്ലാത്തതിനാൽ, 15.07.2020 തീയതിയിലെ ഇതേ നമ്പരിലുള്ളതും സ്പാർക്കിൽ അപ്ഡേറ്റ് ചെയ്യപ്പെട്ടിട്ടുള്ളതുമായ പേ സ്ലിപ്പിനെ ആധാരമാക്കി 1,03,600/- രൂപ അടിസ്ഥാന ശമ്പളത്തിന് ആനുപാതികമായ ടെർമിനൽ സറണ്ടർ കടിശ്ശികയായ 44,619/രൂപ (നാല്പത്തി നാലായിരത്തി അറുനൂറ്റി പത്തൊൻപത് രൂപ മാത്രം) ടിയാന്റെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പേരൂർക്കട ഇന്ദിരാനഗർ ശാഖയിലെ 57006312739 എന്ന അക്കൗണ്ട് നമ്പറിൽ നിക്ഷേപിച്ചിട്ടുള്ളതായി അനുബന്ധരേഖകൾ സഹിതം ഗ്രാമവികസന വകുപ്പിൽ നിന്നും റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്.

മേൽസാഹചര്യത്തിൽ ശ്രീ. ജോർജ് ജേക്കബിന് പ്രോബേഷൻ ഡിക്ലയർ

ചെയ്തതിനെ തുടർന്ന് ലഭിച്ച ശമ്പളവർദ്ധനവിന് ആനുപാതികമായ ടെർമിനൽ സറണ്ടർ കുടിശ്ശിക ലഭ്യമാക്കിയിട്ടുണ്ട് എന്ന വിവരം സമിതി മുമ്പാകെ അറിയിക്കുന്നു."

പ്രസ്തുത റിപ്പോർട്ടിലെ വിവരം 21.11.2022 തീയതിയിലെ കത്ത് മുഖേന ഹർജിക്കാരനെ അറിയിച്ചു.

05.07.2023-ൽ ചേർന്ന സമിതിയോഗം മേല്പറഞ്ഞ റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

(15) **അശാസ്ത്രീയമായി പണിത പഞ്ചായത്ത് റോഡ് സഞ്ചാരയോഗ്യമാക്കുന്നതിനുവേണ്ട നടപടി ആവശ്യപ്പെട്ട് ശ്രീ. എസ്. സതീന്ദ്രൻ, കൊല്ലം സമർപ്പിച്ച ഹർജി.**

**(ഫയൽ നമ്പർ 21524/ഹർജി സി1/2019/ലെജി.)**

ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിലെ 21-ാം വാർഡായ, പെരുമണ്ണൂർ വാർഡിൽ പെരുമണ്ണൂർ ജംഗ്ഷനിൽ നിന്നും കിഴക്ക് പടിഞ്ഞാറായി കിടക്കുന്നതും മൂർത്തി അപ്പൂപ്പൻ കാവിന്റെ വടക്ക ഭാഗത്തുകൂടി പോകുന്നതും മറ്റൊരു മെയിൻ റോഡിൽ ചെന്നുചേരുന്നതുമായ റോഡ് സഞ്ചാരയോഗ്യമാക്കണമെന്ന പ്രദേശവാസികളുടെ നിരന്തരമായ ആവശ്യപ്രകാരം തുടർ നടപടി സ്വീകരിച്ചുവെങ്കിലും ടി റോഡിന്റെ പടിഞ്ഞാറു ഭാഗം അശാസ്ത്രീയമായി നിർമ്മാണം നടത്തിയതിനാൽ റോഡ് ഉയർന്ന് കട്ടിംഗ് ആകുകയും വാഹനങ്ങൾ കയറാതാവുകയും അപകടാവസ്ഥയിലാവുകയും ചെയ്തുവെന്നും ഒരു വ്യക്തിയ്ക്ക് മാത്രമായി റോഡിന്റെ കുറച്ചു ഭാഗം മാത്രം പണിയാൻ ചില തത്പരകക്ഷികൾ ശ്രമം നടത്തിയതിനെതിരെ 50 ഓളം വരുന്ന പ്രദേശവാസികൾ 29.01.2018-ൽ ഒരു നിവേദനം ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകിയെന്നും എന്നാൽ ടിയാനോ ബന്ധപ്പെട്ട എഞ്ചിനീയറോ സ്ഥലം സന്ദർശിക്കുകയോ നിവേദനത്തിന് മറുപടി നൽകുകയോ ചെയ്തില്ലെന്നും, പരാതിയുമായി ബന്ധപ്പെട്ട് ലീഗൽ സർവീസസ്

അതോറിറ്റിയുടെ സിറ്റിംഗിൽ നിന്നും എതിർകക്ഷികൾ ഒഴിഞ്ഞുമാറിയെന്നും പ്രസ്തുത റോഡിന്റെ രണ്ട് അഗ്രഭാഗത്തിലൂടെയും വാഹനം കയറ്റുവാൻ കഴിയാത്തതിനാൽ പാചക ഗ്യാസ്, പത്രം, സ്കൂൾ വാഹനങ്ങൾ എന്നിവ സമയത്ത് കിട്ടാതെ വരികയാണെന്നും ടി റോഡിന്റെ വടക്കേ ഭാഗത്ത് പട്ടികവിഭാഗക്കാർ കൂടുതലുള്ളതിനാലാവാം ടി റോഡ് സഞ്ചാരയോഗ്യമാക്കാതിരിക്കുന്നതെന്നും പ്രസ്തുത റോഡിന്റെ കിഴക്ക് ഭാഗം പഞ്ചായത്ത് പണിയാതിരുന്നതും പടിഞ്ഞാറ് ഭാഗത്ത് നിർമ്മാണം നടത്തിയ റോഡിന്റെ ഉയർന്ന ഭാഗങ്ങളിൽ നിന്നും മണ്ണ് നീക്കം ചെയ്യാതെ കുന്നിൻ മുകളിൽ കല്ലുപാകി കോൺക്രീറ്റ് ചെയ്തതിനാലാണ് നിലവിൽ ഉണ്ടായിരുന്നതിനെക്കാൾ ഉയരം കൂടി വാഹന ഗതാഗതം തടസ്സപ്പെട്ടതെന്നും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ അനാസ്ഥയും കെടുകാര്യസ്ഥതയും കൃത്യനിർവഹണത്തിലെ മനപ്പൂർവമായ വീഴ്ചയും ഉത്തരവാദിത്വക്കുറവുമാണ് റോഡ് സഞ്ചാരയോഗ്യമല്ലാതായി തീരാനുള്ള പ്രധാന കാരണമെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ക്യാബിനിൽ ഏതെങ്കിലും ആവലാതികൾ ബോധിപ്പിക്കാൻ ചെന്നാൽ ആട്ടിപ്പായിക്കുന്നുവെന്നും അതിനാൽ സമിതി ഇടപ്പെട്ട് ടി റോഡിന്റെ അവസ്ഥ വിലയിരുത്തി സഞ്ചാരയോഗ്യമായ രീതിയിൽ റോഡ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് 25.07.2019 തീയതിയായി സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

ടി ഹർജി റിപ്പോർട്ടിനായി 05.09.2019-ലെ കത്തു മുഖേന തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്കു അയച്ചു. ഹർജി വിഷയം 28.12.2021-ലെ തെളിവെടുപ്പ് യോഗം പരിഗണിച്ചവേളയിൽ തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് സമിതി മുമ്പാകെ സമർപ്പിച്ച 10.03.2021-ലെ കത്ത് മുഖേനയുള്ള റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

" ശ്രീ. എസ്. സതീന്ദ്രൻ സമർപ്പിച്ച പരാതി സംബന്ധിച്ച് ഗ്രാമപഞ്ചായത്തിലെ എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർ

സ്ഥലപരിശോധന നടത്തിയതിൽ പരാതി വിഷയം അടിസ്ഥാനപരമാണെന്ന് ബോദ്ധ്യപ്പെട്ടതായി റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടും, പരാതിക്കാരന്റെ ആവലാതിയും പഞ്ചായത്ത് ഭരണസമിതി അനുഭാവപൂർവ്വം പരിഗണിച്ച് 2020-21 സാമ്പത്തിക വർഷത്തിലെ വാർഷിക പദ്ധതിയിൽ പെരുമൺ ജംഗ്ഷൻ - കുട്ടമ്പനാട് കാവ് റോഡ് കോൺക്രീറ്റ് എന്ന പ്രവൃത്തി (പ്രോജക്ട് നമ്പർ 141/2020) ഏറ്റെടുത്ത് തനത് ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപ വകയിരുത്തി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടിയിട്ടുള്ളതും ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. പ്രവൃത്തി പൂർത്തിയാകുന്നതോടെ പരാതി പരിഹരിക്കപ്പെടുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു."

നേരത്തെ നിർമ്മിച്ച റോഡ് കീഴ്ക്കാം തൂക്കായിരുന്നെന്നും അതിന്റെ ഒരു ഭാഗത്ത് കൂടി മാത്രമേ വണ്ടികൾക്ക് സഞ്ചരിക്കാൻ സാധിക്കുമായിരുന്നുള്ളൂവെന്നും ഏതാണ്ട് ഒരു കിലോമീറ്റർ ഭാഗം അത്തരത്തിലുള്ളതായിരുന്നെന്നും റോഡ് ലെവൽ ചെയ്യാതെ മെറ്റൽ പാകിയപ്പോൾ സാധാരണ റോഡിൽ നിന്നും റോഡ് ഉയർന്നതിനാൽ പറ്റിയ പാകപ്പിഴയാണതെന്നും പ്രസ്തുത റോഡുവഴി ഗതാഗതം അസാധ്യമാണെന്നും മഴസമയത്ത് ശ്രദ്ധിച്ച് നടന്നില്ലെങ്കിൽ കാൽനടയാത്രക്കാർ പോലും അപകടത്തിൽപ്പെടുമെന്നും അതിന്റെ തൊട്ടടുത്ത് വെള്ളക്കെട്ടുള്ള ഒരു ഭാഗമുണ്ടെന്നും 28.12.2021-ലെ തെളിവെടുപ്പ് യോഗത്തിൽ ഹർജിക്കാരൻ സമിതി മുമ്പാകെ ബോധിപ്പിച്ചിരുന്നു.

ഹർജി വിഷയം സംബന്ധിച്ച് തദ്ദേശസ്വയംഭരണ (ഡി. എ.) വകുപ്പ് 06.03.2022-ലെ കത്തു മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ശ്രീ. എസ്. സതീന്ദ്രൻ സമർപ്പിച്ച പരാതി സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് ഭരണസമിതി പെരുമണ്ണൂർ ജംഗ്ഷൻ - കടമ്പാട്ട് കാവ് റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തി 2020-21 സാമ്പത്തിക വർഷത്തിലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 2021 മാർച്ച് മാസം പൂർത്തീകരിച്ചുവെന്നും, പരാതി പരിഹരിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ

റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

26.09.2023-ൽ ചേർന്ന സമിതി യോഗം മേല്പറഞ്ഞ റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ടിലെ വിവരം ഹർജിക്കാരനെ അറിയിച്ച ശേഷം ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

(16) **സംരക്ഷണ ഭിത്തി പുനർനിർമ്മിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി മായ, കൊല്ലം സമർപ്പിച്ച ഹർജി.**

**(ഫയൽ നമ്പർ 19578/ഹർജിസി2/2019/ലെജി.)**

കൊല്ലം ജില്ലയിലെ ചടയമംഗലം പഞ്ചായത്തിലെ കള്ളിക്കാട് വാർഡിലെ താമസക്കാരിയായ ഹർജിക്കാരിയുടെ വീടിനോട് ചേർന്ന് സർക്കാർ പദ്ധതി പ്രകാരം നിർമ്മിച്ച സംരക്ഷണ ഭിത്തി ഇടിഞ്ഞ നിലയിലാണെന്നും അത് ഐ.എ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച ടിയാളുടെ വീടിനും, സമീപമുള്ള വീടിനും ഭീഷണിയാണെന്നും, മഴ ശക്തമായി പെയ്തുതുടങ്ങിയാൽ മണ്ണിടിഞ്ഞ് വീണ് അപകടം സംഭവിക്കുമെന്നും ആയതിനാൽ അടിയന്തരമായി സംരക്ഷണ ഭിത്തി പുനർനിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് 15.06.2019 തീയതിയായി സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 12.07.2019 തീയതിയിലെ കത്ത് മുഖേന തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് അയച്ചിരുന്നു.

ഹർജിയിന്മേലുള്ള റിപ്പോർട്ട് പ്രസ്തുത വകുപ്പ് ലഭ്യമാക്കാതിരുന്നതിനാൽ ടി വിഷയം സമിതിയുടെ 07.06.2022 ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി പരിഗണിക്കുകയും ആയത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ഹർജിക്കാരി എന്നിവരിൽ നിന്നും തെളിവെടുക്കുകയും ചെയ്തു. ഹർജി വിഷയത്തിൽ വാസ്തവമുണ്ടെന്നും 20 വർഷം പഴക്കമുള്ള സംരക്ഷണഭിത്തിക്ക് കേട് സംഭവിച്ചിട്ടുള്ളതിനാൽ പഞ്ചായത്തിന്റെ പദ്ധതിയിലുൾപ്പെടുത്തി പുനർനിർമ്മിക്കാനുള്ള സാധ്യതയാണ് കാണുന്നതെന്നും

പഞ്ചായത്തിന്റെ പ്രോജക്ടുകൾ തയ്യാറാക്കി വരുന്നതുകൊണ്ട് നേരിട്ടിടപെട്ട് അതിന് വേണ്ട നടപടി സ്വീകരിക്കാവുന്നതാണെന്നും പഞ്ചായത്തുമായി ചർച്ച ചെയ്ത് സാധ്യത പരിശോധിക്കുന്നതാണെന്നും പ്രോജക്ട് ഡയറക്ടർ, ഡിസ്ട്രിക്ട് പോവർട്ടി അലിവിയേഷൻ യൂണിറ്റ്, കൊല്ലം ടി യോഗത്തിൽ സമിതി മുമ്പാകെ ബോധിപ്പിക്കുകയുണ്ടായി.

2019-ൽ റിപ്പോർട്ടിനായി വകുപ്പിലേക്കയച്ച ഹർജി വിഷയത്തിൽ നാളിതുവരെ നടപടി സ്വീകരിക്കുകയോ സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കുകയോ ചെയ്യാതിരുന്നത് ഗുരുതര വീഴ്ചയായി സമിതി കണക്കാക്കുന്നുവെന്നും ഹർജി വിഷയത്തിൽ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ടോയെന്നും അത് വകുപ്പിൽ പെൻഡിംഗിലാണോ എന്നും സമിതി ആരായുകയും ടി റിപ്പോർട്ട് ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികളുടെ നിലവിലുള്ള സ്ഥിതി എന്താണെന്ന് അന്വേഷിച്ച് ആയത് ലഭ്യമാക്കുന്നതിന് കാലതാമസം വരുത്തിയ ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിച്ച് 15 ദിവസത്തിനകം സമിതിയെ അറിയിക്കണമെന്ന് പഞ്ചായത്ത് ഡയറക്ടറോട് സമിതി ആവശ്യപ്പെടുകയും റിപ്പോർട്ട് നൽകുവാൻ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥരുടെ പേരിൽ നടപടി എടുക്കാൻ അഡീഷണൽ ചീഫ് സെക്രട്ടറി ശ്രദ്ധിക്കണമെന്നും പ്രസ്തുത ഫയൽ തടഞ്ഞുവച്ചത് ആരാണെന്ന് കണ്ടെത്തി, എത്ര വലിയ സ്വാധീനമുള്ള ഉദ്യോഗസ്ഥനാണെങ്കിലും സസ്പെൻഷൻ അടക്കമുള്ള നടപടി സ്വീകരിച്ച് 15 ദിവസത്തിനകം സമിതിയെ അറിയിക്കണമെന്നും പ്രസ്തുത സമിതി യോഗം നിർദേശിച്ചു.

ഹർജിയിന്മേലുള്ള റിപ്പോർട്ട് സമിതിക്ക് ലഭ്യമായാലുടൻ തന്നെ പ്രസ്തുത റിപ്പോർട്ടിലെ വിവരം ഹർജിക്കാരിയെ അറിയിക്കണമെന്നും ടി സമിതി യോഗം നിർദേശിച്ചു.

സമിതി തീരുമാനം അറിയിച്ചുകൊണ്ട് 11.08.2022 തീയതിയായുള്ള കത്ത് തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പിലേയ്ക്ക് അയച്ചിരുന്നു.

ഹർജിയിന്മേൽ തദ്ദേശസ്വയംഭരണ (ഡി എ) വകുപ്പ് 25.10.2022-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ശ്രീമതി മായയുടെ പരാതി ചടയമംഗലം പഞ്ചായത്ത് ഭരണ സമിതി പരിഗണിക്കുകയും ടിയാളുടെ വീടിന് സമീപത്ത് കൂടി കടന്നുപോകുന്ന കള്ളിക്കാട് അങ്കണവാടി റോഡിന്റെ സംരക്ഷണ ഭിത്തി പുനർ നിർമ്മിക്കുന്നതിലേയ്ക്ക് 1,50,000/- രൂപയുടെ (ഒരു ലക്ഷത്തി അൻപതിനായിരം രൂപയുടെ) അടങ്കൽ തുക 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി ഏറ്റെടുത്തിട്ടുള്ളതും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരവും, ഭരണ, സാങ്കേതിക അനുമതികൾ ലഭ്യമാക്കിയിട്ടുള്ളതും ടി പ്രവൃത്തി നടപ്പിലാക്കുന്നതിലേയ്ക്ക് ഉടനടി ടെണ്ടർ നടപടി സ്വീകരിക്കുന്നതും കാലവിളംബം കൂടാതെ നിർമ്മാണം പൂർത്തികരിക്കുന്നതുമാണെന്നും ചടയമംഗലം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചതായി പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ടിലെ വിവരം 15.12.2022 തീയതിയിലെ കത്ത് പ്രകാരം ഹർജിക്കാരിയെ അറിയിച്ചു.

പ്രസ്തുത റിപ്പോർട്ട് 05.01.2023-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും ഹർജിയിന്മേലുള്ള അന്തിമ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് ടി വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.

സമിതിയ്ക്ക് റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്ന 07.06.2022-ലെ സമിതി യോഗ നിർദേശത്തിന്മേൽ തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ് 21.01.2023-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ഹർജികൾ സംബന്ധിച്ച സമിതി, 07.06.2022-ന് നടത്തിയ തെളിവെടുപ്പ് യോഗത്തിൽ സംരക്ഷണ ഭിത്തി പുനർനിർമ്മിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി മായ, കൊല്ലം സമർപ്പിച്ച ഹർജിയിന്മേൽ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ടോയെന്നും അത് വകുപ്പിൽ പെൻഡിംഗ് ആണോ എന്നും ടി

റിപ്പോർട്ട് ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികളുടെ നിലവിലുള്ള സ്ഥിതി എന്താണെന്ന് അന്വേഷിച്ച് ആയത് ലഭ്യമാക്കുന്നതിനും കാലതാമസം വരുത്തിയ ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കണമെന്ന് പഞ്ചായത്ത് ഡയറക്ടറോടും ആയത് സംബന്ധിച്ച് സമിതിയ്ക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയോടും സമിതി ആവശ്യപ്പെട്ടിരുന്നു.

തുടർന്ന്, പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് തേടുകയുണ്ടായി. വീടിനോട് ചേർന്ന് ഇടിഞ്ഞ സംരക്ഷണഭിത്തി പുനർനിർമ്മിക്കണം എന്നാവശ്യപ്പെട്ട് ശ്രീമതി മായ സമർപ്പിച്ച ഹർജിയിന്മേൽ ചടയമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി 04.06.2022-ന് പഞ്ചായത്ത് ഡയറക്ടറേറ്റിൽ റിപ്പോർട്ട് ലഭ്യമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാരിലേക്ക് 06.06.2022 തീയതിയിൽ തന്നെ റിപ്പോർട്ട് സമർപ്പിച്ചതായും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ, ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്തും പഞ്ചായത്ത് ഡയറക്ടറേറ്റിലും യാതൊരു കാലതാമസമോ വീഴ്ചയോ ഉണ്ടായിട്ടില്ല എന്നാണ് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുള്ളത്."

മേല്പറഞ്ഞ റിപ്പോർട്ട് 08.11.2023-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ഹർജി വിഷയം സംബന്ധിച്ച അന്തിമ റിപ്പോർട്ട് '15' ദിവസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് തദ്ദേശ സ്വയം ഭരണ (ഡി. എ.) വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.

ഹർജിയിന്മേൽ തദ്ദേശസ്വയംഭരണ (ഡി. എ.) വകുപ്പ് 08.11.2023-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

" ചടയമംഗലം ഗ്രാമപഞ്ചായത്ത് ഭരണ സമിതി ശ്രീമതി. മായ എസ്. നൽകിയ പരാതി പരിഗണിക്കുകയും 2022-23 വാർഷിക പദ്ധതിയിൽ ഹർജിക്കാരിയുടെ വീടിന് സമീപത്ത് കൂടി കടന്ന് പോകുന്ന കള്ളിക്കാട് അങ്കണവാടി റോഡിന്റെ സംരക്ഷണ ഭിത്തി പുനർ നിർമ്മിക്കുന്നതിലേക്ക് 1,50,000/- രൂപ (ഒരു ലക്ഷത്തി അൻപതിനായിരം രൂപ) അടങ്കൽ തുകയിൽ

ഗ്രാമപഞ്ചായത്ത് പദ്ധതി ഏറ്റെടുത്ത് സമയബന്ധിതമായി പൂർത്തീകരിച്ചതായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ട് 13.12.2023 -ൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ടി റിപ്പോർട്ടിലെ വിവരം ഹർജിക്കാരിയെ അറിയിച്ച ശേഷം ഫയൽ നടപടി അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

പ്രസ്തുത റിപ്പോർട്ടിലെ വിവരം 01.06.2024 -ലെ കത്ത് മുഖേന ഹർജിക്കാരിയെ അറിയിച്ചു.

(17) **<u>സർവീസിൽ നിന്നും വിരമിച്ച ശേഷം ക്രെഡിറ്റിലുണ്ടായിരുന്ന ആർജ്ജിതാവധി സറണ്ടർ ചെയ്ത് നൽകാത്തത് സംബന്ധിച്ച് ശ്രീ. സിറിയക് ജോൺ, കണ്ണൂർ സമർപ്പിച്ച ഹർജി.</u>**

**(ഫയൽ നമ്പർ 3436/ഹർജി സി2/2021/ലെജി.)**

ഹർജിക്കാരൻ തദ്ദേശസ്വയംഭരണ വകുപ്പിൽ മുഴക്കുന്ന് ഗ്രാമപഞ്ചായത്തിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയറായി 31.07.2015-ന് വിരമിച്ചുവെന്നും, വിരമിക്കുമ്പോൾ ടിയാന്റെ ക്രെഡിറ്റിലുണ്ടായിരുന്ന ' 269' ആർജ്ജിതാവധി സറണ്ടർ ചെയ്ത് നൽകാൻ അപേക്ഷ നൽകിയെങ്കിലും അത് അനുവദിച്ചില്ലെന്നും, ടിയാന് പ്രസ്തുത ഇനത്തിൽ 4,92,682/- (നാല് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി അറുന്നൂറ്റി എൺപത്തി രണ്ട്) രൂപ ലഭിക്കാനുണ്ടെന്നും, എന്നാൽ വിരമിച്ച് 5 വർഷവും 8 മാസവും കഴിഞ്ഞിട്ടും ടി തുക ലഭ്യമായിട്ടില്ലെന്നും, അതിനാൽ പ്രസ്തുത തുക അടിയന്തരമായി ലഭ്യമാക്കാൻ വേണ്ട നിർദേശം തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വകുപ്പിന് നൽകണമെന്നും, കൂടാതെ കാലതാമസത്തിന് ഇടവരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും ന്യായമായ പലിശ ഈടാക്കി നൽകുന്നതിനും നടപടി സ്വീകരിക്കണമെന്നും 09.02.2021 തീയതിയായി സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 23.02.2021-ലെ കത്ത് മുഖേന തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് അയച്ചു.

പ്രസ്തുത വിഷയം, സമിതിയുടെ 24.05.2023-ലെ തെളിവെടുപ്പ് യോഗത്തിന്റെ പരിഗണനയ്ക്ക് ഉൾപ്പെടുത്തിയതിനെ തുടർന്ന് തദ്ദേശസ്വയംഭരണ (ഇ.ഡബ്ല്യൂ.ബി) വകുപ്പ് 23.05.2023-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

" 31.07.2015-ന് അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ നിന്നും വിരമിച്ച ശ്രീ. സിറിയക് ജോണിന് 269 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ തുക അനുവദിച്ച നൽകിയിട്ടില്ല എന്ന പരാതി പരിഹരിക്കപ്പെട്ടിട്ടുണ്ട്. പരാതിക്കാരന് ലഭിക്കേണ്ട തുക മുഴുവനായി നൽകിയിട്ടുണ്ടെന്ന് പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിക്കുകയും ഇക്കാര്യം പരാതിക്കാരനെ ഫോണിൽ ബന്ധപ്പെട്ട് സ്ഥിരീകരിച്ചിട്ടുമുണ്ട്."

മേല്പറഞ്ഞ റിപ്പോർട്ട് 24.05.2023-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും റിപ്പോർട്ടിലെ വിവരം ഹർജിക്കാരനെ അറിയിച്ചശേഷം ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

(18) **<u>താമസയോഗ്യമായ വീട് ലഭിക്കുന്നതിന് സഹായം ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. രാജപ്പൻ, കണ്ണംപടി, ഇടുക്കി സമർപ്പിച്ച ഹർജി.</u>**

**(ഫയൽ നമ്പർ 21791/ഹർജി സി3/2020/ലെജി.)**

വൃദ്ധരായ ഹർജിക്കാരനും ഭാര്യയും ഉള്ളാടൻ സമുദായത്തിൽപ്പെട്ടവരാണെന്നും മൂന്ന് പെൺമക്കളുടെയും വിവാഹം കഴിഞ്ഞതിനാൽ സഹായിക്കാൻ ആളില്ലാതെ, പ്ലാസ്റ്റിക്കുകൊണ്ട് മറച്ചാണ് താമസിക്കുന്നതെന്നും കാലവർഷക്കാലത്ത് വളരെ ഭയത്തോടെയാണ് കഴിയുന്നതെന്നും ഹർജിക്കാരന്റെ കുടുംബത്തിന്റെ ശോചനീയാവസ്ഥ കണ്ട് കുടുംബശ്രീ പ്രവർത്തകർ ഹർജിക്കാരന്റെ താമസസ്ഥലത്തിന്റെ ഫോട്ടോ എടുത്തതായും എന്നാൽ യാതൊരു തുടർ നടപടിയും ഉണ്ടായില്ലെന്നും അതിനാൽ ഹർജി പരിഗണിച്ച് താമസയോഗ്യമായ വീട് ലഭിക്കുന്നതിന് വേണ്ട സഹായം ചെയ്യണമെന്ന് 01.07.2020 തീയതിയായി

സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 20.11.2020-ലെ കത്ത് മുഖേന തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് അയച്ചു.

ഹർജിയിന്മേൽ തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പ് 09.08.2021 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ഭവന നിർമ്മാണ ധനസഹായം ആവശ്യപ്പെട്ടാണ് ശ്രീ. രാജപ്പൻ, ഇടുക്കി ഹർജി സമർപ്പിച്ചിട്ടുള്ളത്. ഇടുക്കി ജില്ലയിലെ ഉപ്പുതറ ഗ്രാമപഞ്ചായത്തിൽപ്പെട്ട മത്തായിപ്പാറ പി. ഒ കണ്ണംപടി വലിയമൂഴിയിൽ വീട്ടിൽ രാജപ്പൻ എന്നയാൾ നിലവിൽ താമസിച്ചുവരുന്നത് ഇഷ്ടിക കൊണ്ട് നിർമ്മിച്ചതും ആസ്ബസ്റ്റോസ് ഷീറ്റ് കൊണ്ട് മേൽക്കൂര നിർമ്മിച്ചതുമായ വീട്ടിലാണ്. ടി വീട് 1988-ൽ പഞ്ചായത്തിന്റെ ധനസഹായത്തോടുകൂടി നിർമ്മിച്ചിട്ടുള്ളതും, കാലപ്പഴക്കം മൂലം വീടിന് ബലക്ഷയം ഉണ്ടായിട്ടുള്ളതും, മഴക്കാലമാകുമ്പോൾ ചോർന്നൊലിക്കുന്ന അവസ്ഥയിലുമാണുള്ളത്. ടി വീട് മെയിന്റനൻസ് നടത്തി ഉപയോഗിക്കുവാൻ കഴിയാത്ത അവസ്ഥയിലുമാണുള്ളത്. ലൈഫ് ഭവന പദ്ധതി പ്രകാരം കുടുംബശ്രീ മുഖേന സർവേ നടത്തി തയ്യാറാക്കിയ അർഹതാ ലിസ്റ്റിൽ ടിയാൻ ഉൾപ്പെട്ടിരുന്നില്ല. ടിയാന്റെ അജ്ഞതമൂലം അപ്പീൽ നൽകാത്തത് കാരണം ഒന്നാമത്തെ ലൈഫ് ഭവനപദ്ധതി ലിസ്റ്റിൽ ടിയാന്റെ പേര് ഉൾപ്പെടാതെ പോയിട്ടുള്ളതും, ലൈഫ് ഭവന പദ്ധതിക്കായി 2020 ഓഗസ്റ്റിൽ ഓൺലൈനായി അപേക്ഷ ക്ഷണിച്ചപ്പോൾ ടിയാൻ LIFE/6/606/38007 നമ്പരായി അപേക്ഷ നൽകിയിട്ടുള്ളതുമാണ്. ടിയാന്റെ വീട് പരിശോധിച്ചതിൽ നിലവിൽ ടിയാന് വീടിന് അർഹതയുള്ളതായി ഉപ്പുതറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 10.03.2021 തീയതിയിലെ എ 2-977/21 കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ലൈഫ് ഭവന പദ്ധതി 2020 പ്രകാരം ലഭിച്ച അപേക്ഷകളിന്മേൽ തുടർ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ടിയാന് അർഹതയ്ക്ക് വിധേയമായി വീട് അനുവദിക്കുന്നതാണെന്ന് ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്ത വിവരം അറിയിക്കുന്നു."

ഹർജിയിന്മേൽ തദ്ദേശസ്വയംഭരണ (ഡി.ഇ.) വകുപ്പ് 11.07.2023 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ഹർജിക്കാരനായ ശ്രീ. രാജപ്പൻ, വലിയ മുഴിയിൽ പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വ്യക്തിയാണ്. ടിയാൻ നിലവിൽ താമസിക്കുന്ന വീട് 1988-ൽ ഗ്രാമപഞ്ചായത്തിന്റെ ധനസഹായത്തോടെ നിർമ്മിച്ചിട്ടുള്ളതുമാണ്. കാലപ്പഴക്കത്താൽ ടി വീടിന് ബലക്ഷയം സംഭവിച്ചിട്ടുള്ളതും, മഴക്കാലത്ത് ചോർന്നൊലിക്കുന്നതും ആണ്. പ്രസ്തുത വീട് പുനഃരുദ്ധാരണ പണികൾ നടത്തി വാസയോഗ്യമാക്കുവാൻ സാധിക്കുകയില്ലാത്തതിനാൽ ശ്രീ. രാജപ്പന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ലൈഫ് ഭവന പദ്ധതി 2020-യുടെ (രണ്ടാംഘട്ടം) ഗുണഭോക്തൃ ലിസ്റ്റിൽ ടിയാനെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 15.05.2023 തീയതിയിൽ ശ്രീ. രാജപ്പൻ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമ്മിക്കുന്നതിനായി ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ശ്രീ. രാജപ്പൻ പട്ടികവർഗ സങ്കേതത്തിൽ താമസിക്കുന്നതിനാൽ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമ്മിക്കുന്നതിന് ആറു ലക്ഷം രൂപ അനുവദിക്കുന്നതാണെന്ന് ഉപ്പുതറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഉപ്പുതറ ഗ്രാമപഞ്ചായത്ത് 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള "നമ്പർ 18- ലൈഫ് ഭവന പദ്ധതി 2020-21 പട്ടികവർഗ വിഭാഗം" എന്ന പദ്ധതിക്ക് വെറ്റിംഗ് ലഭ്യമാകുന്ന മുറക്ക് ഹർജിക്കാരനായ ശ്രീ. രാജപ്പന് കാലതാമസം കൂടാതെ ഒന്നാം ഗഡുവായ 96,000/- രൂപ അനുവദിക്കുന്നതും നിർമ്മാണപുരോഗതിയുടെ സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് തുടർഗഡുക്കൾ സമയബന്ധിതമായി അനുവദിക്കുന്നതുമാണെന്ന വിവരം സമിതിയെ അറിയിക്കുന്നു."

പ്രസ്തുത റിപ്പോർട്ടുകളിലെ വിവരം യഥാക്രമം 06.09.2021, 05.09.2023 എന്നീ തീയതികളിലെ കത്തുകൾ മുഖേന ഹർജിക്കാരനെ അറിയിച്ചു

പ്രസ്തുത റിപ്പോർട്ടുകൾ 08.11.2023-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

(19) **കോവിഡ് ബാധിച്ച് മരണപ്പെട്ട അമ്മയുടെ മരണാനന്തര ചടങ്ങുകൾക്ക് അനുമതി നിഷേധിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി ആവശ്യപ്പെട്ട് ഡോ. ചാൾസ് ഡേവിഡ്, ശ്രീ. പ്രിൻസ് ഡേവിഡ്, തൃശ്ശൂർ എന്നിവർ സമർപ്പിച്ച ഹർജി**.

**(ഫയൽ നമ്പർ 10890/ഹർജി സി3/2021/ലെജി.)**

ഹർജിക്കാരുടെ അമ്മ കോവിഡ്-19 മൂലം മരണപ്പെട്ടതിനാൽ വെങ്കിടങ്ങ് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി വെങ്കിടങ്ങ് ഗ്രാമ പഞ്ചായത്ത് വക ശ്മശാനത്തിനകത്ത് മതപരമായ മരണാനന്തര ചടങ്ങുകൾക്ക് അനുമതി നിഷേധിച്ചുവെന്നും ടി പഞ്ചായത്ത് സെക്രട്ടറിയുടെ നിർദ്ദേശ പ്രകാരം ഹെൽത്ത് ഇൻസ്പെക്ടറും മറ്റൊരു ജീവനക്കാരനും ഹർജിക്കാരെ ഭീഷണിപ്പെടുത്തുകയുണ്ടായെന്നും, നിയമപ്രകാരം മരണാനന്തര ചടങ്ങ് നടത്തുന്നതിന് അനുമതി ഉണ്ടായിരിക്കെയാണ് അന്ത്യകർമ്മങ്ങൾ നിഷേധിച്ചതെന്നും, പ്രസ്തുത സംഭവം നടന്ന് ഒന്നര ആഴ്ചയ്ക്കുശേഷം ടി പഞ്ചായത്തിൽ കോവിഡ്-19 ബാധിച്ച് മരണപ്പെട്ടയാളുടെ ബന്ധുക്കൾക്ക് മതപരമായ എല്ലാചടങ്ങുകളും നടത്തുന്നതിന് അനുവാദം നല്കിയെന്നും അത്തരത്തിൽ രണ്ട് തരം നീതി നടപ്പാക്കിയ എതിർകക്ഷികളുടെ നിയമവിരുദ്ധ നടപടിയ്ക്കെതിരെ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് 30.06.2021 തീയതിയായി സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 15.07.2021-ലെ കത്തു മുഖേന തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് അയച്ചു. തുടർന്ന് തദ്ദേശസ്വയംഭരണ (ഇ.പി.ബി.) വകുപ്പ് 06.08.2022-ലെ കത്തു മുഖേന ലഭ്യമാക്കിയ റിപ്പോർട്ട്

ചുവടെ ചേർക്കുന്നു.

"ഡോ. ചാൾസ് ഡേവിഡ് സമർപ്പിച്ച ഹർജിയിൽ അന്ത്യകർമ്മങ്ങൾ നടത്താൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും, ആരോഗ്യവകുപ്പ് ജീവനക്കാരും അനുവദിക്കാതിരുന്നത് സർക്കാർ ഉത്തരവുകളുടെ ലംഘനമാണെന്നും നിയമവിരുദ്ധ നടപടികൾ സ്വീകരിച്ചവർക്കെതിരെ നടപടി സ്വീകരിക്കണമെന്നും അപേക്ഷിച്ചിരുന്നു. പ്രസ്തുത അപേക്ഷ വിശദമായി പരിശോധിച്ചതിൽ ഇതേ കാലയളവിൽ നിലവിലുണ്ടായിരുന്ന സർക്കാർ ഉത്തരവുകൾ പ്രകാരം, കോവിഡ് പ്രോട്ടോകോൾ പാലിച്ച്, നിബന്ധനകളോടെ മൃതദേഹത്തിൽ സ്പർശിക്കാതെ, സാമൂഹ്യ അകലം പാലിച്ചുകൊണ്ട് മതപരമായ അന്ത്യകർമ്മങ്ങൾ ചെയ്യുന്നതിനുള്ള സാഹചര്യം നിലവിലുണ്ടായിരുന്നുവെന്ന് കാണുകയുണ്ടായി. മേൽ സാഹചര്യത്തിൽ ആരോപണ വിധേയയായ സെക്രട്ടറി ശ്രീമതി മിനി സി. എസ്. എന്നിവർക്കെതിരെ വൈകാരികമായ പ്രസ്തുത വിഷയം കൈകാര്യം ചെയ്തതിൽ ജാഗ്രതക്കുറവ് സംഭവിച്ചിട്ടുള്ളതായി കണ്ട് മേലിൽ ഇത്തരം ജാഗ്രതക്കുറവ് ആവർത്തിക്കാതിരിക്കുന്നതിന് താക്കീത് ചെയ്യുകയും, ടി വിവരം പരാതിക്കാരെ അറിയിക്കുകയും ചെയ്തിട്ടുണ്ട് എന്ന് അറിയിക്കുന്നു. ടി വിഷയത്തിൽ ആരോപണ വിധേയരായ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ബഹു. മനുഷ്യാവകാശ കമ്മീഷന്റെ 01.12.2021-ലെ എച്ച് ആർ എം പി 4283/11/13/2021/TSR ഉത്തരവിന്റെ പകർപ്പ് ആരോഗ്യവകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കിയിട്ടുള്ള വിവരം കൂടി ബോധിപ്പിക്കുന്നു."

പ്രസ്തുത റിപ്പോർട്ടിലെ വിവരം 17.09.2022-ലെ കത്ത് മുഖേന ഹർജിക്കാരെ അറിയിച്ചു.

പ്രസ്തുത റിപ്പോർട്ട് 29.03.2023-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

(20) **<u>വീടിന് മുന്നിൽ പഞ്ചായത്ത് ശേഖരിച്ച് നിക്ഷേപിച്ച മാലിന്യം നീക്കം ചെയ്യുന്നതിന് നടപടി ആവശ്യപ്പെട്ട് കുമാരി അപർണിക എ. എസ്, ബാലരാമപുരം, തിരുവനന്തപുരം സമർപ്പിച്ച ഹർജി.</u>**

**(ഫയൽ നമ്പർ 697/ഹർജി സി 3/2023/ലെജി.)**

ബാലരാമപുരം ഗ്രാമപഞ്ചായത്തിലെ 3-ാം വാർഡിൽ തമ്പുരാൻ ക്ഷേത്ര റോഡിന് സൈഡിലുള്ള ഹർജിക്കാരിയുടെ വീടിന്റെ ഗേറ്റിന് സമീപത്തായി വാർഡിൽ നിന്നും ശേഖരിച്ച മാലിന്യം കൂട്ടിയിട്ടിരിക്കുക യാണെന്നും അവ മഴക്കാലത്ത് ഹർജിക്കാരിയുടെ പുരയിടത്തിലേയ്ക്കും സമീപമുള്ള കിണറിലേയ്ക്കും ഒലിച്ചിറങ്ങി കുടിവെള്ളം മലിനമായെന്നും അതിനെതിരെ ബാലരാമപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് ഹർജിക്കാരിയുടെ പിതാവ് 22.10.2022-ൽ പരാതി നൽകിയെങ്കിലും പരാതി പരിഹരിച്ചില്ലെന്നും കൂടാതെ പഴയതിനെക്കാൾ കൂടുതൽ അളവിൽ മാലിന്യം അവിടെ നിക്ഷേപിച്ചെന്നും അതിനാൽ ഹർജിക്കാരിയുടെ വീടിന് മുന്നിൽ മാലിന്യം നിക്ഷേപിക്കുന്നത് നിർത്തലാക്കുന്നതിനും നിലവിൽ നിക്ഷേപിച്ചിരിക്കുന്ന മാലിന്യം അവിടെ നിന്നും അടിയന്തരമായി മാറ്റുന്നതിനും നിർദേശം നൽകണമെന്ന് ഹർജിക്കാരി 07.01.2023 തീയതിയായി സമിതി മുമ്പാകെ സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 30.01.2023-ലെ കത്ത് മുഖേന തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് അയച്ചു.

ഹർജി വിഷയം 24.05.2023-ലെ തെളിവെടുപ്പ് യോഗത്തിന്റെ പരിഗണനയ്ക്ക് ഉൾപ്പെടുത്തുകയും അക്കാര്യം തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയെ അറിയിക്കുകയും ചെയ്തതിനെ തുടർന്ന് ഹർജിയിന്മേലുള്ള റിപ്പോർട്ട് തദ്ദേശസ്വയംഭരണ (ഡബ്ല്യൂ. എം.) വകുപ്പ് 23.05.2023 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ബാലരാമപുരം ഗ്രാമപഞ്ചായത്തിൽ പാറക്കുഴി വാർഡിൽ ഹരിത

കർമ്മസേനയുടെ മിനി എം.സി.എഫ്. പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള പട്ടികജാതി നഴ്സറിയിലാണ് ആദ്യം സ്ഥാപിച്ചിരുന്നത്. എന്നാൽ കോവിഡ് പ്രതിസന്ധിക്കുശേഷം സ്കൂൾ തുറന്നപ്പോൾ നഴ്സറി ടീച്ചറും രക്ഷിതാക്കളും മിനി എം.സി.എഫ്. സ്ഥാപിച്ചിരിക്കുന്നതിനെതിരെ പരാതിപ്പെടുകയും നഴ്സറിക്കകത്ത് സ്ഥാപിച്ചിരുന്ന മിനി എം.സി.എഫും, കഴുകി വൃത്തിയാക്കിയ പ്ലാസ്റ്റിക് കവറുകൾ ശേഖരിച്ചുവച്ചിരുന്ന ചാക്കുകളും പൊതുറോഡിലേക്ക് വലിച്ചെറിയുകയും ഇതേ തുടർന്ന് മിനി എം.സി.എഫ്. പൊതുറോഡിന്റെ സൈഡിൽ മാറ്റി സ്ഥാപിക്കുകയും എന്നാൽ മിനി എം.സി.എഫിൽ വച്ചിരുന്ന ചാക്കുകൾ പട്ടികൾ കടിച്ച് വലിച്ച് റോഡിൽ ഇടുന്നതായി നാട്ടുകാർ നിരന്തരം പരാതിയുമായി എത്തുകയും ആയതിന് പരിഹാരമായി തമ്പുരാൻ ക്ഷേത്ര റോഡിൽ ആൾ ഒഴിഞ്ഞ പ്രദേശത്ത് പൊതു ജനങ്ങൾക്കും വഴിയാത്രക്കാർക്കും ബുദ്ധിമുട്ട് ഇല്ലാത്ത രീതിയിൽ ശ്രീമതി പ്രേമസുധ, പാലക്കുഴി വീട് എന്നയാളുടെ ഉടമസ്ഥതയിലുള്ള വീടിന്റെ ഗേറ്റിൽ നിന്നും മാറി മിനി എം. സി. എഫ്. സ്ഥാപിക്കുകയുണ്ടായി. അവിടെ യാതൊരു വിധത്തിലുള്ള മാലിന്യ പ്രശ്നങ്ങൾ ഇല്ലാത്തതായും ആൾ താമസമില്ലാതെ പൂട്ടി കിടക്കുന്ന വീടിന്റെ ഉടമസ്ഥർ ഹരിതകർമ്മ സേനാംഗങ്ങൾ കൊണ്ടുവച്ചിരുന്ന പ്ലാസ്റ്റിക് ചാക്കുകൾ അഴിച്ച് താഴെയിട്ട് പരിസര മലിനീകരണം നടത്തിയതായി ആരോപിച്ച് പരാതിപ്പെടുകയാണ് ഉണ്ടായത് എന്നും ബാലരാമപുരം പാറക്കുഴി ഹരിതകർമ്മ സേനാംഗങ്ങൾ റിപ്പോർട്ട് ചെയ്തതായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നു.

മിനി എം.സി.എഫ്.-കളിൽ, വാർഡുകളിലെ വീടുകളിൽ നിന്നും ശേഖരിക്കുന്ന കഴുകി ഉണക്കി വൃത്തിയാക്കിയ പ്ലാസ്റ്റിക് കവറുകൾ ആണ് ചാക്കുകളിൽ ആക്കി വളരെ കുറച്ച് ദിവസത്തേക്ക് സൂക്ഷിക്കുന്നത്. തുടർന്ന് മിനി എം.സി.എഫ്.കളിൽ നിന്നും വാഹനത്തിൽ പ്ലാസ്റ്റിക് ചാക്കുകൾ പഞ്ചായത്തിൽ എത്തിച്ച് ക്ലീൻ കേരള കമ്പനി/ഗ്രീൻ എക്കോ കൺസൽട്ടൻസി, കൊല്ലം എന്നീ

സ്ഥാപനങ്ങൾക്ക് കൈമാറുകയുമാണ് ചെയ്തുവരുന്നത്. നിലവിൽ, പരാതിക്കാസ്പദമായ സ്ഥലത്ത് നിന്നും എല്ലാ പ്ലാസ്റ്റിക് ചാക്കുകളും മാറ്റിയിട്ടുള്ളതും മാലിന്യപ്രശ്നം പരിഹരിച്ചിട്ടുള്ളതായും നിലവിൽ വൃത്തിയുള്ള സാഹചര്യത്തിൽ മിനി എം.സി.എഫ്. പ്രവർത്തിച്ചുവരുന്നു എന്നും ശേഖരിക്കുന്ന പ്ലാസ്റ്റിക് കവറുകൾ കൃത്യമായി ക്ലീൻ കേരള കമ്പനി/ഗ്രീൻ എക്കോ കൺസൽട്ടൻസി, കൊല്ലം എന്നീ സ്ഥാപനങ്ങൾക്ക് കൈമാറുകയും ചെയ്യുന്നുണ്ട് എന്നും ആയതിനാൽ നിലവിൽ ഈ പ്രദേശത്ത് മലിനീകരണ പ്രശ്നങ്ങൾ നിലവിലില്ലാത്തതുമാണെന്നും ബാലരാമപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നു."

24.05.2023-ലെ സമിതി യോഗം മേല്പറഞ്ഞ റിപ്പോർട്ട് പരിഗണിക്കുകയും അത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഹർജിക്കാരിയിൽ നിന്നും തെളിവെടുക്കുകയും ചെയ്തു. ഒരു ഉദ്യോഗസ്ഥൻ മിനി എം. സി. എഫ്. സ്ഥാപിച്ചിരിക്കുന്ന സ്ഥലം സന്ദർശിച്ച് സ്ഥിതിഗതികൾ നേരിട്ട് മനസ്സിലാക്കി അത് ഉചിതമായ മറ്റൊരു സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കണമെന്ന് ടി യോഗത്തിൽ സമിതി നിർദേശിക്കുകയും അപ്രകാരം ചെയ്യാമെന്ന് തദ്ദേശ സ്വയംഭരണ (പഞ്ചായത്ത്) ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിക്കുകയും ചെയ്തു.

മിനി എം. സി. എഫ്. മാറ്റി സ്ഥാപിച്ചിട്ടുണ്ടോ എന്ന വിവരം സമിതിയെ അറിയിക്കണമെന്ന് ഹർജിക്കാരിയോട് സമിതി നിർദേശിക്കുകയും ചെയ്തു.

മാലിന്യങ്ങൾ ഹർജിക്കാരിയുടെ വീടിനു മുന്നിൽ നിന്നും പഞ്ചായത്ത് നീക്കം ചെയ്തിട്ടുണ്ടെന്ന വിവരം അറിയിച്ചുകൊണ്ട് ഹർജിക്കാരിയിൽ നിന്നും ലഭിച്ച 14.08.2023 തീയതിയായുള്ള കത്ത് 08.11.2023-ലെ സമിതി യോഗം പരിഗണിക്കുകയും ഹർജിയിന്മേലുള്ള ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

## IV - വനം-വന്യജീവി വകുപ്പ്

(21) **പെൻഷൻ കമ്മ്യൂട്ടേഷനും, DCRG -യും ലഭിക്കാത്തത് സംബന്ധിച്ച് ശ്രീ. നാസ്സറുദ്ദീൻ കുഞ്ഞ് കെ., കൊല്ലം സമർപ്പിച്ച ഹർജി.**

**(ഫയൽ നമ്പർ 21982/ഹർജി സി2/2020/ലെജി.)**

ഹർജിക്കാരൻ 03.03.2009 മുതൽ 17.05.2010 വരെ അഞ്ചൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായിരുന്നുവെന്നും, 31.05.2018-ൽ ആലപ്പുഴ സോഷ്യൽ ഫോറസ്റ്റി റെയിഞ്ച് ഓഫീസർ തസ്തികയിലായിരിക്കെ പെൻഷനായെന്നും എന്നാൽ നാളിതുവരെയായി പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമായിട്ടില്ലായെന്നും, 2009-10 കാലഘട്ടത്തിൽ, ക്ഷയിച്ച കാടുകളെ പുനഃരുജ്ജീവിപ്പിക്കാൻ സർക്കാരിന്റെയും, വനം-വന്യജീവി വകുപ്പ് മേലധികാരികളുടെയും നിർദേശം അനുസരിച്ച് സർക്കാർ ഫണ്ട് ഉപയോഗിച്ച് അഞ്ചൽ റെയ്ഞ്ചിൽ വൃക്ഷത്തൈകൾ ഉത്പാദിപ്പിക്കുകയുണ്ടായെന്നും 2010 മേയ് 17-ാം തീയതി ടി വൃക്ഷത്തൈകൾ പിൻഗാമിയെ ഏൽപ്പിച്ച ശേഷം ഹർജിക്കാരൻ ആലപ്പുഴയിലേയ്ക്ക് സ്ഥലംമാറിപ്പോയെന്നും, എന്നാൽ അതിനു ശേഷം വർഷങ്ങൾ കഴിഞ്ഞ് പ്രസ്തുത തൈകൾ എല്ലാം ഉണങ്ങിപ്പോയെന്നും അതുമൂലം സർക്കാരിനുണ്ടായ നഷ്ടത്തിന്റെ ഉത്തരവാദി ഹർജിക്കാരൻ മാത്രമാണെന്നും പറയുന്നത് നീതിയ്ക്ക് നിരക്കാത്തതാണെന്നും, ഉത്പാദിപ്പിച്ച മുഴുവൻ തൈകളും അഞ്ചൽ റെയ്ഞ്ചിലും കൊല്ലം സർക്കിളിലെ മറ്റു റെയ്ഞ്ചുകളിലും നട്ടിട്ടുണ്ട് എന്ന വിവരം ഹർജിക്കാരന് ലഭിച്ചിട്ടുണ്ടെന്നും, ബന്ധപ്പെട്ട എല്ലാ രേഖകളും, ചാർജ് ലിസ്റ്റും, വൃക്ഷത്തൈകളും നിയമാനുസരണം 17.05.2010-ന് പിൻഗാമിയ്ക്ക് കൈമാറിയിരുന്നുവെന്നും മേലധികാരികൾ അടങ്കൽ പാസ്സാക്കിയത് പ്രകാരമാണ് തൈകൾ ഉണ്ടാക്കിയതെന്നും, ഹർജിക്കാരന്റെ കാലയളവിൽ ടി തൈകൾ നിരന്തരം പരിശോധിച്ച പുനലൂർ വിജിലൻസ് വിഭാഗം തൈകൾ ഉണങ്ങിയതായി റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും, സർക്കാരിന് നഷ്ടമുണ്ടായതായ ആരോപണം മൂലം ടിയാന് പെൻഷൻ ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ലെന്നും അതിനാൽ സമിതി ഇടപെട്ട് വനം-വന്യജീവി

വകുപ്പിന്റെ ടി വിഷയവുമായി ബന്ധപ്പെട്ട ഫയലിന്മേൽ തീർപ്പ് കൽപ്പിച്ച് ഹർജിക്കാരന് പെൻഷൻ കമ്മ്യൂട്ടേഷനും DCRG -യും മുഴുവൻ പെൻഷനും അനുവദിച്ച് കിട്ടുന്നതിന് നടപടി സ്വീകരിക്കണമെന്ന് 09.11.2020 തീയതിയായി സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 10.12.2020 -ലെ കത്ത് മുഖേന വനം വന്യജീവി വകുപ്പിലേയ്ക്ക് അയച്ചു.

ഹർജി വിഷയം സംബന്ധിച്ച് വനം-വന്യജീവി (എ) വകുപ്പ് 21.04.2021-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"പുനലൂർ ഡിവിഷനിലെ അഞ്ചൽ റെയിഞ്ചിലെ മീൻകുളം, മടത്തറ, കുളംകുന്ന് എന്നീ സെക്ഷനുകളിൽ 2010 വർഷത്തിൽ യാതൊരു മാനദണ്ഡവുമില്ലാതെ തൈകൾ ഉല്പാദിപ്പിച്ചതായും അവയിൽ 1,32,715 തൈകൾ പ്ലാന്റിംഗിന് അനുയോജ്യമല്ലാത്ത നിലയിൽ നശിച്ചുപോയതായും തൈകൾ നശിച്ചുകാരണം 3,87,273/- രൂപ (തൈ ഒന്നിന് 2.93 രൂപ നിരക്കിൽ) സർക്കാരിന് നഷ്ടം സംഭവിച്ചതായും പുനലൂർ ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു.

പ്രസ്തുത റിപ്പോർട്ട് അംഗീകരിച്ച് സർക്കാരിനുണ്ടായ ടി നഷ്ടം ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കുന്നതിനും കുറ്റാരോപിതർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വിജിലൻസ്) ശിപാർശ ചെയ്യുകയുണ്ടായി. തുടർന്ന് ക്രമക്കേടിന് ഉത്തരവാദികളായ ശ്രീ. കെ. നാസറുദ്ദീൻകുഞ്ഞ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ഉൾപ്പെടെ 11 ജീവനക്കാർക്ക് ഈ വിഷയത്തിൽ കൊല്ലം സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ 08.03.2016-ൽ കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രവും/ കുറ്റാരോപണപത്രികയും നൽകി അച്ചടക്ക നടപടി ആരംഭിച്ചു എന്നാൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്കെതിരെ കഠിന ശിക്ഷയ്ക്കുള്ള അച്ചടക്കനടപടി സ്വീകരിക്കുന്നതിന് നിയമനാധികാരിക്കാണ് അധികാരം എന്നതിനാൽ

ടിയാനെതിരെ സർക്കാർ തലത്തിൽ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) അഭ്യർഥിക്കുകയുണ്ടായി.

ടി അഭ്യർഥന പരിഗണിച്ച് 31.05.2018-ന് സർവീസിൽ നിന്നും വിരമിച്ച ശ്രീ. കെ. നാസറുദ്ദീൻ കുഞ്ഞ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് സർക്കാർ തലത്തിൽ 11.05.2018-ലെ FWILD-A1/58/2018-FWLD പ്രകാരം കുറ്റപത്രം നൽകി അച്ചടക്കനടപടി ആരംഭിച്ചു. ടിയാൻ സമർപ്പിച്ച പ്രതിവാദപത്രിക തൃപ്തികരമല്ലെന്നും തുടർ നടപടി സ്വീകരിക്കാവുന്നതാണെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) റിപ്പോർട്ട് ചെയ്യുകയുണ്ടായി. തുടർന്ന് ടിയാനെ നേരിൽ കേൾക്കുകയും നേരിൽ കേൾക്കുന്ന സമയത്ത് ടിയാൻ ഉന്നയിച്ച വാദങ്ങളും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ലഭ്യമാക്കിയ റിപ്പോർട്ടും പരിശോധിക്കുകയും കുറ്റപത്രത്തിലെ ചാർജ്ജുകളൊക്കെ ടിയാൻ നിഷേധിച്ചതിനാൽ ടി വിഷയത്തിൽ കൂടുതൽ തെളിവുകൾ ശേഖരിക്കുന്നതിനായും നടപടിക്രമത്തിന്റെ ഭാഗമായും 30.12.2020-ലെ സ.ഉ.(സാധാ)നം.333/2020/വനം പ്രകാരം ഔപചാരികാന്വേഷണം നടത്തുന്നതിന് ഉത്തരവാകുകയുമുണ്ടായി. ശ്രീ. കെ. നാസറുദ്ദീൻ കുഞ്ഞ് വിരമിച്ചതും കരൾ സംബന്ധമായ രോഗവുമായി ബന്ധപ്പെട്ട് തുടർ ചികിത്സയിലുള്ളതും പരിഗണിച്ച് അന്വേഷണ റിപ്പോർട്ട് കർശനമായും ഒരു മാസത്തിനകം സമർപ്പിക്കുന്നതിന് നിർദേശവും നൽകിയിരുന്നു.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കുകയും അന്വേഷണ കണ്ടെത്തലുകളോട് യോജിക്കുന്നതായും അറിയിച്ചു. ഔപചാരികാന്വേഷണത്തിൽ ടി 2,40,000 തൈകൾ ഉത്പാദിപ്പിക്കുന്നതിന് ഭരണാനുമതിയും, ഫണ്ട് ലഭ്യതയും ഉണ്ടായിരുന്നതായും മേലധികാരികൾ അടക്കൽ അംഗീകരിച്ച് നൽകിയിട്ടുള്ളതായും ഉദ്യോഗസ്ഥർ യഥാസമയം നഴ്സറികളിൽ പരിശോധന

നടത്തിയിരുന്നതായും ടി തൈകളുടെ ഗുണനിലവാരം പരിശോധിച്ച് നഴ്സറി ജോലിക. നിർവഹിച്ച കൺവീനർക്ക് ബില്ലുകൾ പാസ്സാക്കി നൽകിയിട്ടുള്ളതായും കണ്ടെത്തി. കൂടാതെ ശ്രീ. നാസറുദ്ദീൻ കുഞ്ഞ് സ്ഥലം മാറി പോയതിനു ശേഷം റെയിഞ്ച് ഡിവിഷൻ തലത്തിൽ ടി 2,40,000 തൈകളെക്കുറിച്ച് അറിവുണ്ടായിരുന്നതായും ഫ്ലൈയിംഗ് സ്ക്വാഡ് വിഭാഗത്തിന്റെ പരിശോധനയ്ക്ക് ശേഷവും നഴ്സറിയിൽ ബാക്കിയായ തൈകൾ പല ഏജൻസികൾക്കും വിതരണം ചെയ്യുകയും അതിന്റെ വിശദാംശങ്ങൾ നഴ്സറി ജേർണലിൽ എഴുതി സൂക്ഷിച്ചിട്ടുള്ളതായും ഏജൻസികളുടെ കൈപ്പറ്റ് രസീത് വാങ്ങി റെയിഞ്ചിൽ സമർപ്പിച്ചിരുന്നുവെന്നും ശ്രീ. നാസറുദ്ദീൻ കുഞ്ഞിനുശേഷം അഞ്ചൽ റെയിഞ്ചിൽ ചാർജെടുത്ത റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ. ചന്ദ്രശേഖരനും മറ്റു സെക്ഷൻ സ്റ്റാഫുകളും വിചാരണ വേളയിൽ മൊഴി നൽകിയിട്ടുള്ളതായും റിപ്പോർട്ട് ചെയ്തു.

എന്നാൽ പ്രസ്തുത സംഭവം നടന്ന് ഏകദേശം പത്തു വർഷമായതിനാലും, ടി കേസിലെ സർക്കാർ നഷ്ടം വ്യക്തമാക്കി മഹസ്സറുകൾ തയ്യാറാക്കിയിട്ടില്ലാത്തതിനാലും, നിലവിൽ അഞ്ചൽ റെയിഞ്ചിൽ 2009-10 കാലഘട്ടത്തിൽ എടുത്ത തൈകൾ സംബന്ധിച്ച രേഖകൾ ഒന്നും ലഭ്യമല്ലാത്തതിനാലും അന്വേഷണ വേളയിൽ സാക്ഷികൾ ഉന്നയിച്ച മൊഴികളൊന്നും ബോധ്യപ്പെടുന്നതിന് സാധിച്ചിട്ടില്ലായെന്നും ഇനി ഈ വിഷയത്തിലെ യഥാർത്ഥ സർക്കാർ നഷ്ടം തിട്ടപ്പെടുത്തുന്നതിനും, സർക്കാർ നഷ്ടത്തിന് ഉത്തരവാദികളെ കണ്ടെത്തുന്നതിനും പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടെന്നും അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തു.

റിട്ടയേർഡ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ നാസറുദ്ദീൻ കുഞ്ഞ് അസുഖം നിമിത്തം 04.02.2021-ൽ മരണപ്പെട്ടിട്ടുള്ളതായി അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) റിപ്പോർട്ട് ചെയ്യുകയുണ്ടായി. തുടർന്ന് ഔപചാരികാന്വേഷണ റിപ്പോർട്ട് പരിഗണിച്ച് മരണപ്പെട്ട നാസറുദ്ദീൻ

കുഞ്ഞിനെതിരെയുള്ള അച്ചടക്ക നടപടി അവസാനിപ്പിച്ചുകൊണ്ടും അച്ചടക്ക നടപടിയുടെ ഭാഗമായി തടഞ്ഞുവച്ചിട്ടുള്ള ടിയാന്റെ ഡി.സി.ആർ.ജി. അടിയന്തരമായി വിട്ടുനൽകുന്നതിനുള്ള നിർദേശം നൽകിക്കൊണ്ടും 17.02.2021-ലെ സ. ഉ. (സാധാ) നമ്പർ 50/2021/വനം പ്രകാരം ഉത്തരവായിട്ടുണ്ടെന്ന വിവരവും സമിതിയെ അറിയിക്കുന്നു."

പ്രസ്തുത റിപ്പോർട്ടിലെ വിവരം 07.05.2021-ലെ കത്ത് മുഖേന ഹർജിക്കാരന്റെ ഭാര്യയെ അറിയിച്ചു.

പ്രസ്തുത റിപ്പോർട്ട് 09.02.2022-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും, പരാതിക്കാസ്പദമായ സംഭവം നടന്ന് പത്ത് വർഷത്തിനു ശേഷം വളരെ വൈകി അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചതിലെ അപാകതയും, 31.05.2018-ൽ സർവീസിൽ നിന്നും വിരമിച്ച ഹർജിക്കാരൻ 04.02.2021-ൽ മരണപ്പെട്ടശേഷം ടിയാനെതിരെയുള്ള അച്ചടക്ക നടപടി അവസാനിപ്പിച്ചുകൊണ്ടും അച്ചടക്ക നടപടിയുടെ ഭാഗമായി തടഞ്ഞുവച്ചിരുന്ന DCRG വിട്ടുനൽകികൊണ്ട് 17.02.2021-ൽ ഉത്തരവായതിലും അതൃപ്തി രേഖപ്പെടുത്തുകയും ടി വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്നതിൽ വ്യക്തത വരുത്തുന്നതിനായി വനം വന്യജീവി വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ഹർജിക്കാരന്റെ ഭാര്യ എന്നിവരിൽ നിന്നും തെളിവെടുപ്പ് നടത്താൻ തീരുമാനിക്കുകയും ചെയ്തു.

സമിതിയുടെ മേല്പറഞ്ഞ തീരുമാനം അറിയിച്ചുകൊണ്ട് 16.07.2022-ൽ ടി വകുപ്പിലേക്ക് കത്തയച്ചിരുന്നു. അതേ തുടർന്ന്, വനം വന്യജീവി (എ) വകുപ്പ് 15.12.2022-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

" പുനലൂർ ഡിവിഷനിലെ അഞ്ചൽ റെയിഞ്ചിലെ മീൻകുളം മടത്തറ, കുളംകുന്ന് എന്നീ സെക്ഷനുകളിൽ 2009-2010 സാമ്പത്തിക വർഷത്തിൽ പ്ലാന്റിംഗിനായി ഉല്പാദിപ്പിച്ച 2,40,000 തൈകളിൽ 1,32,175 തൈകൾ വേണ്ടത്ര പരിചരണം ഇല്ലാതെ നശിച്ചുപോയതായും ആയതുമൂലം സർക്കാരിലേക്ക്

3,87,273/- രൂപയുടെ നഷ്ടം (തൈ ഒന്നിന് 2.93 രൂപ നിരക്കിൽ) സംഭവിച്ചതായും ഈ കാര്യത്തിന് ശ്രീ നാസറുദ്ദീൻകുഞ്ഞ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ഉൾപ്പെടെ 11 ജീവനക്കാർ ഉത്തരവാദികളാണെന്നും ടിയാന്മാർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുവാൻ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(വിജിലൻസ്) 01.04.2017 -ൽ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന് നിർദേശം നല്കി. ഈ വിഷയത്തിൽ മുമ്പിനാലെ 28.03.2011 -ൽ പുനലൂർ ഫ്ലൈയിങ്സ്ക്വാഡ് ഡിവിഷൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 22.08.2014 -ൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്(വിജിലൻസ്) തൈകൾ നശിച്ചുപോയതിന് സർക്കാർ നഷ്ടം ബന്ധപ്പെട്ട ജിവനക്കാരിൽ നിന്നും ഈടാക്കി ശിക്ഷാ നടപടികൾ സ്വീകരിക്കുവാൻ ശിപാർശ സമർപ്പിച്ചിരുന്നെങ്കിലും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വിജിലൻസ്)-ന്റേയോ ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ റിപ്പോർട്ടിലോ സർക്കാർ നഷ്ടമോ, ജിവനക്കാരുടെ പേരുവിവരമോ ഉൾപ്പെടുത്താത്തതിനാൽ ആയവ റിപ്പോർട്ട് ചെയ്യുവാൻ 2014 -ൽ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് നിർദേശം നല്കിയെങ്കിലും ആയത് വിശദമായ തുടരന്വേഷണത്തിനു ശേഷം 2017- ൽ ആണ് ലഭിക്കുകയുണ്ടായത്.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വിജിലൻസ്)-ന്റെ 01.04.2017-ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. നാസറുദ്ദീൻകുഞ്ഞ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്കെതിരെ കഠിന ശിക്ഷയ്ക്കുള്ള അച്ചടക്ക നടപടി സ്വീകരിക്കുന്നതിലേയ്ക്ക് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) 05/04/2018-ൽ കരട് കുറ്റപത്രവും കുറ്റാരോപണ പത്രികയും സഹിതം അനന്തര നടപടികൾക്കായി

സർക്കാരിൽ സമർപ്പിച്ചിരുന്നു. തുടർന്ന് നാസറുദ്ദീൻകുഞ്ഞിന് 11/05/2018 തീയതിയിലെ A1/58/2018/F&WLD നമ്പർ കുറ്റപത്രം, കുറ്റാരോപണപത്രിക എന്നിവ നല്കി സർക്കാർ അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രവും കുറ്റാരോപണ പത്രികയും ശ്രീ. നാസറുദ്ദീൻകുഞ്ഞ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ 22/05/2018 -ൽ കൈപ്പറ്റുകയും ടിയാന്റെ പ്രതിവാദ പത്രിക 20.06.2018 -ൽ സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും ചെയ്തു. (ടിയാൻ 31.05.2018 -ൽ സേവനത്തിൽ നിന്നും വിരമിച്ചു). 03.07.2018-ൽ പ്രതിവാദപത്രികയിന്മേലുള്ള അഭിപ്രായം ലഭ്യമാക്കുന്നതിന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന് സർക്കാർ നിർദേശം നൽകി. 13.08.2018 -ന് ടി അഭിപ്രായം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് സർക്കാരിൽ ലഭ്യമാക്കി 12.09.2018 -ന് ശ്രീ. നാസറുദ്ദീൻകുഞ്ഞിനെ സർക്കാർ നേരിൽ കേട്ടു. 08.02.2019-ൽ കുറ്റാരോപിതരായ മറ്റ് 10 പേർക്കെതിരെ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) സർക്കാരിൽ ലഭ്യമാക്കി. സർക്കാർ ആവശ്യപ്പെട്ടതിനെ തുടർന്ന് 31/8/2019 -ൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) വിശദമായ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചു. ചില കാര്യങ്ങളിൽ വ്യക്തത ആവശ്യപ്പെട്ടതിനെതുടർന്ന് വ്യക്തത വരുത്തിയ റിപ്പോർട്ടും ബന്ധപ്പെട്ട ഫയലുകളും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) 29.07.2020-ന് സർക്കാരിൽ ലഭ്യമാക്കി. തുടർന്ന് ഔപചാരികാന്വേഷണത്തിന് സർക്കാർ തീരുമാനിക്കുകയും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) 03.11.2020-ൽ അന്വേഷണാധികാരിയെയും പ്രസന്റിംഗ് ഓഫീസറെയും ശിപാർശ ചെയ്തു. കുറ്റാരോപിതനായ ഉദ്യോഗസ്ഥൻ സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതിനാൽ കേരള സർവീസ് റൂൾസ് ഭാഗം III ചട്ടം 3 (എ) പ്രകാരം ഒരു ഔപചാരിക

അന്വേഷണം നടത്തുന്നതിന് സർക്കാർ 30/12/2020-ൽ ഉത്തരവായി. ഔപചാരിക അന്വേഷണ അധികാരി 25/01/2021-ൽ സമർപ്പിച്ച ഔചാരിക അന്വേഷണ റിപ്പോർട്ട് 03/02/2021-ൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) സർക്കാരിൽ സമർപ്പിച്ചു. കുറ്റാരോപിതനായ ശ്രീ. നാസറുദ്ദീൻകുഞ്ഞ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ 04/02/2021-ൽ മരണപ്പെട്ടുപോയതിനാൽ ടിയാന്റെ അച്ചടക്ക നടപടികൾ എത്രയും വേഗം തീർപ്പാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് 06/02/2021-ൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) സർക്കാരിൽ അപേക്ഷ അറിയിക്കുകയും ആയതിൻ പ്രകാരം ടിയാനെതിരെയുള്ള അച്ചടക്ക നടപടി അവസാനിപ്പിച്ച് അച്ചടക്ക നടപടിയുടെ ഭാഗമായി തടഞ്ഞുവച്ചിട്ടുള്ള ഡി.സി.ആർ.ജി അടിയന്തരമായി വിട്ടു നൽകുവാൻ 17/02/2021 ലെ സ.ഉ.(സാധാ)നം.50/2021/ വനം പ്രകാരം അന്തിമ ഉത്തരവ് ആയിട്ടുള്ളതുമാണ്.

ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ തടഞ്ഞു വച്ചിട്ടുള്ള ഡി.സി.ആർ.ജി. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)-ന്റെ 20/12/2021 -ലെ F3-42247/2017 നമ്പർ ഉത്തരവ് പ്രകാരം ടിയാന്റെ ഭാര്യ ശ്രീമതി എം. മാജിതയുടെ പേരിൽ അനുവദിച്ച് നൽകുകയും ചെയ്തിട്ടുള്ളതാണ്."

പ്രസ്തുത റിപ്പോർട്ട് 26.09.2023 -ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

## V - ദുരന്ത നിവാരണ വകുപ്പ്

### (22) 2018-ൽ ഉണ്ടായ ശക്തമായ കാറ്റിലും മഴയിലും തകർന്ന വീട് പുനർനിർമ്മിക്കാൻ ധനസഹായം ആവശ്യപ്പെട്ട് കുമാരി അരുണാദേവി, കരുനാഗപ്പള്ളി, കൊല്ലം സമർപ്പിച്ച ഹർജി.

**(ഫയൽ നമ്പർ 23973/ ഹർജി സി13/2018/ലെജി.)**

കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിൽ കോട്ടപ്പുറത്ത്- തറയിൽ താമസിക്കുന്ന കുമാരി ജി. ആർ അരുണാദേവിയുടെ അച്ഛനും അമ്മയും മരണപ്പെട്ടെന്നും അതിനാൽ ടിയാൾ അമ്മാവന്റെ കൂടെ താമസിച്ചുവരവെ 2014-ൽ അമ്മാവനും മരണപ്പെട്ടെന്നും 18 വയസ് കഴിഞ്ഞ പെൺകുട്ടിയായതിനാൽ സ്വന്തം വീട്ടിൽ ഒറ്റയ്ക്ക് താമസിക്കരുതെന്ന് ജില്ലാ കളക്ടർ നിർദേശം നൽകിയിരുന്നുവെന്നും 2018-ൽ ഉണ്ടായ ശക്തമായ കാറ്റിലും മഴയിലും സ്വന്തമായിട്ടുണ്ടായിരുന്ന വീടിന്റെ മേൽക്കൂരയും മറ്റുഭാഗങ്ങളും നശിച്ചെന്നും, വീട് അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള ധനസഹായത്തിനായി ബന്ധപ്പെട്ട അധികാരികളെ സമീപിച്ചെങ്കിലും പ്രസ്തുത വീട്ടിൽ ആൾതാമസമില്ല എന്ന കാരണത്താൽ ധനസഹായത്തിന് അർഹതയില്ലെന്നുള്ള മറുപടിയാണ് ലഭിച്ചതെന്നും 05.10.2018 തീയതിയായി സമർപ്പിച്ച ഹർജിയിൽ ബോധിപ്പിച്ചിരുന്നു.

അനാഥയായ ഹർജിക്കാരിയുടെ ജീവിത പശ്ചാത്തലം പരിഗണിച്ച് പ്രത്യേക നടപടിയിലൂടെ ടിയാളുടെ വീട് അറ്റകുറ്റപ്പണി ചെയ്യുന്നതിന് ധനസഹായം അനുവദിക്കുന്നതിന് കരുനാഗപ്പള്ളി തഹസിൽദാർക്ക് നിർദേശം നൽകണമെന്ന് പ്രസ്തുത ഹർജിയിൽ അപേക്ഷിച്ചിരുന്നു. പട്ടികജാതി വിദ്യാർത്ഥിനിയായ കുമാരി ജി. ആർ. അരുണാദേവി സമർപ്പിച്ച ഹർജി റിപ്പോർട്ടിനായി 07.02.2019-ലെ കത്ത് മുഖേന റവന്യൂ വകുപ്പിലേയ്ക്ക് അയച്ചു

ഹർജിയിന്മേൽ തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടത് തദ്ദേശസ്വയംഭരണം, ദുരന്തനിവാരണം എന്നീ വകുപ്പുകളാണെന്ന് റവന്യൂ വകുപ്പ്

അറിയിച്ചതിനെത്തുടർന്ന് പ്രസ്തുത വകുപ്പുകൾക്ക് കത്തയച്ചു

ഹർജിയിന്മേൽ തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് 31.12.2019-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"പരാതിക്കാരിയായ കുമാരി അരുണാദേവിയ്ക്ക് ടിയാളുടെ ചെറുപ്രായത്തിൽ തന്നെ മാതാപിതാക്കൾ മരണപ്പെട്ടുപോയിട്ടുള്ളതിനാൽ ബന്ധുക്കളുടെ സംരക്ഷണയിലാണ് കഴിയുന്നത്. തൊടിയൂർ ഗ്രാമപഞ്ചായത്ത് 10-ാം വാർഡിൽ ടിയാളുടെ പിതാവിന്റെ ഉടമസ്ഥതയിലുള്ള വീട് കഴിഞ്ഞ 12 വർഷത്തോളമായി ആൾതാമസമില്ലാത്തതും നിലവിൽ വാസയോഗ്യമല്ലാത്തതുമാണ്. 2018-ലെ പ്രളയത്തിനു മുമ്പുതന്നെ വീട് വാസയോഗ്യമല്ലാതായിട്ടുണ്ട്. ഹർജിക്കാരി ടി ആവശ്യത്തിനായി ഗ്രാമപഞ്ചായത്തിലോ ഗ്രാമസഭയിലോ അപേക്ഷ നൽകാത്തതിനാൽ ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഹർജിക്കാരി ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ അതിന്മേൽ ഗ്രാമപഞ്ചായത്ത് നിയമാനുസൃതമുള്ള ഉചിതമായ നടപടികൾ സ്വീകരിക്കുന്നതായിരിക്കുമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭവന പുനരുദ്ധാരണത്തിനോ ഭവന നിർമ്മാണത്തിനോ പഞ്ചായത്തിൽ നിന്നും ആനുകൂല്യം നൽകുന്നതിന് തൊടിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് അപേക്ഷ സമർപ്പിക്കാൻ കുമാരി അരുണാദേവിയ്ക്ക് (അപേക്ഷക) നിർദേശം നൽകിയിട്ടുണ്ട്. "

പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച 23.12.2020-ലെ സമിതിയോഗം ടി റിപ്പോർട്ടിലെ വിവരം ഹർജിക്കാരിയെ അറിയിക്കുന്നതിനും ദുരന്തനിവാരണ വകുപ്പിൽ നിന്നുള്ള റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് ആവശ്യപ്പെടാനും തീരുമാനിക്കുകയും സമിതി തീരുമാന പ്രകാരം മേല്പറഞ്ഞ റിപ്പോർട്ടിലെ വിവരം ഹർജിക്കാരിയെ അറിയിക്കുകയും ചെയ്തു.

ഹർജിയിന്മേലുള്ള റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന്

13.07.2021-ലെ കത്ത് മുഖേന ദുരന്ത നിവാരണ വകുപ്പിനോട് ആവശ്യപ്പെട്ടതിനെ തുടർന്ന് ദുരന്ത നിവാരണ (എ) വകുപ്പ് 18.10.2021- ലെ കത്തു മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

" കുമാരി അരുണാദേവി സമർപ്പിച്ച പരാതി പരിശോധിച്ചതിൽ അരുണാദേവിയും മാതാപിതാക്കളും തൊടിയൂർ വില്ലേജിൽ തൊടിയൂർ (N) മുറിയിൽ ബ്ലോക്ക് നം.13 റീസർവെ നം. 590/16 ൽ ഉൾപ്പെട്ട് വരുന്ന 4.75 ആർ സ്ഥലത്ത് വീട് വച്ച് താമസിച്ച് വരവെ ടിയാളുടെ പിതാവായ ഗോപി 2004-ലും മാതാവായ ശ്രീമതി രമാദേവി 2009-ലും രോഗബാധിതരായി മരണപ്പെടുകയുണ്ടായതായും ടിയാളുടെ മാതാപിതാക്കളുടെ മരണശേഷം ഏക സന്താനമായ കുമാരി അരുണാദേവി മാതൃ സഹോദരൻ വാമദേവൻ എന്നയാളുടെ സംരക്ഷണയിൽ കൊല്ലം താലൂക്കിലെ മുണ്ടയ്ക്കൽ വില്ലേജിൽ തെക്കേവിള തോപ്പിൽ വീട്ടിൽ താമസിച്ചുവരികയാണെന്നും അപേക്ഷക മാതാപിതാക്കൾ നഷ്ടപ്പെട്ട അനാഥയുമാണെന്നും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 47,500/- രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 77,500/- രൂപയും ഉൾപ്പെടെ 1,25,000/- രൂപ അനുവദിച്ചു നൽകിയിട്ടുള്ളതാണെന്ന വിവരം സമിതി മുമ്പാകെ അറിയിച്ചുകൊള്ളുന്നു."

പ്രസ്തുത റിപ്പോർട്ടിലെ വിവരം 18.07.2022-ലെ കത്തു മുഖേന ഹർജിക്കാരിയെ അറിയിച്ചു.

മേല്പറഞ്ഞ റിപ്പോർട്ട് 05.01.2023-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

(23) **അക്കൗണ്ട് മാറി ക്രെഡിറ്റ് ചെയ്ത പ്രളയ ദുരിതാശ്വാസ തുക തിരികെ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി സുനിത, ആലപ്പുഴ സമർപ്പിച്ച ഹർജി.**

**(ഫയൽ നമ്പർ 15074/ഹർജി സി2/2020/ലെജി.)**

2018-ലെ വെള്ളപ്പൊക്കത്തിൽ വയലാർ പഞ്ചായത്തിലെ

ഹർജിക്കാരിയുടെ 9/513-ാം നമ്പർ വീട്ടിൽ വെള്ളം കയറിയതിനെ തുടർന്ന് കളവംകോടം സ്കൂളിലെ ക്യാമ്പിൽ താമസിക്കുകയും ടി ദുരിതാശ്വാസ ക്യാമ്പിൽ പേര് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുള്ളതാണെന്നും വെള്ളപ്പൊക്ക ദുരിതാശ്വാസത്തിന് സർക്കാരിന്റെ ദുരിതാശ്വാസ ഫണ്ടിൽ നിന്നും ലഭിക്കേണ്ട തുകയായ 10,000/- (പതിനായിരം രൂപ മാത്രം) രൂപ ഹർജിക്കാരിയുടെ അക്കൗണ്ടിൽ നേരിട്ട് ലഭ്യമാക്കാതെ മറ്റൊരാളുടെ അക്കൗണ്ടിൽ നിക്ഷേപിക്കപ്പെട്ടുവെന്നും, ടിയാൾ അതിൽ നിന്നും 2800/-രൂപ (രണ്ടായിരത്തി എണ്ണൂറ് രൂപ മാത്രം) ഹർജിക്കാരിയുടെ അക്കൗണ്ടിൽ തിരികെ നിക്ഷേപിച്ചുവെന്നും അതിനാൽ വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനുള്ള പ്രാഥമിക ധനസഹായത്തിൽ ശേഷിച്ച തുകയായ 7200/- രൂപ (ഏഴായിരത്തി ഇരുന്നൂറ് രൂപ മാത്രം) ഹർജിക്കാരിയുടെ അക്കൗണ്ടിലേക്ക് ലഭിക്കുന്നതിന് വേണ്ട സത്വര നടപടികൾ സ്വീകരിക്കണമെന്നും കൂടാതെ പ്രളയത്തിൽ വീടിന് സംഭവിച്ചിട്ടുള്ള നാശനഷ്ടങ്ങൾ കൂടി പരിഗണിച്ച് അടിയന്തര സഹായം ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നും 20.01.2020 തീയതിയായി സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 12.02.2020 തീയതിയിലെ കത്ത് മുഖേന റവന്യൂ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിലേക്ക് അയച്ചു.

ഹർജിയിന്മേൽ ദുരന്തനിവാരണ (എ) വകുപ്പ് 17.01.2023-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

" 2018 പ്രളയത്തിലെ ദുരന്ത ബാധിതർക്ക് സർക്കാർ പ്രഖ്യാപിച്ച അടിയന്തര ധനസഹായമായ 10,000/- (പതിനായിരം രൂപ) ലഭിക്കുന്നതിനുള്ള ഗുണഭോക്താക്കളുടെ പട്ടികയിൽ ശ്രീമതി സുനിത, ആലപ്പുഴ ഉൾപ്പെട്ടിരുന്നതും ടിയാൾക്ക് സംസ്ഥാന ദുരന്ത പ്രതികരണനിധിയിലെ വിഹിതമായ 3,800/- രൂപ അനുവദിച്ച് നൽകിയിരുന്നതുമാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള വിഹിതമായ ബാക്കി 6,200/- രൂപ ചേർത്തല തഹസിൽദാരുടെ പേരിലുള്ള

റ്റി.എസ്.ബി. അക്കൗണ്ടിൽ നിന്നും കക്ഷിയുടെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്നതിനായി ട്രഷറിയിൽ സമർപ്പിച്ചിരുന്നതും, കക്ഷി ഹാജരാക്കിയ അക്കൗണ്ടിലെ പിശക് മൂലം തുക ക്രെഡിറ്റ് ആകാതെ റ്റി.എസ്.ബി അക്കൗണ്ടിലേയ്ക്ക് തിരികെ വരികയുമുണ്ടായി. നിലവിൽ അക്കൗണ്ടിലെ ന്യൂനത പരിഹരിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള വിഹിതമായ ബാക്കി 6,200/- രൂപ (ആറായിരത്തി ഇരുന്നൂറ് രൂപ) ശ്രീമതി സുനിതയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്."

റിപ്പോർട്ട് വിവരം 09.05.2023 തീയതിലെ കത്ത് മുഖേന ഹർജിക്കാരിയെ അറിയിച്ചിരുന്നു.

മേല്പറഞ്ഞ റിപ്പോർട്ട് 05.07.2023-ലെ സമിതിയോഗം പരിഗണിക്കുകയും, അംഗീകരിക്കുകയും ഫയൽനടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

## VI - പൊതു വിദ്യാഭ്യാസ വകുപ്പ്

**(24) എച്ച്.എസ്.എ. നാച്വറൽ സയൻസ് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി സുനിത ദേവി സി.ബി. മുതൽപേർ, തൃശ്ശൂർ സമർപ്പിച്ച ഹർജി.**

**(ഫയൽ നമ്പർ 15365/ഹർജി എ 4/2019/ലെജി.)**

ഹർജിക്കാർ എച്ച്.എസ്.എ. നാച്വറൽ സയൻസ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരാണെന്നും തൃശ്ശൂർ ജില്ലയിൽ എച്ച്.എസ്.എ. നാച്വറൽ സയൻസ് പഠിപ്പിക്കേണ്ട 21 സ്കൂളുകൾ ഉണ്ടായിട്ടും പ്രസ്തുത സ്കൂളുകളിൽ എച്ച്.എസ്.എ. നാച്വറൽ സയൻസ് പഠിപ്പിക്കുന്നത് എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് അദ്ധ്യാപകരാണെന്നും ഇക്കാരണത്താൽ ഹർജിക്കാരുടെ അവസരങ്ങൾ നിഷേധിക്കപ്പെടുകയാണെന്നും ആയതിനാൽ മൂന്നോ അതിൽ കുറവോ ഡിവിഷനുള്ള സ്കൂളുകളിൽ എച്ച്.എസ്.എ. നാച്വറൽ സയൻസ് തസ്തിക അനുവദിച്ചിട്ടില്ലെന്നുള്ള 07.01.2002-ലെ സ.ഉ.(കയ്യെഴുത്ത്) 11/2002/G.Edn ഉത്തരവ് പരിഷ്കരിച്ച് ഹർജിക്കാർക്ക് നിയമനം നൽകുന്നതിനുള്ള നടപടി

സ്വീകരിക്കണമെന്നതായിരുന്നു 07.02.2019 തീയതിയായി സമർപ്പിച്ച ഹർജിയിലെ ആവശ്യം.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 14.03.2019-ലെ കത്ത് മുഖേന പൊതുവിദ്യാഭ്യാസ വകുപ്പിലേയ്ക്ക് അയച്ചതിനെ തുടർന്ന് പൊതുവിദ്യാഭ്യാസ(ആർ) വകുപ്പിൽ നിന്നും 19.11.2020 തീയതിയായി ലഭിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"തൃശ്ശൂർ ജില്ലയിൽ HST (Natural Science) നിയമനത്തിനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധീകരിച്ച് (കാറ്റഗറി നം.659/2012, റാങ്ക് ലിസ്റ്റ് നമ്പർ 354/2018/SSV) 02.05.2018 മുതൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടതാണ് അപേക്ഷകർ. 07.01.2002-ലെ സ. ഉ. (എം.എസ്) 11/2002/പൊ.വി.വ. ഉത്തരവ് പ്രകാരം മൂന്നോ അതിൽ കുറവോ ഡിവിഷനുകളുള്ള ഹൈസ്കൂളുകളിൽ നാച്ചറൽ സയൻസിന് തസ്തിക അനുവദിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ടി റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുവാൻ കഴിയുന്നില്ലെന്നും അതിനാൽ പ്രസ്തുത ഉത്തരവ് ഭേദഗതി ചെയ്ത് നിലവിലുള്ള നാച്ചറൽ സയൻസ് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്നുമാണ് നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുള്ളത്.

ഇതേ വിഷയം ഉന്നയിച്ച് നിവേദകർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത OA No.1785/2018-ലെ 143/2019-ന്മേൽ (ശ്രീമതി. സുനിതാദേവി, സി.ബി മുതൽ പേർ) 22.01.2019 -ന് ബഹു.ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം, ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ച് 25.05.2019 ലെ സ. ഉ (സാധാ) നമ്പർ 1878/2019/പൊ.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്."

പ്രസ്തുത റിപ്പോർട്ട് 19.11.2020-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി പരിഗണിച്ചിരുന്നു. കുട്ടികൾ കുറഞ്ഞ ഹൈസ്കൂളുകളിൽ 8,9,10 ക്ലാസുകളിൽ ഒരു

ഡിവിഷൻ മാത്രമുള്ള സ്കൂളുകളിൽ മലയാളം, ഹിന്ദി എന്നിവ പഠിപ്പിക്കാൻ പ്രത്യേകം അദ്ധ്യാപകരുണ്ടാകുമെങ്കിലും ഫിസിക്കൽ സയൻസ്, സോഷ്യൽ സയൻസ്, മാത്തമാറ്റിക്സ് എന്നിവയ്ക്ക് ഓരോ അദ്ധ്യാപകരെ ഉണ്ടാവുകയുള്ളൂവെന്നും ഇംഗ്ലീഷിനും ബയോളജിക്കും അദ്ധ്യാപകരുണ്ടാവില്ലെന്നും ഈ 3 ഡിവിഷനിൽ നിന്ന് നാലാമത് ഡിവിഷൻ വന്നാൽ ബയോളജിക്കും അഞ്ചാമത് ഡിവിഷൻ വന്നാൽ ഇംഗ്ലീഷിനും അദ്ധ്യാപകരെ നിയമിക്കാമെന്നും ഹർജിക്കാരിയുടെ തൃശ്ശൂർ ജില്ലയിൽ 21 ഗവൺമെന്റ് സ്കൂളുകളിൽ 3 ഡിവിഷൻ മാത്രമാണ് ഉള്ളതെന്നും അവിടെ ബയോളജി പഠിപ്പിക്കുന്നത് ഫിസിക്സ് / കെമിസ്ട്രി പഠിപ്പിക്കുന്ന അദ്ധ്യാപകർ തന്നെയാണെന്നും സർക്കാരിന് സാമ്പത്തിക ബാദ്ധ്യത വരുന്നതുകൊണ്ടാണ് ഇത്തരമൊരു തീരുമാനം കൈക്കൊണ്ടതെന്നും പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ പ്രസ്തുത യോഗത്തിൽ സമിതിയെ അറിയിച്ചതിനെ തുടർന്ന് ഹർജിയിന്മേലുള്ള അന്തിമ റിപ്പോർട്ട് ഹാജരാക്കുവാൻ വകുപ്പിന് സമിതി നിർദ്ദേശം നൽകിയിരുന്നു.

ഹർജിയിന്മേലുള്ള അന്തിമ റിപ്പോർട്ട് ആവശ്യപ്പെട്ട് പൊതുവിദ്യാഭ്യാസ (ആർ) വകുപ്പിന് 08.06.2022-ന് അയച്ച കത്തിന്മേൽ, വകുപ്പ് 29.03.2023 തീയതിയായി ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

" തൃശ്ശൂർ ജില്ലയിൽ 02.05.2018 - ന് നിലവിൽ വന്ന എച്ച്.എസ്.ടി (എൻ. എസ്) ക്ക് ലിസ്റ്റിൽ ഉൾപ്പെട്ട സുനിതാദേവി.സി.ബി മുതൽപേർ 7.01.2002 -ലെ സ.ഉ.(കൈ)11/2002 പൊവിവ ഉത്തരവ് പ്രകാരം മൂന്നോ അതിൽ കുറവോ ഡിവിഷനുകളുള്ള ഹൈസ്കൂളുകളിൽ നാച്ചുറൽ സയൻസ് തസ്തിക അനുവദിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ടി റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുവാൻ കഴിയുന്നില്ലെന്നും അതിനാൽ പ്രസ്തുത ഉത്തരവ് ഭേദഗതി ചെയ്ത് നിലവിലുള്ള നാച്ചുറൽ സയൻസ് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുമാണ് ഹർജികൾ സംബന്ധിച്ച സമിതി മുൻപാകെ ആവശ്യപ്പെട്ടിരുന്നത്.

02/05/2018 -ൽ നിലവിൽ വന്ന എച്ച്.എസ്.ടി നാച്ചറൽ സയൻസ് റാങ്ക് ലിസ്റ്റിൽ നിന്നും ശ്രീമതി സുനിതദേവി സി.ബി-യ്ക്ക് 15/02/2019 -ലെ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ തൃശ്ശൂർ ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ ആർ (1)4390/13 നം. നിയമന ശുപാർശ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 22/02/2019 -ലെ എ 1/5614/17 നിയമന ഉത്തരവ് പ്രകാരം 25/02/2019-ൽ ജോലിയിൽ പ്രവേശിച്ചതായും ഇതേ നമ്പർ റാങ്ക് ലിസ്റ്റിൽ നിന്ന് 13 പേർക്കു കൂടി തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും നിയമനം നൽകിയിട്ടുണ്ടെന്നും തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടർ അറിയിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ടിലെ വിവരം 02.08.2023 -ലെ കത്ത് മുഖേന ഹർജിക്കാരെ അറിയിച്ചിട്ടുണ്ട്.

പ്രസ്തുത റിപ്പോർട്ട് 12.07.2023 -ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

(25) **ആശ്രിത നിയമന പ്രകാരം ലഭിച്ച നിയമനം അംഗീകരിക്കുന്നതിനായി പച്ചാട്ടിരി പി.എ.എൻ.എം.എസ്. എ.യു.പി. സ്കൂളിൽ വർഷങ്ങളായി തുടർന്നു വരുന്ന സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തിക നിലനിർത്തണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി നയന എം. എം, മലപ്പുറം സമർപ്പിച്ച ഹർജി.**

**(ഫയൽ നമ്പർ 19480/ഹർജി എ 4/2017/ലെജി.)**

ഹർജിക്കാരിയുടെ ഭർത്താവ് പച്ചാട്ടിരി പി.എ.എൻ.എം.എസ്.എ. യു.പി. സ്കൂളിൽ കായിക അദ്ധ്യാപകനായിരുന്നുവെന്നും ടിയാൻ 07.03.2016-ന് രക്താർബുദം ബാധിച്ച് മരിച്ചതിനെ തുടർന്ന് ഹർജിക്കാരിക്ക് പ്രസ്തുത സ്കൂളിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപക വിഭാഗത്തിൽ തുന്നൽ അദ്ധ്യാപികയായി 01.06.2016-ന് നിയമനം ലഭിച്ചുവെന്നും എന്നാൽ ടിയാളുടെ നിയമനത്തിനു ശേഷം പ്രസ്തുത സ്കൂളിലെ

നിലവിലുള്ള കായിക അദ്ധ്യാപക തസ്തിക ഉന്നൽ അദ്ധ്യാപക തസ്തികയാക്കി നൽകുന്നതിനും ടിയാളുടെ നിയമനം അംഗീകരിക്കുന്നതിനുമുള്ള പ്രൊപ്പോസൽ അധികാരികൾ മുഖേന സമർപ്പിച്ചുവെങ്കിലും കുട്ടികളുടെ എണ്ണം 500-ൽ കുറവായതിനാൽ സ്പെഷ്യലിസ്റ്റ് തസ്തികയ്ക്ക് അർഹതയില്ല എന്ന് കാണിച്ച് നിയമന പ്രൊപ്പോസൽ നിരസിക്കുകയുണ്ടായെന്നും ഹർജിയിൽ ബോധിപ്പിച്ചിരിക്കുന്നു.

ഹർജിക്കാരിയുടെ ഭർത്താവ് വർഷങ്ങളായി സേവനത്തിൽ ഇരുന്നതും, മരണപ്പെട്ടില്ലായിരുന്നുവെങ്കിൽ തുടരുന്നതുമായിരുന്ന തസ്തികയിലേക്കാണ് ഹർജിക്കാരിക്ക് ആശ്രിത നിയമനവ്യവസ്ഥ പ്രകാരം നിയമനം ലഭിച്ചിട്ടുള്ളത് എന്നും ഇതിനെ ഒരു പുതിയ തസ്തികയായി കണക്കാക്കരുതെന്നും അതിനാൽ മാനുഷിക പരിഗണന നൽകി, ടിയാൾക്ക് ലഭിച്ച നിയമനം അംഗീകരിക്കുന്നതിലേക്ക് പച്ചാട്ടിരി പി.എ.എൻ.എം.എസ്.എ.യു.പി. സ്കൂളിൽ വർഷങ്ങളായി തുടർന്നു വന്നിരുന്ന സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തിക നിലനിർത്തുന്നതിന് ആവശ്യമായ പ്രത്യേക നടപടി ഉത്തരവ് ഉത്തരവ് ഉണ്ടാകണമെന്നാണ് 05.06.2017 തീയതിയായി സമർപ്പിച്ച ഹർജിയിലെ ആവശ്യം.

ടി ഹർജി റിപ്പോർട്ടിനായി 16.06.2017-ലെ കത്ത് മുഖേന പൊതുവിദ്യാഭ്യാസ വകുപ്പിലേയ്ക്ക് അയച്ചു.

ഹർജിയിന്മേൽ പൊതുവിദ്യാഭ്യാസ (കെ) വകുപ്പിൽ നിന്നും 10.08.2018 തീയതിയായി ലഭിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

പച്ചാട്ടിരി പി.എ.എൻ.എം.എസ്.എ.യു. പി സ്കൂളിലെ കായികാധ്യാപകനായിരിക്കെ അന്തരിച്ച കെ. പി. പ്രശാന്തിന്റെ ഒഴിവിൽ ആശ്രിത നിയനം വ്യവസാഥ പ്രകാരം ഉന്നൽ അധ്യാപികയായി 01.06.2016 മുതൽ നിയമിതയായ ടിയാന്റെ ഭാര്യ ശ്രീമതി എം. എം. നയനയുടെ നിയമന പ്രൊപ്പോസൽ മതിയായ എണ്ണം കുട്ടികൾ ഇല്ല എന്ന കാരണത്താൽ തിരൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചതിനെതിരെ ടി സ്കൂളിൽ തുടർന്നു വന്നിരുന്ന സ്പെഷ്യലിസ്റ്റ്

അധ്യാപക തസ്തിക ടിയാളുടെ പ്രത്യേക സാഹചര്യം പരിഗണിച്ച് കുട്ടികളുടെ എണ്ണം പരിഗണിക്കാതെ തുടർന്നും നിലനിർത്തുന്നതിന് ആവശ്യമായ പ്രത്യേക നടപടി ഉത്തരവുകൾ ഉണ്ടാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ശ്രീമതി എം.എം. നയന ഹർജി സമർപ്പിച്ചിരുന്നത്. ഇക്കാര്യത്തിൽ സർക്കാർ സമിതി മുമ്പാകെ 27.11.20217-ൽ റിപ്പോർട്ട് സമർപ്പിക്കുകയും, സമിതി 29.11.2017-ൽ യോഗം ചേർന്ന് മേൽ വിഷയം സംബന്ധിച്ച് തെളിവെടുപ്പ് നടത്തുകയും , ടി വിഷയത്തിന്മേൽ മാനുഷിക പരിഗണന നൽകി സ്കൂളിലെ കുട്ടികളുടെ അനുപാതം കുറച്ച് ഹർജിക്കാരിയുടെ തസ്തിക നിലനിർത്തുന്നത് സംബന്ധിച്ച് അനുകൂല നടപടി സ്വീകരിക്കണമെന്നും, കൂടാകെ സംസ്ഥാനത്താകെ അടുത്തടുത്ത് സ്ഥിതി ചെയ്യുന്ന വിദ്യാലയങ്ങളെ ക്ലബ് ചെയ്ത് നിലവിലുറ്റ തസ്തികകൾ നിലനിർത്താൻ നടപടി സ്വീകരിക്കണമെന്നും ശിപാർശ ചെയ്യുകയുണ്ടായി. പ്രസ്തുത ശിപാർശയിന്മേലുള്ള റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

പച്ചാട്ടിരി പി.എ.എൻ.എം.എസ്.എ.യു.പി സ്കൂളിൽ 2016-17 വർഷത്തിൽ യു.പി വിഭാഗത്തിലെ ആകെ കുട്ടികളുടെ എണ്ണം 447-ഉം, 2017-18 വർഷത്തിൽ 454-മാണ്. കെ.ഇ.ആർ അധ്യായം XXIII റൂൾ 6 (ബി) (2) (എ) പ്രകാരം യു.പി. വിഭാഗത്തിൽ 500 കുട്ടികൾ ഉണ്ടെങ്കിൽ മാത്രമേ സ്പെഷ്യലിസ്റ്റ് അധ്യാപക തസ്തിക അനുവദിക്കാൻ കഴിയൂ.

സ്പെഷ്യലിസ്റ്റ് അധ്യാപക തസ്തിക അനുവദിക്കുന്നതിന് കെ.ഇ.ആർ അധ്യായം XXIII റൂൾ 6 (ബി) (2) (എ)-യിൽ നിഷ്കർഷിച്ച പ്രകാരമുള്ള 500 കുട്ടികൾ ഉണ്ടായിരിക്കണം എന്ന വ്യവസ്ഥയിൽ ഇളവു നൽകിയോ/ഭേദഗതി വരുത്തിയോ മാത്രമേ മലപ്പുറം പച്ചാട്ടിരി പി.എ.എൻ.എം.എസ്.എ.യു.പി. സ്കൂളിലെ തുന്നൽ അധ്യാപിക ശ്രീമതി എം. എം. നയനയുടെ നിയമനത്തിന് അംഗീകാരം നൽകുവാൻ കഴിയൂ. ടി വിഷയത്തിന്മേൽ നയപരമായ തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്. യു. പി. സ്കൂളിൽ/ഹൈസ്കൂളിലെ യു. പി. വിഭാഗത്തിൽ സ്പെഷ്യലിസ്റ്റ് അധ്യാപക തസ്തിക അനുവദിക്കുന്നതിന് കെ.ഇ.ആർ. അധ്യായം

XXIII റൂൾ 6 (ബി) (2) (എ)-യിൽ നിഷ്കർഷിച്ച പ്രകാരം 6-ാം സാധ്യായ ദിവസം അഞ്ഞൂറോ അതിലധികമോ കുട്ടികൾ വേണമെന്ന വ്യവസ്ഥ കലോചിതമായി പരിഷ്കരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്.

പ്രസ്തുത റിപ്പോർട്ട് സമിതിയുടെ 13.08.2018-ലെ തെളിവെടുപ്പ് യോഗം പരിഗണിച്ചു. യോഗത്തിൽ പങ്കെടുത്ത ഹർജിക്കാരി മൂന്ന് വർഷമായി അംഗീകാരം കിട്ടാതെ ജോലിയിൽ തുടരുകയാണെന്നും ആശ്രിത നിയമനമെന്ന നിലയിൽ ഇളവ് നൽകി സ്പെഷ്യലിസ്റ്റ് അദ്ധ്യാപക നിയമനാംഗീകാരം നൽകണമെന്നും സമിതിയോട് അഭ്യർത്ഥിച്ചിരുന്നു.

തുടർന്ന് ടിയാൾ 14.08.2018 തീയതിയായി സമർപ്പിച്ച തുടർഹർജി 02.11.2018-ലെ കത്ത് മുഖേന റിപ്പോർട്ടിനായി പൊതുവിദ്യാഭ്യാസ(കെ) വകുപ്പിലേയ്ക്ക് അയച്ചിരുന്നു. വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ഭാഗമായി മറ്റ് വിഭാഗം അദ്ധ്യാപകർക്ക് കുട്ടികളുടെ എണ്ണത്തിൽ വരുത്തിയ കുറവ് (എൽ.പി.-1:30, യു.പി.-1:35) മാനുഷിക പരിഗണന വച്ച് ആശ്രിത നിയമനക്കാരി കൂടിയാണെന്ന കാര്യവും പരിഗണിച്ച് നിയമനാംഗീകാരം നൽകണമെന്ന ഹർജിക്കാരിയുടെ ആവശ്യം പുന:പരിശോധിക്കുന്നതിലേയ്ക്കായി നൽകിയ തുടർഹർജിയിന്മേൽ പൊതുവിദ്യാഭ്യാസ (ആർ) വകുപ്പ് 18.11.2020 തീയതിയായി റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

പ്രസ്തുത റിപ്പോർട്ടിൽ കെ.ഇ.ആർ. അദ്ധ്യായം XXIII റൂൾ 6(ബി)2(എ)യിൽ നിഷ്ക്കർഷിച്ച പ്രകാരമുള്ള 500 കുട്ടികൾ എന്ന വ്യവസ്ഥയിൽ ഇളവ് നൽകിയോ/ ഭേദഗതി വരുത്തിയോ മാത്രമേ ടിയാളുടെ നിയമനാംഗീകാരം നൽകുവാൻ സാധിക്കുകയുള്ളൂവെന്നും പ്രസ്തുത വിഷയത്തിൽ സർക്കാർ ഒരു നയപരമായ തീരുമാനം കൈക്കൊള്ളേണ്ടതുണ്ടെന്നും പ്രസ്തുത ചട്ടം പരിഷ്കരിക്കുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ലായെന്നും ആയതിനാൽ ടിയാൾ സമർപ്പിച്ച ഹർജിയിലെ ആവശ്യം പുനഃപരിഗണിക്കുവാൻ നിർവ്വാഹമില്ലായെന്നും അറിയിച്ചിരുന്നു.

പ്രസ്തുത റിപ്പോർട്ട് 19.11.2020-ലെ സമിതി യോഗം പരിഗണിക്കുകയും

മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിലും നിയമപരമായിട്ടും ഹർജിക്കാരിക്ക് നിയമനം നൽകേണ്ടതാണെന്നും എയ്ഡഡ് സ്കൂളിലെ ആശ്രിത നിയമന വ്യവസ്ഥയായ 51(ബി) പ്രകാരം ഏത് തസ്തികയിലേയ്ക്കും നിയമനം നൽകാമെന്നും ടീച്ചറായി തുടരാൻ സാധിക്കുന്നില്ലെങ്കിൽ യോഗ്യത അനുസരിച്ച് മറ്റേതെങ്കിലും തസ്തികയിൽ നിയമനം നൽകുവാൻ മാനേജർ ബാദ്ധ്യസ്ഥനാണെന്നും അപ്രകാരം നിയമനം നൽകിയശേഷം റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി നിർദ്ദേശിച്ചു

പ്രസ്തുത സമിതി നിർദ്ദേശത്തിന്മേൽ പൊതുവിദ്യാഭ്യാസ (ആർ) വകുപ്പ് 21.12.2022-ലെ കത്തു മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

മലപ്പുറം പച്ചാട്ടിരി പി.എ.എൻ.എം.എസ്.എ.യു.പി സ്കൂളിലെ 51 (ബി) അവകാശിയായ ശ്രീമതി നയന എം. എം. -നെ ടി സ്കൂളിലെ ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) ആയിരുന്ന ശ്രീമതി കോമളവല്ലി സി. പി. 30.06.2021-ന് വിരമിച്ച ഒഴിവിൽ 15.07.2021 മുതൽ സ്കൂൾ മാനേജർ നിയമിക്കുകയും തിരൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും നിയമനാംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം സ്ഥിര നിയമനം നേടിയതിനാൽ ശ്രീമതി നയന എം.എം -ന്റെ പരാതി പരിഹരിക്കപ്പെട്ടിട്ടുണ്ട്.

പ്രസ്തുത റിപ്പോർട്ടിലെ വിവരം 02.08.2023-ലെ കത്ത് മുഖേന ഹർജിക്കാരിയെ അറിയിച്ചു.

പ്രസ്തുത റിപ്പോർട്ട് 12.07.2023-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു

# VII - തദ്ദേശസ്വയംഭരണം & റവന്യൂ വകുപ്പ്

**(26) (1) ജനവാസ കേന്ദ്രത്തിലൂടെ പ്രകൃതി വാതക പൈപ്പ്‌ലൈൻ സ്ഥാപിക്കുന്നതിനെതിരെ ശ്രീ. എം.പി. സുധാകരൻ, തൃശ്ശൂർ സമർപ്പിച്ച ഹർജി.**

**(ഫയൽ നമ്പർ 15193/ഹർജി സി2/2012/ലെജി.)**

**(2) ഗെയിൽ വാതകപൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനെതിരെ ശ്രീ. വി.ടി. പ്രദീപ്കുമാർ, കോഴിക്കോട് സമർപ്പിച്ച ഹർജി.**

**(ഫയൽ നമ്പർ 20853/ഹർജി സി2/2016/ലെജി.)]**

കൊച്ചി - മംഗലാപുരം പ്രകൃതിവാതക പൈപ്പ് ലൈൻ ജനവാസ കേന്ദ്രങ്ങളിലൂടെ കടന്നുപോകുന്നതിനാൽ ജനങ്ങൾ ഭയവിഹ്വലരാണെന്നും ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കി പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കാൻ കഴിയുമെന്നും അപ്രകാരം മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും നിലവിലെ നിയമമനുസരിച്ച് ഭൂമി നഷ്ടപ്പെട്ടവർക്ക് യൂസേജ് ഫീ ഇനത്തിൽ തുച്ഛമായ തുക മാത്രമേ ലഭിക്കുകയുള്ളൂവെന്നും ടി നിയമം മാറ്റി വിവിധ ആവശ്യങ്ങൾക്ക് സർക്കാർ ഭൂമി ഏറ്റെടുക്കുന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി സ്ഥലത്തിന് മാർക്കറ്റ് വിലയും നഷ്ടപരിഹാരവും ലഭിക്കുന്നതിനും വീട് നഷ്ടപ്പെടുന്നവർക്ക് പുനഃരധിവാസം ഉറപ്പാക്കുന്നതിനും നടപടികൾ കൈക്കൊള്ളണമെന്ന് ശ്രീ. എം. പി. സുധാകരൻ, തൃശ്ശൂർ 28.05.2012 തീയതിയായി സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

ടി ഹർജി റിപ്പോർട്ടിനായി 20.06.2012-ലെ കത്ത് മുഖേന വ്യവസായം, തദ്ദേശസ്വയംഭരണം, റവന്യൂ എന്നീ വകുപ്പുകളിലേക്ക് അയച്ചു.

ഹർജിയിന്മേൽ വ്യവസായ(ജെ) വകുപ്പിൽ നിന്ന് 09.10.2012 തീയതിയിലെ കത്ത് മുഖേന, ലഭിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"പൈപ്പ് ലൈൻ കടന്നുപോകുന്ന ഭാഗത്തുള്ള ഭൂവുടമകളെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു Hearing Programme 06.03.2012 -ന് പുത്തൻചിറ പഞ്ചായത്ത് ഹാളിൽ ബന്ധപ്പെട്ട ഡെപ്യൂട്ടി കളക്ടർ നടത്തുകയുണ്ടായി. പ്രസ്തുത ഹിയറിംഗിൽ ജനങ്ങളുടെ പരാതികൾ പരിശോധിച്ച് തീരുമാനം എടുക്കുകയും

വീട്ടുകളെ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പരാതിയിൽ പറഞ്ഞിരിക്കുന്ന റൂട്ടിനെപ്പറ്റി പഠനം നടത്തുകയും അത് സാങ്കേതിക കാരണത്താൽ പ്രായോഗികമല്ലെന്ന് കണ്ടെത്തുകയുമുണ്ടായി. വീണ്ടും ഈ പരാതി 23.06.2012-ൽ തൃശ്ശൂർ ജില്ലാ കളക്ടർ നടത്തിയ മീറ്റിംഗിൽ സമർപ്പിക്കുകയും ഇതിനെപ്പറ്റി പഠനം നടത്താൻ കളക്ടർ നിർദേശിക്കുകയും ചെയ്തിട്ടുണ്ട്.

അതിന്റെ വെളിച്ചത്തിൽ പ്രസ്തുത പരാതിയിൽ പറഞ്ഞിട്ടുള്ള റൂട്ടിനെപ്പറ്റി വീണ്ടും വിശകലനം നടത്തുകയും, ആയത് പ്രായോഗികമല്ലെന്ന് ബോധ്യപ്പെടുകയും ചെയ്തതായി ഡെപ്യൂട്ടി ഡയറക്ടർ, ഗെയിൽ (ഇന്ത്യ) ലിമിറ്റഡ് റിപ്പോർട്ട് ചെയ്ത വിവരം അറിയിക്കുന്നു."

ഹർജിയിന്മേൽ തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പിൽ നിന്നും 15.10.2012 -ലെ കത്ത് മുഖേന ലഭിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ഗ്യാസ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ ഗ്യാസ് പൈപ്പ് ലൈൻ മാള ഗ്രാമപഞ്ചായത്തിലെ പള്ളിപ്പുറം ഭാഗത്തുനിന്നും പുത്തൻചിറ ഗ്രാമപഞ്ചായത്തിലെ കൊമ്പത്ത് കടവിലൂടെയും സമീപ പ്രദേശങ്ങളായ വെള്ളൂർ, കുപ്പംബസാർ, അംബേദ്കർ കോളനി, കോവിലകത്ത് കുന്ന് എന്നിവിടങ്ങളിലൂടെയും കടന്നുപോകുന്നു. പള്ളിപ്പുറം വില്ലേജ് (മാള പഞ്ചായത്ത്) പുത്തൻചിറ വില്ലേജ് (പുത്തൻചിറ പഞ്ചായത്ത്) എന്നിവിടങ്ങളിലായി ഉദ്ദേശം രണ്ട് കിലോമീറ്റർ ദൂരം പൈപ്പ്ലൈൻ കടന്നുപോകുന്നത് ചതുപ്പ് നിലങ്ങളിലൂടെയാണ്. ഇതിനുശേഷം കൊമ്പത്ത് കടവ് തുടങ്ങി പഞ്ചായത്ത് അതിർത്തി അവസാനിക്കുന്നത് വരെ പൈപ്പ്ലൈൻ കടന്നുപോകുന്നത് കരഭൂമിയിലൂടെയാണ്. ഇവിടം ജനവാസ കേന്ദ്രങ്ങളാണ്. തെങ്ങ്, കവുങ്ങ്, ജാതി, മാവ് തുടങ്ങിയ വൃക്ഷങ്ങൾ നിറഞ്ഞുനിൽക്കുന്ന പ്രദേശമാണ് ഇവിടം. ഇപ്പോൾ പൈപ്പ്ലൈൻ കടന്ന് പോകുന്ന 20 മീറ്ററിനുള്ളിൽ നിരവധി വീടുകളുണ്ട്. ഭാവിയിൽ പൈപ്പ്ലൈൻ കടന്നുപോകുന്ന സ്ഥലത്തിന് ഇരുവശത്തും വീടുകൾ നിർമ്മിക്കാൻ തടസ്സം നേരിടുമെന്നും പൈപ്പ്ലൈൻ

കടന്നുപോകുന്ന പ്രദേശത്ത് പത്ത് സെന്റിൽ കുറവുള്ള പ്ലോട്ടുകളിൽ താമസിക്കുന്നവരുമുണ്ടെന്നും പുത്തൻചിറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തതായി പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്."

മേല്പറഞ്ഞ റിപ്പോർട്ടുകൾ 22.05.2013-ലെ സമിതി യോഗം പരിഗണിച്ചു.

ഹർജിയിന്മേൽ റവന്യൂ (ബി) വകുപ്പിൽ നിന്നും ലഭിച്ച 21.12.2015-ലെ കത്ത് മുഖേനയുള്ള റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ജനവാസ കേന്ദ്രങ്ങളെ പരമാവധി ഒഴിവാക്കിയാണ് കൊച്ചി - കുറ്റനാട് - മംഗലാപുരം പ്രകൃതി വാതക പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് അലൈൻമെന്റ് നിശ്ചയിച്ചിരിക്കുന്നത്. 1962 -ലെ പെട്രോളിയം & മിനറൽസ് പൈപ്പ് ലൈൻ ആക്ട് അനുസരിച്ചാണ് പൈപ്പ് ലൈൻ സ്ഥലത്തിന്റെ ഉപയോഗാവകാശത്തിന് നഷ്ടപരിഹാരം നിശ്ചയിക്കുന്നത്. ഭൂമിയുടെ കമ്പോള വിലയുടെ പത്ത് ശതമാനം മാത്രമാണ് ഉപയോഗാവകാശത്തിന് നഷ്ടപരിഹാരം നൽകുവാൻ വ്യവസ്ഥയുള്ളത്. സംസ്ഥാനത്തിന്റെ പ്രത്യേക അവസ്ഥ പരിഗണിച്ച് ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ ന്യായ വിലയുടെ അഞ്ച് ഇരട്ടിയായി കമ്പോള വില നിശ്ചയിക്കുന്നതിനും ടി വിലയുടെ പത്ത് ശതമാനം നഷ്ടപരിഹാരമായി നൽകാനും സർക്കാർ ഉത്തരവായിട്ടുണ്ട്.

നിർദ്ദിഷ്ട കൊച്ചി - മംഗലാപുരം പ്രകൃതി വാതക പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി തൃശ്ശൂർ ജില്ലയിലെ പുത്തൻചിറ വില്ലേജിൽ നിന്നും ഭൂമി ഏറ്റെടുത്ത് കഴിഞ്ഞു. എറണാകുളം ജില്ലയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ സ്ഥാപിക്കുന്ന മുറയ്ക്ക് തൃശ്ശൂർ ജില്ലയിലും പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് പ്രശ്നങ്ങൾ ഒന്നും തന്നെയില്ലെന്ന് തൃശ്ശൂർ ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. തൃശ്ശൂർ റവന്യൂ ഡിവിഷണൽ ഓഫീസറെ പൈപ്പ് ലൈൻ പദ്ധതി നടപ്പാക്കുന്നതിനുള്ള നോഡൽ ഓഫീസറായി നിയമിക്കുകയും ചെയ്തിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു."

മേല്പറഞ്ഞ റിപ്പോർട്ട് 29.01.2016 -ലെ സമിതിയോഗം പരിഗണിക്കുകയും റിപ്പോർട്ട് വിവരം ഹർജിക്കാരനെ അറിയിക്കാൻ തീരുമാനിക്കുകയും ചെയ്തു.

റിപ്പോർട്ട് വിവരം അറിയിച്ചതിനെ തുടർന്ന് ഹർജിക്കാരൻ 01.08.2016 തീയതിയായുള്ള പ്രതികരണ ഹർജി സമർപ്പിച്ചു.

പൈപ്പ് ലൈൻ വലിക്കുന്നതിന് 20 മീറ്റർ വീതിയിൽ സകലവൃക്ഷാനുഭവങ്ങളും വെട്ടിമാറ്റേണ്ടി വരുന്നതായും ടി സ്ഥലത്ത് വീട് വയ്ക്കാനോ കിണർ കുഴിക്കാനോ മരങ്ങൾ വച്ചുപിടിപ്പിക്കാനോ കഴിയില്ലെന്നും പച്ചക്കറി കൃഷിമാത്രം നടത്താമെന്നും ഫലത്തിൽ ഭൂമി സർക്കാർ ഏറ്റെടുത്തതിന് തുല്യമാണെന്നും 1962 -ലെ P&MP Act, 2016 -ൽ കേരളത്തിൽ നടപ്പിലാക്കാൻ ശ്രമിക്കുന്നത് പ്രായോഗികമല്ലെന്നും അതിനാൽ 1962 -ലെ P&MP Act ഒഴിവാക്കി ആവശ്യമായ നിയമനിർമ്മാണം നടത്തി ഭൂവുടമകൾക്ക് മതിയായ വിലയും നഷ്ടപരിഹാരവും നൽകിയ ശേഷം മാത്രം ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ടി പ്രതികരണ ഹർജിയിൽ അപേക്ഷിച്ചിരുന്നു.

ടി വിഷയത്തിൽ മറ്റൊരു ഹർജി ശ്രീ. വി.ടി. പ്രദീപ് കുമാർ, കോഴിക്കോട് എന്നയാളും സമർപ്പിച്ചിരുന്നു. 1962-ലെ പെട്രോളിയം & മിനറൽസ് പൈപ്പ് ലൈൻ ആക്ട് വകുപ്പ് 7 പ്രകാരം ജനവാസമേഖലയിലൂടെ പൈപ്പ് ലൈൻ സ്ഥാപിക്കാൻ പാടില്ലെന്നും എന്നാൽ ടി വകുപ്പ് ലംഘിച്ചുകൊണ്ടാണ് ഗെയ്ൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതെന്നും അതിനാൽ നിയമവിരുദ്ധമായും നടപടികൾ പാലിക്കാതെയും സാധാരണക്കാരന്റെ ഭൂമിയുടെ ഉപയോഗ അവകാശം ഗെയ്ൽ ഏറ്റെടുക്കുന്നത് തടയണമെന്ന് ടി ഹർജിയിൽ അപേക്ഷിച്ചിരുന്നു.(ഫയൽ നമ്പർ 20853/ഹർജി സി2/2016/നി.സെ.)

പ്രസ്തുത ഹർജികൾ 17.11.2016-ലെ സമിതി യോഗം പരിഗണിക്കുകയും പ്രകൃതി വാതക പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി ഏറ്റെടുത്തിട്ടുള്ള സ്ഥലങ്ങൾക്ക് നഷ്ടപരിഹാരം കൂട്ടിക്കൊടുക്കണമെന്ന കാര്യത്തിൽ സർക്കാരിന്റെ നിലവിലെ നയം എന്താണെന്നും, സമാന സ്വഭാവമുള്ള എത്ര പരാതികൾ നിലവിലുണ്ടെന്നും ബന്ധപ്പെട്ട വകുപ്പിനോട് ആരായാൻ തീരുമാനിക്കുകയും ചെയ്തു.

പ്രസ്തുത സമിതി തീരുമാന പ്രകാരമുള്ള റിപ്പോർട്ടിനായി 20.12.2016 -ൽ റവന്യൂ (ബി) വകുപ്പിലേക്ക് കത്തയച്ചു. തുടർന്ന് നിരവധി കത്തിടപാടുകൾ നടത്തിയിട്ടും റിപ്പോർട്ട് ലഭ്യമാക്കാത്തതിനാൽ ടി വിഷയം സമിതിയുടെ 03.02.2021-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി പരിഗണിച്ചു.

ഹർജി വിഷയത്തിന്മേൽ തൃശ്ശൂർ ജില്ലാ കളക്ടർ ഇ-മെയിൽ മുഖേന ലഭ്യമാക്കിയ 25.01.2021 -ലെ റിപ്പോർട്ട് ടി യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ടി റിപ്പോർട്ടുവിവരം ഹർജിക്കാരനെ അറിയിക്കാനും ഹർജിയിന്മേലുള്ള അന്തിമ റിപ്പോർട്ട് റവന്യൂ(ബി ) വകുപ്പിനോട് ആവശ്യപ്പെടുന്നതിനും തീരുമാനിച്ചു.

സമിതി തീരുമാനപ്രകാരം അന്തിമ റിപ്പോർട്ടാവശ്യപ്പെട്ടുകൊണ്ട് റവന്യൂ(ബി) വകുപ്പിനും റിപ്പോർട്ടുവിവരം അറിയിച്ചുകൊണ്ട് ഹർജിക്കാരനും 06.10.2021-ൽ കത്തയച്ചു.

കൂടാതെ, ഗെയിൽ വാതക പൈപ്പ് ലൈൻ സ്ഥാപിച്ചത് സംബന്ധിച്ച് സമിതിയുടെ പരിഗണനയിലുള്ള ഹർജികളിന്മേൽ ഗെയിൽ അധികൃതർ ഹർജിക്കാർക്ക് കൂടുതൽ പണം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് റവന്യൂ വകുപ്പിനോട് ശിപാർശ ചെയ്യാൻ സമിതിയുടെ 24.11.2021-ലെ തെളിവെടുപ്പ് യോഗം തീരുമാനിച്ച വിവരവും റവന്യൂ വകുപ്പിനെ അറിയിച്ചിരുന്നു.

ഹർജിയിന്മേൽ റവന്യൂ (ബി) വകുപ്പ് 06.12.2022-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

" നിയമസഭ സെക്രട്ടറിക്ക് 21.12.2015 -ലെ 57074/ബി1/2015/റവ പ്രകാരം ലഭ്യമാക്കിയ നടപടി റിപ്പോർട്ടിൽ, ജനവാസ കേന്ദ്രങ്ങളെ പരമാവധി ഒഴിവാക്കിയാണ് കൊച്ചി - കുറ്റനാട് - മംഗലാപുരം പ്രകൃതിവാതക പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് അലൈൻമെന്റുകൾ നിശ്ചയിച്ചിരിക്കുന്നതെന്നും, 1962 ലെ പെട്രോളിയം & മിനറൽസ് പൈപ്പ് ലൈൻ ആക്ട് അനുസരിച്ചാണ് നഷ്ടപരിഹാരം നിശ്ചയിച്ചിരിക്കുന്നതെന്നും നിയമസഭാ സെക്രട്ടറിയെ അറിയിച്ചിരുന്നു. ഭൂമിയുടെ കമ്പോള വിലയുടെ പത്ത്

ശതമാനം മാത്രമാണ് ഉപയോഗാവകാശത്തിന് നഷ്ടപരിഹാരം നൽകുവാൻ വ്യവസ്ഥയുള്ളത് എന്നും എന്നാൽ സംസ്ഥാനത്തിന്റെ പ്രത്യേക അവസ്ഥ പരിഗണിച്ച് ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ ന്യായ വിലയുടെ 5 ഇരട്ടിയായി കമ്പോള വില നിശ്ചയിച്ചിട്ടുണ്ടെന്നും 10 ശതമാനം നഷ്ടപരിഹാരമായി നൽകാനും ഉത്തരവായിട്ടുണ്ടെന്നും പ്രസ്തുത റിപ്പോർട്ടിൽ നിയമസഭാ സെക്രട്ടറിയെ അറിയിച്ചിരുന്നു. കൂടാതെ കൊച്ചി - മംഗലാപുരം പ്രകൃതിവാതക പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി തൃശ്ശൂർ ജില്ലയിലെ പുത്തൻചിറ വില്ലേജിൽ നിന്നും ഭൂമി ഏറ്റെടുത്ത് കഴിഞ്ഞുവെന്നും എറണാകുളം ജില്ലയിൽ പ്രകൃതിവാതക പൈപ്പ് ലൈൻ സ്ഥാപിക്കുന്ന മുറയ്ക്ക് തൃശ്ശൂർ ജില്ലയിലും പ്രവൃത്തികൾ ആരംഭിക്കുമെന്നും അറിയിക്കുകയുണ്ടായി.

നിയമസഭാ സെക്രട്ടറിക്ക് ലഭ്യമാക്കിയ പ്രസ്തുത റിപ്പോർട്ട് 17.11.2016 -ലെ നിയമസഭാ സമിതിയോഗം പരിഗണിക്കുകയും, പ്രകൃതിവാതക പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി ഏറ്റെടുത്തിട്ടുള്ള സ്ഥലങ്ങളിൽ നഷ്ടപരിഹാരം കൂട്ടികൊടുക്കണമെന്ന കാര്യത്തിൽ സർക്കാരിന്റെ നിലവിലെ നയം എന്താണെന്നും, സമാന സ്വഭാവമുള്ള എത്ര പരാതികൾ നിലവിലുണ്ടെന്നും ആരായുകയുണ്ടായി.

നഷ്ടപരിഹാരം കൂട്ടിക്കൊടുക്കണമെന്ന കാര്യത്തിൽ സർക്കാരിന്റെ നയം വ്യക്തമാക്കി 01.12.2017 -ലെ സ.ഉ(ആർ.റ്റി) നമ്പർ 5165/2017/റവ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും കൂടാതെ കൊച്ചി - കൂറ്റനാട് മംഗലാപുരം പ്രകൃതിവാതക പൈപ്പ് ലൈൻ കമ്മീഷൻ ചെയ്തിട്ടുള്ളതുമാണ്. സമാന സ്വഭാവമുള്ള പരാതികൾ സംബന്ധിച്ച് ബന്ധപ്പെട്ട ജില്ലാ കളക്ടർമാരോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നതും താഴെ സൂചിപ്പിച്ചിട്ടുള്ള പട്ടിക പ്രകാരം സമാനസ്വഭാവമുള്ള പരാതികൾ ലഭിച്ചിട്ടുള്ളതാണെന്നും ആയത് തീർപ്പാക്കിയിട്ടുള്ളതാണെന്നും അറിയിക്കുകയുണ്ടായി.

| ക്രമ നമ്പർ | ജില്ല | പരാതികളുടെ എണ്ണം |
|---|---|---|
| 1 | എറണാകുളം | 39 |
| 2 | തൃശ്ശൂർ | 1 |
| 3 | പാലക്കാട് | 18 |
| 4 | കോഴിക്കോട് | 66 |
| 5 | മലപ്പുറം | ..... |
| 6 | കണ്ണൂർ | 46 |
| 7 | കാസർഗോഡ് | 51 |

26.09.2023 -ലെ സമിതിയോഗം മേല്പറഞ്ഞ റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും, ഹർജികളിന്മേലുള്ള തുടർനടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

(27) **ഏലപ്പാറ സെൻട്രൽ ജംഗ്ഷന് സമീപത്തുള്ള ആറ്റിൽ പില്ലർ ഇറക്കി ടാക്സി സ്റ്റാൻഡ് നിർമ്മിക്കുന്ന പഞ്ചായത്ത് ഭരണസമിതിക്കെതിരെ ശ്രീ. സി. സന്തോഷ് കുമാർ, ഇടുക്കി സമർപ്പിച്ച ഹർജി.**

**(ഫയൽ നമ്പർ 16735/ഹർജി സി2/2018/ലെജി.)**

പീരുമേട് നിയോജക മണ്ഡലത്തിലെ ഏലപ്പാറ ഗ്രാമ പഞ്ചായത്തിൽ സെൻട്രൽ ജംഗ്ഷന് സമീപത്തുകൂടി ഒഴുകുന്ന ആറ്റിൽ പില്ലർ ഇറക്കി ടാക്സി സ്റ്റാൻഡ് നിർമ്മിക്കുന്ന പഞ്ചായത്ത് ഭരണ സമിതിക്കെതിരെ ശ്രീ. സി. സന്തോഷ്കുമാർ സമർപ്പിച്ച ഹർജിയിൽ, സ്റ്റാൻഡ് നിർമ്മിക്കുന്നതിനായി സർവ്വകക്ഷി യോഗത്തിൽ തീരുമാനമെടുത്തതനുസരിച്ച് ടൗണിൽ പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലം ഏറ്റെടുത്തുവെന്നും, താലൂക്ക് സർവെയർ സ്ഥലം അളന്ന് പഞ്ചായത്തിന് നൽകിയെന്നും, അതിന് പഞ്ചായത്ത് ഭരണ സമിതി 30,000/- രൂപയോളം ഫണ്ട് വകയിരുത്തിയെന്നും, നിർമ്മാണത്തിനായി

മണ്ണ് നീക്കം ചെയ്ത് തുടങ്ങുകയും ചെയ്തുവെന്നും, എന്നാൽ പഞ്ചായത്ത് ഭരണ സമിതി ടി തീരുമാനം മാറ്റുകയും സർവകക്ഷിയോഗ തീരുമാനത്തെ അവഗണിച്ചുകൊണ്ട് നീരൊഴുക്ക് തടസ്സപ്പെടുത്തി ആറ്റിൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ചുവെന്നും അതിനാൽ ആറും തീരവും സംരക്ഷിക്കേണ്ട പഞ്ചായത്ത് ഭരണസമിതിയുടെ ടി നിർമ്മാണ പ്രവർത്തനം നിർത്തി വയ്ക്കാൻ വേണ്ട നടപടി ഉണ്ടാകണമെന്ന് 05.03.2018 തീയതിയായി സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 24-03-2018-ലെ കത്ത് മുഖേന റവന്യൂ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിലേയ്ക്ക് അയച്ചു.

ഹർജിയിന്മേൽ തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ് 20.05.2019-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

" പ്രസ്തുത വിഷയം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി പരിശോധിച്ചു. ഏലപ്പാറ ടൗണിൽ കുട്ടിക്കാനം-കട്ടപ്പന PWD റോഡിനു സമീപം ഏലപ്പാറ തോടിനു കുറുകെയുള്ള പാലത്തിനോട് ചേർന്ന് ഒരു ഓട്ടോ-ടാക്സി പാർക്കിംഗ് ഏരിയ നിർമ്മാണത്തിനായി ഏലപ്പാറ ഗ്രാമപഞ്ചായത്തിന് 2017-18-ൽ ഇടുക്കി ജില്ലാ ആസൂത്രണ സമിതിയുടെ അനുമതി ലഭിച്ചിട്ടുണ്ട്. ഏകദേശം മൂന്ന് മീറ്റർ വീതിയിൽ ഒഴുകി വരുന്ന ഏലപ്പാറ തോട്ടിൽ ഏതാനും കോൺക്രീറ്റ് പില്ലറുകൾ സ്ഥാപിച്ച് റോഡിന് സമാന്തരമായുള്ള സ്ലാബ് നിർമ്മാണമായതിനാൽ, ടി പദ്ധതിയുമായി ബന്ധപ്പെട്ട് കട്ടപ്പന ചെറുകിട ജലസേചന വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ, പീരുമേട് പൊതുമരാമത്ത് വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർ, ഏലപ്പാറ വില്ലേജ് ഓഫീസർ, മൈനർ ഇറിഗേഷൻ ഏലപ്പാറ അസിസ്റ്റന്റ് എൻജിനീയർ എന്നിവരുടെ നിയമപ്രകാരമുള്ള നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ വാങ്ങിയിട്ടുണ്ട്.

ഏലപ്പാറ ഗ്രാമപഞ്ചായത്ത് സമിതിയുടെ പ്രത്യേക തീരുമാനപ്രകാരം ടി പദ്ധതി ഇ-ടെൻഡർ ചെയ്ത് നിർമ്മാണം ആരംഭിച്ചെങ്കിലും പ്രദേശത്തെ

ഏതാനുംപേർ പരാതി നൽകിയതിനെ തുടർന്ന് ഏലപ്പാറ വില്ലേജ് ഓഫീസറുടെ 21.02.2018-ലെ 128/2018 നമ്പർ നിരോധന ഉത്തരവ് പ്രകാരവും 15.03.2018-ലെ 2/2003 നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലും താൽക്കാലികമായി നിർമ്മാണ പ്രവൃത്തികൾ നിർത്തി വച്ചിട്ടുള്ളതാണ്. ബഹു. പീരുമേട് എം.എൽ.എ., ഇടുക്കി ജില്ലാ കളക്ടർ, പീരുമേട് തഹസീൽദാർ എന്നിവരുമായി ബന്ധപ്പെട്ടതിൽ ഏലപ്പാറ തോട്ടിലെ സ്വാഭാവിക നീരൊഴുക്കിന് തടസ്സമാകാത്ത രീതിയിൽ പില്ലറുകൾ സ്ഥാപിച്ച് ടി നിർമ്മാണ പ്രവൃത്തി 2018-19-ലെ സ്പിൽ-ഓവർ പദ്ധതിയായി അംഗീകാരം വാങ്ങി നിർവഹണം നടത്തുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. പരാതിയിൽ പരാമർശിച്ചിരിക്കുന്ന ഏലപ്പാറയിലെ പൊതുമരാമത്ത് വക ഭൂമി ഗ്രാമപഞ്ചായത്തിനായി അളന്നുതിരിച്ച് നൽകുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടില്ലാത്തതും ടൗണിൽ നിന്നും അകലെയായതിനാൽ ഓട്ടോ-ടാക്സി പാർക്കിംഗിന് അനുയോജ്യമല്ലാത്തതുമാണ്"

പ്രസ്തുത റിപ്പോർട്ട് 21.10.2020-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും റവന്യൂ വകുപ്പിൽ നിന്നുള്ള റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു. സമിതി നിർദേശപ്രകാരം റവന്യൂ (പി) വകുപ്പിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടതിനെ തുടർന്ന് ടി വകുപ്പ് 14.11.2022-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

" പീരുമേട് താലൂക്കിൽ ഏലപ്പാറ ഗ്രാമപഞ്ചായത്തിൽ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഡി.പി.സി. പൊതുമരാമത്ത് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചെറുകിട ജലസേചനം എന്നിവരുടെ അനുമതി/എൻ.ഒ.സി. ലഭ്യമാക്കി നടപ്പാക്കുവാനുദ്ദേശിച്ച ഏലപ്പാറ ഓട്ടോ/ ടാക്സി പാർക്കിംഗ് ഏരിയ എന്ന പദ്ധതിക്കായി 14,50,000/- രൂപ അടങ്കൽ തുക വകയിരുത്തുകയും 11,27,636.5/- രൂപയ്ക്ക് ടെൻഡർ അംഗീകരിച്ച് വർക്ക് ഓർഡർ

നടത്തിയിരുന്നതുമാണ്. ഏലപ്പാറ ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറാണ് ടി പദ്ധതിയുടെ നിർവഹണ ഉദ്യോഗസ്ഥനായിട്ടുണ്ടായിരുന്നത്. ടി പ്രവർത്തിയ്ക്കായി 09.02.2018-ൽ 212631/- രൂപയും 09.11.2018-ൽ 212631/- രൂപയും പാർട്ട് ബില്ലുകളായി നല്കിയിട്ടുള്ളതുമാണ്. തോടിനുള്ളിൽ ഓട്ടോ സ്റ്റാന്റ് നിർമ്മിക്കുന്നതിനായി ഏലപ്പാറ പഞ്ചായത്തിന്റെ നേതൃത്വത്തിൽ പില്ലർ അടിത്തറ സ്ഥാപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ദുരന്തനിവാരണ നിയമം, 1957-ലെ ഭൂസംരക്ഷണ നിയമം എന്നിവയുടെ അടിസ്ഥാനത്തിൽ 21.02.2018-ൽ വില്ലേജ് ഓഫീസർ നിരോധന ഉത്തരവ് നൽകി നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തി വയ്പിച്ചിട്ടുള്ളതും ആയതിന് ശേഷം പഞ്ചായത്ത് ഭരണ സമിതി പ്രസ്തുത പദ്ധതി ഉപേക്ഷിക്കുകയും പ്രസ്തുത സ്ഥലത്ത് നാളിതുവരെ യാതൊരു തുടർ നിർമ്മാണ പ്രവർത്തനങ്ങളും നടത്തിയിട്ടില്ലാത്തതുമാണ്."

പ്രസ്തുത റിപ്പോർട്ട് വിവരം 04.01.2023 തീയതിയിലെ കത്ത് മുഖേന ഹർജിക്കാരനെ അറിയിച്ചു.

മേല്പറഞ്ഞ റിപ്പോർട്ട് 29.03.2023-ലെ സമതിയോഗം പരിഗണിക്കുകയും, അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

(28) **<u>കോർപ്പറേഷൻ വക റോഡിൽ തടസ്സം സൃഷ്ടിക്കുന്ന രീതിയിൽ അനധികൃത നിർമ്മാണങ്ങൾ നടത്തിയത് പൊളിച്ചുനീക്കി റോഡ് ഗതാഗത യോഗ്യമാക്കണ- മെന്നാവശ്യപ്പെട്ട് ശ്രീമതി സുജാത എസ്., തിരുവനന്തപുരം സമർപ്പിച്ച ഹർജി.</u>**

**(ഫയൽ നമ്പർ 20237/ഹർജി സി3/2020/ലെജി.)**

ഹർജിക്കാരിയുടെ വീടിന് മുൻവശത്തുള്ള, തിരുവനന്തപുരം കോർപ്പറേഷൻ വക റോഡ് അനധികൃതമായി കൈയേറി TC-95/2617 നമ്പർ വീട്ടിൽ താമസിക്കുന്ന ശ്യാംരാജ് എന്നയാൾ ഏകദേശം രണ്ടടിയോളം ഉയരത്തിൽ ഗതാഗത തടസ്സം ഉണ്ടാകുന്ന രീതിയിൽ നിർമ്മാണ

പ്രവർത്തനങ്ങൾ നടത്തുന്നതായും അതുമൂലം മറ്റ് വാഹനങ്ങൾക്ക് തടസ്സം കൂടാതെ പോകുന്നതിനോ, വാഹനം തിരിക്കുന്നതിനോ സാധിക്കുന്നില്ലെന്നും പൊതുവേ വെള്ളക്കെട്ട് നിറഞ്ഞ ടി റോഡിൽ എതിർകക്ഷിയുടെ പ്രവർത്തിമൂലം ഹർജിക്കാരിയുടെ വീടിനുള്ളിലേയ്ക്ക് വെള്ളം കയറുന്ന അവസ്ഥയാണെന്നും അത് സംബന്ധിച്ച പരാതി തിരുവനന്തപുരം കോർപ്പറേഷന്റെ ആനയറയിലെ സോണൽ ഓഫീസിൽ നൽകിയിരുന്നതായും അടുത്ത രണ്ട് ദിവസങ്ങൾ അവധിയായതിനാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം അന്വേഷിക്കാമെന്ന് അറിയിച്ചതായും ടി ഹർജിയിൽ ബോധിപ്പിച്ചിരുന്നു.

പരാതി നൽകിയ വിവരം കൗൺസിലറുടെ ശ്രദ്ധയിൽപ്പെടുത്തുകയും വിവരം എതിർകക്ഷിയെ അറിയിക്കുകയും ചെയ്തതായും അതൊന്നും വകവയ്ക്കാതെ അനധികൃത നിർമ്മാണം തുടരുകയാണെന്നും അതിനെതിരെ സത്വര നടപടി സ്വീകരിച്ച് റോഡിലെ അനധികൃത നിർമ്മാണം പൊളിച്ചുനീക്കി പൊതുറോഡ് ഗതാഗത യോഗ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് 09.10.2020 തീയതിയായി സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 13.10.2020-ലെ കത്തു മുഖേന തദ്ദേശസ്വയംഭരണം, റവന്യൂ എന്നീ വകുപ്പുകൾക്ക് അയച്ചുകൊടുത്തു.

ഹർജിയിന്മേൽ തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ് 25.02.2021 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"പ്രസ്തുത വിഷയത്തിൽ നഗരസഭയിൽ നിന്നും ലഭ്യമായ 30.01.2021-ലെ ZK2/2840/20 റിപ്പോർട്ടിൽ പരാതിക്കാരിയായ ശ്രീമതി സുജാതയുടെ വീടിനു മുമ്പിലുള്ള ഏകദേശം 2.70 മീ വീതിയുള്ള നഗരസഭ റോഡിലേക്ക് എതിർകക്ഷി ചരിച്ച് കോൺക്രീറ്റ് ചെയ്തിട്ടുള്ള ഭാഗം പൂർണമായും പൊളിച്ചുനീക്കിയിട്ടുണ്ടെന്നും നിലവിൽ ഗതാഗതത്തിന് യാതൊരു അസൗകര്യവും ഇല്ലായെന്നും ആയതിനാൽ തന്നെ പരാതിക്കാരിയുടെ ആവലാതി പരിഹരിക്കപ്പെട്ടിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്യുന്നു."

ഹർജിയിന്മേൽ റവന്യൂ (ജി) വകുപ്പ് 29.06.2021 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ശ്രീമതി സുജാത സമർപ്പിച്ച പരാതി പരിശോധിച്ച് അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കുന്നതിന് തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയ്ക്ക് നിർദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ, തിരുവനന്തപുരം നഗരസഭ കടകംപള്ളി മേഖലാ ഓഫീസ് പരിധിയിലുള്ള അണമുഖം വാർഡിൽ പരാതിക്കാരിയായ ശ്രീമതി സുജാതയുടെ വീടിന് മുന്നിലുള്ള ഏകദേശം 2.70 മീറ്റർ വീതിയിലുള്ള നഗരസഭാ റോഡിലേയ്ക്ക് എതിർകക്ഷി ചരിച്ച് കോൺക്രീറ്റ് ചെയ്തിട്ടുള്ള ഭാഗം പൂർണ്ണമായും പൊളിച്ചുമാറ്റിക്കൊണ്ട് ഗതാഗത തടസ്സം ഒഴിവാക്കുകയും അതുവഴി ഹർജിക്കാരിയുടെ പരാതി പരിഹരിക്കുകയും ചെയ്തിട്ടുണ്ട്"

പ്രസ്തുത റിപ്പോർട്ടുകളിലെ വിവരം യഥാക്രമം 07.04.2021, 06.08.2021 എന്നീ തീയതികളിലെ കത്തുകൾ മുഖേന ഹർജിക്കാരിയെ അറിയിച്ചു

മേല്പറഞ്ഞ റിപ്പോർട്ടുകൾ 05.07.2023-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

## VIII - ദുരന്തനിവാരണം & ജലവിഭവ വകുപ്പ്

(29) **വീടിന്റെ സംരക്ഷണ ഭിത്തി പുനർനിർമ്മിച്ച് നല്കണമെന്നാവശ്യപ്പെട്ട് ശ്രീമതി സാലി വിത്സൻ, പത്തനംതിട്ട സമർപ്പിച്ച ഹർജി.**

**(ഫയൽ നമ്പർ 2810/ഹർജി സി2/2022/ലെജി.)**

കോന്നി താലൂക്കിൽ ചിറ്റാർ പഞ്ചായത്തിൽ താമസിക്കുന്ന ഹർജിക്കാരിയുടെ വീടിന്റെ സംരക്ഷണഭിത്തി 2021 നവംബർ മാസത്തെ മഴയിലും ഉരുൾപ്പൊട്ടലിലും തകർന്നുവീഴുകയുണ്ടായെന്നും നിലവിൽ അപകടാവസ്ഥ യിലാണ് സ്ഥിതി ചെയ്യുന്നതെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലത്തെത്തി പരിശോധന നടത്തിയിരുന്നുവെങ്കിലും അത് പുനർനിർമ്മിക്കാൻ യാതൊരു മാർഗ്ഗവുമില്ലാത്ത

ടിയാൾക്ക് നാളിതുവരെ അതിന് സഹായം ലഭ്യമാക്കിയിട്ടില്ലെന്നും അതിനാൽ, സംരക്ഷണഭിത്തി പുനർനിർമ്മിച്ച് നല്കണമെന്ന് 11.02.2022 തീയതിയായി സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 03.03.2022-ലെ കത്ത് മുഖേന റവന്യൂ (ദുരന്തനിവാരണം), തദ്ദേശസ്വയംഭരണം, ജലവിഭവം എന്നീ വകുപ്പുകളിലേക്ക് അയച്ചു.

ഹർജിയിന്മേൽ തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ് 10.01.2023-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ചിറ്റാർ ഗ്രാമപഞ്ചായത്തിലെ പത്താം വാർഡിൽ ഹർജിക്കാരിയായ ശ്രീമതി സാലി വിൽസന്റെ ഭർത്താവായ ശ്രീ. വിൽസൺ വർഗ്ഗീസിന്റെ പേരിലുള്ള 10/294 നമ്പർ വീട് നീലിപിലാവ് - ഈട്ടിച്ചുവട് തോടിന്റെ സൈഡിൽ ഉള്ളതും വീടിനോട് ചേർന്നുള്ള സംരക്ഷണ ഭിത്തിയുടെ 7.40 മീറ്റർ നീളവും 60 സെ.മീ വീതിയുള്ളതുമായ ഭാഗം ഏകദേശം 4.50 മീറ്ററോളം താഴ്ചയിൽ പൂർണ്ണമായി ഇടിഞ്ഞ് വീണിട്ടുള്ളതായും, ആയതിനാൽ ടി ഭാഗത്തെ ഫൗണ്ടേഷനും ബേസ്മെന്റിനും കേടുപാടുകൾ സംഭവിക്കാൻ ഇടയുണ്ടെന്നും ചിറ്റാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്യുകയുണ്ടായി.

നീലിപിലാവ് - ഈട്ടിച്ചുവട് തോട്ടിൽ മഴയിൽ ശക്തമായ ജലമൊഴുക്ക് ഉണ്ടായാൽ വീട് ഇടിഞ്ഞ് പോകാൻ സാധ്യതയുണ്ട്. നിലവിൽ വീടിന് കേടുപാടുകൾ ഇല്ലാത്തതിനാൽ റവന്യൂ വകുപ്പിൽ നിന്നും ധനസഹായം കിട്ടാൻ സാധ്യതയില്ല. ഗ്രാമപഞ്ചായത്തിന് ഫണ്ടില്ലാത്തതിനാൽ മേൽ പ്രവൃത്തി ഏറ്റെടുക്കുന്നതിന് നിർവാഹമില്ല. പ്രസ്തുത ഭിത്തി പുനർ നിർമ്മിക്കുന്നതിന് ഏകദേശം 20 ലക്ഷം രൂപ ആവശ്യമാണെന്നും മൈനർ ഇറിഗേഷൻ വകുപ്പുമായി ബന്ധപ്പെട്ടപ്പോൾ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയതായി അറിഞ്ഞുവെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, അപേക്ഷകയുടെ വീടിന്റെ സംരക്ഷണം ഉറപ്പാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി ജലവിഭവ(മൈനർ ഇറിഗേഷൻ)

വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്."

05.07.2023-ൽ ചേർന്ന സമിതിയോഗം മേല്പറഞ്ഞ റിപ്പോർട്ട് പരിഗണിക്കുകയും, അംഗീകരിക്കുകയും ഹർജിക്കാരിയുടെ വീടിന്റെ സംരക്ഷണം ഉറപ്പാക്കാനായി അടിയന്തര നടപടി സ്വീകരിക്കണമെന്ന് ജലവിഭവ (മൈനർ ഇറിഗേഷൻ) വകുപ്പിന് നിർദേശം നൽകാൻ തീരുമാനിക്കുകയും ദുരന്ത നിവാരണ വകുപ്പിനോട് റിപ്പോർട്ടാവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.

ഹർജിയിന്മേൽ ദുരന്തനിവാരണ (എ) വകുപ്പ് 24.07.2023-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

" സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ നിലവിലെ മാനദണ്ഡപ്രകാരം പ്രകൃതിക്ഷോഭത്തിൽ വീടുകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക്, നാശനഷ്ടത്തോത് അനുസരിച്ച് ധനസഹായം അനുവദിക്കുന്നതിന് മാത്രമേ വ്യവസ്ഥയുള്ളൂ. വീടിന്റെ സംരക്ഷണ ഭിത്തി തകർന്നതിന് ധനസഹായം അനുവദിക്കുന്നതിന് വ്യവസ്ഥയില്ല. ആയതിനാൽ 2021 നവംബർ മാസത്തിൽ ഉണ്ടായ മഴയിലും, ഉരുൾപ്പൊട്ടലിലും തകർന്ന പത്തനംതിട്ട ജില്ലയിൽ കോന്നി താലൂക്കിൽ ശ്രീമതി സാലി വിൽസന്റെ വിടിന്റെ സംരക്ഷണ ഭിത്തി പുനർ നിർമ്മിക്കുന്നതിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ധനസഹായം അനുവദിക്കാൻ നിർവാഹമില്ല എന്ന വിവരം ബഹു. സമിതിയുടെ അറിയിക്കുന്നു."

ജലവിഭവ വകുപ്പിന്റെ റിപ്പോർട്ട് ലഭിക്കാതിരുന്നതിനാൽ 22.11.2023-ലെ സമിതിയുടെ തെളിവെടുപ്പ് യോഗത്തിന്റെ പരിഗണനയ്ക്കായി ഹർജി വിഷയം ഉൾപ്പെടുത്തിയ വിവരം ടി വകുപ്പ് സെക്രട്ടറിയെ അറിയിച്ചതിനെ തുടർന്ന് ജലവിഭവ (എം.ഐ) വകുപ്പ് 21.11.2023-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

" ഹർജികൾ സംബന്ധിച്ച സമിതി (2021-23) മുൻപാകെ ശ്രീമതി സാലി വിൽസൺ സമർപ്പിച്ച ഹർജിയുമായി ബന്ധപ്പെട്ട പ്രവൃത്തിക്ക് (" Side Protection works-FD-Urgent Rectification of side bund of Neeliplavu thodu in Ward

no.10-Chittar Gramapanchayath in Konny Constituency)" 15 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും 2702-03-101-98-03-34-03-എഫ്.ഡി എന്ന ശീർഷകത്തിൽ അനുവദിക്കുകയും, ടെൻഡർ നടപടികൾ പൂർത്തീകരിച്ച് ശ്രീ. ഡേവിഡ് ജോൺസ് എന്ന കരാറുകാരനുമായി ഉടമ്പടി വച്ച് പ്രവൃത്തി പൂർത്തീകരിക്കുകയും പരാതി പരിഹരിക്കപ്പെടുകയും ചെയ്തിട്ടുണ്ടെന്നുള്ള വിവരം സമിതിയെ അറിയിക്കുന്നു."

പ്രസ്തുത റിപ്പോർട്ട് സമിതിയുടെ 22.11.2023-ലെ തെളിവെടുപ്പ് യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## IX - റവന്യൂ & നികുതി വകുപ്പ്

**(30) വസ്തു റീസർവേ ചെയ്തതിലെ പിശക് പരിഹരിച്ച് വസ്തുവിന്റെ ഉടമസ്ഥാവകാശം തിരികെ നൽകുന്നതിനുള്ള നടപടിയു- ണ്ടാകണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി വനിക കെ., മണക്കാട്, തിരുവനന്തപുരം സമർപ്പിച്ച ഹർജി.**

**(ഫയൽ നമ്പർ 17455/ഹർജി സി2/2023/ലെജി.)**

ഹർജിക്കാരിയുടെ ഭർത്താവ് ശ്രീ. ടി. അനിൽ കുമാർ എന്നയാൾ 2007-ൽ ശ്രീ. വി. അനിൽ കുമാർ എന്ന വ്യക്തിയിൽ നിന്നും തിരുവനന്തപുരം കല്ലടിമൂട് എന്ന സ്ഥലത്തെ എട്ട് സെന്റ് വസ്തു വിലയാധാരമായി വാങ്ങുകയും ചാല സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്ത 2322/07 വിലയാധാര പ്രകാരം ടി വസ്തുവിന് T39664 നമ്പർ തണ്ടപ്പേര് പ്രകാരം ടിയാളുടെ ഭർത്താവിന്റെ പേരിൽ പോക്കുവരവ് ചെയ്തു കിട്ടുകയും നിരാക്ഷേപമായി കൈവശം വച്ച് 2010 വർഷം വരെയുള്ള കരം മണക്കാട് വില്ലേജ് ഓഫീസിൽ ഒടുക്കി വരുകയുമായിരുന്നുവെന്നും എന്നാൽ, 2013-ൽ ടിയാളുടെ ഭർത്താവ് മരണപ്പെട്ടുപോയതിനാൽ ഒരു വർഷം കരം അടയ്ക്കുന്നതിന് ഹർജിക്കാരിക്ക് സാധിക്കാതെ പോയെന്നും അതിനുശേഷം കരം ഒടുക്കുന്നതിനായി മണക്കാട് വില്ലേജ് ഓഫീസിൽ ചെന്നെങ്കിലും വില്ലേജ് ഓഫീസർ കരം സ്വീകരിക്കാൻ

തയ്യാറായില്ലെന്നും ടി സ്ഥലത്ത് റീസർവേ കഴിഞ്ഞുവെന്നും ടി വസ്തു പുറമ്പോക്ക് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും വില്ലേജ് ഓഫീസർ അറിയിച്ചുവെന്നും നിയമാനുസൃതം രജിസ്റ്റർ ചെയ്യുകയും കരം ഒടുക്കിവരികയും മുട്ടത്തറ ബാങ്കിൽ ഈട് വച്ച് വായ്പ എടുക്കുകയും ചെയ്തിട്ടുള്ള പ്രസ്തുത വസ്തുവിന്റെ ഉടമസ്ഥതയിൽ തിരിമറി നടന്നിട്ടുണ്ടെന്ന് 16.10.2023 തീയതിയായി സമർപ്പിച്ച ഹർജിയിൽ ബോധിപ്പിച്ചിരുന്നു.

കൂടാതെ, ഹർജിക്കാരിയുടെ ഭർത്താവിന്റെ മരണശേഷം വീട് ഉൾപ്പെടുന്ന 2 സെന്റ് വസ്തു മകളുടെ വിവാഹാവശ്യത്തിനായി വിൽക്കുകയും നിലവിൽ ഭർത്താവിന്റെ വൃദ്ധയായ മാതാവിനോടൊപ്പം വാടക വീട്ടിലാണ് താമസിച്ചു വരുന്നതെന്നും അതിനാൽ, സ്വന്തമായി മറ്റു വസ്തുക്കളില്ലാത്ത ഹർജിക്കാരിക്കും കുടുംബത്തിനും അവകാശപ്പെട്ട ടി വസ്തുവിന്റെ റീസർവേയിലെ പിശക് പരിഹരിച്ച് വസ്തുവിന്റെ ഉടമസ്ഥാവകാശം തിരികെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പ്രസ്തുത ഹർജിയിൽ അപേക്ഷിച്ചിരുന്നു.

ഹർജിയോടൊപ്പം ടി വസ്തു ഹർജിക്കാരിയുടെ ഭർത്താവ് വിലയ്ക്ക് വാങ്ങിയത് സംബന്ധിച്ച ആധാരത്തിന്റെ പകർപ്പും സമർപ്പിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 21.10.2023-ലെ കത്ത് മുഖേന റവന്യൂ, നികുതി എന്നീ വകുപ്പുകളിലേയ്ക്ക് അയയ്ക്കുകയും ഹർജി വിഷയം സംബന്ധിച്ച് 08.11.2023-ൽ റവന്യൂ, നികുതി എന്നീ വകുപ്പുകളുടെ സെക്രട്ടറിമാരിൽ നിന്നും തെളിവെടുപ്പ് നടത്തുന്നതാണെന്ന വിവരം ടി സെക്രട്ടറിമാരെ അറിയിക്കുകയും ചെയ്തു.

ഹർജി വിഷയം സംബന്ധിച്ച് നികുതി(ജെ) വകുപ്പ് 03.11.2023 -ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ചാല സബ് രജിസ്ട്രാർ ഓഫീസ് വക 1978 -ലെ 1591 നമ്പർ വിലയാധാര പ്രകാരം തിരുവനന്തപുരം ജില്ലയിൽ കടകംപ്പള്ളി വില്ലേജിൽ കരിക്കകം മുറിയിൽ, വെട്ടുകാട് തൈവിളാകത്ത് വീട്ടിൽ വിജയകുമാറിന്റെയും, ടിയാന്റെ ഭാര്യ

ഇന്ദിരയുടെയും പേർക്ക് മണക്കാട് വില്ലേജ് (മുൻ ഐരാണിമുട്ടം) വക സർവേ 886 -ൽ 41 ആർ 61 ച.മീറ്റർ വസ്തുവകകൾ ഒന്നാം നമ്പർ പട്ടിക പ്രകാരം ഐരാണിമുട്ടം മുറിയിൽ ടി. സി. 45/30 നമ്പർ മരക്കാർ കുടിവിളാകത്തു വീട്ടിൽ പാത്തുമ്മാൾ കണ്ണ് 10,000/-രൂപ എഴുതിക്കൊടുത്ത വിലയാധാരമാണ്. ഇപ്രകാരം ഉടമസ്ഥാവകാശം ലഭിച്ച വസ്തുവകകളെ സംബന്ധിച്ച് 2007-ലെ 1747 നമ്പർ ധനനിശ്ചയ ആധാരവിവരണ പ്രകാരം മേൽ പ്രസ്താവിച്ച 1978-ലെ 1591 നമ്പർ ആധാരത്തിലെ കൂട്ടവകാശിയായ ശ്രീ.വിജയകുമാറിന്റെ മരണാനന്തരം അനന്തരാവകാശികളായ ടിയാന്റെ ഭാര്യയായ ഇന്ദിരയും മക്കളായ വി. ലത, വി.വിപിൻ എന്നിവർ ചേർന്ന് മറ്റൊരു മകനും രണ്ടും മൂന്നും കക്ഷികളുടെ സഹോദരനുമായ കടകംപള്ളി വില്ലേജിൽ കരിക്കകം മുറിയിൽ വെട്ടുകാട് തൈവിളാകത്തു വീട്ടിൽ വിജയകുമാർ മകൻ വി. അനിൽകുമാർ പേർക്ക് മണക്കാട് വില്ലേജിൽ 19558-ാം നമ്പർ തണ്ടപ്പേരിൽപ്പെട്ട മുൻ സർവേ 886/1-ൽ 3.24 ആർ(8 സെന്റ്) വസ്തുവകകൾ എഴുതി കൊടുത്തിട്ടുള്ളതാണ്. ടി 2007-ലെ 1747 നമ്പർ ആധാരത്തിന്റെ വിവരണാനുസരണം ചാല സബ് രജിസ്ട്രാറാഫീസ് വക 1591/1978 നമ്പർ ആധാരപ്രകാരം ലഭിച്ച വസ്തുവകകളെ ശ്രീ. പണ്ടാരവക ലാൻഡ്സ് സ്പെഷ്യൽ തഹസിൽദാർ ഓഫീസിൽ നിന്നും S.P/ 2240/78 നമ്പർ അപേക്ഷ പ്രകാരം 03/03/1979 തീയതിയിൽ ടി വിജയകുമാർ, ടിയാന്റെ ഭാര്യ ഇന്ദിര എന്നിവർ പേർക്ക് പട്ടയം പതിച്ചു കിട്ടിയിട്ടുള്ളതായി പ്രസ്താവിച്ചിട്ടുണ്ട്. അതിനെ തുടർന്ന് പട്ടിക വസ്തുവകകൾ ടിയാളുകൾ കൈവശം വച്ച് മണക്കാട് വില്ലേജ് വക 19558 നമ്പർ തണ്ടപ്പേരിൽ കരം തീർത്തിട്ടുള്ളതുമായി പ്രസ്താവിച്ചിട്ടുണ്ടെന്നും ജില്ലാ രജിസ്ട്രാർ വ്യക്തമാക്കിയിരിക്കുന്നു.

ടി 2007 -ലെ 1747 നമ്പർ ആധാരപ്രകാരം ടി. വി. അനിൽകുമാറിന് സിദ്ധിച്ച മണക്കാട് വില്ലേജിലെ മുൻസർവേ 886/1 -ൽപ്പെട്ട ടി 3.24 ആർ വസ്തുവകകളെ ടിയാൻ 39299 നമ്പർ തണ്ടപ്പേർ പിടിച്ച് അനുഭവിച്ച് വരവേ, മണക്കാട് വില്ലേജിൽ മണക്കാട് പി. ഒ. -യിൽ കൊഞ്ചിറവിള ടി. സി.

22/491(A), പന്തപ്ലാവ് പുത്തൻ വീട്ടിൽ തങ്കപ്പൻ മകൻ ശ്രീ.റ്റി.അനിൽകുമാർ പേർക്ക് 80,000/-രൂപ പ്രതിഫലം പറ്റിക്കൊണ്ട് ടി വി. അനിൽകുമാർ 2322/2007 നമ്പർ വിലയാധാരമായി എഴുതി കൊടുത്തിട്ടുള്ളതാണ്. ഇപ്രകാരം ഉടമസ്ഥാവകാശം സിദ്ധിച്ച മണക്കാട് പി. ഒ. -യിൽ കൊഞ്ചിറവിള ടി. സി. 22/491(A) പന്തപ്ലാവ് പുത്തൻ വീട്ടിൽ ശ്രീ. റ്റി. അനിൽകുമാർ, ടിയാന്റെ ഭാര്യ വനിക എന്നിവർ 3/11/2009 തീയതിയിൽ മണക്കാട് വില്ലേജിൽ മുൻ സർവേ 886/1 ൽ 3.24 ആർ (8 സെന്റ്) വസ്തുവകകളെ T413 നമ്പർ മുട്ടത്തറ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് സെക്രട്ടറി പേർക്ക് മൂന്ന് ലക്ഷം രൂപ പണയബാദ്ധ്യതയായി സ്ഥാപിച്ച G430/2009 നമ്പരായി ഒരു പണയാധാരം ഫയൽ ചെയ്തിട്ടുള്ളതും ടി പണയാധാരത്തിന്റെ ഒഴിവുകുറി 13/04/2015 -ൽ G507/2015-ാം നമ്പരായി ഫയൽ ചെയ്തിട്ടുള്ളതായും ജില്ലാ രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

പരാതികക്ഷിയുടെ പരാതി സംഗതികളിൽ, രജിസ്റ്റർ ചെയ്യപ്പെട്ട ആധാരങ്ങളിൽ യാതൊരുവിധ പിശകുകളും സംഭവിച്ചിട്ടുള്ളതായി പ്രസ്താവിച്ചിട്ടില്ലാത്തതും റവന്യൂ/സർവെ ഭൂരേഖ വകുപ്പുകളിൽ നടപ്പിലാക്കിയിട്ടുള്ള റീസർവെ പതിവുകളിൽ വന്ന നടപടി പിശകുകൾ പരിഹരിക്കുന്നതിലേയ്ക്കായി സമർപ്പിച്ച ഹർജി ആയി കണക്കാക്കണമെന്നും ചാല സബ് രജിസ്ട്രാർ ഓഫീസിൽ നിന്നും പരാതിക്കാരിക്ക് യാതൊരുവിധ ബുദ്ധിമുട്ടുകളും സംജാതമായിട്ടില്ലാത്തതും ടിയാളുടെ സങ്കടം സംബന്ധിച്ച് യാതൊരുവിധ നിവേദനങ്ങളും ലഭിച്ചിട്ടില്ലാത്തതുമാണെന്നും ജില്ലാ രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ 2007 -ലെ 2322 നമ്പരിൽ രജിസ്റ്റർ ചെയ്ത വിലയാധാരപ്രകാരം മണക്കാട് വില്ലേജിൽ മുൻസർവെ 886/1 -ൽപ്പെട്ട 3.24 ആർ വസ്തുവകകളുടെ ഉടമസ്ഥാവകാശം മണക്കാട് വില്ലേജിൽ മണക്കാട് പി.ഒ. -യിൽ കൊഞ്ചിറവിള ടി സി 22/491(A) പന്തപ്ലാവ് പുത്തൻ വീട്ടിൽ തങ്കപ്പൻ മകൻ ശ്രീ.അനിൽകുമാറിന് ലഭിച്ചത് രജിസ്ട്രേഷൻ നിയമാനുസരണം ആണെന്ന് സംശയാതീതമായി വെളിപ്പെടുന്നതാണ്. കൂടാതെ മണക്കാട് വില്ലേജ്

വക മുൻ സർവേ 886/1 -ൽ ഉൾപ്പെട്ട 8 സെന്റ് വസ്തുവകകൾ സംബന്ധിച്ച് കഴിഞ്ഞ 45 വർഷ കാലയളവിൽ ചാല സബ് രജിസ്ട്രാർ ആഫീസിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ആധാരങ്ങൾ പരിശോധിച്ചതിൽ പ്രസ്തുത വസ്തുവകകൾ ഒന്നും തന്നെ പുറമ്പോക്ക് ഇനത്തിൽപ്പെടുത്തി വന്നിട്ടുള്ളതായി കണ്ടെത്തിയിട്ടില്ല. മാത്രമല്ല RDO നിശ്ചയിച്ച ഫെയർവാല്യൂവിൽ ടി സർവെ 886-ന് Garden land with road access എന്ന classification -ൽ സർക്കാർ ന്യായവില നിശ്ചയിച്ചിട്ടുമുണ്ട്. സാധാരണ പുറമ്പോക്ക് ഭൂമിക്ക് Government Land എന്നാണ് ഫെയർവാല്യൂ രജിസ്റ്ററിൽ രേഖപ്പെടുത്തിവരുന്നത്. കൂടാതെ മേൽ വസ്തുവുമായി ബന്ധപ്പെട്ട് ചാല സബ് രജിസ്ട്രാർ ആഫീസിലെ ആധാരങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച് പരാതികക്ഷി എന്തെങ്കിലും ആക്ഷേപം ഉന്നയിച്ചിട്ടുള്ളതായും കാണുന്നില്ല. പ്രസ്തുത വസ്തുവകകളിലെ റീസർവെ നടപടികളിൽ വന്ന പിശകുകൾ പരിഹരിച്ച് വസ്തുവിന്റെ ഉടമസ്ഥാവകാശം തിരികെ ലഭ്യമാക്കണമെന്നാണ് പരാതിയിലൂടെ പ്രധാനമായും ആവശ്യപ്പെട്ടിരിക്കുന്നത്. എന്നാൽ റീസർവെ നടപടികളിൽ വന്ന പിശകുകൾ പരിഹരിക്കുന്നതിന് രജിസ്ട്രേഷൻ വകുപ്പിന് യാതൊരു അധികാരവുമില്ലാത്തതാണ്. ടി വിഷയം റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നിൽക്കുന്നതും റവന്യൂ വകുപ്പ് മുഖേന മാത്രം പരിഹരിക്കപ്പെടേണ്ടതുമാണെന്നു കാണുന്നു. പരാതികക്ഷിയുടെ മറ്റൊരു ആവശ്യം ടിയാളുടെ വസ്തുവിന്റെ ഉടമസ്ഥാവകാശം തിരികെ ലഭ്യമാക്കണമെന്നതാണ്. ചാല സബ് രജിസ്ട്രാർ ആഫീസിലെ രേഖകൾ പരിശോധിച്ച് ജില്ലാ രജിസ്ട്രാർ നൽകിയ റിപ്പോർട്ടും ബാദ്ധ്യത സർട്ടിഫിക്കറ്റും പരിശോധിച്ചതിൽ 2322/2007 നമ്പർ ആധാരപ്രകാരം പരാതികക്ഷിയുടെ ഭർത്താവ് ശ്രീ. അനിൽ കുമാർ റ്റി പേർക്ക് ലഭിച്ച സർവെ 886/1 -ൽ 3.24 - ആർ (8 സെന്റ്) വസ്തുവിൽ നിലവിൽ യാതൊരു തുടർ കൈമാറ്റങ്ങളും നടത്തിയിട്ടില്ലായെന്നും ഉടമസ്ഥാവകാശം ആധാരം രജിസ്ട്രേഷനിലൂടെ കൈമാറ്റം ചെയ്യപ്പെട്ടിട്ടില്ലായെന്നും വ്യക്തമാകുന്നു. ആയതിനാൽ പരാതി കക്ഷിയുടെ ആവശ്യങ്ങൾ സംബന്ധിച്ച് രജിസ്ട്രേഷൻ വകുപ്പിൽ നിന്നും മറ്റ് നടപടികൾ

സ്വീകരിക്കുവാൻ നിർവാഹമില്ല എന്ന വിവരം അറിയിക്കുന്നു."

ഹർജിയിന്മേൽ റവന്യൂ (ഇ) വകുപ്പ് 07.11.2023 -ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"റീസർവെയിലെ അപാകത സംബന്ധിച്ച് കേരള നിയമസഭയുടെ ഹർജികൾ സംബന്ധിച്ച സമിതി മുമ്പാകെ ശ്രീമതി വനിക കെ., സമർപ്പിച്ച ഹർജിയിന്മേൽ ചുവടെ പറയുന്ന കാര്യങ്ങൾ സമിതിയെ അറിയിക്കുന്നു.

അപേക്ഷകയുടെ ഭർത്താവിന്റെ പേരിൽ മണക്കാട് വില്ലേജിൽ T 39664 നമ്പർ തണ്ടപ്പേരിലുള്ള ഭൂമി റീസർവേയ്ക്ക് ശേഷം പുറമ്പോക്കായി രേഖപ്പെടുത്തിയിരിക്കുന്നതായും ടി പിശക് പരിഹരിച്ച് പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം തിരികെ ലഭിക്കണമെന്നാണ് ശ്രീമതി വനിക കെ. സമർപ്പിച്ച ഹർജിയിലെ ആവശ്യം. ഹർജിക്കാരിയായ ശ്രീമതി വനിക കെ.-യുടെ ഭർത്താവായ ശ്രീ. അനിൽകുമാറിന് ചാല സബ് രജിസ്ട്രാർ ഓഫീസിലെ 1528/07-ാം നമ്പർ വിലയാധാര പ്രകാരം മുൻസർവെ 886 -ൽ 03.24 ആർ ഭൂമിക്ക് അവകാശം സിദ്ധിച്ചിട്ടുള്ളതാണ്. എന്നാൽ റീസർവെ റിക്കാർഡുകളുമായി പരിശോധിച്ചതിൽ മണക്കാട് വില്ലേജിൽ ബ്ലോക്ക് E05-22 റീസർവെ നമ്പർ 39 പൂർണ്ണമായും ടിയാളുടെ കൈവശത്തിലും അനുഭവത്തിലുമാണ്. ആയതിന്റെ മുൻസർവെ നമ്പർ 1853 എന്നാണ് അടിസ്ഥാന നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്. സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം മുൻ സർവെ 886, 1853 എന്നീ നമ്പരുകൾ പുറമ്പോക്ക് അല്ലാത്തതും അടുത്തടുത്ത നമ്പരുകളായിട്ടുമാണ് ലിത്തോ മാപ്പിൽ കാണുന്നത്. പരാതിക്കാരിയുടെ മുൻജന്മിക്ക് മുൻസർവെ 886 -ൽ ആണ് ശ്രീപണ്ടാരവക പട്ടയം ലഭിച്ചത്. പട്ടയം അനുവദിച്ച സമയത്ത് മുൻസർവെ 1853 എന്ന് നൽകേണ്ടതിന് പകരം 886 എന്ന നമ്പർ അനുവദിച്ചതായാണ് മനസ്സിലാകുന്നത്. റവന്യൂ റിക്കാർഡുകൾ പ്രകാരം പ്രസ്തുത ഭൂമി പുറമ്പോക്ക് അല്ലാത്ത സാഹചര്യത്തിൽ പ്രസ്തുത ഭൂമിക്ക് നികുതി സ്വീകരിക്കുന്നതിന് ഇനം മാറ്റ നടപടികൾ സ്വീകരിക്കുവാൻ തിരുവനന്തപുരം തഹസിൽദാർ (ഭൂരേഖ)

ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശ്രീമതി വനിക കെ. കേരള നിയമസഭാ ഹർജികൾ സംബന്ധിച്ച സമിതി മുമ്പാകെ സമർപ്പിച്ച ഹർജിയിന്മേലുള്ള പരാതി പരിഹരിച്ചിട്ടുണ്ടെന്ന വിവരം സമിതി മുമ്പാകെ ബോധിപ്പിച്ചുകൊള്ളുന്നു."

സമിതിയുടെ 08.11.2023 -ലെ തെളിവെടുപ്പ് യോഗത്തിൽ പ്രസ്തുത റിപ്പോർട്ടുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. ഹർജി വിഷയം പരിഹൃതമായതായി റവന്യൂ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഹർജിക്കാരിയും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടി റിപ്പോർട്ടുകളിലെ വിവരം ഹർജിക്കാരിയെ അറിയിച്ചശേഷം ഫയൽ നടപടികൾ അവസാനിപ്പിക്കാൻ സമിതി തീരുമാനിച്ചു.

## X - തദ്ദേശസ്വയംഭരണം, വ്യവസായം &പരിസ്ഥിതി വകുപ്പ്

### (31) പരിസര മലിനീകരണം മൂലം പൂട്ടിയ ടയർ ഫാക്ടറി തുറന്ന് പ്രവർത്തിക്കാൻ അനുവദിക്കരുതെന്നാവശ്യപ്പെട്ട് കൊല്ലം എഴുകോൺ നിവാസികൾ സമർപ്പിച്ച ഹർജി സംബന്ധിച്ച്.

**(ഫയൽ നമ്പർ 1345/ഹർജി സി 1/2021/ലെജി.)**

കൊല്ലം ജില്ലയിലെ എഴുകോൺ ഇടയ്ക്കിടം മാർക്കറ്റ് ജംഗ്ഷന് സമീപം പരിസര മലിനീകരണം മൂലം അടച്ചിട്ടിരിക്കുന്ന മദർ ടയർ ഫാക്ടറി എന്ന സ്ഥാപനം തുറന്നു പ്രവർത്തിക്കാനുള്ള ശ്രമം നടക്കുകയാണെന്നും പ്രസ്തുത സ്ഥാപനം പ്രവർത്തനം തുടങ്ങിയാൽ ഉണ്ടാകുന്ന രൂക്ഷമായ പുക അന്തരീക്ഷ മലിനീകരണം ഉണ്ടാക്കുമെന്നും ടി ഫാക്ടറിയിൽ നിന്നുള്ള മാലിന്യം ഒഴുകിയെത്തി ഹർജിക്കാരുടെ കിണർ മലിനമാകുമെന്നും ടി പ്രദേശത്തെ ജനജീവിതം ദുസ്സഹമാകുമെന്നും പ്രസ്തുത ഫാക്ടറിയ്ക്ക് പ്രവർത്തനാനുമതി നൽകിയിട്ടുണ്ടെങ്കിൽ അടിയന്തരമായി അത് റദ്ദാക്കി പരിസര മലിനീകരണത്തിൽ നിന്നും, സമിതി ഇടപെട്ട്, തങ്ങളെ രക്ഷിക്കണമെന്നും 19.01.2021-ൽ സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

ടി ഹർജി റിപ്പോർട്ടിനായി 22.01.2021-ലെ കത്ത് മുഖേന പരിസ്ഥിതി, തദ്ദേശസ്വയംഭരണം, വ്യവസായം എന്നീ വകുപ്പുകളിലേയ്ക്കയച്ചു.

ഹർജിയിന്മേൽ തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ് 12.08.2021-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"പരിസര മലിനീകരണം മൂലം പൂട്ടിയ ടയർ ഫാക്ടറി തുറന്ന് പ്രവർത്തിക്കാൻ അനുവദിക്കരുതെന്നാവശ്യപ്പെട്ട് കൊല്ലം എഴുകോൺ നിവാസികൾ സമർപ്പിച്ച ഹർജിയിന്മേൽ കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കി പരിശോധിച്ചു.

കരീപ്ര ഗ്രാമപഞ്ചായത്തിലെ ഇടയ്ക്കിടം വാർഡിൽ ശ്രീ. ഭ്രദൻ എന്നയാളുടെ ഉടമസ്ഥതയിൽ 'മദർ റബ്ബർ പ്രോഡക്ട്സ്' എന്ന സ്ഥാപനം കഴിഞ്ഞ 20 വർഷത്തോളമായി പ്രസ്തുത സ്ഥലത്ത് പ്രവർത്തിച്ചുവന്നിരുന്നതാണെന്ന് അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. 2020 - 2021 വർഷം വരെ ടി സ്ഥാപനത്തിന് കരീപ്ര ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചിട്ടുണ്ട്. സ്ഥാപന ഉടമ മലിനീകരണ നിയന്ത്രണബോർഡിന്റെ നിരാക്ഷേപ പത്രം, ജില്ലാ ഫയർ ഓഫീസറുടെ അനുമതി പത്രം, ഹെൽത്ത് ഇൻസ്പെക്ടറുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടുള്ളതിൽ ഗ്രാമപഞ്ചായത്തിൽ നിന്നും നിയമപരമായാണ് 2020-2021 കാലയളവ് വരെ ലൈസൻസ് അനുവദിച്ചിട്ടുള്ളതെന്ന് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ടി ലൈസൻസിന്റെ കാലാവധി 31.03.2021 തീയതിയിൽ അവസാനിച്ചിട്ടുള്ളതാണ്.

എന്നാൽ അന്വേഷണത്തിൽ നിലവിൽ ടി സ്ഥാപനം പ്രവർത്തിക്കുന്നില്ലായെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. 2021-22 വർഷത്തേക്ക് ലൈസൻസ് പുതുക്കുന്നതിനായി സ്ഥാപന ഉടമ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതാണ്. സ്ഥാപനത്തിന് മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും ലഭ്യമാക്കിയ നിരാക്ഷേപ പത്രത്തിന് 31.07.2024 വരെ കാലാവധിയുണ്ട്. എന്നാൽ എഴുകോൺ നിവാസികളുടെ പരാതിയെ തുടർന്ന് ടി

സ്ഥാപനത്തിന് പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നും നൽകിയ നിരാക്ഷേപപത്രം പുനഃപരിശോധിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി കേരളാ സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡിന് കത്ത് നൽകിയിട്ടുണ്ട്.

നിലവിൽ സ്ഥാപനം പൂട്ടിക്കിടക്കുകയും, സ്ഥാപന ഉടമ ലൈസൻസ് പുതുക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതിനാലും പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും നടപടി സ്വീകരിക്കേണ്ടുന്ന സാഹചര്യമില്ല. പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നും മറുപടി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പഞ്ചായത്ത് മറ്റ് നടപടികൾ കൈക്കൊള്ളുകയുള്ളൂ എന്ന വിവരവും കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

ഹർജിയിന്മേൽ വ്യവസായ (ജി) വകുപ്പ് 08.09.2021-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ശ്രീ. കെ. ഭദ്രൻ, വടക്കേക്കര വീട്, ഇടയ്ക്കിടം എന്നയാളുടെ ഉടമസ്ഥതയിൽ ആരംഭിച്ച ടയർ ഫാക്ടറി ദീർഘനാളായി പ്രവർത്തനമില്ലാതെ കിടക്കുകയാണ്. 31/03/2021 വരെ പ്രാബല്യമുള്ളതായിരുന്ന ഫാക്ടറിയുടെ ലൈസൻസ് പഞ്ചായത്ത് തുടർന്ന് പുതുക്കിയിട്ടില്ല. 95 HP മോട്ടാർ ഉപയോഗിച്ച് ട്രെഡ് റബ്ബർ ഉൽപ്പാദിപ്പിക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും 31/07/2024 വരെ പ്രാബല്യമുള്ള പ്രവർത്തന അനുമതി നൽകിയിട്ടുണ്ട്. ശ്രീമതി ആശാ സുരേഷ്, വൈഷ്ണവം, തേവലപ്പുറം.പി.ഒ എന്ന വ്യക്തിയാണ് സ്ഥാപനത്തിന്റെ ഇപ്പോഴത്തെ ഉടമസ്ഥ. പുതുതായി സ്ഥാപനം ഏറ്റെടുത്ത സംരംഭക സ്ഥാപനത്തിന്റെ കെട്ടിടത്തിന്റെയും മെഷിനറികളുടെയും നവീകരണ പ്രവർത്തികൾ നടത്തിവരികയാണ്. യൂണിറ്റിന്റെ ഫാക്ടറീസ് ലൈസൻസ് പുതിയ ഉടമസ്ഥയുടെ പേരിലേക്ക് 31/12/2022 തീയതി വരെയുള്ള കാലാവധിയിൽ മാറ്റിയിട്ടുണ്ട്. പഞ്ചായത്ത് ലൈസൻസ്, മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തന അനുമതി എന്നിവ പുതിയ ഉടമസ്ഥതയുടെ പേരിലേക്ക് മാറ്റാൻ അപേക്ഷ സമർപ്പിച്ചുവെങ്കിലും ഫാക്ടറി കോമ്പൗണ്ടിനകത്ത്

നടത്തിയിട്ടുള്ള പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ ചേർത്തുകൊണ്ടുള്ള പുതുക്കിയ സൈറ്റ് പ്ലാൻ സമർപ്പിക്കുന്നതിനും മറ്റ് ന്യൂനതകൾ പരിഹരിക്കുന്നതിനുമായി മലിനീകരണ നിയന്ത്രണ ബോർഡ് അപേക്ഷ തിരികെ നൽകിയിരിക്കുകയാണ്.

മലിനീകരണനിയന്ത്രണ ബോർഡിന്റെ അനുമതിയുടെ അടിസ്ഥാനത്തിലാണ് ലൈസൻസ് നൽകിയിട്ടുള്ളതെന്നും, പരാതികളുടെ അടിസ്ഥാനത്തിൽ മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള തുടർ നിർദേശങ്ങൾ അനുസരിച്ച് ലൈസൻസ് 2021-22 ലേക്ക് പുതുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും കരീപ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഫാക്ടറിയിൽ നിന്ന് വരുന്ന കരിയും പുകയും പൊടിയും ആരോഗ്യപ്രശ്നം ഉണ്ടാക്കുന്നുവെന്നും കുടിവെള്ളം മലിനമാക്കുന്നുവെന്നും ആരോപിച്ച് പരിസരവാസികൾ ഫാക്ടറിയുടെ പ്രവർത്തനം പുനഃരാരംഭിക്കുവാൻ അനുവദിക്കുകയില്ല എന്ന നിലപാടിലാണെങ്കിലും മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ഉള്ളതിനാൽ സ്ഥാപനത്തിന്റെ ലൈസൻസ് ഏകപക്ഷീയമായി റദ്ദാക്കാൻ സാധിക്കുകയില്ല എന്ന് കരീപ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

സ്ഥാപനത്തിന്റെ പ്രവർത്തനത്തിനാവശ്യമായ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ സ്ഥാപിച്ചും ആവശ്യമായ അനുമതികൾ നേടിയും മാത്രമേ സ്ഥാപനം പ്രവർത്തിക്കുവാൻ നടപടി സ്വീകരിക്കാവൂ എന്ന് സംരംഭകയെ അറിയിച്ചിട്ടുണ്ടെന്നും യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനുള്ള എല്ലാ അനുമതികളും ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്ന പക്ഷം സ്ഥാപനം പ്രവർത്തിക്കുന്നതിന് അനുവദിക്കാവുന്നതാണെന്നും വ്യവസായ വാണിജ്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം അറിയിച്ചു കൊള്ളുന്നു."

17.11.2022-ൽ ചേർന്ന സമിതി യോഗം മേല്പറഞ്ഞ റിപ്പോർട്ടുകൾ പരിഗണിക്കുകയും അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ടുകളിലെ വിവരം

ഹർജിക്കാരെ അറിയിക്കാൻ തീരുമാനിക്കുകയും ചെയ്തു. കൂടാതെ പരിസ്ഥിതി (എ) വകുപ്പിനോട് ആവശ്യപ്പെട്ടിരുന്ന റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് ടി വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.

ഹർജി വിഷയം സംബന്ധിച്ച് പരിസ്ഥിതി (എ) വകുപ്പ് 08.02.2023-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

" Mothers Rubber Products' എന്ന സ്ഥാപനം 01.04.2020 മുതൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയോടുകൂടി പ്രവർത്തിക്കുന്ന ഗ്രീൻ കാറ്റഗറിയിൽപ്പെട്ട സ്ഥാപനമാണ്. നിലവിൽ ടി യൂണിറ്റ് 31.07.2024 വരെ സാധുതയുള്ള പ്രവർത്തനാനുമതി കരസ്ഥമാക്കിയിട്ടുണ്ട്. ഉടമസ്ഥാവകാശം മാറിയതിനെ തുടർന്ന് പ്രസ്തുത സ്ഥാപനത്തിന്റെ പേര് 'vaishnavam Rubber Products' എന്ന് മാറ്റി 01.10.2021 തീയതിയിൽ Integrated Consent to Operate Variation ഉത്തരവും നൽകിയിട്ടുണ്ട്. ടി യൂണിറ്റിനെതിരെ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനത്തിൽ 16.04.2021 തീയതിയിൽ ബോർഡിന്റെ കൊല്ലം ജില്ലാ ഓഫീസിൽ നിന്നും സ്ഥല പരിശോധന നടത്തുകയുണ്ടായി. പരിശോധനാ സമയത്ത് സ്ഥാപനം പ്രവർത്തിക്കുന്നുണ്ടായിരുന്നില്ല. ടി പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകളുടെ അടിസ്ഥാനത്തിൽ യൂണിറ്റിൽ ഏർപ്പെടുത്തേണ്ടതായ നിർദേശങ്ങൾ സ്ഥാപന ഉടമയ്ക്ക് നൽകുകയും ചെയ്തു. ടി നിർദേശങ്ങൾ പാലിച്ചതായി യൂണിറ്റുടമ അറിയിച്ചതിനെതുടർന്ന് 10.09.2021 തീയതിയിൽ യൂണിറ്റിൽ വീണ്ടും സ്ഥല പരിശോധന നടത്തുകയുണ്ടായി. യൂണിറ്റിന്റെ 15 മീറ്റർ ചുറ്റളവിൽ വീടുകൾ ഒന്നും തന്നെ സ്ഥിതി ചെയ്യുന്നില്ല. KMBR പ്രകാരം septic tank, soak pit system എന്നിവ കിണറുകളിൽ നിന്നും പാലിക്കേണ്ട കുറഞ്ഞ ദൂരപരിധിയായ 7.5 മീറ്റർ അകലം പാലിച്ചാണ് സ്ഥിതി ചെയ്യുന്നത്. Mixing mill enclosed area-ൽ ആണ് സ്ഥാപിച്ചിട്ടുള്ളത്. കൂടാതെ യൂണിറ്റിൽ സ്ക്രബ്ബർ സിസ്റ്റം ഏർപ്പെടുത്തുകയും, 15 മീറ്റർ ഉയരത്തിൽ ചിമ്മിനി

സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ബോർഡ് നിഷ്കർഷിച്ചിട്ടുള്ള മതിയായ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ യൂണിറ്റിൽ ഏർപ്പെടുത്തിയിട്ടുള്ളതിനാൽ ടി സ്ഥാപനത്തിന് 01.10.2021 തീയതിയിൽ Integrated Consent to Operate Variation നൽകിയിട്ടുള്ളതാണ്."

ഹർജിയിന്മേൽ തദ്ദേശസ്വയംഭരണ (ആർ.സി), വ്യവസായ (ജി), പരിസ്ഥിതി (എ) എന്നീ വകുപ്പുകൾ ലഭ്യമാക്കിയ റിപ്പോർട്ടുകൾ 03.03.2023-ലെ കത്ത് മുഖേന ഹർജിക്കാരെ അറിയിച്ചു.

13.12.2023-ൽ ചേർന്ന സമിതി യോഗം പരിസ്ഥിതി (എ) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും തദ്ദേശസ്വയംഭരണ (ആർ.സി), വ്യവസായ(ജി), പരിസ്ഥിതി(എ) എന്നീ വകുപ്പുകളിൽ നിന്നും ലഭ്യമായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

(32) **നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന ചെമ്മീൻ പീലിംഗ് ഷെഡിനെതിരെ നടപടി ആവശ്യപ്പെട്ട് ശ്രീ. ബിനോയ് പി. കെ., പട്ടണക്കാട്, ആലപ്പുഴ സമർപ്പിച്ച ഹർജി.**

**(ഫയൽ നമ്പർ 21552/ഹർജി സി1/2021/ലെജി.)**

ഹർജിക്കാരന്റെ ഭൂമിയുടെ തൊട്ടടുത്താണ് എതിർകക്ഷിയുടെ വീടിനോട് ചേർന്നുള്ള ചെമ്മീൻ പീലിംഗ് ഷെഡ് പ്രവർത്തിക്കുന്നതെന്നും ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതിയില്ലാതെയാണ് പ്രസ്തുത പീലിംഗ് ഷെഡ് പ്രവർത്തിക്കുന്നതെന്നും അതിനെതിരെ ബഹു. ഹൈക്കോടതിയിലും പൊല്യൂഷൻ കൺട്രോൾ ബോർഡിലും പരാതി നൽകിയിട്ടുണ്ടെന്നും പ്രദേശവാസികൾ വായുമലിനീകരണം, ജലമലിനീകരണം എന്നിവ മൂലമുള്ള പല രോഗങ്ങളാൽ കഷ്ടപ്പെടുന്നുവെന്നും പൊല്യൂഷൻ കൺട്രോൾ ബോർഡ് ബഹു. ഹൈക്കോടതിയിൽ പീലിംഗ് ഷെഡിന് അനുകൂലമായ നടപടി സ്വീകരിക്കുകയും അതിന് പ്രവർത്തിക്കാനുള്ള ലൈസൻസ് നൽകുകയും ചെയ്തുവെന്നും എന്നാൽ

ലൈസൻസിലെ മാനദണ്ഡങ്ങൾ പാലിക്കാതെയാണ് ടി സ്ഥാപനം പ്രവർത്തിക്കുന്നതെന്നും അതിനാൽ വെറ്റ് ലാന്റിൽ, ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതിയില്ലാതെ, പ്രവർത്തിക്കുന്ന പ്രസ്തുത പീലിംഗ് ഷെഡിനെതിരെ നടപടി സ്വീകരിക്കണമെന്ന് 21.12.2021 തീയതിയായി സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 21.01.2022-ലെ കത്ത് മുഖേന റവന്യൂ, തദ്ദേശസ്വയംഭരണം, വ്യവസായം, പരിസ്ഥിതി എന്നീ വകുപ്പുകളിലേയ്ക്ക് അയച്ചു

ഹർജി വിഷയം സംബന്ധിച്ച് പരിസ്ഥിതി(എ) വകുപ്പ് 28.09.2022 -ലെ കത്ത് മുഖേന ലഭ്യമാക്കിയ ഇടക്കാല റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

" പട്ടണക്കാട് വില്ലേജിൽ സർവെ നമ്പർ 8/10 ൽ പ്പെട്ട നിലം നികത്ത് ഭൂമിയിൽ അനുമതി ഇല്ലാതെ ചെമ്മീൻ കൃഷി ചെയ്യുന്നതിനെതിരെ ലഭിച്ച പരാതിയിൽ പരാമർശിച്ചിട്ടുള്ള സ്ഥലം തണ്ണീർത്തടങ്ങൾ (സംരക്ഷണവും പരിപാലനവും) ചട്ടങ്ങൾ, 2017-ന്റെ പരിധിയിൽ ഉൾപ്പെടുന്നതല്ല. ആയതിനാൽ പരാതിയിലെ വിഷയം സംസ്ഥാന തണ്ണീർത്തട അതോറിറ്റിയുടെ പരിധിയിൽ വരുന്നതല്ല. ടി പ്രദേശം 2008-ലെ നെൽവയലും തണ്ണീർത്തടങ്ങളും സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്നതാണ്.

എന്നാൽ ടി പരാതികളിൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും പരിശോധന നടത്തുകയും യൂണിറ്റിന് നിരവധി തവണ നിർദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ടി യൂണിറ്റിൽ 09.03.2022-ന് ബോർഡ് വീണ്ടും പരിശോധന നടത്തുകയും പരിശോധനയുടെ അടിസ്ഥാനത്തിൽ 11.03.2022-ൽ യൂണിറ്റിന് ബോർഡിൽ നിന്നും നൽകിയ പ്രവർത്തനാനുമതി പിൻവലിച്ചുകൊണ്ടുള്ള ഉത്തരവ് നൽകുകയും ചെയ്തിരുന്നു. അതിന് മറുപടിയായി യൂണിറ്റുടമ പ്രവർത്തനാനുമതി പിൻവലിക്കരുതെന്ന് ആവശ്യപ്പെട്ടുകൊണ്ട് കത്ത് നൽകിയിരുന്നു. തുടർന്ന് ട്രീറ്റ്മെന്റ് പ്ലാന്റ് നവീകരിക്കുന്നതിനായി 3 മാസം സമയം അനുവദിച്ചിട്ടുള്ളതുമാണ്. സമയത്തിനുള്ളിൽ ആയത് പൂർത്തിയാക്കാത്ത

പക്ഷം യൂണിറ്റ് അടച്ചു പൂട്ടുന്നതടക്കമുള്ള കർശന നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചുകൊണ്ട് യൂണിറ്റുടമയ്ക്ക് കത്ത് നൽകിയിരുന്നു. യൂണിറ്റുടമ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ യൂണിറ്റിൽ ഏർപ്പെടുത്തി എന്നറിയിച്ചുകൊണ്ട് മറുപടി സമർപ്പിച്ചിരുന്നു. എന്നാൽ ടി സ്ഥാപനത്തിന് അനുവദിച്ചിരുന്ന സമയപരിധിക്കുള്ളിൽ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ലായെന്ന് ജില്ലാ ഓഫീസിൽ നിന്നും 03.08.2022-ന് നടത്തിയ പരിശോധനയിൽ ബോധ്യപ്പെട്ടു. കൂടാതെ ടി യൂണിറ്റ് 3 മാസമായി പ്രവർത്തനരഹിതമാണെന്നും അനുമതി പത്രത്തിലെ വ്യവസ്ഥ പ്രകാരമുള്ള ട്രീറ്റ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ലെന്നും, ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനങ്ങൾ പലതും പ്രവർത്തനരഹിതമാണെന്നും ശരിയായ രീതിയിലുള്ള ഡിഫ്യൂസർ എയറേഷൻ ടാങ്കിൽ സ്ഥാപിച്ചിട്ടില്ല എന്നും കാണപ്പെട്ടു. നിലവിൽ സ്ഥാപിച്ചിരിക്കുന്ന ETP പര്യാപ്തമല്ല. കൂടാതെ ഇത് ജലാശയത്തോട് ചേർന്നാണ് സ്ഥിതി ചെയ്യുന്നത്. മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ കൃത്യമായി പാലിക്കാതെ സ്ഥാപനം പ്രവർത്തിക്കുന്നപക്ഷം തൊട്ടടുത്ത ജലാശയങ്ങൾ മലിനമാകാൻ സാധ്യതയുണ്ട്. ടി യൂണിറ്റിൽ നിലവിൽ വാട്ടർ മീറ്റർ, ഫ്ലോ മീറ്റർ, എനർജിമീറ്റർ എന്നിവ സ്ഥാപിച്ചിട്ടില്ല. ടി യൂണിറ്റിനെതിരെയുള്ള നടപടികൾ മലിനീകരണ നിയന്ത്രണ ബോർഡ് സ്വീകരിച്ചു വരുന്നു."

പരിസ്ഥിതി(എ) വകുപ്പ് 23.01.2023 -ലെ കത്ത് മുഖേന ലഭ്യമാക്കിയ അന്തിമ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്കിൽ പട്ടണക്കാട് പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന പണിക്കേഴ്സ് പീലിംഗ് ഷെഡ്ഡിനെതിരെ ലഭിച്ചിരിക്കുന്ന പരാതികളിന്മേൽ പരിശോധന നടത്തുകയും യൂണിറ്റിന് നിരവധി തവണ നിർദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ടി യൂണിറ്റിൽ 09/03//2022-ന് വീണ്ടും പരിശോധന നടത്തുകയും പരിശോധനയുടെ അടിസ്ഥാനത്തിൽ 11/03/2022- ൽ

യൂണിറ്റിന് ബോർഡിൽ നിന്നും നൽകിയ പ്രവർത്തനാനുമതി പിൻവലിച്ചുകൊണ്ടുള്ള ഉത്തരവ് നൽകുകയും ചെയ്തിരുന്നു. ആയതിന് മറുപടിയായി യൂണിറ്റുടമ പ്രവർത്തനാനുമതി പിൻവലിക്കരുതെന്ന് ആവശ്യപ്പെട്ടുകൊണ്ട് കത്ത് നൽകിയിരുന്നു. തുടർന്ന് 3 മാസം സമയം ട്രീറ്റ്മെന്റ് പ്ലാന്റ് നവീകരിക്കുന്നതിനായി അനുവദിക്കുകയും ടി സമയത്തിനുള്ളിൽ ആയത് പൂർത്തിയാക്കാത്തപക്ഷം യൂണിറ്റ് അടച്ചു പൂട്ടുന്നതടക്കമുള്ള കർശന നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചുകൊണ്ട് യൂണിറ്റുടമയ്ക്ക് കത്ത് നൽകുകയും ചെയ്തിരുന്നു. യൂണിറ്റുടമ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ യൂണിറ്റിൽ ഏർപ്പെടുത്തി എന്നറിയിച്ചുകൊണ്ട് മറുപടി സമർപ്പിച്ചിരുന്നു. എന്നാൽ ടി സ്ഥാപനത്തിന് അനുവദിച്ചിരുന്ന സമയപരിധിക്കുള്ളിൽ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ലായെന്ന് ജില്ലാ ഓഫീസിൽ നിന്നും 03/08/2022-ന് നടത്തിയ പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. കൂടാതെ ടി യൂണിറ്റ് 3 മാസമായി പ്രവർത്തനരഹിതമാണെന്നും അനുമതി പത്രത്തിലെ വ്യവസ്ഥ പ്രകാരമുള്ള സ്ക്രീൻ, ഡി-ക്ലോറിനേഷൻ ടാങ്ക്, സെപ്റ്റിക് ടാങ്ക്, എയറേഷൻ ടാങ്ക്, സെറ്റ്ലിങ് ടാങ്ക്, ഫിൽട്ടർ, ട്രീറ്റഡ് വാട്ടർ കളക്ഷൻ ടാങ്ക്, ഡിസ്ഇൻഫെക്ഷൻ ഫെസിലിറ്റി & കംപോസ്റ്റ് പിറ്റ് എന്നിവ യൂണിറ്റിൽ ഏർപ്പെടുത്തേണ്ടതുണ്ട്.

എന്നാൽ ടി യൂണിറ്റിൽ ജലാശയത്തിനോട് ചേർന്ന് പഴയ മൂന്ന് ടാങ്കുകളും പഴയ പ്രഷർ സാൻഡ് ഫിൽട്ടർ, ആക്ടിവേറ്റഡ് കാർബൺ ഫിൽട്ടർ, കംപ്രസ്സർ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഒരു എയറേഷൻ ടാങ്ക് എന്നിവ കണ്ടു. നിലവിൽ കംപ്രസ്സർ പ്രവർത്തനരഹിതമായിരുന്നു. കൃത്യമായി എല്ലായിടത്തും വായു എത്തിക്കുന്നതിനായി ഒരു പൈപ്പിൽ സുഷിരങ്ങൾ ഇട്ടിട്ടാണ് സ്ഥാപിച്ചിരിക്കുന്നത്. ശരിയായ രീതിയിലുള്ള ഡിഫ്യൂസർ എയറേഷൻ ടാങ്കിൽ സ്ഥാപിച്ചിട്ടില്ലായിരുന്നു. പുതിയതായി ഒരു സെറ്റ്ലിങ് ടാങ്ക് (1.5mx1.5x2m size) സ്ലഡ്ജ് സൂക്ഷിക്കുന്നതിനായി 0.60x0.60x0.7m വലിപ്പത്തിൽ രണ്ട് ടാങ്കുകൾ ഇവ

സ്ഥാപിച്ചിട്ടുണ്ട്. ശുദ്ധീകരിച്ച ജലം അടിവശം കോൺക്രീറ്റ് ചെയ്യാത്ത ഒരു റിംഗിലേക്ക് ഒഴുകുന്നു. നിലവിൽ സ്ഥാപിച്ചിരിക്കുന്ന ETP ശുദ്ധീകരിച്ച മലിനജലത്തിന്റെ ഗുണനിലവാരം ബോർഡിന്റെ അനുവദനീയ പരിധിയായ 30 mg/L BOD കൈവരിക്കുവാൻ പര്യാപ്തമല്ല. ഇത് ജലാശയത്തോട് ചേർന്നാണ് സ്ഥിതി ചെയ്യുന്നത്. ടി യൂണിറ്റിലെ ഫയൽ രേഖകൾ പരിശോധിച്ചതിൽ ശ്രീ. നന്ദകുമാർ എന്ന വ്യക്തിക്ക് 01.09.2021 തീയതി മുതൽ നടത്തിപ്പിനായി ലീസിന് നൽകിയിരിക്കുന്നതായി കാണുന്നു. സ്ഥലത്തിന്റെ ഉടമയാണ് ബോർഡിൽ നിലവിലെ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തിയതായി അറിയിച്ചിരിക്കുന്നത്. ഇത്തരത്തിൽ ലീസിന് നൽകുകയാണെങ്കിൽ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ കൃത്യമായി പാലിക്കാതെ സ്ഥാപനത്തിന്റെ പ്രവർത്തനം മൂലം തൊട്ടടുത്ത ജലാശയങ്ങൾ മലിനമാകാൻ സാധ്യതയുണ്ട്. ടി യൂണിറ്റിൽ നിലവിൽ വാട്ടർ മീറ്റർ, ഫ്ളോമീറ്റർ, എനർജി മീറ്റർ എന്നിവ സ്ഥാപിച്ചിട്ടില്ല. മേല്പറഞ്ഞവയുടെ അടിസ്ഥാനത്തിൽ ബോർഡിന്റെ ജില്ലാ ഓഫീസിൽ വച്ച് 07/11/2022-ന് ഹിയറിംഗ് നടത്തി പരാതിക്കാരനെയും യൂണിറ്റുടമയെയും കേൾക്കുകയുണ്ടായി. യൂണിറ്റുടമയുടെ അഭ്യർത്ഥന പ്രകാരം യൂണിറ്റിൽ വീണ്ടും പരിശോധന നടത്തണമെന്ന് തീരുമാനമായി.

ബോർഡിന്റെ ആലപ്പുഴ ജില്ലാ ഓഫീസിൽ നിന്നും 21/11/2022-ൽ നടത്തിയ പരിശോധനയിൽ മേല്പറഞ്ഞ 3 ടാങ്കുകൾ ഭൂമിക്കടിയിലാണെന്നും ആയവ ശരിയായ രീതിയിലല്ല സ്ഥാപിച്ചിരിക്കുന്നതെന്നും പഴയസ്ഥിതിയിൽ നിന്നും ഒരു മാറ്റവും യൂണിറ്റിൽ വരുത്തിയിട്ടില്ലായെന്നും കണ്ടു. കളക്ഷൻ ടാങ്ക്, സെറ്റ്ലിങ് ടാങ്ക്, പ്രഷർസാന്റ് ഫിൽട്ടർ, ആക്ടിവേറ്റഡ് കാർബൺ ഫിൽട്ടർ, കംപ്രസ്സർ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഒരു എയറേഷൻ ടാങ്ക്, ഫൈനൽ ഔട്ട് ലെറ്റ് ടാപ്പ്, സോക്പിറ്റ്, സ്ലഡ്ജ് ഡ്രൈയിംഗ് ബെഡ് വാട്ടർമീറ്റർ എന്നിവ യൂണിറ്റിൽ ഏർപ്പെടുത്തിയിട്ടുള്ളതായി കാണപ്പെട്ടു. സ്ഥാപനത്തിൽ നിലവിൽ

സ്ഥാപിച്ചിരിക്കുന്ന ETP സംവിധാനം പ്രവർത്തിക്കുകയാണെങ്കിൽ സമീപത്തെ ജലാശയം മലിനീകരിക്കപ്പെടുന്നതിന് സാധ്യതയുള്ളതിനാലും നിലവിലെ സംവിധാനങ്ങൾ അനുവദനീയമായ ഗുണനിലവാരം കൈവരിക്കുവാൻ പര്യാപ്തമല്ലാത്തതിനാലും യൂണിറ്റിന് അടച്ചുപൂട്ടാനു- ദ്ദേശിച്ചുകൊണ്ടുള്ള നോട്ടീസ് നൽകിയിട്ടുണ്ട്."

ഹർജി വിഷയം സംബന്ധിച്ച് തദ്ദേശസ്വയംഭരണ(ആർ.സി) വകുപ്പ് 13.10.2022 -ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ശ്രീ ബിനോയ് പി. കെ. സമർപ്പിച്ച ഹർജിയിന്മേൽ പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കി പരിശോധിച്ചു.

പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം പട്ടണക്കാട് ഗ്രാമപഞ്ചായത്ത് വാർഡ് 5 ൽ ശ്രീ. എം.ജി. സിദ്ധാർത്ഥൻ, പണിക്കേഴ്സ് ഹൗസ് എന്നയാളുടെ ഉടമസ്ഥതയിലുള്ള പീലിംഗ് ഷെഡിന്റെ പ്രവർത്തനം നിർത്തിവയ്ക്കുന്നതിന് ആലപ്പുഴ ജില്ലാ എൻവയോൺമെന്റ് എഞ്ചിനീയറുടെ 11.03.2022-ലെ പിസി/എഎൽപി/റ്റിജി/400/19-ാം നമ്പർ ഉത്തരവ് പ്രകാരവും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ 06.05.2022-ൽ നടത്തിയ ഓൺലൈൻ സിറ്റിംഗിലെ നിർദേശപ്രകാരവും ടിയാൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും നോട്ടീസ് നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി പീലിംഗ് ഷെഡിന്റെ പ്രവർത്തനം നിർത്തിവച്ചിട്ടുള്ളതുമാണ്. ടി വിവരം പരാതി കക്ഷിയായ ശ്രീ. ബിനോയ് പി. കെ.-യെ ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുമുണ്ട്."

ഹർജി വിഷയം സംബന്ധിച്ച് വ്യവസായ (ജി) വകുപ്പ് 12.04.2023-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിൽ പട്ടണക്കാട് പഞ്ചായത്ത് വാർഡ് 5/259/എ നമ്പർ കെട്ടിടത്തിൽ പ്രവർത്തിച്ചു വന്നിരുന്ന പണിക്കേഴ്സ് ചെമ്മീൻ പീലിംഗ് ഷെഡ് 06/05/2022 മുതൽ പ്രവർത്തിക്കാതെ പൂട്ടിക്കിടക്കുകയാണ്.

പണിക്കേഴ്സ് ഹൗസ്, പട്ടണക്കാട്.പി.ഒ എന്ന വിലാസത്തിൽ ശ്രീ. സിദ്ധാർത്ഥൻ എ.ജി. യുടെ ഉടമസ്ഥതയിൽ കഴിഞ്ഞ 13 വർഷമായി നടത്തികൊണ്ടിരുന്ന സ്ഥാപനം 01.09.2021-ൽ കലാ നിവാസ്, അരൂർ പി. ഒ. എന്ന വിലാസത്തിൽ ശ്രീ. നന്ദകുമാർ.സി-യ്ക്ക് 20,000/- രൂപ മാസ വാടകയ്ക്ക് നൽകിയതിൽ വാടക കൃത്യമായി ലഭിക്കാത്ത സാഹചര്യത്തിൽ ആയത് ലഭ്യമാക്കുന്നതിനായി ശ്രീ. സിദ്ധാർത്ഥൻ എ. ജി പട്ടണക്കാട് പോലീസ് സ്റ്റേഷനിൽ പരാതി നൽകുകയും തുടർന്ന് പ്രവർത്തനം നിർത്തിവയ്ക്കുവാൻ ഷെഡ് വാടകയെടുത്ത പാർട്ടി തീരുമാനിക്കുകയും അപ്രകാരം പീലിംഗ് ഷെഡിന്റെ പ്രവർത്തനം നിലയ്ക്കുകയും ചെയ്തു. നിലവിൽ ടി പീലിംഗ് ഷെഡിന്റെ പ്രവർത്തനം നടക്കുന്നില്ലായെന്ന് ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ടി പീലിംഗ് ഷെഡിന് 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള പഞ്ചായത്ത് ലൈസൻസ് പുതുക്കുന്നതിനായുള്ള അപേക്ഷ, മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനാനുമതിയിലെ നിബന്ധനകൾ പാലിക്കുന്നില്ല എന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ആലപ്പുഴ ജില്ലാ ആഫീസിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിരസിക്കുകയുണ്ടായി. മേല്പറഞ്ഞ സാഹചര്യത്തിൽ പട്ടണക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 21/04/2022-ലെ നോട്ടീസ് പ്രകാരം ഷെഡിന്റെ പ്രവർത്തനം നിർത്തിവയ്ക്കുന്നതിനും നിർദേശിച്ചിരുന്നു. മാത്രമല്ല കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ആലപ്പുഴ ജില്ലാ ആഫീസിലെ EE-യുടെ 29.11.2022-ലെ CIN/229 നമ്പർ നോട്ടീസ് പ്രകാരം ഷെഡിന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകുന്നതിനായി ഷെഡിൽ സ്ഥാപിച്ചിരിക്കുന്ന മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ പര്യാപ്തമല്ലാത്തതിനാൽ ആയതിന്മേൽ ഉടമസ്ഥനോട് 15 ദിവസത്തിനകം വിശദീകരണം നൽകുവാൻ നിർദേശിച്ചിരിക്കുകയും ഉടമസ്ഥനായ ശ്രീ. സിദ്ധാർത്ഥൻ വിശദീകരണം രേഖാമൂലം നൽകാത്ത പക്ഷം നിയമാനുസൃതമുള്ള

തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കുമെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

26.09.2023-ൽ ചേർന്ന സമിതി യോഗം മേല്പറഞ്ഞ റിപ്പോർട്ടുകൾ പരിഗണിക്കുകയും അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ടുകളിലെ വിവരം ഹർജിക്കാരനെ അറിയിച്ച ശേഷം ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

## XI - ആഭ്യന്തരം, ആരോഗ്യ കുടുംബക്ഷേമം, പരിസ്ഥിതി, തദ്ദേശസ്വയംഭരണം, റവന്യൂ വകുപ്പ്

### (33) ബയോഗ്യാസ് പ്ലാന്റിൽ അറവ് മാലിന്യം നിക്ഷേപിക്കുന്നത് മൂലമുണ്ടാകുന്ന മലിനീകരണ പ്രശ്നങ്ങൾക്ക് പരിഹാര നടപടി ആവശ്യപ്പെട്ട് ശ്രീ. സാജൻ. ജെ. വള്ളിന, കോട്ടയം സമർപ്പിച്ച ഹർജി.

**(ഫയൽ നമ്പർ 18825/ഹർജി സി 3/2020/ലെജി.)**

ഞീഴൂർ പഞ്ചായത്തിൽ 1-ാം വാർഡിൽ താമസിക്കുന്ന ഹർജിക്കാരന്റെ വീടിന്റെ തെക്കുവശത്ത് താമസിക്കുന്ന എതിർകക്ഷിയും മകനും അവരുടെ അനധികൃത കശാപ്പുശാലയിൽ നിന്നുള്ള മാലിന്യം ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിക്കുന്നതായും കശാപ്പിന്റെ അവശിഷ്ടങ്ങൾ തുറന്ന വാഹനത്തിൽ കൊണ്ടുവന്ന് സംസ്കരിക്കുന്നത് കാരണം ഹർജിക്കാരനും കുടുംബത്തിനും പുറത്തിറങ്ങാൻ കഴിയാത്ത സാഹചര്യമാണെന്നും സാംക്രമിക രോഗങ്ങൾ പടരുന്നതിനാൽ, മുൻ വ്യക്തി വൈരാഗ്യത്തിന്റെ പേരിൽ ജീവനും സ്വത്തിനും അപകടമുണ്ടാക്കുന്ന വിധത്തിൽ നടത്തുന്ന പ്രവൃത്തികൾ നിരോധിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്ന് 11.08.2020 തീയതിയായി സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

ഹർജി റിപ്പോർട്ടിനായി 25.09.2020-ലെ കത്ത് മുഖേന തദ്ദേശസ്വയംഭരണം, ആഭ്യന്തരം, പരിസ്ഥിതി, ആരോഗ്യകുടുംബക്ഷേമം എന്നീ വകുപ്പുകളിലേയ്ക്ക് അയച്ചു.

ഹർജിയിന്മേൽ ആഭ്യന്തര (ജെ) വകുപ്പ് 06.01.2021-ലെ കത്ത് മുഖേന

ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

" പരാതികക്ഷിയുടെ അയൽവാസിയും ബന്ധുവുമായ ശ്രീ. സാബു, ബയോഗ്യാസ് നിർമ്മിക്കുന്നതിനായി അറവുശാലയിലെ മാലിന്യങ്ങൾ ഉപയോഗിക്കുന്നത് മൂലം ദുർഗന്ധം ഉണ്ടാകുന്നുവെന്നുള്ള പരാതിക്കാസ്പദമായ സ്ഥലം സന്ദർശിച്ചതിൽ, ഇതിലെ എതിർകക്ഷിയുടെ ബയോഗ്യാസ് പ്ലാന്റിലോ, പരിസരത്തോ ദുർഗന്ധം അനുഭവപ്പെടുകയോ മാലിന്യം കാണപ്പെടുകയോ ചെയ്തിട്ടില്ലാത്തതാണെന്നും, അയൽവാസികളോട് അന്വേഷിച്ചതിലും പരിസരം പരിശോധിച്ചതിലും സമീപ കാലത്തൊന്നും ടി ബയോഗ്യാസ് പ്ലാന്റ് പ്രവർത്തിച്ചതായി വെളിവായിട്ടില്ലാത്ത- താണെന്നും ബോദ്ധ്യമായെങ്കിലും, മേലിൽ പരിസരവാസികൾക്ക് ബുദ്ധിമുട്ടുണ്ടാകുന്ന തരത്തിലുള്ള ഒരുവിധ പ്രവൃത്തികളും ചെയ്യരുതെന്ന് ഇതിലെ എതിർകക്ഷിയായ സാബുവിന് താക്കീത് നൽകിയിട്ടുള്ളതായും, പരാതികക്ഷിക്കും മറ്റും എതിർകക്ഷിയിൽ നിന്ന് തുടർന്നും ശല്യമുണ്ടായാൽ ഉചിതമായ നിയമനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ഹാജരാക്കുന്നതിന് കടുത്തുരുത്തി പോലീസ് ഇൻസ്പെക്ടർക്ക് നിർദേശം നൽകിയിട്ടുള്ളതായും സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം ബഹു. നിയമസഭാ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു."

ഹർജിയിന്മേൽ ആരോഗ്യ കുടുംബ ക്ഷേമ (ജി) വകുപ്പ് 02.02.2021- ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

" അറവുശാലയിൽ നിന്നുള്ള മാലിന്യങ്ങളോ ബയോഗ്യാസ് പ്ലാന്റിൽ നിന്നുള്ള സ്ലറിയോ അലക്ഷ്യമായി നിക്ഷേപിക്കുന്നതായോ പ്രസ്തുത സ്ഥലത്ത് കാലികളെയോ മറ്റോ വളർത്തി വരുന്നതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നും ദുർഗന്ധമോ മറ്റു ശല്യങ്ങളോ ബോധ്യപ്പെട്ടിട്ടില്ല എന്നും പൊതുജനാരോഗ്യത്തിന് ഹാനികരമായ സാഹചര്യം നിലനിൽക്കുന്നില്ലായെന്നും 26.08.2020-ന് നടത്തിയിട്ടുള്ള അന്വേഷണത്തിലും സ്ഥലപരിശോധനയിലും കണ്ടെത്തിയിട്ടുണ്ടെന്ന് കോട്ടയം ജില്ലാ മെഡിക്കലാഫീസർ

അറിയിച്ചിട്ടുള്ളതായി ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്ത വിവരം സമിതി മുമ്പാകെ ബോധിപ്പിക്കുന്നു."

ഹർജിയിന്മേൽ പരിസ്ഥിതി(എ) വകുപ്പ് 20.11.2021-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"പരിശോധനയിൽ പരാതിയിൽ പറയുന്നതുപോലെ ബയോഗ്യാസ് പ്ലാന്റിൽ അറവുമാലിന്യങ്ങൾ നിർമാർജ്ജനം ചെയ്യുന്നതായി കണ്ടെത്താനായില്ല. എതിർകക്ഷികളുടെ പന്നിഫാം, അറവുശാല എന്നിവ മറ്റൊരു സ്ഥലത്താണ് പ്രവർത്തിക്കുന്നത്. അവയിലെ മാലിന്യങ്ങൾ ടി സ്ഥലത്തുതന്നെ ബയോഗ്യാസ് പ്ലാന്റിൽ നിർമാർജ്ജനം ചെയ്തു വരുന്നു. പരാതിക്കാരുടെ പുരയിടത്തിന് സമീപത്തായി സ്ഥാപിച്ചിരിക്കുന്ന ബയോഗ്യാസ് പ്ലാന്റിൽ എതിർകക്ഷികളുടെ വീട്ടിലെ കന്നുകാലികളുടെ ചാണകം, മൂത്രം എന്നിവയും അടുക്കളയിലെ മറ്റ് മാലിന്യങ്ങളും മാത്രമാണ് നിക്ഷേപിക്കുന്നത്. നിലവിൽ പരാതികളില്ല എന്ന് പരാതിക്കാരനായ ശ്രീ. സാജൻ വള്ളിനയുടെ ഭാര്യ ശ്രീമതി ഷീന സാജൻ അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാന ബാലാവകാശ കമ്മീഷനിൽ ടി കക്ഷികളുടെ മക്കളായ ആൽവിൻ സാജൻ, ആൻസൻ സാജൻ എന്നിവർ സമർപ്പിച്ച ഹർജിയും തീർപ്പായിട്ടുള്ളതാണ്."

ഹർജിയിന്മേൽ തദ്ദേശസ്വയംഭരണ (ഡി. സി) വകുപ്പ് 23.11.2021-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"കോട്ടയം ജില്ലയിലെ ഞീഴൂർ ഗ്രാമപഞ്ചായത്തിൽ ഒന്നാം വാർഡിൽ താമസിക്കുന്ന ശ്രീ. സാബു (ജേക്കബ്) ബയോഗ്യാസ് പ്ലാന്റിൽ അറവ് മാലിന്യം നിക്ഷേപിക്കുന്നത് മൂലമുണ്ടാകുന്ന മലിനീകരണ പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. സാജൻ ജെ. വള്ളിന ഉൾപ്പെടെയുള്ള പ്രദേശവാസികൾ ഞീഴൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് പരാതി സമർപ്പിച്ചിരുന്നു. പ്രസ്തുത പരാതി സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്ക് ബന്ധപ്പെട്ട ആരോഗ്യ വകുപ്പ് അധികാരിക്ക് ഞീഴൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി

നിർദേശം നൽകിയിരുന്നു. തുടർന്ന് ബന്ധപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടർ, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ ഉൾപ്പെടെ സംയുക്തമായി പരാതി സ്ഥലം സന്ദർശിച്ച് നടത്തിയ പരിശോധനയിൽ ജേക്കബ് വി.എ. വള്ളിനായി എന്നയാളുടെ ഉമസ്ഥതയിലുള്ള പുരയിടത്തിൽ സ്ഥാപിച്ചിരിക്കുന്ന ബയോഗ്യാസ് പ്ലാന്റ്, തുമ്പൂർമൂഴി മോഡൽ കമ്പോസ്റ്റിംഗ് സംവിധാനം എന്നിവ അശാസ്ത്രീയമായി പ്രവർത്തിപ്പിക്കുന്നതാണ് പരാതിക്കാധാരം എന്ന് കണ്ടെത്തുകയും പരിസരം ഉടനടി വൃത്തിയാക്കുന്നതിനും കപ്പാസിറ്റിയിൽ കൂടിയ അളവിൽ വേസ്റ്റ് പ്രസ്തുത സംവിധാനങ്ങളിൽ നിക്ഷേപിക്കരുതെന്ന് വാക്കാൽ നിർദേശം നൽകുകയും ചെയ്തിരുന്നു. കൂടാതെ ബന്ധപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടർ 1955-ലെ തിരുവിതാംകൂർ-കൊച്ചി പൊതുജനാരോഗ്യ നിയമപ്രകാരം എതിർകക്ഷിക്ക് നോട്ടീസ് നൽകുകയും ചെയ്തിരുന്നു.

മറ്റു സ്ഥലങ്ങളിൽ നിന്നുള്ള അറവുമാലിന്യങ്ങൾ കൊണ്ടുവന്ന് ബയോഗ്യാസ് പ്ലാന്റ്, തുമ്പൂർമൂഴി മോഡൽ കമ്പോസ്റ്റിംഗ് സംവിധാനം എന്നിവയിൽ സംസ്കരിക്കുന്നതായി ഹെൽത്ത് ഇൻസ്പെക്ടർ പഞ്ചായത്ത് സെക്രട്ടറിക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 219 V-യുടെ ലംഘനമാകയാൽ ഈ പ്രവർത്തികൾ ഉടനടി നിർത്തി വയ്ക്കുന്നതിന് എതിർകക്ഷിക്ക് ഞീഴൂർ ഗ്രാമപഞ്ചായത്തിൽ നിന്നും ഉത്തരവ് നൽകിയിരുന്നു. ആയതനുസരിച്ച് എതിർകക്ഷിയായ ജേക്കബ് വി. എ. പുരയിടത്തിൽ അശാസ്ത്രീയമായി സ്ഥാപിച്ചിരുന്ന തുമ്പൂർമൂഴി മോഡൽ കമ്പോസ്റ്റിംഗ് സംവിധാനം പൊളിച്ച് മാറ്റിയതായും ബയോഗ്യാസ് പ്ലാന്റ് അതിന്റെ കപ്പാസിറ്റി അനുസരിച്ചു മാത്രമേ പ്രവർത്തിപ്പിക്കൂ എന്നും മറ്റ് സ്ഥലങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ മേലിൽ പ്രസ്തുത സംവിധാനങ്ങളിൽ പ്രവേശിപ്പിക്കുകയില്ലായെന്നും, ടി പുരയിടത്തിൽ സൂക്ഷിച്ചിരുന്ന ചാണകം ഉൾപ്പെടെയുള്ള മലിനവസ്തുക്കൾ നീക്കം ചെയ്തതായും കാണിച്ച് ജേക്കബ് വി.എ. വള്ളിനായി ഞീഴൂർ ഗ്രാമപഞ്ചായത്തിൽ സത്യവാങ്മൂലം സമർപ്പിച്ചിരുന്നു.

തുടർന്ന് പരാതിസ്ഥലം സന്ദർശിച്ച് നടത്തിയ പരിശോധനയിൽ പ്രസ്തുത സത്യവാങ്മൂലത്തിന്റെ നിജസ്ഥിതി പ്രഥമദൃഷ്ട്യാ ബോധ്യപ്പെട്ടെങ്കിലും തൽസ്ഥിതി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട ആരോഗ്യ വകുപ്പ് അധികാരിക്ക് ഞീഴൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർദേശം നൽകുകയും, തുടർന്ന് പരാതിക്കാസ്പദമായ സ്ഥലത്ത് നിലവിൽ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നതായി കാണുവാൻ സാധിച്ചിട്ടില്ലായെന്ന വിവരം ഹെൽത്ത് ഇൻസ്പെക്ടർ PHC കാട്ടാമ്പാക്ക് അന്വേഷണ റിപ്പോർട്ട് നൽകിയിട്ടുള്ളതുമാണെന്നും, പരാതി സ്ഥലത്തെ കെട്ടിടം ഉൾപ്പെടെ പൊളിച്ചുമാറ്റിയതായും പരാതി സ്ഥലവും ബയോഗ്യാസ് പ്ലാന്റും വൃത്തിയായി സൂക്ഷിച്ചിരിക്കുന്നതായും 12.11.2021-ൽ നേരിട്ട് നടത്തിയ സംയുക്ത പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുള്ളതുമാണ് എന്നും ഞീഴൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ടെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു."

പ്രസ്തുത റിപ്പോർട്ടുകൾ സമിതിയുടെ 24.11.2021-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി പരിഗണിക്കുകയും ഹർജിക്കാരൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നും തെളിവെടുക്കുകയും പരാതി പരിഹരിക്കപ്പെട്ടെങ്കിലും പരാതിക്കാസ്പദമായ പ്രശ്നം വീണ്ടും ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കണമെന്ന കർശന നിർദേശം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നല്കണമെന്ന് കോട്ടയം ജില്ലാ കളക്ടറോട് ആവശ്യപ്പെടാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

പ്രസ്തുത റിപ്പോർട്ടുകളിലെ വിവരം 26.03.2022 തീയതിയിലെ കത്ത് മുഖേന ഹർജിക്കാരനെ അറിയിച്ചു.

ഹർജിയിന്മേൽ റവന്യൂ(ജി) വകുപ്പ് 07.10.2022 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"മേൽ വിഷയത്തിൽ കോട്ടയം ജില്ലാ കളക്ടറുടെ റിപ്പോർട്ട് സർക്കാർ

വാങ്ങുകയും അത് പ്രകാരം, ശ്രീ സാജൻ.ജെ.വള്ളിന സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ മലിനീകരണ നിയന്ത്രണ ബോർഡ് പരിസ്ഥിതി എഞ്ചിനീയർ, ഞീഴൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവർ മുഖാന്തിരം അന്വേഷണം നടത്തിയിട്ടുള്ളതാണ്. നിലവിൽ പരാതിക്കാരന്റെ വീടിനോട് ചേർന്നുള്ള ബയോ ഗ്യാസ് പ്ലാന്റിൽ അവശിഷ്ടങ്ങളോ അശാസ്ത്രീയമായ പ്രവർത്തനങ്ങളോ നടത്തുന്നില്ല എന്നും ബയോഗ്യാസ് പ്ലാന്റ് - സെപ്റ്റിക് ടാങ്ക് സിസ്റ്റം കൃത്യമായി ചെയ്യുന്നുണ്ട് എന്ന് കാണുന്നതായും പ്ലാന്റിന്റെ പരിസരത്ത് ദുർഗന്ധം അനുഭവപ്പെട്ടില്ല എന്നും പരാതിക്കാരൻ 11.08.2020-ൽ നൽകിയ പരാതി ആണെന്നും കഴിഞ്ഞ വർഷം മുതൽ പരാതിക്ക് പരിഹാരം ലഭിച്ചതായും നിലവിൽ ഒരു പരാതിയും ടി പ്ലാന്റുമായി ബന്ധപ്പെട്ട് ഇല്ല എന്നും പരിസ്ഥിതി എഞ്ചിനീയർ നടത്തിയ അന്വേഷണത്തിൽ വ്യക്തമായിട്ടുള്ളതാണ്.

ടി വിഷയം സംബന്ധിച്ച് ഞീഴൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. പരാതി സംബന്ധിച്ച് ഞീഴൂർ ഗ്രാമപഞ്ചായത്ത് ഹെൽത്ത് ഇൻസ്പെക്ടർ, അസിസ്റ്റന്റ് സെക്രട്ടറി, ക്ലാർക്ക് എന്നിവർ സംയുക്ത സ്ഥലപരിശോധന നടത്തിയിട്ടുള്ളതാണ്. ശ്രീ.ജേക്കബ് വള്ളിനായിൽ എന്നയാളുടെ പുരയിടത്തിൽ സ്ഥാപിച്ചിട്ടുള്ള ബയോഗ്യാസ് പ്ലാന്റ് -തുമ്പൂർമൂഴി മോഡൽ കമ്പോസ്റ്റിംഗ് സംവിധാനം എന്നിവ അശാസ്ത്രീയമായി പ്രവർത്തിപ്പിക്കുന്നതാണ് പരാതിക്ക് ആധാരമെന്ന് കണ്ടെത്തിയതിനെ തുടർന്ന് പരിസരം ഉടൻ വൃത്തിയാക്കുന്നതിനും കപ്പാസിറ്റിയിൽ കൂടിയ അളവിൽ വേസ്റ്റ് ടി സംവിധാനത്തിൽ നിക്ഷേപിക്കരുതെന്ന് എതിർകക്ഷിക്ക് വാക്കാൽ നിർദേശം നൽകിയിട്ടുള്ളതുമാണ്. അറവ് മാലിന്യം ടി സംവിധാനത്തിൽ നിക്ഷേപിക്കുന്നതായി ഹെൽത്ത് ഇൻസ്പെക്ടറുടെ റിപ്പോർട്ടിൽ പരാമർശിച്ചതിന്റെ അടിസ്ഥാനത്തിൽ 1955-ലെ തിരുവിതാംകൂർ-കൊച്ചി പൊതുജനാരോഗ്യ നിയമം അനുസരിച്ച് എതിർകക്ഷിക്ക് നോട്ടീസ് നൽകിയിട്ടുള്ളതാണ്. പ്രസ്തുത നോട്ടീസിന്റെ അടിസ്ഥാനത്തിൽ തുമ്പൂർമൂഴി

കമ്പോസ്റ്റിംഗ് സംവിധാനം പൊളിച്ച മാറ്റിയതായും ബയോഗ്യാസ് പ്ലാന്റ് അതിന്റെ കപ്പാസിറ്റി അനുസരിച്ച് മാത്രമേ പ്രവർത്തിപ്പിക്കുകയുള്ളൂ എന്നും ടി സ്ഥലത്ത് സൂക്ഷിച്ചിരുന്ന ചാണകം ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നീക്കം ചെയ്തതായും എതിർകക്ഷി സത്യവാങ്മൂലം സമർപ്പിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ സ്ഥലത്തെ കെട്ടിടം ഉൾപ്പെടെ പൊളിച്ചുമാറ്റിയിട്ടുള്ളതായും പരാതി സ്ഥലവും ബയോഗ്യാസ് പ്ലാന്റും വൃത്തിയായി സൂക്ഷിച്ചിരിക്കുന്നതായി നേരിട്ട് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണെന്നും പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ടി പരാതി സംബന്ധിച്ച് 24.11.2021-ന് നിയമസഭാ സമിതി നടത്തിയ തെളിവെടുപ്പിൽ പഞ്ചായത്ത് സെക്രട്ടറി നേരിട്ട് ഹാജരായിട്ടുള്ളതായും ടി ഹർജി പരിഗണിച്ച സമയത്ത് പരാതിക്കാർ പരാതി സംബന്ധിച്ച വിഷയങ്ങൾ തീർപ്പാക്കിയിട്ടുണ്ടെന്നും തൽസ്ഥിതി തുടർന്നും നിലനിർത്തണമെന്നുള്ളതാണ് തങ്ങളുടെ ആവശ്യമെന്ന് ബഹു.സമിതിയെ അറിയിച്ചിട്ടുള്ളതായും നിലവിൽ തൽസ്ഥിതി തുടർന്നു വരുന്നതായും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ടെന്ന് കോട്ടയം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.”

മേല്പറഞ്ഞ റിപ്പോർട്ട് 05.07.2023-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ഫയൽ നടപടി അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

**ആന്റണി രാജു,**
ചെയർപേഴ്സൺ,
ഹർജികൾ സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
2025 സെപ്റ്റംബർ 24.

*KS/27.09.2025.*

## അനുബന്ധം - I

## സമിതി ശിപാർശകൾ നൽകിയിട്ടുള്ളതും സമയബന്ധിതമായി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദേശം നൽകിയിട്ടുള്ളതും അന്തിമ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ലാത്തതുമായ 10 വർഷത്തിലധികം പഴക്കമുള്ള ഹർജികൾ

**പൊതുവിദ്യാഭ്യാസ വകുപ്പ്**

| ക്രമ നം | ഹർജി വിഷയവും ഫയൽ നമ്പരും | റഫറൻസ് നമ്പർ |
|---|---|---|
| 1. | ക്ലാസ്മുറി നിർമ്മാണത്തിൽ കാലതാമസം നേരിട്ടതിനെത്തുടർന്നുണ്ടായ ബാധ്യതയിൽ നിന്നും ഒഴിവാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ആർ. വടിവേൽ സമർപ്പിച്ച ഹർജി<br>**(ഫയൽ നം.17473/ഹർജി എ 1/32011/ലെജി.)** | നം.56477/സി2 / 2013/പൊ.വി.വ. തീയതി 5.10.2018 |

**കൃഷി വകുപ്പ്**

| ക്രമ നം | ഹർജി വിഷയവും ഫയൽ നമ്പരും | റഫറൻസ് നമ്പർ |
|---|---|---|
| 1. | നിലം നികത്തിയത് സംബന്ധിച്ച് ശ്രീ. ആർ. ഗോപി പഴിഞ്ഞം, ഉമ്മന്നൂർ, കൊട്ടാരക്കര, കൊല്ലം സമർപ്പിച്ച ഹർജി<br>**(ഫയൽനം.17386/ഹർജി എ 2/2009/ലെജി.)** | നം.3137/ എൻ.സി.എ 3/08/കൃഷി തീയതി 27.11.2017 |
| 2. | വസ്തു ഡാറ്റാ ബാങ്കിൽ പുരയിടം ആക്കി മാറ്റുന്നതിന് വേണ്ടി ശ്രീമതി ജോളി ഐപ്പ്, കോട്ടയം സമർപ്പിച്ച ഹർജി<br><br>(ഫയൽ നമ്പർ 21404/ഹർജി സി2/2013/ലെജി.) | എൻ.സി. എ2/2021/കൃഷി തീയതി 22.11.2021 |

<u>ആരോഗ്യകുടുംബക്ഷേമ വകുപ്പ്</u>

| ക്രമ നം | ഹർജി വിഷയവും ഫയൽ നമ്പരും | റഫറൻസ് നമ്പർ |
|---|---|---|
| 1. | വന്ധ്യതാ നിവാരണ കേന്ദ്രങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് ശ്രീമതി അനിത ജയദേവൻ, പാലക്കാട് സമർപ്പിച്ച ഹർജി<br>**(ഫയൽനം.13821/ഹർജി എ 3/2004/ലെജി.)** | HEALTH-FW2/615/2019-HEALTH തീയതി 25.07.2020<br>പി<br>.എ)<br>സ<br>്.1/324/2023/ആകുവ<br>. തീയതി 21.11.2023 |
| 2. | കോഴിക്കോട് മെഡിക്കൽ കോളേജ് മാതൃശിശു കേന്ദ്രത്തിൽ നിന്നും മാരകരക്തജന്യ രോഗികളെ പുറത്താക്കുന്നതിനെതിരെ നടപടി.<br>**(ഫയൽ നമ്പർ 15809/ഹർജി എ 1/2012/ലെജി.)** | നമ്പർ ബി4/87/2021-ആരോഗ്യം തീയതി 11.8.2022 |
| 3. | സമിതി (2006 – 2008) യുടെ 6-ാംമത് റിപ്പോർട്ട് (തിരുവനന്തപുരം ആർ. സി. സി - യെ സംബന്ധിച്ച്)<br>**(ഫയൽ നമ്പർ 14274/ഹർജി എ 4/2001/ലെജി.)** | HEALTH-FW2/308/2023 - HEALTH<br>തീയതി 13.08.2024 |
| 4. | ഹർജികൾ സംബന്ധിച്ച സമിതി (2009-11)-യുടെ പത്താമത് റിപ്പോർട്ട്.<br>(ഫയൽ നമ്പർ 18245/ഹർജി സി3/2009/ലെജി.) | ആരോഗ്യകുടുംബക്ഷേമ (ജി)<br>ഖണ്ഡിക 16, 17, 22, 31, 40 |
| | | ആരോഗ്യകുടുംബക്ഷേമ (ഇ)<br>ഖണ്ഡിക - 21<br>90/ഇ2/2022/ആകുവ.<br>തീയതി 17.05.2022 |

**സാമൂഹ്യനീതി വകുപ്പ്**

| ക്രമ നം | ഹർജി വിഷയവും ഫയൽ നമ്പരും | റഫറൻസ് നമ്പർ |
|---|---|---|
| 1. | മാനസിക രോഗികൾക്ക് പെൻഷൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. എം. കെ. രാജപ്പൻ, പത്തനംതിട്ട സമർപ്പിച്ച ഹർജി.<br><br>**(ഫയൽ നമ്പർ 14025/ഹർജിഎ 4/2001/ലെജി.)** | 4739/സി1/2010/ സാ.നീ.വ തീയതി 07.06.2016 |

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്**

| ക്രമ നം | ഹർജി വിഷയവും ഫയൽ നമ്പരും | റഫറൻസ് നമ്പർ |
|---|---|---|
| 1. | വിദ്യാഭ്യാസ ആനുകൂല്യ സംരക്ഷണത്തിനായി ജനറൽ സെക്രട്ടറി അഖിലകേരള ചാക്കമാർ മഹാസഭ സമർപ്പിച്ച ഹർജി.<br><br>**(ഫയൽ നമ്പർ.16564/ഹർജി എ 1/2011/ലെജി.)** | നം.35/ജി1/2018/ പജപവവിവ തീയതി 19.9.2023 |
| 2. | സമിതി (2006- 2008) യുടെ 6-ാമത് റിപ്പോർട്ട് (തിരുവനന്തപുരം ആർ. സി. സി യെ സംബന്ധിച്ച്.)<br><br>**(ഫയൽ നമ്പർ 14274/ഹർജിഎ 4/2001/ലെജി.)** | 5/ഡി1/2018/പജപവവിവ തീയതി 03.02.2020 |

## സഹകരണ വകുപ്പ്

